1N4 3219 JAPAN-ANECM INNUM

REISCHAUER

V42:1:N4
3219

V42:1:N4 32 J9
REISCHAUER (E.O)
Japan - Ammum
...m.

KANNAN
57/7, C
MADRAS-24

MUL
216243

204

# ജപ്പാൻ

## അന്നും ഇന്നും

പരിഷന്മുദ്രണാലയം, എറണാകുളം

[MALAYALAM]

# JAPAN – ANNUM INNUM

(JAPAN - PAST AND PRESENT)

By

EDWIN O. REISCHAUER

TRANSLATED BY

TATAPURAM SUKUMARAN

First Impression ... June 1959

Copies 5000

PRINTED AND PUBLISHED BY

PARISHANMUDRANALAYAM

ERNAKULAM

Rs. 1-75

# ജപ്പാൻ

## അന്നും ഇന്നും


എഡ്വിൻ ഒ. റീഷോവർ

വിവർത്തകൻ:

ടാററാപുരം സുകുമാരൻ



UNIVERSITY LIBRARY
13 AUG 1964
MADRAS



ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ
പ്രസിദ്ധീകരിക്കുന്നതു്.



NATIONAL BOOK STALL ★ KOTTAYAM ★



പ്രസാധകന്മാർ

പരിഷന്മുദ്രണാലയം

ഹോസ്പിററൽ റോഡ്, എറണാകുളം

വില ക. 1-75

COPYRIGHT
ALFRED A. KNOPF INC.,
501, MADISON AVENUE,
NEWYORK 22, U. S. A.

2/6243
V42:1:N4
32J9

Published under the auspices of
SOUTHERN LANGUAGES BOOK TRUST

# ആമുഖം

വായനക്കാർക്ക് ഉത്തമഗ്രന്ഥങ്ങളിലുള്ള അഭിരുചിയെപ്പററി ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ പ്രഥമഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽനിന്നു് നേടിയ പരിചയത്തിൻെറ അടിസ്ഥാനത്തിൽ രണ്ടാമതൊരുകൂട്ടം പുസ്തകങ്ങൾ ദ്രാവിഡഭാഷയിൽ അവതരിപ്പിക്കയാണു്. വളരെ ശ്രദ്ധയോടുകൂടിയാണു് ഈ പുസ്തകങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതു്. വിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള പുസ്തകങ്ങൾ ട്രസ്റ്റ് തിരഞ്ഞെടുക്കുക എന്നതു് സ്വാഭാവികം മാത്രമാണല്ലോ. ഭാരതീയനേതാക്കന്മാരെപ്പററി പ്രതിപാദിക്കുന്ന ഒരു വിഭാഗവും പദ്ധതിയിലുണ്ടു്. നാടിൻെറ മഹത്വത്തിനും നാട്ടുകാരുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി വിലയേറിയ സേവനം ചെയ്ത ഈ മഹാന്മാരെപ്പററി ഭാവിതലമുറകൾ അറിഞ്ഞിരിക്കുകയെന്നതു് യുക്തംമാത്രമാണു്.

തത്വജ്ഞാനം, മതം, ശാസ്ത്രം, ക്ലാസ്സിക്കുകൾ, ധനതത്വശാസ്ത്രം മുതലായവയ്ക്കെല്ലാം ഈ പരിപാടിയിൽ സ്ഥാനം കൊടുത്തിട്ടുണ്ടു്. ദൃശ്യകലകൾ, ശില്പശാസ്ത്രം, പുരാണവസ്തുഗവേഷണം, അനശ്വരകലാസൃഷ്ടികളായ ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ മുതലായവയും പ്രതിപാദ്യവിഷയങ്ങളിലുൾപ്പെടുന്നു. ഭിന്നരുചികളായ വായനക്കാർക്കു വേണ്ട വൈവിദ്ധ്യം ഈ പദ്ധതിയിലുണ്ടെന്നും, അതു അനേകരെ പുസ്തകപാരായണത്തിലേയ്ക്കാകർഷിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ദക്ഷിണേന്ത്യൻ ഭാഷകൾ തമ്മിലുള്ള സാഹിത്യകൈമാററമാണു് ഈ പരിപാടിയുടെ ഒരു സവിശേഷത. ഇതിൻെറ പുരോഗതിയോടുകൂടി ഉത്തമസാഹിത്യത്തിൽ താല്പര്യമുള്ളവരുടെ എണ്ണം വളരെ വർദ്ധിക്കുന്നതാണു്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിനു് അതിൻെറ ഉൽകൃഷ്ടലക്ഷ്യങ്ങൾ അചിരേണ നിറവേററാൻ കഴിയുമെന്നു ഞാൻ ആശിക്കുന്നു.

മദിരാശി,

7-10-58

**എ. എൽ. മുതലിയാർ**

# ഉള്ളടക്കം


1. ഭൂമിശാസ്ത്രപരമായ പശ്ചാത്തലം ... 9
2. ആദിമ ജപ്പാൻകാർ ... ... 12
3. ചൈനീസ് നാഗരികതയുടെ ആഗമനം ... 16
4. പ്രാദേശിക സംസ്കാരത്തിൻെറ വളച്ച് ... 28
5. ഫ്യൂഡൽ വ്യവസ്ഥിതിയുടെ വളച്ച് ... 37
6. ഫ്യൂഡൽസരണിയിൽ വന്ന മാററവും വളച്ച്യയും 49
7. ദേശീയ ഐക്യത്തിൻെറ പുനഃസ്ഥാപനം 60
8. ഫ്യൂഡൽ ചട്ടക്കൂടിനു പിന്നിൽ മാററത്തിൻെറ ലക്ഷണങ്ങൾ 70
9. ഒരു ആധുനിക സ്റ്റേററിൻെറ ആവിർഭാവം 80
10. ലിബറൽ ജനാധിപത്യ പ്രവണതകളുടെ ആവിർഭാവം 106
11. ദേശീയകക്ഷിയും പട്ടാളകക്ഷിയും ... 118
12. യുദ്ധം ... ... ... 137
13. അധിനിവേശം ... ... ... 147
14. പുതിയ ജപ്പാൻ ... ... 159
15. ഭാവി പ്രശ്നങ്ങൾ ... ... 183

UNIVERSITY LIBRARY
13 AUG 1964
MADRAS

## അദ്ധ്യായം 1

# ഭൂമിശാസ്ത്രപരമായ പശ്ചാത്തലം

പരിഷ്ക്കാരത്തിൻെറ അഭിവൃദ്ധിയ്ക്കും സുശക്തവും മഹത്തുമായ ഒരു ജനസമൂഹത്തിൻെറ വളച്ച്യ്ക്കും അനുകൂലമായ ഭൂമിയായിട്ടാണു് പ്രകൃതിതന്നെ ജപ്പാൻ ദ്വീപസമൂഹത്തെ സംവിധാനം ചെയ്തിട്ടുള്ളതു്. ശീതോഷ്ണ കാലാവസ്ഥ, ധാരാളം മഴ, വളക്കൂറുള്ള മണ്ണു്, എന്നിവയെല്ലാം ഇവിടെ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. പരിഷ്കൃതമനുഷ്യൻെറ ഉൽകൃഷ്ടങ്ങളായ മററ വാസകേന്ദ്രങ്ങളുമായുള്ള സാമാന്യസാമീപ്യവും കൂടിയായപ്പോഠം, ഈ ദ്വീപിലെ നിവാസികഠംക്കു് ലോകത്തിലെ പ്രധാന ജനതകളുടെയിടയിൽ ഒരു സ്ഥാനം വിധിവിഹിതംതന്നെയായിത്തീൎന്നു.

പൂൎവ്വേഷ്യയുടെ തീരത്തു കിടക്കുന്ന നാലു പ്രധാന ദ്വീപുകളടങ്ങിയ ജപ്പാനിൽ അമേരിക്കൻ ഐക്യനാടുകളുടെ കിഴക്കെ തീരപ്രദേശത്തുള്ള അതേ കാലാവസ്ഥയും കിടപ്പുമാണുള്ളതു്.

ഫ്രാൻസിനേയോ യുദ്ധത്തിനുമുമ്പുള്ള ജൎമ്മനിയേയോകാഠം ചെറുതാണു് ജപ്പാൻ. എന്നാൽ അതിനു് ബ്രിട്ടീഷു് ദ്വീപുകളേയോ ഇററലിയേയോകാഠം വലിപ്പമുണ്ടു്.

ഇററലിയെപ്പോലെ പൎവ്വതങ്ങഠം നിറഞ്ഞൊരു രാജ്യമാണു് ജപ്പാൻ. വളഞ്ഞു പുളഞ്ഞ കടലോരവും, കുത്തനെയുള്ള ഗിരിസാനുക്കളും ജപ്പാനെ ലോകത്തിലെ സൌന്ദൎയ്യഭൂമികളിലൊന്നാ


ക്കിത്തീർക്കുന്നുണ്ട്. പക്ഷേ ജപ്പാൻകാരനു് കൃഷിചെയ്യാൻ വളരെ കുറച്ചു സ്ഥലമേ ഒഴിച്ചു കൊടുത്തിട്ടുള്ളു.

ജപ്പാനിലെ മലനിരകരം, അവിടത്തെ ജനങ്ങളെ ഏഷ്യയിലെ ഏററവും പ്രധാന നാവികജനതയാക്കി, അവരെ കടൽത്തീരത്തേക്കു തള്ളിനീക്കുകയാണു് ചെയ്തിട്ടുള്ളതു്. കടലിടുക്കുകളായിരുന്നു ജപ്പാനിലെ പ്രധാന ഗതാഗതമാർഗ്ഗം. വിശാല സമുദ്രം അവനെ വിദേശങ്ങളിലേയ്ക്കു് മാടിവിളിച്ചു. ഈ ദ്വീപസമൂഹത്തിൻെറ കരകളെ സദാ തഴുകിയൊഴുകുന്ന ഉഷ്ണവും ശീതവുമായ സമുദ്രപ്രവാഹങ്ങരം കരുത്തരായ മുക്കുവന്മാക്കു് മീൻപിടുത്തത്തിനുള്ള വഴികരം പ്രദാനം ചെയ്തിട്ടുണ്ടു്.

ധാതുദ്രവ്യങ്ങളുടെ കാര്യത്തിൽ പ്രകൃതി ജപ്പാൻെറ നേരെ ഏതാണ്ടൊരു ലുബ്ധൻെറ മനോഭാവമാണു് പ്രദശിപ്പിച്ചിട്ടുള്ളതു്. കല്ക്കരി, ഈ ദ്വീപുകളിൽ ധാരാളമായിട്ടുണ്ടു്. എന്നാൽ മററു ഖനന പദാത്ഥങ്ങരം വളരെ കുറഞ്ഞ തോതിലേ കാണപ്പെടുന്നുള്ളു. മലകളും കഠിനമായ മഴയുംകൂടി ജപ്പാനു് ആധുനിക ലോകത്തിൽ അതിപ്രധാനമായ ഒരു നല്ല സമ്പത്തു് പ്രദാനം ചെയ്തിട്ടുണ്ടു്. അതാണു് ജലശക്തി.

അനുകൂലമായ കാലാവസ്ഥയ്ക്കു പുറമെ, ജപ്പാൻെറ ചരിത്രം രൂപീകരിക്കുന്നതിനു് സഹായിച്ചിട്ടുള്ള ഭൂമിശാസ്ത്രപരമായ മറെറാരു പ്രത്യേകത ആ രാജ്യത്തിൻെറ ഒററപ്പെട്ട അവസ്ഥയാണു്. ചൈനീസ് നാഗരികമേഖലയുടെ ഒരു ഭാഗമാണു് ജപ്പാൻ.

ചൈനീസ് പരിഷ്കാരമണ്ഡലം മഹത്തായ ആദിമനാഗരികതയിൽ നിന്നുതന്നെ ഒററപ്പെട്ടതാണു്. ഇന്ത്യാ, പശ്ചിമേഷ്യാ മെഡിററേനിയൻ എന്നിവിടങ്ങളിലെ ആദിമസംസ്കാരത്തിനു് മദ്ധ്യേഷ്യയിലെ മണലാരണ്യങ്ങളേയും വമ്പിച്ച മലനിരകളേയും തെക്കു കിഴക്കൻ ഏഷ്യയിലേയും മലയായിലേയും വനാന്തരങ്ങളേയും അതിക്രമിച്ചു് അങ്ങോട്ടു പ്രവേശിക്കുവാൻ കഴിഞ്ഞിട്ടില്ല.




ജപ്പാൻ: അതേ സ്കെയിലിൽ അമേരിക്കയുടെ
ഭൂപടത്തിന്മേൽ പതിച്ചത്.

ചൈനീസ് നാഗരീകമണ്ഡലത്തിലെ ഈ സാപേക്ഷിക ഏകാന്തതയിൽ, പുരാതനകാലത്തു് ഏററവുമേറെ ഒററപ്പെട്ടു കിടന്ന പ്രദേശമായിരുന്നു ജപ്പാൻ. ഏററവും അടുത്തു കിടക്കുന്ന ഉപദ്വീപായ കൊറിയായുടേയും ജപ്പാന്റേയും ഇടയ്ക്കുള്ള കടലിടുക്കിനു് 100 മൈൽ വീതിയുണ്ടു്. കിഴക്കൻ ഏഷ്യയിലെ നാഗരീകതയുടെ ഗർഭഗൃഹമായ ചൈനയും, ജപ്പാനും തമ്മിൽ 500 മൈൽ വീതിയിൽ കിടക്കുന്ന കടലിനാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. ആദിമ കപ്പലോട്ടക്കാലത്തു് ഈ ജലാതിർത്തി ഇന്നത്തെതിലും തരണദുഷ്കരമായിരുന്നു. അങ്ങിനെ ലോകത്തിലെ പുരാതന രാജ്യങ്ങളിൽ നിന്നും തികച്ചും ഒററപ്പെട്ട നിലയിലാണു് ജപ്പാൻ കിടന്നിരുന്നതു്.

സാംസ്കാരികമായി പറഞ്ഞാൽ, ചൈനീസ് നാഗരികതയുടെ സന്താനമാണു് ജപ്പാൻ. തങ്ങളുടെ നാഗരീക ഗൃഹത്തിൽ നിന്നും, മററ ജനതതിയിൽനിന്നും ഒററപ്പെട്ടതുമൂലം ജപ്പാൻ കടം വാങ്ങിയ സംസ്കാരം തികച്ചും വ്യക്തിഗതമായ രീതിയിൽ ഒരു സംസ്കാരം പുലരുവാനും, അതു് ഒരു പ്രത്യേക സംസ്കാരരൂപമായി വളരാനും ഇടയായി.

മററുള്ളവരിൽ നിന്നു് കടം വാങ്ങുകയും, അന്യരെ അനുകരിക്കുകയും ചെയ്യുന്ന ഒരു വർഗ്ഗമാണു് ജപ്പാൻകാർ എന്നതാണു് പൊതുവായ ഒരു വിശ്വാസം. എന്നാൽ പരമാർത്ഥം നേരെ മറിച്ചാണു്. ഭൂമിശാസ്ത്രപരമായ വിശ്ലേഷം മൂലം സമാന വലിപ്പത്തിലുള്ള മറേറതൊരു പരിഷ്കൃതഭൂമിയിലും കാണുന്ന തരത്തിലുള്ള വ്യക്തവും സ്വായത്തവുമായ ഒരു സംസ്കാരം ഉണ്ടായിത്തീരുകയാണു് ചെയ്തതു്.

ഈ ഒററപ്പെടൽ ജപ്പാൻകാരെ ആത്മവിശ്വാസമുള്ള ഒരു ജനതയായി വളന്നു വരുവാൻ സഹായിച്ചു. ഒററയ്ക്കോ, ഒരു രാഷ്ട്രമെന്ന നിലയിലൊ, വിദേശികളുമായി ഇടപെടുന്ന പരിചയം അവക്കുണ്ടായില്ല. തങ്ങൾ ജപ്പാൻകാരാണെന്നും, മററുള്ളവരെല്ലാം വിദേശികളാണെന്നും ഉള്ള ഉറച്ച വിശ്വാസം അവ

ക്കണ്ടു്. മററു രാജ്യങ്ങളിൽ നിന്നു് ഒററപ്പെട്ടു ജീവിച്ചതിൻെറ ഫലമായി വിവേകശൂന്യമായ ഒരു തരം അഹന്ത അവരെ പിടികൂടുവാനിടയായി. ഇതു തങ്ങളേയും അന്യരേയും ബോധ്യപ്പെടുത്താൻ അവർ ഉത്സുകരാണു്. ഇക്കാരണം കൊണ്ടുതന്നെയാണു് മററു രാഷ്ട്രങ്ങളുടെ മനോഭാവങ്ങളും പ്രവൃത്തികളും മനസ്സിലാക്കുക എന്നതു്, അവരെ സംബന്ധിച്ചിടത്തോളം, വിഷമകരമായിത്തീർന്നതു്.


---

## അദ്ധ്യായം 2

# ആദിമ ജപ്പാൻകാർ

പരിഷ്കൃതരായ മററെല്ലാ ജനസമൂഹങ്ങളേയും പോലെ വർഗ്ഗസങ്കരത്തിൽ നിന്നാണു് ജപ്പാൻകാരുടേയും ആവിർഭാവമെങ്കിലും, മുഖ്യമായും അവർ മംഗോളിയാക്കാരാണു്. കൊറിയയിലും ചൈനയിലുമുള്ള അയൽക്കാരുമായി അവക്കു അടുത്ത ബന്ധമുണ്ടു് പുരാണവസ്തുശാസ്ത്രസംബന്ധമായ തെളിവുകളിൽ നിന്നു് ആദിമജപ്പാൻകാർ കൊറിയ വഴിയ്ക്കാണു് ജപ്പാനിലെത്തിയതെന്നു് മനസ്സിലാക്കാം. ചിലർ വടക്കു കിഴക്കേ ഏഷ്യയിൽ നിന്നും, മററുള്ളവർ ദക്ഷിണചൈനയുടെ തീരപ്രദേശങ്ങളിൽ നിന്നും വന്നവരായിരിക്കാം. തെക്കുകിഴക്കെ ഏഷ്യയിലേയും അതിനു തൊട്ടുകിടക്കുന്ന ദ്വീപസമൂഹങ്ങളിലേയും ജനതതിയുമായി അവർ അടുത്ത സമ്പക്കം പുലത്തുകയും ചെയ്തവരായിരിക്കാം. പുരാതന ജപ്പാൻകാരുടേയും വിദൂരപൗരസ്ത്യദേശവാസികളുടേയും സ്ഥാപനങ്ങൾ തമ്മിലുള്ള ഐകരൂപ്യം ഈ നിഗമനത്തിനു് ഉപോൽബലകമാണു്.

മൗലികമായി മംഗോളിയന്മാരുടെ പിതൃത്വത്തിനു പുറമെ ഈ ദ്വീപസമൂഹത്തിലെ ആദിമനിവാസികൾക്കു് ആധുനിക



പ്രാചീന സംസ്കാരകേന്ദ്രങ്ങൾ

എയ്നുവർഗ്ഗക്കാരുടെ പ്രപിതാമഹത്വം കൂടിയുണ്ട്. വെള്ളക്കാരുടെ ഒരു വിഭാഗമാണ് എയ്നുവർഗ്ഗം. ഒരുകാലത്ത് ജപ്പാനിൽ എയ്നുവർഗ്ഗക്കാർ അധിവസിച്ചിരുന്നു. ക്രമേണ അവർ ജപ്പാൻ ദ്വീപസമൂഹങ്ങളിലൂടെ കിഴക്കോട്ടും വടക്കോട്ടും പ്രയാണം ചെയ്തു. ഇന്ന് ഭൂമുഖത്തുനിന്നു് വേഗത്തിൽ അന്തർദ്ധാനംചെയ്തുകൊണ്ടിരിക്കുന്ന ഒരു ആദിവാസിവർഗ്ഗമായി ഇവർ തീർന്നുകഴിഞ്ഞിരിക്കുന്നു.

ജപ്പാൻെറ സംസ്കാരഭണ്ഡാഗാരത്തിലേക്കു കാര്യമായ മുതൽക്കൂട്ടൊന്നും നല്കുവാൻ എയ്നുവർഗ്ഗത്തിനു് കഴിഞ്ഞില്ല. എന്നാൽ ജപ്പാൻകാരുടെ ശരീരപ്രകൃതിയിൽ അവരുടെ സ്വാധീനത കാണാനുണ്ട്. അതിലൊന്നാണ് മംഗോളിയൻ വർഗ്ഗവുമായി തുലനംചെയ്തു നോക്കുമ്പോൾ ജപ്പാൻകാർക്കു കൂടുതൽ തലമുടി വളരുന്നതായി കാണുന്നതു്.

കൊറിയയിൽ നിന്നുള്ള മംഗോളിയൻ ആക്രമികളിൽക്കൂടി ക്രിസ്തുവർഷം ഒന്നാം നൂററാണ്ടിലായിരിക്കണം ആദ്യമായി പിച്ചളയും ഇരുമ്പും ജപ്പാനിലെത്തിയതു്. വടക്കൻ ഏഷ്യയിലെ നീണ്ട ഇരുമ്പു വാളുകളുമായി യുദ്ധത്തിനിറങ്ങുന്ന കുതിരപ്പോരാളികളായിരുന്നു അവർ. ഈ പ്രദേശത്തെ സഞ്ചാരിവർഗ്ഗങ്ങളെപ്പോലെ മൺകൂനകളിലാണ് അവർ തങ്ങളുടെ നേതാക്കളുടെ ശവസംസ്കാരം നിർവ്വഹിച്ചിരുന്നതു്. ഒരു അല്പവിരാമചിഹ്നത്തിൻെറ ആകൃതിയിൽ കൊത്തിയെടുത്ത വിലകൂടിയ ഒരുതരം രത്നമായിരുന്നു അവർ തങ്ങളുടെ അടയാളമായി സ്വീകരിച്ചിരുന്നതു്. മറെറാന്നു്, ഒരു വൃത്താകൃതമായ പിച്ചളക്കണ്ണാടിയായിരുന്നു. ഇതിനെ സൂര്യൻെറ പ്രതിരൂപമായി അവർ ഗണിച്ചുപോന്നു.

ആദിമജപ്പാനിലെ വിവിധവർഗ്ഗക്കാരുടെ കൂട്ടത്തിൽ ഈ ആക്രമികൾ പിച്ചളയുടേയും ഇരുമ്പിൻേറയും സന്ദേശവാഹകരായി അവിടെ താവളമുറപ്പിച്ചു. ഇവരായിരുന്നു ചരിത്രപരമായ ജപ്പാൻ സ്റ്റേററിൻെറ സ്ഥാപകന്മാർ. അവരുടെ വാൾ,

വളഞ്ഞ രത്നം, കണ്ണാടി എന്നീ മൂന്നു പ്രധാനവസ്തുക്കൾ ക്രമേണ "മൂന്നു രാജചിഹ്നങ്ങളായി" മാറി. ഇന്നും ഈ മൂന്നു വസ്തുക്കളാണ് ജപ്പാനിലെ രാജാധികാരചിഹ്നങ്ങളായി നിലനിന്നുപോരുന്നത്.

കൊറിയയിൽ നിന്നുള്ള ആക്രമികൾ പൈതൃവംശങ്ങളായി സംഘടിച്ചു. എ. ഡി. 200–ാമാണ്ടിൽ പശ്ചിമജപ്പാൻ സന്ദർശിച്ച ചൈനീസ് കച്ചവടക്കാർ കണ്ടതു് ആ രാജ്യം ബഹുശതം പൈതൃവംശങ്ങളായി വിഭജിക്കപ്പെട്ടിരുന്നതാണ്. ഓരോ വംശവും ഭരിച്ചിരുന്നതു് ഉയർന്ന പുരോഹിതന്മാരായിരുന്നു.

വംശസ്നേഹത്തെ സംബന്ധിച്ചുള്ള ബോധവും, പാരമ്പര്യാവകാശത്തിലും അധികാരത്തിലുമുള്ള വിശ്വാസവും ഈ ജാതിയിൽ രൂഢമൂലമായിരുന്നുവെന്നതു് അവിതർക്കിതമാണ്.

ആദിമജപ്പാനിലെ മതം അധികപങ്കും പ്രകൃതിയെ ആരാധിക്കുന്നതിലാണ് അധിഷ്ഠിതമായിരുന്നതു്. ചൈനക്കാരുടെ സ്വാധീനശക്തിമൂലം, പിൽക്കാലത്തു് പൂർവ്വജന്മാരെ ആരാധിക്കുന്ന സമ്പ്രദായവും നടപ്പിലായി. ആദ്യം ഇതിനു പ്രത്യേകപേരൊന്നും ഇല്ലായിരുന്നെങ്കിലും പിന്നീടു് ചൈനീസ് ഉച്ചാരണമുള്ള ഷിൻടോ എന്ന പേരു് ലഭിക്കാനിടയായി. ബുദ്ധമതത്തിൽ നിന്നു വേർതിരിച്ചറിയുന്നതിനു വേണ്ടിയാണ് "ദൈവമാർഗ്ഗം'' എന്നു് അർത്ഥമുള്ള ഈ പേരു് സ്വീകരിച്ചതു്. അത്ഭുതകരമോ ഭീതിദമോ ആയ പ്രകൃതിയിലെ ഏതെങ്കിലുമൊരു വസ്തുവിൻെറ ദർശനമാത്രയിൽ ഉളവാകുന്ന പേടിയിലാണ് ഷിൻടോ അധിഷ്ഠിതമായിരുന്നതു്. ഒരു വെള്ളച്ചാട്ടത്തെയോ, ഗിരിശൃംഗത്തേയോ, പ്രത്യേകതരത്തിലുള്ള ശിലയേയൊ, അഥവാ പുറമേകണ്ടാൽ പേടിതോന്നുന്ന ഒരു ജീവിയേയോ ഈ വിധത്തിൽ അവർ പരിഗണിച്ചുപോന്നു. ജീവിച്ചിരിക്കുന്ന ചക്രവർത്തിമാരിലും, രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച യോദ്ധാക്കളിലും ആധുനിക ജപ്പാൻകാർ ദൈവത്വം ആരോപിക്കാൻ




ജപ്പാനിലേയ്ക്കുള്ള പൗരാണിക കുടിയേററങ്ങൾ

ശ്രമിക്കുന്നതിൻെറ കാരണം മനസ്സിലാവണമെങ്കിൽ ഷിൻടോ മതമനുസരിച്ചുള്ള ഈ ദേവാരാധനാസമ്പ്രദായം ആരായുകതന്നെ വേണം.

പൗരാണികകാലത്തെ ഈ ഷിൻടോ മതസമ്പ്രദായങ്ങൾക്ക് ഇന്നും കാര്യമായ വ്യത്യാസമൊന്നും സംഭവിച്ചിട്ടില്ല. ഈ പ്രകൃത്യാരാധനയെ സംഘടിതമായ ഒരു മതമാക്കിത്തീർക്കുന്നതിനു് കഴിഞ്ഞ 1500 വർഷങ്ങൾക്കിടക്കു് നിരവധിയത്നങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടു്. അടുത്തകാലത്തായി ദേശീയസൗഹാർദ്ദത്തിനുള്ള ഒരു ഉപാധിയായും, മതഭ്രാന്തിനിറഞ്ഞ ദേശീയബോധത്തിനുള്ള പ്രചോദനമായും അവരുടെ മതത്തെ ഉപയോഗപ്പെടുത്താനുള്ള പരിശ്രമവും നടന്നിട്ടുണ്ടു്. ഇതെല്ലാമായിട്ടും ഷിൻടോ മതത്തിൻെറ അടിസ്ഥാനത്തിനു് യാതൊരു മാററവും സംഭവിച്ചിട്ടില്ല. പ്രകൃതിയെ ആരാധിക്കുന്ന ഒരു സമ്പ്രദായമായിത്തന്നെ അതു ഇന്നും നിലക്കൊള്ളുന്നു.

ഇരുമ്പു-പിച്ചള സംസ്കാരത്തിൻെറ ഉടമസ്ഥന്മാർ ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൽ വടക്കേ ക്യൂഷുവിലും പടിഞ്ഞാറൻ ഹോൻഷുവിലും നിന്നാണു് വന്നുചേർന്നതു്. നിരവധിനൂററാണ്ടുകാലം ഇവരുടെ ആഗമനം തുടർന്നുകൊണ്ടിരുന്നു.

ക്യൂഷുവിൽ നിന്നുള്ള മറെറാരു വർഗ്ഗക്കാർ ഉൾക്കടലിൻെറ ഭാഗത്തേക്കു നീങ്ങുകയും, അതിൻെറ, കിഴക്കു ഭാഗത്തുള്ള യമാറേറാ സമതലപ്രദേശത്തു വാസമുറപ്പിക്കുകയും ചെയ്തു. തങ്ങളുടെ ശാഖോപശാഖകൾ പുതിയ മണ്ഡലങ്ങളിലേക്കു വ്യാപരിപ്പിച്ചുകൊണ്ടും, മററു വർഗ്ഗക്കാരെ ആശ്ലേഷിച്ചുകൊണ്ടും ഇവർ വളരാനും അഭിവൃദ്ധിപ്പെടാനും തുടങ്ങി. ഒടുവിൽ, മദ്ധ്യപശ്ചിമ ജാപ്പാനിലും തെക്കൻ കൊറിയയിലെ ചില ഭാഗങ്ങളിലും അവർ സന്നിഗ്ദ്ധമായ ആധിപത്യം സ്ഥാപിച്ചു.

പരാക്രമശാലിനിയായ ഒരു രാജ്ഞി അത്ഭുതകരമായി ആക്രമിച്ചു കീഴടക്കിയതുമൂലമാണു് ജപ്പാൻകാർക്കു തെക്കൻകൊറിയയിൽ ആധിപത്യം ലഭിച്ചതെന്നു് ഒരു പഴങ്കഥയുണ്ടു്.

തെക്കൻ കൊറിയയിലെ വർഗ്ഗക്കാർ തങ്ങളുടെ ബന്ധുക്കാം നേരത്തെ ജപ്പാനിലേക്കു കടന്നുപോയവരാണെന്നു വിശ്വസിച്ചുകൊണ്ടു് വടക്കൻ കൊറിയയിൽ നിന്നുള്ള ആക്രമികളെ നേരിടാൻ പശ്ചിമജപ്പാൻകാരുടെ സഹായം തേടി എന്നതാവണം ഇതിനുള്ള കുറേക്കൂടി ന്യായമായ തെളിവു്. എന്തുതന്നെയായാലും തെക്കൻ കൊറിയയിൽ ജപ്പാൻകാരുടെ ശക്തി നാലാം നൂററാണ്ടിൻെറ മദ്ധ്യകാലമായതോടെ അതിൻെറ പാരമ്യത്തിൽ എത്തിച്ചേർന്നു. ക്രമേണ അവരുടെ ശക്തി ക്ഷയോന്മുഖമാവുകയും, 562-ാമാണ്ടു് ആയപ്പോഴേക്കും നാമാവശേഷമായിത്തീരുകയും ചെയ്തു.

ജപ്പാനിൽ നിലനിന്നിരുന്ന യമാറേറാവർഗ്ഗക്കാരുടെ അധീശത്വം മററ വർഗ്ഗങ്ങളുടെ സ്വയംഭരണാവകാശത്തെ ഊതിക്കെടുത്തുവാൻ പര്യാപ്തമായില്ല. എങ്കിലും യമാറേറാ വർഗ്ഗക്കാരുടെ പ്രധാനി മററ വർഗ്ഗമേധാവികളുടേയും തലവനായിത്തീർന്നു. യമാറേറാമേധാവികളുടെ ഐതിഹാസികദേവതയായ സൂര്യദേവി ജാപ്പാനീസ് ഷിൻടോ മതത്തിൻെറ അധീശത്വം വഹിക്കുകയും ചെയ്തു. അങ്ങിനെ അധികാരം നേടിയ യമാറേറാ വർഗ്ഗത്തിലെ പുരോഹിതമേധാവികാം മൂന്നാം നൂററാണ്ടിലോ നാലാം നൂററാണ്ടിലോ ജപ്പാനീസ് രാജകീയകുടുംബങ്ങളിൽ ലയിക്കുകയുണ്ടായി. ലോകത്തിലെ മററ രാജകുടുംബങ്ങളുടെ ഉത്ഭവവുമായി താരതമ്യപ്പെടുത്തുമ്പോാം ഇതു് ഏററവും പുരാതനമായ ഒന്നായിരുന്നുവെന്നുവേണം പറയാൻ.

---

## അദ്ധ്യായം 3

# ചൈനീസ് നാഗരീകതയുടെ ആഗമനം

ജപ്പാനു് ചരിത്രപരമായി ദ്വിവിധപാരമ്പര്യമാണുള്ളതു് — ജപ്പാനിലെ ആദിമവാസികളുടേയും ചൈനയിലെ നാഗരീകതയുടേയും, ജപ്പാൻെറ തീരപ്രദേശങ്ങളിൽ ഉത്തുംഗമായ നാഗ

രീകൃത കാൽകുത്തുകയും, അതു് അവിടത്തെ ആദിമനിവാസികളുടെ പ്രാദേശിക പാരമ്പര്യവുമായി ഇണങ്ങിച്ചേർന്നു് ഒരു പുതിയ സംസ്കാരം ഉയിരെടുക്കുകയും ചെയ്തതോടെയാണു് ജപ്പാന്റെ യഥാർത്ഥ ചരിത്രം ആരംഭിച്ചതു്. ഈ നൂതനസംസ്കാരം, പഴയ നാഗരികതയിൽനിന്നുത്ഭവിച്ചതായിരുന്നെങ്കിലും, ഭൂമിശാസ്ത്രപരമായും വർഗ്ഗപരമായും അതിനു് ഒരു നവീനരൂപമാണുണ്ടായിരുന്നതു്.

ജപ്പാനിൽ ആദിമ യമാറ്റോരാഷ്ട്രം രൂപീകരിച്ച ജനങ്ങൾക്കു് വളരെ മുമ്പേതന്നെ ചൈനീസ് നാഗരികതയുമായി ഏറെക്കുറെ അടുപ്പമുണ്ടായിരുന്നു. കൊറിയയിൽനിന്നുള്ള പുതിയ കുടിയേറിപ്പാർപ്പുകാർ ജപ്പാനിലേക്കു് കലകളും ശാസ്ത്രവും കൂടെക്കൊണ്ടുവരുകയുണ്ടായി. ഏതാണ്ടു് പുരാതനമായ അക്കാലത്തുതന്നെ സാഹിത്യവും ജപ്പാനിലേക്കു നുഴഞ്ഞുകയറുവാനിടയായി. എന്നിരുന്നാലും പ്രാരംഭദശയിൽ ചൈനയിൽനിന്നു് ഇതെല്ലാം കടംവാങ്ങിയതു് ബോധപൂർവ്വമായിരുന്നുവെന്നു പറയുക വയ്യാ. ക്രമേണ ഇവ ജപ്പാനിലെത്തിയെന്നുമാത്രം. ആറാം നൂററാണ്ടിന്റെ മദ്ധ്യകാലമായതോടുകൂടിയാണു് ജപ്പാൻകാർ ഈ നാഗരികതയുടെ ഗുണങ്ങൾ മനസ്സിലാക്കിയതും കൂടുതലായി അതിനെക്കുറിച്ചു് പഠിക്കണമെന്നു് ആഗ്രഹം പ്രകടിപ്പിച്ചുതുടങ്ങിയതും. ഇതിന്റെ ഫലമായി, വളരെ പെട്ടെന്നു് ചൈനീസ് സാംസ്കാരികമൂല്യങ്ങൾ ഈ ദ്വീപസമൂഹങ്ങളിലേയ്ക്കു് പ്രവഹിക്കുകയും, ജപ്പാൻകാർ അവയെ ആശ്ലേഷിക്കുകയുംചെയ്തു.

ചൈനാക്കാരുടെ പ്രാഭവം ഏററവും ശക്തിമത്തായ രീതിയിൽ ജപ്പാനിലേക്കു് നിർഗ്ഗളിച്ചതു് ഏതാണ്ടു് 552-ാമാണ്ടോടുകൂടിയാണു്. ദക്ഷിണകൊറിയയിലെ ഒരു രാജധാനിയിൽനിന്നു് വന്നുചേർന്ന ബുദ്ധഭിക്ഷുക്കൾ യമാറ്റോ വർഗ്ഗക്കാരുടെയിടയിൽ ബുദ്ധമതം ഔദ്യോഗികമായി അവതരിപ്പിച്ചതു് പ്രസ്തുതവർഷത്തിലായിരുന്നു. ചൈനാക്കാരിൽനിന്നു വിജ്ഞാനം സമ്പാദിക്കുന്നതിനു് ജപ്പാൻകാർ ആദ്യമായി പരിശ്രമമാരംഭിച്ചതു്

ഇക്കാലംതൊട്ടായിരുന്നുവെന്നു മനസ്സിലാക്കുവാൻ ഈ തീയ്യതി സൗകര്യം നല്കുന്നുണ്ട്.

അടുത്ത ഏതാനും നൂററാണ്ടുകാലത്തേക്കു് ചൈനീസ് സംസ്കാരം ജപ്പാനിലേക്കു കൊണ്ടുവരുന്നതിനുള്ള ഒരു പ്രധാന ഉപാധിയായി ബുദ്ധമതം വർത്തിച്ചുപോന്നു. ബുദ്ധമതം ഒരു ഇന്ത്യൻ മതമാണ്. അതു സാവധാനം ചൈനയിൽ പരക്കുകയും, ചൈനയുടെ സാംസ്കാരികജീവിതത്തിൽ ഒരു സ്ഥാനം നേടുകയുംചെയ്തു. അക്കാലത്തു് പ്രബലമായ പ്രചാരവേലചെയ്യുന്ന ഒരു മതമായിരുന്നു അതു്. മതപ്രചാരകന്മാരുടെ അത്യുത്സാഹത്തിൻെറ ഫലമായി ചൈനയ്ക്കപ്പുറം കൊറിയയിലേക്കും അവിടെനിന്നു ജപ്പാനിലേക്കും ബുദ്ധമതം കടന്നുചെല്ലുവാനിടയായി. ആറാം നൂററാണ്ടുമുതൽ എട്ടാം നൂററാണ്ടുവരെ കൊറിയക്കാരും ചൈനാക്കാരുമായ ബൗദ്ധപുരോഹിതന്മാരും, ഇടയ്ക്കിടയ്ക്കു് ഇന്ത്യൻ പുരോഹിതന്മാരും ജപ്പാനിലെത്തുകയുണ്ടായിട്ടുണ്ട്. മതപരിവർത്തനംചെയ്ത നൂറുകണക്കിനു ജപ്പാൻകാർ ഈ പുതിയ വിശ്വാസപ്രമാണത്തെക്കുറിച്ചു് കൂടുതലായി പഠിക്കുന്നതിനു് ചൈനയിലേക്കു പോവുകയുണ്ടായി. അങ്ങിനെ മതപഠനം നേടി തിരിച്ചെത്തിയ ഈ ജപ്പാനീസ് യുവപുരോഹിതന്മാർ വിദേശമതപ്രചാരകന്മാരെക്കാൾ കൂടുതൽ ആവേശത്തോടെ പുതിയ മതവും ചൈനീസ് നാഗരീകതയും ജപ്പാൻകാരിൽ കുത്തിവെച്ചു. ചൈനയിൽനിന്നു കടംവാങ്ങിയ സംസ്കാരത്തെ ജപ്പാനിൽ നട്ടുനനച്ചു വളർത്തുന്നതിൽ മുൻകൈ എടുത്തതു് അവരായിരുന്നു.

ആറാം നൂററാണ്ടിൻെറ ദ്വിതീയാർദ്ധമായപ്പോഴേക്കും ബുദ്ധമതവും വിദേശത്തുനിന്നുണ്ടായ മററു സ്വാധീനശക്തികളും യമാറേറാ വർഗ്ഗത്തെ ബാധിച്ചതിൻെറ ഫലമായി ബുദ്ധമതവിശ്വാസികളും, അതിൻെറ ആഗമനത്തേയും എല്ലാത്തരം പരിവർത്തനങ്ങളേയും എതിർത്തവരും തമ്മിൽ സംഘട്ടനങ്ങൾ പൊട്ടിപ്പുറപ്പെടുവാനിടയായി. ഏതാണ്ടു് 587-ാമാണ്ടു് ആയപ്പോഴേക്കും

ബുദ്ധമതവിശ്വാസികൾ വിജയം കൈവരിച്ചതോടെ ചൈനക്കാരുടെ ആശയങ്ങളും വിജ്ഞാനവും ത്വരിതഗതിയിൽ ഇറക്കുമതിചെയ്യപ്പെടുകയും അവ അപ്പാടെ സ്വീകരിക്കപ്പെടുകയും ചെയ്തു. ഷൊട്ടോക്കു എന്ന രാജകുമാരൻെറ സമർത്ഥമായ നേതൃത്വത്തിൻകീഴിൽ അത്ഭുതകരമായ പല പരിഷ്ക്കാരങ്ങളും നടപ്പിലായി.

607-ാമാണ്ടിൽ ചൈനയിലേക്കു് ഒരു ഔദ്യോഗികദൗത്യസംഘത്തെ അയച്ചതായിരുന്നു ഷൊട്ടോക്കു രാജകുമാരൻ നടപ്പാക്കിയ പ്രധാനപദ്ധതികളിലൊന്നു്. ഈ ദൗത്യസംഘവും, ഇതിനെത്തുടൎന്നു് അടുത്ത രണ്ടു നൂററാണ്ടുകളിൽ അയക്കപ്പെട്ട സംഘങ്ങളുംചൈനയിൽനിന്നു് വിജ്ഞാനം കരസ്ഥമാക്കുന്നതിൽ ഒരു പ്രധാനപങ്കു വഹിച്ചിട്ടുണ്ടു്. ജാപ്പാനീസ് നേതാക്കന്മാർ ഈ ദൗത്യസംഘത്തിലേയ്ക്കു് സമർത്ഥരായ യുവപണ്ഡിതന്മാരെയും കലാകാരന്മാരേയും തിരഞ്ഞെടുത്തു. ഈ യുവാക്കൾ ദൗത്യസംഘത്തിൻെറ താമസക്കാലത്തു് ചൈനയിൽനിന്നു് ജ്ഞാനം സമ്പാദിക്കുകയും, പത്തോ പന്ത്രണ്ടോ കൊല്ലക്കാലം അവിടെത്തന്നെ താമസിക്കുകയും ചെയ്തു. ജപ്പാനിലേയ്ക്കു തിരിച്ചു വന്നതോടെ ഇവർ അതാതു മണ്ഡലങ്ങളിൽ നേതൃസ്ഥാനം സ്വീകരിച്ചു. ചൈനയിലെ ശാസ്ത്രം, കലകൾ, ആദർശങ്ങൾ എന്നിവ അങ്ങിനെയാണു് ഈ ഏകാന്തദ്വീപിലേക്കു കടന്നുവരുവാനിടയായതു്.

ചൈനയിൽനിന്നു് തിരിച്ചെത്തിയ വിദ്യാൎത്ഥികൾ യമാറേറാ രാജധാനിയിൽ ഒരു സംഘമായി മാറിനിൽക്കുകയും, 645-ാമാണ്ടിൽ അധികാരം പിടിച്ചെടുക്കുകയുംചെയ്തു. അക്കാലംമുതൽക്കു് ജപ്പാനെ ചൈനയുടെ ഒരു ചെറുപതിപ്പാക്കിത്തീൎക്കാനുള്ള നയമാണു് യമാറേറാ സ്റ്റേററ് അംഗീകരിച്ചതു്.

ചൈനീസ് ആദർശസംഹിതകളുടെ സ്വാധീനവലയത്തിൽപ്പെട്ട ജപ്പാൻകാർ ആദ്യമായി യമാറേറാ സ്റ്റേററിനെ ഒരു സാമ്രാജ്യമായി അംഗീകരിച്ചു; ഏതാണ്ടു് ചൈനയോടു തുല്യമായ ഒരു

സാമ്രാജ്യം. ഈ വിശ്വാസപ്രമാണം ബീജാവാപം ചെയ്തതോടെ, യമാറേറാ സ്റേറററിൻെറ ഭരണാധികാരിക്ക് ഒരു ചക്രവർത്തിയുടെ അന്തസ്സും മഹത്വവും ലഭ്യമായി. തത്വപരമായി പുരോഹിത പ്രധാനിയെയാണ് സർവ്വശക്തനായി പരിഗണിച്ചിരുന്നത്. ചൈനീസ് പാരമ്പര്യമനുസരിച്ചുള്ള ഏകാധിപതിയും അദ്ദേഹംതന്നെയായിരുന്നു. അതിനാൽ ഉയർന്ന പുരോഹിതൻ എന്ന യഥാർത്ഥസ്ഥാനം അദ്ദേഹത്തിനു നഷ്ടപ്പെട്ടില്ല; പദവി ഇരട്ടിക്കുകയുംചെയ്തു. ഇന്നും തത്വപരമായി ജപ്പാനീസ് ചക്രവർത്തി യമാറേറാ പാരമ്പര്യമനുസരിച്ചുള്ള ഷാൻടോമതത്തിലെ ഉന്നത പുരോഹിതനായും, അതേസമയംതന്നെ സർവ്വശക്തനായ ഭരണകർത്താവായും പരിഗണിക്കപ്പെട്ടുപോരുന്നു.

ചൈനയിലെ സാമൂഹ്യാചാരക്രമത്തിൻെറ സ്വാധീനശക്തിയാലും, ചക്രവർത്തിനിമാരുടെ ഭരണത്തോടു അവക്ക്ണ്ടായിരുന്ന വെരപ്പുമൂലവും സ്ത്രീകൾ ഭരണഭാരം കൈയ്യേൽക്കുന്ന സമ്പ്രദായം എട്ടാം നൂററാണ്ടിൻെറ മദ്ധ്യകാലമായപ്പോഴേക്കും അവസാനിക്കാനിടയായി. പിന്നീടു അനേകം നൂററാണ്ടുകൾക്കു ശേഷമാണ് സ്ത്രീകൾക്ക് സിംഹാസനത്തിൽ സ്ഥാനം ലഭിച്ചത്. ആദിമകാലത്ത് സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ ജപ്പാനിലെ സ്ത്രീകൾ അനുഭവിച്ചുവന്ന മേധാവിത്വം പിൽക്കാലത്തു പുരുഷന്മാക്കു അടിപണിയുന്ന ഒരു നിലയിലേക്കു അധഃപതിച്ചുപോകാനിടയായി. ജനസംഖ്യയിൽ ഉയർന്നുനിന്നിരുന്ന പുരുഷന്മാരിൽനിന്നു സാമൂഹ്യമായും ബുദ്ധിപരമായും വളരെ താണ ഒരു നില ജപ്പാനിലെ പെണ്ണുങ്ങൾക്കു അനുഭവിക്കേണ്ടിവന്നു.

ചക്രവർത്തിയുടെ കീഴിലായി ജപ്പാൻകാർ സങ്കീർണ്ണമായ ഒരു കേന്ദ്രഭരണകൂടം കെട്ടിപ്പടുക്കുകയുണ്ടായി. ടാങ്ങ്കാലത്തെ ചൈനയിലെ അതിബൃഹത്തായ കേന്ദ്രീകൃത ഭരണക്രമത്തിൻെറ മട്ടിലായിരുന്നു ഇത്. പ്രധാനമന്ത്രിയും ഇടതുപക്ഷത്തെ വലതുപക്ഷത്തെയും മന്ത്രിമാരും ഉൾക്കൊള്ളുന്ന ഒരു സുപ്രീം കൌൺസിൽ ഓഫ് സ്റേറററിൻെറ കീഴിലായി എട്ടു മന്ത്രിമാരുണ്ടായി

രുന്നു. എന്നാൽ നമ്മുടെ * ഗവമ്മേണ്ടുവകുപ്പുകളെപ്പോലെയായിരുന്നില്ല ഇതു്. മേല്പറഞ്ഞ മന്ത്രിസഭകളുടെ കീഴിലായി നൂറുനൂറു കാര്യാലയങ്ങളും ആഫീസുകളും ഉണ്ടായിരുന്നു. തികച്ചും അപരിഷ്കൃതമായ ഒരു വർഗ്ഗസമൂഹമുറംക്കൊള്ളുന്ന അഴിഞ്ഞുലഞ്ഞ ഒരു ചെറിയ സ്റ്റേററിൻെറ ആവശ്യങ്ങറം നിർവ്വഹിക്കാൻ ഇത്തരമൊരു സംഘടിതഭരണകൂടം അമിതമായിരുന്നുവെന്നുവേണം പറയാൻ. കേന്ദ്രഭരണക്കൂടം ചൈനീസ് മാതൃകയിൽനിന്നു വിഭിന്നമായി വെറും ഒരു 'കടലാസ് സംഘടന' മാത്രമായിരുന്നു.

തലസ്ഥാനനഗരികറം സ്ഥാപിക്കുകയെന്നതു് ജപ്പാനെ ഒരു കൊച്ചു ടാങ്ങായി മാററുവാനുള്ള പരിശ്രമത്തിൻെറ ഒരു ഭാഗമായിരുന്നു. ഇതിൽ അവക്കു കൈവന്ന വിജയം എത്രമാത്രമാണെന്നു നോക്കിയാൽ ഈ സംരംഭത്തിൻെറ അത്ഥം ഏതാണ്ടൊന്നു മനസ്സിലാക്കാം. ആദിമകാലങ്ങളിൽ ജപ്പാനിലെങ്ങും തന്നെ നഗരികളോ പട്ടണങ്ങളോ വലിയ കെട്ടിടങ്ങളോ ഉണ്ടായിരുന്നില്ല. ഈ കാലഘട്ടത്തിലാകട്ടെ ടാങ്ങിൻെറ വമ്പിച്ച തലസ്ഥാനനഗരിയായ ചാങ്ങ്-അന്നോടു തുല്യമായ ഒരു നഗരി പടുത്തുയർത്തുവാൻ ജപ്പാൻകാർ പരിശ്രമിച്ചു.

ഏകദേശം അഞ്ചുമൈൽ വീതിയും ആറുമൈൽ നീളവുമുള്ള ഒരു സമകോണിൻെറ രൂപത്തിലാണു് ചാങ്ങ്-അൻ സംവിധാനം ചെയ്തിരുന്നതു്. നാലുപുറവും ഉയന്ന മതിലുകറം ഉണ്ടായിരുന്നു. നഗരത്തിൻെറ വടക്കേ അററത്തായി അതിമോഹനമായ കൊട്ടാരം നിലകൊണ്ടിരുന്നു. വീതിയേറിയ നിരത്തുകറം അതിനെ കള്ളികളായി വേർതിരിച്ചിരുന്നു. യമാറെറാ സമതലപ്രദേശത്തു് ആധുനിക നാരാ എന്ന പട്ടണത്തിൻെറ അടുത്തായി ചാങ്ങ്-അന്നിനെ അനുകരിച്ചുകൊണ്ടു 710-ാമാണ്ടിൽ ആദ്യമായി ജപ്പാൻകാർ ഒരു നഗരം പണിതുയർത്തു

---

* ഗ്രന്ഥകാരൻ അമേരിക്കൻ ഭരണരീതിയെയാണു സൂചിപ്പിക്കുന്നതു്. —പരിഭാഷകൻ

വാൻ ആരംഭിച്ചു. അതിൻെറ നീളവും വീതിയും ചാങ്ങ്-അന്നിൻേറതിനെക്കാരം കുറവായിരുന്നു. ചൈനീസ് മാതൃകയിലുള്ള മതിലിൻെറ നിർമ്മാണത്തിൽ അവർ പരാജയപ്പെട്ടു. ഈ തലസ്ഥാനനഗരിയിലെ ജനസംഖ്യ വളരെ കുറവായിരുന്നതിനാൽ നഗരത്തിൻെറ പടിഞ്ഞാറഭാഗം പണി പൂർത്തിയാക്കാതെ ഇടേണ്ടിവന്നു. എങ്കിലും വീതിയേറിയ നിരത്തുകളും, ഓടു മേഞ്ഞ ബൗദ്ധക്ഷേത്രങ്ങളും ഉയരമേറിയ കൊട്ടാരങ്ങളും ഭവനങ്ങളും പണിയുകതന്നെ ചെയ്തു. ഈ ബൗദ്ധക്ഷേത്രങ്ങളിൽ പലതും ലോകത്തിലേക്കുംവെച്ച് ഏററവും പഴക്കമേറിയ മരക്കെട്ടിടങ്ങളായും ടാങ്ങ്കാലഘട്ടത്തിലുണ്ടായിരുന്ന വിദൂരപൂർവ്വദേശത്തെ ശില്പമാതൃകകളായും ഇന്നും നിലകൊള്ളുന്നു.

എട്ടാം നൂററാണ്ടിൻെറ അവസാനദശയായപ്പോഴേക്കും ഈ ആദ്യനഗരം ഉപേക്ഷിച്ച് ഒരു പുതിയ തലസ്ഥാനം പടുത്തുയർത്തുവാൻ ജപ്പാനീസ് അധികാരികരം നിശ്ചയിച്ചു. 794-ാമാണ്ടിൽ ക്യാറേറായിൽ രണ്ടാമതൊരു നഗരത്തിനുള്ള അസ്ഥിവാരമിട്ടു. ഇത്തവണയും നഗരാകൃതി ചെറുതായിരുന്നു. നഗരഭിത്തികരം പണിയുകയുണ്ടായില്ല. പടിഞ്ഞാറവശം പണി പൂർത്തിയാക്കാതെയിടുകയും ചെയ്തു. എന്നാൽ ഈ ദ്വിതീയതലസ്ഥാനം നാമാവശേഷമായില്ല. കാലത്തിൻെറ സീമകളെ അതിലംഘിച്ച് 1868-വരെ ഇതു ജപ്പാൻസാമ്രാജ്യത്തിൻെറ തലസ്ഥാനമായി നിലകൊണ്ടു. ക്യാറേറായിലെ പ്രധാന തെരുവീഥികാംക്ക ഇന്നും കാണപ്പെടുന്ന, ചതുരംഗപ്പലകയുടെ ആകൃതി 1000 കൊല്ലങ്ങരംക്കപ്പുറമുള്ള ചൈനീസ് ശില്പകലയുടെ പ്രതിബിംബമത്രെ.

ചൈനീസ് മാതൃകയിലുള്ള പ്രാദേശികഭരണക്രമം ഏർപ്പെടുത്തുന്നതിനെക്കാരം എളുപ്പം ചൈനീസ് മാതൃകയിൽ ഒരു കേന്ദ്രഭരണകൂടം സ്ഥാപിക്കുക എന്നതായിരുന്നു. രാജധാനിയിൽനിന്നു വിവിധപ്രവിശ്യകളിലെ കേന്ദ്രങ്ങളിലേക്കയക്ക




ജപ്പാനും ചൈനയും തമ്മിലുള്ള ഗതാഗതമാർഗ്ഗങ്ങൾ

പ്പെട്ട മേധാവികളാൽ ഭരണം നടത്തുക എന്ന ആശയം ജപ്പാനിലെ വർഗ്ഗങ്ങളുടെ ഏകാധിപത്യസ്വഭാവത്തിന്നെതിരായിരുന്നതിനാൽ സ്വീകരിക്കാൻ കഴിഞ്ഞില്ല. എങ്കിലും ജപ്പാൻകാർ ബാഹ്യമായിട്ടെങ്കിലും ഈ പ്രവിശ്യപദ്ധതിയ്ക്കു രൂപം നല്കി. രാജ്യത്തെ പല ഖണ്ഡങ്ങളായി തിരിച്ച് ഇവയുടെ തലവന്മാരായി വലിയ പേരുകളുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചു.

ചൈനീസ് രീതിയിലുള്ള വസ്തുഉടമസമ്പ്രദായവും നികുതിസമ്പ്രദായവും നടപ്പാക്കുക എന്നതായിരുന്നു ജപ്പാൻകാർ സ്വീകരിച്ച ഏററവും സാഹസികമായ ഒരു നടപടി. പുരാതന ടാങ്ങ് ചൈനയിൽ തത്വപരമായി കൃഷിഭൂമി ദേശവൽക്കരിക്കുകയും ചെയ്തിരുന്നു. പ്രായപൂർത്തിവന്ന ഓരോ നികുതിദായകൻേറയും നികുതിവിഹിതക്രമം ഏകീകരിക്കുന്നതിനാണ് ഇങ്ങിനെ ചെയ്തിരുന്നതു്.

വർഗ്ഗഭരണം നടക്കുന്ന ജപ്പാനിൽ ഇതു പ്രായോഗികമാക്കുക തികച്ചും ദുഷ്കരമായിരുന്നു. ഏകദേശം ഒരു നൂററാണ്ടുകാലമേ മറേറാ ഈ സമ്പ്രദായം ഒരു പരിഷ്കാരമെന്ന നിലയിൽ തലസ്ഥാനനഗരിയിലും യമാറേറാ വർഗ്ഗക്കാർ നിവസിക്കുന്ന പ്രദേശങ്ങളിലും നിലനിന്നുപോന്നു. മററു വിദൂരസ്ഥലങ്ങളിൽ തുടക്കം മുതലേതന്നെ ഇതു നിഷ്പ്രയോജനമായിരുന്നു.

ചൈനീസ് നികുതിസമ്പ്രദായത്തോടൊപ്പംതന്നെ കൃഷിക്കാരെ പുതിയ പട്ടാളക്കാരായി ചേർക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നു. എന്നാൽ ഈ കൃഷകയോദ്ധാക്കൾ വെറും തൊഴിലാളി സമൂഹമായി നിലനിന്നതേയുള്ളു. ഒരു കാലാൾപടയെ ഏർപ്പെടുത്താൻ പരിശ്രമമുണ്ടായെങ്കിലും, അഭിജാത്യമുള്ള ജപ്പാൻകാർ അശ്വഭടന്മാരായി നിലകൊള്ളുവാനേ അഭിലഷിച്ചുള്ളു.

ചൈനയിൽനിന്നു് പഠിക്കുകയും കടംവാങ്ങുകയും ചെയ്യുന്ന ഈ മുറ രാഷ്ട്രീയരംഗത്തു മാത്രമല്ല നടപ്പാക്കിയതു്. സാംസ്കാരികവും ബുദ്ധിപരവുമായ മണ്ഡലങ്ങളിൽ ജപ്പാൻകാർ നേടിയ

വിജ്ഞാനത്തിന്ന് രാഷ്ട്രീയസ്ഥാപനങ്ങളെക്കാരം ശക്തിയോടെ ജപ്പാന്റെ മണ്ണിൽ വേരൂന്നുവാൻ കഴിഞ്ഞു. രാഷ്ട്രീയസ്ഥാപനങ്ങരം ക്രമേണ ക്ഷയിക്കുകയും അപ്രത്യക്ഷമാകയും ചെയ്തു. എന്നാൽ നൂററാണ്ടുകളായി പഠിച്ച മതപരമായ പല വിശ്വാസപ്രമാണങ്ങളും, കലാപരമായ സാമൎത്ഥ്യവും, സാഹിത്യരൂപവും അവയുടെ തനതായ വീൎയ്യം നഷ്ടപ്പെടാതെ നിലനില്ക്കുകയും അഭിവൃദ്ധിപ്പെടുകയും, ഭാവിയിലെ സാംസ്കാരികമാതൃക സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്തു.

ആറാം നൂററാണ്ടിന്റെ ദ്വിതീയാൎദ്ധത്തിൽ യമാറേറാ രാജധാനിയിൻ ബുദ്ധമതത്തിന്നു വിജയം സിദ്ധിച്ചതോടെ, ഈ മതത്തിന്ന് കേന്ദ്രഗവൎമ്മേണ്ടിന്റെ എല്ലാവിധ പരിലാളനകളും ലഭിക്കാൻ തുടങ്ങി. സൎക്കാരിന്റെ ചിലവിൽ അതിമനോഹരങ്ങളായ ക്ഷേത്രങ്ങരം നിൎമ്മിക്കപ്പെട്ടു. രാജധാനിയുടേയും കുലീനകുടുംബാംഗങ്ങളുടേയും മേൽനോട്ടത്തിൽ ബൗദ്ധഉത്സവങ്ങരം കെങ്കേമമായി ആഘോഷിച്ചു. ഇങ്ങിനെയെല്ലാമാണെങ്കിലും പ്രവിശ്യകളിൽ ബുദ്ധമതത്തിന്ന് വമ്പിച്ച സ്വാധീനശക്തി കൈവരിക്കാൻ കഴിഞ്ഞില്ല. എന്നാൽ തലസ്ഥാനനഗരിയിൽ പുതിയ മതം സമുന്നതനില അലങ്കരിക്കുകയും, ഷിൻടോ മതത്തേക്കാരം കൂടുതലായി ഔദ്യോഗികമായ ആനുകൂല്യം നേടുകയും ചെയ്തു.

ബുദ്ധമതത്തോടൊപ്പം ചൈനയിലെ പല കലകളും കരകൗശലങ്ങളും ജപ്പാനിലെത്തിച്ചേൎന്നു. ബൌദ്ധക്ഷേത്രങ്ങരം തന്നെ ശില്പകലാവൈദഗ്ദ്ധ്യത്തിന്റെ നേട്ടങ്ങളായി പരിലസിച്ചു. അവയ്ക്കുള്ളിൽ മരംകൊണ്ടും പിച്ചളകൊണ്ടും നിൎമ്മിച്ച ബുദ്ധവിഗ്രഹങ്ങളും മതപരമായ ചിത്രവേലകളും മററു മനോഹരകലാശില്പങ്ങളും സ്ഥാപിക്കപ്പെട്ടു. ഇവയിൽ പലതും ചൈനയിൽനിന്നു കൊണ്ടുവന്നവയായിരുന്നു. മററുള്ളവ ചൈനക്കാരുടെ കാലാമാതൃക എത്രയ്ക്കു സമൎത്ഥമായിട്ടാണ്ട് ജപ്പാൻകാർ നൂററാണ്ടുകളിലൂടെ അഭ്യസിച്ചതെന്നു വിളിച്ചറിയിച്ച

കൊണ്ടു തികഞ്ഞ കലാപാടവത്തോടെ ജപ്പാനിൽത്തന്നെ നിർമ്മിച്ചവയുമായിരുന്നു.

ഏഴും എട്ടും നൂററാണ്ടുകളിൽ നിർമ്മിക്കപ്പെട്ട നിരവധി ക്ഷേത്രമണ്ഡപങ്ങളും ശേഖരണമുറികളും അക്കാലത്തെ കലാമേന്മയെ നിശ്ശബ്ദം വിളിച്ചറിയിച്ചുകൊണ്ടു് ഇന്നും പരിലസിക്കുന്നു. ചൈനയുടെ കലാഭണ്ഡാഗാരത്തിൽനിന്നു് ഉത്തമമായിട്ടുള്ളവ ജപ്പാനിൽ പറിച്ചുനടുന്നതിലും, ഇക്കാലംവരെ ജപ്പാൻകാരുടെ സ്വഭാവരൂപീകരണത്തിനു സഹായിച്ചിട്ടുള്ള കലാപരമായ അഭിരുചിയും നിർമ്മാണകൗശലവും സംയോജിപ്പിക്കുന്നതിലും ഉണ്ടായിട്ടുള്ള മഹത്തായ വിജയത്തിനു ഇവ സാക്ഷ്യം വഹിക്കുകയത്രേ ചെയ്യുന്നതു്.

കലകളുടെ കാര്യത്തിൽ ചൈനക്കാരെക്കാരം ഉത്തമന്മാരായ അദ്ധ്യാപകരെ ജപ്പാനു ലഭിക്കുമായിരുന്നില്ല. എന്നാൽ സാഹിത്യമണ്ഡപത്തിൽ ചൈനയുടെ സ്വാധീനം അത്രതന്നെ അനുകൂലമായിരുന്നില്ല. ധ്വനിപ്രധാനമായ വാക്കുകരം അടങ്ങിയിട്ടുള്ള ഒരു ഭാഷയാണു് ജാപ്പനീസ്. ധ്വനിപ്രധാനമായ പ്രതീകങ്ങരം ഉപയോഗിച്ചു് ഈ ഭാഷ നിഷ്പ്രയാസം എഴുതാൻ കഴിയും. ഭാഷയെ ശരിക്കു പ്രതിനിധീകരിക്കുന്നതിനു് ഇതു് ആവശ്യമാണു്. എന്നാൽ ചൈനീസ് അക്ഷരങ്ങളുടെ രചനാസമ്പ്രദായം ഇതിനു കടകവിരുദ്ധമാണു്.

അതിനാൽ ചൈനീസ് എഴുത്തുസമ്പ്രദായം ജപ്പാനീസ് ഭാഷയിൽ സ്വീകരിക്കുക എന്നതു് പുരാതനജപ്പാൻകാക്കു് വിഷമകരമായിരുന്നു. ഏററവും സങ്കീർണ്ണമായ ഒരു എഴുത്തുസമ്പ്രദായമാണു് ജപ്പാനിൽ പ്രചാരത്തിലിരുന്നതു്. ചൈനയിലെന്നപോലെ ജപ്പാനിലും തലമുറതലമുറകളായി എഴുത്തിൻെറ മൂല്യങ്ങരം മനഃപാഠമാക്കിപ്പോരുകയാണുണ്ടായിട്ടുള്ളതു്.

ഈ വിഷമതമൂലം പുരാതനജപ്പാൻകാർ സ്വന്തം ഭാഷ എഴുതാനുള്ള പരിശ്രമങ്ങരം കാര്യമായി ചെയ്യുകയുണ്ടായില്ല.

ചൈനീസ് രീതിയിലാണ് നാമങ്ങളും ലഘുജപ്പാനീസ് കവിതകളും ഉച്ചരിച്ചിരുന്നതു്. ജപ്പാൻകാർ ക്ലാസ്സിക്കൽ ചൈനീസ്മട്ടിൽ തങ്ങളുടെ ചരിത്രങ്ങളും, ഭൂമിശാസ്ത്രങ്ങളും, നിയമഗ്രന്ഥങ്ങളും, ഔദ്യോഗികരേഖകളും രചിച്ചുപോന്നു. ചൈനീസ്സാഹിത്യരൂപംപോലും അനുകരിക്കാൻ അവർ പരിശ്രമിച്ചു. ചൈനീസ് ഭാഷയിൽ കവിത രചിക്കാനുള്ള തങ്ങളുടെ കഴിവിൽ പണ്ഡിതന്മാർ അഭിമാനംകൊള്ളുക പതിവായിരുന്നു.

ഇക്കാലത്തു് ചരിത്രമെഴുതാനുള്ള വാസനയാണ് ഏററവും പ്രബലമായി ഒരു സാഹിത്യരൂപമെന്ന നിലയിൽ ജപ്പാനിൽ പ്രചരിച്ചിരുന്നതു്. ഇതും സാംസ്കാരികമായി ചൈനയുടെ സന്താനംതന്നെയായിരുന്നു. എന്തുകൊണ്ടെന്നാൽ, ചൈനക്കാർ എല്ലാക്കാലത്തും ചരിത്രമനഃസ്ഥിതിക്കാരായിട്ടാണ് നിലകൊണ്ടിട്ടുള്ളതു്. ഏതൊരു വിഷയത്തേയും അവസ്ഥാവിശേഷത്തേയും ചരിത്രപരമായ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാനുള്ള ഒരു വാസന വളരെ മുമ്പേതന്നെ അവരിൽ കുടികൊണ്ടിരുന്നു.

ചൈനീസ്മൂശയിൽ വാർത്തെടുത്ത ഒരു സാമ്രാജ്യമായിട്ടാണ് ജപ്പാനെ അവിടത്തെ ജനങ്ങൾതന്നെ വീക്ഷിച്ചിരുന്നതു്. അതിനാൽ ജപ്പാനും ഔദ്യോഗികമായ ഒരു ചരിത്രം ആവശ്യമായിരുന്നു. പുരാതനകാലത്തു് ഇത്തരമൊരു ചരിത്രമെഴുതാനായി നടത്തപ്പെട്ട സംരംഭങ്ങളുടെ ഫലമായി രണ്ടു ഗ്രന്ഥങ്ങൾ ലഭിച്ചു. 720-ാമാണ്ടിൽ തയ്യാറാക്കിയ "നിഹോൻ ഷോക്കി" എന്ന ബൃഹത്തായ ഔദ്യോഗികചരിത്രഗ്രന്ഥവും, 712-ാമാണ്ടിൽ രചിച്ച 'കോജികി' എന്ന മറെറാരു ലഘുഗ്രന്ഥവുമായിരുന്നു അവ. എ. ഡി. 400-മുതല്ക്കുള്ള ചരിത്രപരമായ വസ്തുതകൾ ഉൾക്കൊള്ളുന്നതുകൊണ്ടു് ഇവ രണ്ടും വിശ്വസനീയമായ സുപ്രധാന കൃതികളായി പരിഗണിച്ചുപോരുന്നു. ചൈനയിൽനിന്നു് പുരോഗമനപരമായ ആശയങ്ങളും രീതികളും കടന്നുവരുന്നതിന്നുമുമ്പു്, ജപ്പാനിൽ നിലനിന്നിരുന്ന വിശ്വാസങ്ങളും സാമൂഹ്യസമ്പ്രദായങ്ങളും എന്തെല്ലാമായിരുന്നുവെന്നും

ആദിമ ഐതിഹാസിക - ചരിത്രപാരമ്പര്യം എന്തായിരുന്നു വെന്നും അറിയാൻ ഈ ഗ്രന്ഥങ്ങൾ സഹായിക്കുന്നുണ്ടു്.

കൊട്ടാരഗായകന്മാർ യമാറെറാവർഗ്ഗക്കാരുടെ ഐതിഹാസിക-ചരിത്രപാരമ്പര്യത്തെ വെളിവാക്കിക്കൊണ്ടു് വാമൊഴിയായി പറഞ്ഞ നിറപ്പകിട്ടില്ലാത്ത ലഘുചരിത്രംകൊണ്ടു് അക്കാലത്തെ ചരിത്രകാരന്മാരും നീതിജ്ഞന്മാരും തൃപ്തിപ്പെട്ടിരുന്നില്ല. യമാറേറാ ഭരണാധികാരികൾ യഥാർത്ഥ ചക്രവർത്തിമാരും സമുന്നതരായ ഭരണാധികാരികളും ആയിരുന്നെന്നും, ജപ്പാൻ പുരാതനവും വിശാലവുമായ ഒരു രാജ്യമാണെന്നും, ഒരുവിധത്തിലും ചൈനയുടെ കീഴിലല്ലെന്നും തെളിയിക്കാൻ അവർ ദൃഢനിശ്ചയം ചെയ്തിരുന്നു. തങ്ങളുടെ പുരാണങ്ങളേയും അല്പമായ ചരിത്രപരമായ പാരമ്പര്യത്തേയും ശക്തിപ്പെടുത്തിക്കൊണ്ടും, ചൈനിസ് ചരിത്രത്തിൽനിന്നും ആവശ്യമായ വസ്തുതകൾ ചേർത്തുകൊണ്ടും ഹൃദയസ്പൃക്കായ ഒരു കല്പിതചരിത്രം എഴുതുകയാണു് അവർ ചെയ്തതു്.

"നിഹോൻ ഷോക്കി"യുടേയും "കോജികി"യുടേയും സ്ഥാനം ജപ്പാൻെറ ചരിത്രത്തിൽ സുപ്രധാനവും മൌലികവുമായ ഒന്നാണു്. അവ മാത്രമല്ല തങ്ങളുടെ കീർത്തിധ്വജമായി ജപ്പാൻകാർ അവകാശപ്പെടുന്നതു്. അനേകം നൂററാണ്ടുകൾക്കുശേഷം തികഞ്ഞ അജ്ഞതയിൽനിന്നു് അവരെ സമുദ്ധരിച്ചതു് സങ്കുചിതമനസ്കരും ദേശപ്രേമികളുമായ ദേശാഭിമാനികളുമായിരുന്നു. ജപ്പാൻെറ മഹത്വത്തിനു നിദാനമായിട്ടുള്ള തങ്ങളുടെ വിശ്വാസപ്രമാണങ്ങൾക്കനുയോജ്യമായ നന്മകൾ ചൈനാക്കാരുടെ ആഗമനത്തിനുമുമ്പു ജപ്പാനിൽ നിലനിന്നിരുന്നുവെന്നു വെളിവാക്കാൻ അവർ പരിശ്രമിച്ചു. ആധുനികജപ്പാൻജനത ഉയൎന്ന ദേശീയതയുടെ പേരിൽ ഈ രണ്ടു ഗ്രന്ഥങ്ങളേയും ഏതാണ്ടു ബൈബിൾപോലെ പരിഗണിച്ചുപോരുകയും തന്മൂലം ചരിത്രപരമായ തെററുകൾ യാഥാർത്ഥ്യങ്ങളായി വിശ്വസിക്കുകയും ചെയ്യുന്നു.

## അദ്ധ്യായം 4

# പ്രാദേശികസംസ്കാരത്തിൻെറ വളർച്ച

ആറാം നൂററാണ്ടിൻെറ അന്തിമദശമുതൽ ഒമ്പതാം നൂററാണ്ടുവരെയുള്ള കാലഘട്ടത്തിൽ ചൈനയിൽനിന്നു വിജ്ഞാനം നേടുന്ന സമ്പ്രദായം നിലനിന്നുപോന്നു. അതിനുശേഷം ചൈനക്കാരുടെ നേരെയുള്ള ജപ്പാൻകാരുടെ മനോഭാവത്തിനു് സമൂലമായ ഒരു പരിവർത്തനം നേരിട്ടു. ഇക്കാലംവരെ ചൈനക്കാരുടേതായ എല്ലാംതന്നെ മഹത്തരങ്ങളാണെന്നു കണക്കാക്കിപ്പോന്നു. ഒമ്പതാം നൂററാണ്ടിലെ ജപ്പാൻകാർ ചൈനയിൽനിന്നു വിജ്ഞാനം കരസ്ഥമാക്കുന്നതിൽ അത്രതന്നെ ഔത്സുക്യം പ്രദർശിപ്പിച്ചില്ല. തങ്ങളുടെമേൽ ആധിപത്യം വഹിക്കുന്ന ചൈനീസ് നാഗരികതയുടെ വിവിധഘട്ടങ്ങളെ അംഗീകരിച്ചുകൊടുക്കുവാനും അവർ തയ്യാറായില്ല.

ടാങ്ങ് രാജവംശത്തിൻെറ രാഷ്ട്രീയമായ അധഃപതനമാണു് ചൈനീസ് സംസ്കാരത്തോടു് ഇങ്ങിനെയൊരു വൈമുഖ്യം ജപ്പാൻകാർ പ്രദർശിപ്പാക്കാനുണ്ടായ കാരണങ്ങളിലൊന്നു്. അവരുടെ ബുദ്ധിപരമായ വികാസമാണു് മൗലികമായ മറെറാരു കാരണം. ക്രമേണ സാംസ്കാരികസ്വാതന്ത്ര്യം ഇച്ഛിക്കുകയാണു് അവർ ചെയ്തതു്.

ജപ്പാൻ പ്രൗഢദശപ്രാപിക്കുകയും സ്വന്തമായ ഒരു സംസ്കാരം പടുത്തുയർത്തുവാൻ പരിശ്രമിക്കുകയുമായിരുന്നു.

838-ാമാണ്ടിൽ ജപ്പാനിൽനിന്നു് ടാങ്ങ് രാജധാനിയിലേക്കുപോയ അവസാനത്തെ ദൗത്യസംഘം പിറേറക്കൊല്ലത്തിൽതന്നെ ജപ്പാനിൽ തിരിച്ചെത്തി. പിൽക്കാലത്തു് ദൗത്യസംഘങ്ങളെ അയക്കാനുള്ള പരിശ്രമങ്ങൾ നടന്നുവെങ്കിലും രാജഭൃത്യന്മാർ ആ സംരംഭത്തെ വാദിച്ചു തോല്പിക്കുകയാണുണ്ടായതു്.

വീണ്ടും ജപ്പാന്നു് ഒററപ്പെട്ട ഒരവസ്ഥ വന്നുചേൎന്നു. തന്മൂലം ഇറക്കുമതിചെയ്യപ്പെട്ട ചൈനീസ് സംസ്കാരത്തെ ജപ്പാന്നു യോജിച്ചവിധം രൂപപ്പെടുത്തുന്നതിനുള്ള ശ്രമം ദ്രുതഗതിയിൽ നടത്തേണ്ടതു് അനിവാൎയ്യമായിത്തീൎന്നു.

പ്രാദേശികഭാഷ എഴുതാനുള്ള അനുയോജ്യമായ ലിപി കണ്ടുപിടിച്ചതോടെയാണു് ജപ്പാനീസ് സംസ്കാരം സാവധാനം തലപൊക്കാൻ തുടങ്ങിയതു്. എഴുതാനും ചൈനീസ് ലിപികൾ പ്രത്യേക അൎത്ഥമൊന്നുമില്ലാതെ വെറും ധ്വന്യാത്മകപ്രതീകങ്ങളാക്കി എഴുതുന്ന സമ്പ്രദായം ഒമ്പതും പത്തും നൂററാണ്ടുകളിൽ ക്രമേണ പ്രാബല്യം നേടി. ഇതിൻെറ ഫലമായി നമ്മുടെ എഴുത്തുസമ്പ്രദായംപോലെയുള്ള ഒരു വ്യഞ്ജനക്കൂട്ടം രൂപമെടുത്തു. പക്ഷെ അക്ഷരമാലാക്രമമായിരുന്നില്ല ഇതു്.

ജപ്പാനീസ് വ്യഞ്ജനക്രമം അക്ഷരമാലാസമ്പ്രദായംപോലെ അത്ര ലഘുവായിരുന്നില്ല. എങ്കിലും ജപ്പാൻ ഭാഷ എഴുതാനുള്ള ശക്തിമത്തായ ഒരു ഉപാധിയായി അതു നിലകൊണ്ടു. ഇതിൻെറ ഫലമായി പ്രാദേശികഭാഷയിൽ സാഹിത്യവും പടിപടിയായി വളൎന്നുവന്നു. നേരത്തെ പ്രസ്താവിച്ചതുപോലെ, ചൈനീസ് കാലഘട്ടത്തിൽതന്നെ ജപ്പാനിൽ കവിതകൾ എഴുതപ്പെടുകയുണ്ടായി. ഇവ ലഘുകവനങ്ങളായിരുന്നു. ഒരു രംഗമോ ഒരു വികാരമോ ചിത്രീകരിക്കാൻ പൎയ്യാപ്തമായവിധം മുപ്പത്തൊന്നു വ്യഞ്ജനങ്ങൾ ഉപയോഗിച്ചാണു് അവ എഴുതപ്പെട്ടിരുന്നതു്. പൗരാണികകാലത്തെ ജപ്പാനീസ് കവിതയാകട്ടെ കോമളവും സുന്ദരവുമായിരുന്നു. അതു് ഒരു പ്രത്യേക സാഹിത്യരൂപമായിട്ടാണു് പരിഗണിച്ചിരുന്നതു്.

വ്യഞ്ജനങ്ങളുടെ ആവിർഭാവം ജപ്പാൻഭാഷയിൽ കൂടുതൽ സാഹിത്യം ഉടലെടുക്കാൻ സഹായിച്ചു. പത്താംനൂററാണ്ടായതോടെ ചെറുകഥകൾ, യാത്രാവിവരണങ്ങൾ, ഉപന്യാസങ്ങൾ എന്നിവ ജപ്പാൻഭാഷയിൽ എഴുതപ്പെടുകയും ഇവയിൽ ചിലതിനു

ഉന്നതസാഹിത്യബഹുമതികൾ ലഭിക്കുകയുംചെയ്തു. എന്നാൽ അഭ്യസ്തവിദ്യരായആളുകൾ ഗൗരവതരമായസാഹിത്യസൃഷ്ടികൾക്ക് സ്വന്തം ഭാഷ ഉപയോഗിക്കാതെ ചരിത്രം, ഉപന്യാസങ്ങൾ, ഔദ്യോഗികരേഖകൾ എന്നിവ ചൈനീസ്ഭാഷയിലാണ് എഴുതിയത്. അതേഅവസരത്തിൽത്തന്നെ സാമാന്യവിദ്യാഭ്യാസംമാത്രം നേടിയിരുന്ന രാജധാനിയിലെ വനിതകൾ തങ്ങളുടെ സ്വന്തം ഭാഷ സാഹിത്യപ്രകാശനത്തിനായി അവലംബിച്ചു. ഇതിൻെറ ഫലമായി ഈ കാലഘട്ടത്തിലെ പുരുഷന്മാർ വലിയ ഗർവ്വോടെ തീരെ താഴ്ന്നരീതിയിൽ ചൈനീസ് ഭാഷ കൈകാര്യംചെയ്തുകൊണ്ടിരുന്നപ്പോൾ, അവരുടെ സ്ത്രീകൾ നല്ല ജപ്പാനീസ് ഭാഷയിൽ രചനയാരംഭിച്ചു. അങ്ങിനെ അവരായിത്തീൻ ജപ്പാനിലെ ആദ്യത്തെ ഗദ്യസാഹിത്യത്തിൻെറ പ്രണേതാക്കൾ.

പത്താം നൂററാണ്ടിൻെറ അവസാനദശയിലും പതിനൊന്നാം നൂററാണ്ടിൻെറ പ്രാരംഭദശയിലുമാണ് ജപ്പാനീസ് ഗദ്യം പുഷ്ടിക്കുവാനും ഒരു സൗവണ്ണകാലഘട്ടം ആഗതമാകുവാനും ഇടയായത്. സുഖസമൃദ്ധിയിലും അലസതയിലും കഴിഞ്ഞുകൂടിയിരുന്ന കൊട്ടാരത്തിലെ സ്ത്രീകളായിരുന്നു ഒട്ടുമിക്ക എഴുത്തുകാരും. ഡയറിയെഴുത്താണ് സവ്വസാധാരണമായ സാഹത്യരൂപമായി അവർ പരിഗണിച്ചുപോന്നതു്. ഇവയിൽ ചിലതു് യാത്രാവിവരണങ്ങളായിരുന്നു. പലപ്പോഴും അക്കാലത്തെ കൊട്ടാരജീവിതത്തിലെ പ്രേമപ്രകടനങ്ങളും വിലാസാസക്തിയുമാണ് ആ ഡയറികളിലെ പ്രതിപാദ്യം.

എങ്കിലും ഈ കാലഘട്ടത്തിലെ ഏററവും പ്രധാന സാഹിത്യകൃതി ഒരു ഡയറിയായിരുന്നില്ല; പ്രത്യുത, സുദീഘമായ ഒരു നോവലായിരുന്നു. പതിനൊന്നാം നൂററാണ്ടിൻെറ പ്രാരംഭദശയിൽ ലേഡി മുറസാകി എഴുതിയ "ഗെഞ്ചിയുടെ കഥ"യായിരുന്നു അതു്. ഒരു സങ്കല്പരാജകുമാരനായ ഗെഞ്ചിയുടെ പ്രേമവും സാഹസികപ്രവൃത്തികളുമാണ് നോവലിലെ ഇതിവൃത്തം. വിശാ

സാഹിത്യത്തിലേക്ക് ജപ്പാന്റെ അതിപ്രധാനമായ ഒരു സംഭാവനയായി ഈ നോവൽ നിലകൊള്ളുന്നു.

കൊട്ടാരമങ്കകളുടെ ഡയറികളും നോവലുകളും യഥാർത്ഥ ജപ്പാനീസ് സംസ്കാരത്തിന്റെ സുവ്യക്തമായ തെളിവുകളായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം എല്ലാംതന്നെ ജപ്പാനീസ് രീതിയിലായിരുന്നു. പറിച്ചുനടപ്പെട്ട ചൈനീസ് നാഗരികത ഒരു പുതിയ സംസ്കാരമായി പൂവണിയുകയും, ജപ്പാൻകാർ തങ്ങളുടെ സ്വന്തമായി മഹത്തായ ഒരു സാഹിത്യം ഉല്പാദിപ്പിക്കുകയും ചെയ്തു.

സ്വന്തം ഭാഷ എഴുതാൻ പര്യാപ്തമായ ഒരു സ്വരശാസ്ത്രം ആയിരം വർഷങ്ങൾക്കുമുമ്പുതന്നെ ജപ്പാനിൽ അഭിവൃദ്ധിപ്രാപിച്ചിരുന്നെങ്കിൽ ഇന്ന് ജപ്പാനീസ് രചനാസമ്പ്രദായത്തിൽ ഇത്രയേറെ ചൈനീസ് അക്ഷരങ്ങൾ കാണുന്നതെന്തുകൊണ്ടാണെന്നു ഒരുപക്ഷെ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. ചൈനീസ് ഭാഷ അനുഭവിച്ചുപോന്ന ആഭിജാത്യത്തിന്റേയും ചൈനീസ് അക്ഷരങ്ങളുടെതന്നെ പ്രത്യേകതയുടേയും ഫലമായിരുന്നു ഇത്. പണ്ഡിതന്മാരായ എഴുത്തുകാർ ചൈനീസ് അക്ഷരങ്ങൾ നാമങ്ങളുടെകൂടെ കൂട്ടിച്ചേർത്ത് 'കാനാ' എന്ന ഒരു ജപ്പാനീസ് രീതിയിലാണ് എഴുതിയിരുന്നത്.

മററു രണ്ടു കാരണങ്ങളാൽ ഈ സങ്കരലിപിസമ്പ്രദായം വർദ്ധമാനമാകാൻ ഇടവന്നു. ആയിരമായിരം ചൈനീസ് വാക്കുകൾ ക്രമപ്രവൃദ്ധമായി ജപ്പാനീസ് ഭാഷയിൽ കൂടിച്ചേരുകകാരണം, ഒട്ടുമിക്ക അക്ഷരങ്ങളും ചൈനീസ് പദത്തിനെ ജപ്പാനീസ് പരിഭാഷയായി നൽകുകമാത്രമല്ല, ജപ്പാനീസ് വാക്കിനും അതുതന്നെ പകരമായി സ്വീകരിക്കുകയും ചെയ്തുപോന്നു.

രണ്ടാമത്തെ കാരണം ചൈനീസ് വാക്കുകൾക്കുള്ള ചൈനീസ് അക്ഷരങ്ങളിൽ പലതും വിവിധ ജപ്പാനീസ് വാക്കുകൾക്കുള്ള അർത്ഥമായി നിലകൊണ്ടു എന്നുള്ളതായിരുന്നു. ജപ്പാൻ

ഭാഷ വായിക്കാനുള്ള ഈ ബുദ്ധിമുട്ടും, ചൈനീസും ജപ്പാനീസും സംയോജിച്ചുകൊണ്ടുള്ള ഈ നിലനില്പും മൂലം ആധുനിക ജപ്പാനീസ് ഭാഷ സംസാരിക്കുന്നതിലും തർജ്ജമ ചെയ്യുന്നതിലും അനേകം പ്രശ്നങ്ങൾ ഉദിപ്പിക്കുന്നു. ഈ ഭാരം ബുദ്ധിജീവികൾക്കും സാങ്കേതികപുരോഗതിക്കും ആധുനികജപ്പാനിൽ അനേകം തടസ്സങ്ങൾ ഉളവാക്കിയിട്ടുണ്ട്.

യഥാർത്ഥ ചൈനീസ് മാതൃകയിൽ നിന്നു വ്യത്യസ്തമായ രീതിയിലാണ് ചിത്രവേല, കൊത്തുപണി, ശില്പവിദ്യ എന്നീ കലകൾ നിലനിന്നിരുന്നത്. ഇതുപോലെതന്നെ രാഷ്ട്രീയ സാമൂഹ്യമാർഗ്ഗങ്ങളും ചൈനീസ് സമ്പ്രദായങ്ങളിൽ നിന്നും വിഭിന്നമായിത്തീർന്നു.

ചൈനീസ് രാഷ്ട്രീയസംവിധാന ക്രമമനുസരിച്ച് കേന്ദ്ര ഭരണം നടത്തിയിരുന്നത് പണ്ഡിതന്മാരായ സിവിൽ ഉദ്യോഗസ്ഥന്മാരായിരുന്നു. ഇവർതന്നെയാണ് നിയമസമാധാനം പാലിക്കുന്നതിനും നികുതിപിരിക്കുന്നതിനുമായി പ്രവിശ്യകൾ തോറും ചുററിസഞ്ചരിച്ചിരുന്നത്. ഇതിലേക്കായി ഒരു സിവിൽ സർവ്വീസ് പരീക്ഷാസമ്പ്രദായവും ചൈനക്കാർ ഏർപ്പെടുത്തിയിരുന്നു. ചാങ്ങ്—അന്നിലെ കേന്ദ്രസർവ്വകലാശാലയിൽ ഇതിന്നായി ക്ലാസിക്കൽ വിഷയങ്ങളിൽ ആനുകാലിക പരീക്ഷകൾ നടത്തിപ്പോന്നു. ഇവയിൽ വിജയം വരിക്കുന്നവർക്ക് ഉയന്ന ഗവമ്മേണ്ടുദ്യോഗങ്ങൾ ലഭിച്ചിരുന്നു. ഈ വഴിക്ക് ഏതു ജീവിതമണ്ഡലത്തിലുമുള്ള ഉയന്ന പണ്ഡിതന്മാക്ക് ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞിരുന്നു. അഭ്യസ്തവിദ്യരായ വർഗ്ഗത്തിന് അങ്ങിനെ പബ്ലിക്ക് സർവ്വീസിൽ ഒരു പാരമ്പര്യം തന്നെ കെട്ടിപ്പടുക്കാനും സാധിച്ചു.

ജപ്പാൻകാർ ബാഹ്യമായി ഈ സമ്പ്രദായത്തെ അനുകരിക്കുക മാത്രമാണ് ചെയ്തതു്. അതിൻെറ യഥാർത്ഥത്തിലുള്ള സാരാംശം സ്വീകരിക്കുവാൻ അവക്കു കഴിഞ്ഞില്ല. അവരും,

ഒരു കേന്ദ്രസർവ്വകലാശാലയും പരീക്ഷാസമ്പ്രദായവും ഏർപ്പെടുത്തി. എന്നാൽ ഉയർന്ന കുടുംബങ്ങളിൽപ്പെട്ട പണ്ഡിതന്മാർക്കു മാത്രമേ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ ലഭിച്ചുള്ളു. പ്രവിശ്യകളിലെ രാഷ്ട്രീയ അധികാരം ഉയർന്നവരുടെ കയ്യിലായിരുന്നു. കേന്ദ്രത്തിൽ നിന്നു നിയമിക്കപ്പെട്ട സിവിൽ ഉദ്യോഗസ്ഥന്മാരായി ഇവർ ഭാവിച്ചു. തലസ്ഥാനത്ത് പ്രഭുക്കന്മാരും മററു ഉന്നതകുലജാതന്മാരുമാണ് പ്രധാനപ്പെട്ട ഉദ്യോഗങ്ങളിൽ കയറിയിരുന്നത്. പണ്ഡിതന്മാരായ മററുള്ളവർക്കു താണതരം ഗുമസ്തവൃത്തികൾ നൽകുകയാണുണ്ടായത്.

ചൈനയിൽ നികുതിദായകന്മാരായ കൃഷിക്കാരോടു എതിരിടുവാനും, അവരുടെ കൃഷിഭൂമികൾ ഉയർന്ന കുടുംബങ്ങൾക്കു കൈമാററം ചെയ്യുവാനും പലപ്പോഴും കേന്ദ്രഭരണകൂടം യത്നിച്ചിരുന്നു. ജപ്പാനിൽ ഈ മനോഭാവം കുറേക്കൂടി ശക്തിമത്തായിരുന്നു. സ്റേറററിൻെറ താല്പര്യം സംരക്ഷിക്കാൻ ശക്തിമത്തായ ഒരു സിവിൽ ഉദ്യോഗസ്ഥവൃന്ദം അവിടെയില്ലായിരുന്നു. ഓരോ പ്രദേശത്തും അധികാരസ്ഥാനത്തിരുന്ന കുലീന ജനവിഭാഗം രാജകൊട്ടാരത്തിലെ പ്രഭുക്കന്മാരുമായി ഒത്തുചേർന്ന് പൊതുജനാധികാരത്തെ ചൂഷണം ചെയ്തുപോന്നു.

ഭൂമിയെ ദേശവൽക്കരിക്കുക എന്ന നയം വിദൂരപ്രദേശങ്ങളിൽ നാമമാത്രമായി മാത്രമേ ഫലിച്ചുള്ളു. എട്ടും ഒമ്പതും നൂററാണ്ടുകളിലെ അന്ത്യ കാലഘട്ടമായപ്പോഴേക്കും ഈ സമ്പ്രദായം തലസ്ഥാനനഗരിയിൽത്തന്നെ ക്രമേണ ക്ഷയിച്ചുവരാനിടയായി.

കേന്ദ്രഗവമ്മേണ്ടിൻെറ നികുതിപിരിവുകാർക്കു പിടികൊടുക്കാതെ തങ്ങളുടെ വസ്തുവഹകൾ കുലീനകുടുംബാംഗങ്ങൾക്ക് സംരക്ഷിക്കേണ്ടതായി വന്നുകൂടി. അതേസമയം പ്രബലമായ രാജകീയകുടുംബങ്ങൾക്കും വലിയ സന്യാസിമാങ്ങൾക്കും കരമൊഴിവായി ധാരാളം ഭൂസ്വത്തുക്കളുണ്ടായിരുന്നു. ഈ ഭൂമിക

ളിൽ, തങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനു് അവർക്കു് ആളുകളെ ആവശ്യമായി വന്നു. ഇതിനെ നേരിടാനായി ഒരു പുതിയ ഭൂവുടമസമ്പ്രദായം കാലക്രമേണ രൂപീകൃതമായി. ഇതനുസരിച്ചു് ഗ്രാമനായകന്മാരുടെ വസ്തുക്കളും എസ്റ്റേറ്റുകളും പ്രാദേശികജന്മിമാരുടെ മേൽനോട്ടത്തിലായി. ഇവയുടെ ഉടമസ്ഥന്മാർ വമ്പിച്ച സ്വാധീനശക്തിയുള്ള രാജകീയ കുടുംബങ്ങളോ സന്യാസിമഠങ്ങളോ ആയിരുന്നു. സ്വന്തം കൃഷിഭൂമിയിൽ ഉടമാവകാശമുള്ള കർഷകൻ ഉല്പാദനത്തിന്റെ ഒരു നല്ല പങ്കു് എസ്റ്റേറ്റു് മാനേജരായി പ്രവർത്തിക്കുന്ന ജന്മിക്കു നൽകുകയും, കേന്ദ്രഗവമ്മേണ്ടിന്റെ സംരക്ഷണം ലഭിക്കുന്നതിന്നായി ജന്മി തന്റെ വരുമാനത്തിലൊരു ഭാഗം രാജകീയകുടുംബങ്ങളിലേക്കോ സന്യാസിമഠത്തിലേക്കോ കൊടുക്കുകയും ചെയ്തു പോന്നു.

എട്ടും ഒമ്പതും നൂറ്റാണ്ടുകളിൽ നികുതി ഒഴിവാക്കപ്പെട്ട ഗ്രാമനായകന്മാരുടെ വസ്തുക്കൾ വർദ്ധമാനമായിത്തീന്നു. പത്താം നൂററാണ്ടായപ്പോഴേക്കും പൊതു ഉടമാസമ്പ്രദായം ഏതാണ്ടു് അപ്രത്യക്ഷമായി. ഇതിന്റെ തിരോഭാവത്തോടെ സ്റ്റേറ്റുകൾക്കു് നികുതിയിനത്തിൽ യാതൊരു വരുമാനവും ഇല്ലാത്ത ഒരു അവസ്ഥ വന്നുചേന്നു. തന്മൂലം ദുർബ്ബലമായ പ്രാദേശികഗവമ്മേണ്ടു് ഏജൻസികൾ പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടു. ഇതോടെ കേന്ദ്രഗവമ്മേണ്ടുസ്ഥാപനവും ഏതാണ്ടു പൊള്ളയായിത്തീന്നു. ജോലിചെയ്യാൻ വേണ്ടത്ര ആളുകളോ, ധനസ്ഥിതിയോ, ജോലിതന്നെയോ കാര്യമായി ഇല്ലാത്ത ഒരവസ്ഥാവിശേഷം സംജാതമായി. എട്ടു മന്ത്രിസഭകൾ മുഖേനയുള്ള സങ്കീർണ്ണമായ രാജ്യഭരണസമ്പ്രദായം ഉപേക്ഷിക്കപ്പെടേണ്ടിവന്നു. കേന്ദ്രഭരണത്തിന്റെ അവശേഷിച്ച ചില്ലറച്ചുമതലകൾ നിർവ്വഹിക്കുന്നതിനു് നവീനവും ലഘുതരവുമായ ഭരണഘടകങ്ങൾ രൂപമെടുക്കാനിടയായി.

ഇതിൻെറയെല്ലാം പരിണിതഫലമായി ജപ്പാൻെറ പല ഭാഗങ്ങളിലെയും കേന്ദ്രീകൃത ഭരണക്രമം താറുമാറായി. ഓരോ എസ്റ്റേററും സ്വയംഭരണസ്ഥാപനങ്ങളും, അർദ്ധസ്വതന്ത്രരാഷ്ട്രീയ–സാമ്പത്തിക ഘടകങ്ങളായി നിലകൊണ്ടു.

കേന്ദ്രസ്റ്റേററുകളുടെ അനന്തരാവകാശികളായി പ്രഭുകുടുംബങ്ങളും സന്യാസിമഠങ്ങളും മുന്നോട്ടു വന്നു. പഴയ നാടുവാഴി ഭരണക്രമത്തിൻെറ ചട്ടക്കൂട്ടിൽ ഈ കുടുംബങ്ങളും സന്യാസിമഠങ്ങളും പ്രവർത്തി തുടങ്ങി. ഗവമ്മേണ്ടിൻെറ ചുമതലകഠം പലതും ഇവർ ഏറെറടുത്തു.

നാടുവാഴികുടുംബത്തിനു് അനേകമനേകം അധികാരങ്ങളുണ്ടായിരുന്നെങ്കിലും ഈ രാഷ്ട്രീയ–സാമ്പത്തിക ഘടകങ്ങളിലൊന്നായി വർത്തിക്കുക മാത്രമാണു ചെയ്തതു്. ഒരു 'നിഴൽ ഭരണകൂട'ത്തിൻെറമേൽ തത്വപരമായി അതു ആധിപത്യം ചെലുത്തുന്നുണ്ടായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ സ്വന്തം എസ്റ്റേററുകളിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണു്, അല്ലാതെ ഗവമ്മേണ്ടു നികുതികൊണ്ടല്ല അതു പുലന്നുപോന്നതു്. കാലംചെന്നതോടെ സ്വന്തം സ്വകാര്യസ്വത്തുക്കളുടെമേലുള്ള നിയന്ത്രണം തന്നെ അവരുടെ കൈവിട്ടുപോയി. ഫൂജിവാര എന്നൊരു രാജകീയകുടുംബം ഇതിനിടയ്ക്കു് നാടുവാഴിക്കുടുംബത്തിൻെറ മേൽ ആധിപത്യം ഉറപ്പിച്ചു.

645–ാമാണ്ടിൽ രാജ്യഭരണത്തിൽ പെട്ടെന്നു മാററമുണ്ടാക്കുന്നതിൽ മുൻകൈ എടുത്ത ഒരു രാജസേവകൻെറ താവഴിയിൽപെട്ട കുടുംബമായിരുന്നു ഫൂജിവാരാ. ഈ കുടുംബത്തിനു് അനേകം ശാഖോപശാഖകളുണ്ടായിരുന്നു. മറേറതു കുടുംബത്തേക്കാളും കൂടുതലായ വരുമാനം ഫൂജിവാരാ കുടുംബക്കാർ അനുഭവിച്ചു പോന്നു. നാടുവാഴി കുടുംബവുമായി മിശ്രവിവാഹം വഴി ബന്ധം പുലർത്തി, അങ്ങിനെ ആധിപത്യം ഉറപ്പിക്കാനാണു് ഇവർ പരിശ്രമിച്ചതു്: ഈ കുടുംബത്തലവൻെറ ഒരു പുത്രിയെ യുവാവായ ചക്രവർത്തിക്കു വിവാഹം ചെയ്തുകൊടുക്കും.

അങ്ങിനെ ഫൂജിവാരാ യുവതിയിൽ ചക്രവത്തിക്കുണ്ടാവുന്ന പുത്രനു് ചക്രവത്തിയുടെ സ്ഥാനമാനങ്ങൾ കൊടുക്കാൻ ഇവർ നിർബ്ബന്ധിക്കും. ഇങ്ങിനെ ഫൂജിവാരാ യുവതിക്കു് പുതിയ പദവി കൈവരും.

ഇത്തരം നയോപായങ്ങളിലൂടെ ഫൂജിവാരാ കുടുംബക്കാർ നാടുവാഴിക്കുടുംബത്തിൽ പൂർണ്ണമായ ആധിപത്യം സ്ഥാപിച്ചു. ഒമ്പതാം നൂററാണ്ടിൻെറ മദ്ധ്യകാലത്താണു് ഇതു് സംഭവിച്ചതു്. ചക്രവത്തിക്കു പ്രായപൂത്തിയായിട്ടില്ലെങ്കിൽ ഫൂജിവാരാ കുടുംബത്തലവൻ റീജൻറായി ഭരണം നടത്തുകയോ പ്രായപൂത്തി വന്ന ചക്രവത്തി സിംഹാസനത്തിലിരിക്കുമ്പോൾ സിവിൽ ഡിക്ടേററർ എന്ന പുതിയ സ്ഥാനം അയാൾ കയ്യേല്ക്കുകയോ ചെയ്യുന്ന ഒരു ആചാരം ഇക്കാലംതൊട്ടു നടപ്പിലായി. ഒമ്പതും പത്തും നൂററാണ്ടുകളിൽ ഈ രണ്ടു സ്ഥാനത്തേക്കുള്ള നിയമനങ്ങൾ നടത്താനും, പ്രധാനമന്ത്രിയേയും മററുയന്ന ഉദ്യോഗസ്ഥവൃന്ദത്തേയും നിയമിക്കാനും ഉള്ള പരമ്പരാവകാശം ഫൂജിവാരാ കുടുംബക്കാക്കു ലഭിച്ചു. ഇതിന്നെത്തുടന്നു വന്ന കുടുംബത്തലവന്മാർ ചക്രവത്തിയെത്തന്നെ നിഷ്പ്രഭനാക്കിത്തീത്തു.

പിൽക്കാലത്തു് ശക്തിമാന്മാരായ ചക്രവത്തിമാർ പൊയ്പ്പോയ ഈ അധികാരങ്ങൾ പുനഃസ്ഥാപിക്കുകയും, അങ്ങനെ ഫൂജിവാരാക്കുടുംബക്കാരുടെ അധികാരസ്ഥാനങ്ങൾ അത്ഥശൂന്യമായിത്തീരുകയും ചെയ്തു. ക്രമേണ എല്ലാ രാഷ്ട്രീയപദവികളും നാടുവാഴികളുടെ കൈയിൽ നിന്നു വിട്ടുപോകാനിടവന്നു. എങ്കിലും ഫൂജിവാരാക്കുടുംബക്കാർ തങ്ങളുടെ ഉയന്ന പദവികളും അധികാരവും നിലനിറുത്തിപ്പോന്നു.

മറെറാരു രാജ്യത്താണെങ്കിൽ രാജകുടുംബവും നാടുവാഴിയും തമ്മിലുള്ള ഈ മത്സരം നാടുവാഴിയുടെ രാജത്വത്തിൽ ചെന്നവസാനിക്കുമായിരുന്നു. പക്ഷെ ജപ്പാനിൽ അങ്ങിനെ സംഭവിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ മറെറന്തിനെക്കാളും

പാരമ്പര്യത്തിനാണ് അവിടെ പ്രാധാന്യം കല്പിച്ചിരുന്നത്. അതിനാൽ സിംഹാസനം സ്വായത്തമാക്കാനുള്ള സംരംഭമൊന്നുമുണ്ടായില്ല. അതിനു പകരം ഫൂജിവാരാക്കാർ യവനികയ്ക്കുപിന്നിലിരുന്നു ഒരു തലവനിൽ കൂടി ജാപ്പനീസ് ഭരണരീതിയെ നിയന്ത്രിച്ചുകൊണ്ടിരുന്നു.

---

## അദ്ധ്യായം 5

# ഫ്യൂഡൽ വ്യവസ്ഥിതിയുടെ വളർച്ച

പത്തും പതിനൊന്നും ശതാബ്ദങ്ങളിൽ ജാപ്പനീസ് ചരിത്രത്തിൻെറ ദീപശിഖ വഹിച്ചിരുന്നത് ഫൂജിവാരാ വംശക്കാരാണ്. എന്നാൽ ഈ നാടകത്തിൻെറ അടുത്തരംഗത്തിനുള്ള സംരംഭങ്ങൾ അണിയറയിൽ ആരംഭിച്ചിരുന്നു.

രാജഭൃത്യന്മാർ മിഥ്യയായ ഒരു ഭരണതന്ത്രത്തിലൂടെ നീങ്ങികൊണ്ടിരുന്നപ്പോൾ, പ്രാദേശികജന്മിമാർ ഈ വിഷയത്തിൽ പ്രായോഗികമായ പരിജ്ഞാനം നേടുകയായിരുന്നു. അവർ സ്വന്തം എസ്റ്റേററുകളുടെ മേൽനോട്ടം വഹിക്കുകയും, കേന്ദ്രത്തിൽ നിന്നു യാതൊരു നിയന്ത്രണവും നിർദ്ദേശവും കൂടാതെ ഈ എസ്റ്റേററുകളിലുള്ള കൃഷിക്കാരുടെമേൽ ആധിപത്യം ചെലുത്തുകയും ചെയ്തു. അങ്ങിനെ, തികച്ചും നൂതനമായ ഒരു ഭരണത്തിനു് അവർ അസ്ഥിവാരമിടുകയായിരുന്നു.

തലസ്ഥാനനഗരിയിൽ ചൈനീസ് രാഷ്ട്രീയതത്വസംഹിതകൾ ക്രമേണ ക്ഷയിക്കുകയും, പ്രവശ്യകളിൽ കേന്ദ്രഗവമ്മേണ്ടിനുണ്ടായിരുന്ന പിടി അയഞ്ഞുപോകയും ചെയ്തതോടെ ഫൂജിവാരാ വംശത്തിൻെറ ആധിപത്യം അപ്രതിഹതമായിത്തീന്നു. പരമാത്ഥം പറഞ്ഞാൽ, രാഷ്ട്രീയബോധവും ഐകമത്യവുമി

ല്ലാതെ ഒരു കാലത്തും പിന്നണിയിലേക്കു തള്ളപ്പെട്ട ഗ്രാമവാസികളുടെ പെട്ടെന്നുള്ള ഈ ഉയര്ത്തെഴുന്നേല്പ് രാജധാനിയിലെ രാഷ്ട്രീയാധ:പതനത്തിനു് വഴിതെളിച്ചു. ചൈനീസ് കാലഘട്ടം അത്യച്ചത്തിലിരുന്ന അവസരത്തിൽ അതിന്റെ മോഹനമായ സംസ്കാരത്തിൽ അവർക്കു പങ്കുചേരാൻ അവസരം ലഭിച്ചിരുന്നില്ല. അതേസമയം അവർ യൂറോപ്യൻ പരിഷ്കാരത്തിൽ നിന്നു ക്രമേണ അവർക്കാവശ്യമായ മൗലിക വിജ്ഞാനവും അനിവാര്യമായ സാമര്ത്ഥ്യവും സമ്പാദിച്ചു. പത്തും പതിനൊന്നും നൂററാണ്ടുകളുടെ ഉദയത്തോടെ, രാജഭരണക്രമത്തിൽ നിന്നും തികച്ചും വ്യത്യസ്തവും നൂതനവും സ്വതന്ത്രവുമായ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിയുടെ രാഷ്ട്രീയ ചട്ടക്കൂട്ടം വളര്ത്തിക്കൊണ്ടു വരുവാൻ അവർക്കു കഴിഞ്ഞു.

ഈ പുതിയ സാമൂഹ്യഘടനയിലെ കേന്ദ്രബിന്ദു കുതിരപ്പുറത്തിരുന്നു യുദ്ധംചെയ്യാൻ കെല്പുള്ള കുലീനപുരുഷനായിരുന്നു. പുരാതനകാലത്തും ഇത്തരമൊരു പടയാളിയായിരുന്നല്ലൊ വര്ഗ്ഗത്തിന്റെ മേധാവിയായി വര്ത്തിച്ചിരുന്നതു്. ഇപ്പോഠം കരമൊഴിവാക്കപ്പെട്ട എസ്റ്റേററിന്റെ മേധാവിയായി, ആക്രമികളിൽ നിന്നു സ്വന്തം ഭൂമിയെ രക്ഷിച്ചുകൊണ്ടു് അയാഠം നിലകൊണ്ടു.

ഇങ്ങിനെയുള്ള പോരാളികഠം രാജകുടുംബങ്ങളോടോ കേന്ദ്ര സന്യാസിമാരോടോ സാധാരണഗതിയിൽ കൂറു് പുലര്ത്തിപ്പോന്നു. കേന്ദ്രഗവര്മ്മേണ്ടിന്റെ നികുതിപിരിവുകാരിൽനിന്നു സംരക്ഷണം നേടുക എന്നതു മാത്രമായിരുന്നു ആദ്യകാലത്തു് ഈ ബന്ധംകൊണ്ടുദ്ദേശിച്ചിരുന്നതു്. അതിൽക്കൂടുതലായൊന്നും —ശത്രുക്കളിൽനിന്നു രക്ഷനല്കാനൊ മററൊ—അവർക്കു് കഴിഞ്ഞിരുന്നില്ല. ഈ പോരാളികഠം കാലക്രമേണ പരസ്പരരക്ഷയെ കരുതി ചെറുകക്ഷികളായി സംഘടിച്ചു.

പൊതുതാല്പര്യങ്ങളുടേയും വിവാഹബന്ധങ്ങളുടേയും പഴയ മൈത്രിയുടേയും മററും പേരിലാണു് കക്ഷികഠം രൂപീകൃതമാ

യതു്. ഇങ്ങിനെ പോരാളികളുടെ സംഘങ്ങൾ ജപ്പാൻെറ കിഴക്കൻ പ്രദേശങ്ങളിലാണു് അധികപങ്കം രൂപമെടുത്തതു്. ആധുനിക ടോക്കിയോനഗരത്തിൻെറ പരിസരപ്രദേശങ്ങളിലായിട്ടാണു് ഒട്ടുമിക്ക എസ്റ്റേററുകളും കിടന്നിരുന്നതു്. വടക്കേ ഹോൻഷുവിൽ എയ്നുവർഗ്ഗക്കാർക്കെതിരായി നടന്നുകൊണ്ടിരുന്ന ആക്രമണങ്ങൾ ഈ സംഘങ്ങളുടെ നിലനില്പു് അനിവാര്യമാക്കിത്തീർക്കുകയും ചെയ്തു.

പത്തും പതിനൊന്നും നൂററാണ്ടുകളിലെ പ്രവിശ്യകളിലെ ഈ പോരാളികളുടെ സംഘങ്ങൾ തമ്മിൽ പല സംഘട്ടനങ്ങളും, ചെറുയുദ്ധങ്ങൾ തന്നേയും നടന്നിട്ടുണ്ടു്.

ഈ പോരാളികളെ തലസ്ഥാനനഗരത്തിലേക്കു് ആനയിച്ചതു് രാജഭൃത്യന്മാർതന്നെയായിരുന്നു. യുദ്ധമുറകളെ സംബന്ധിച്ചു് യാതൊരു ബോധവുമില്ലായിരുന്ന രാജഭൃത്യന്മാർ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുവാനും ശത്രുക്കളെ എതിർത്തു തോല്പിക്കുവാനുമായി, ഇടയ്ക്കിടക്കു് ഇവരെ എസ്റ്റേററുകളിൽ നിന്നു വിളിച്ചുവരുത്തിയിരുന്നു. വലിയ സന്യാസിമഠങ്ങളിൽ നിന്നു രാജകൊട്ടാരത്തെ രക്ഷിക്കുന്നതിനായും ഈ പോരാളികളെ ഉപയോഗപ്പെടുത്തിയിരുന്നു. മററു ചിലപ്പോൾ, സിംഹാസനാവകാശിയെസംബന്ധിച്ചും ഫ്യൂജിവാരാകുടുംബത്തലവനെ സംബന്ധിച്ചും ഉള്ള തക്കങ്ങൾ തീക്കുന്നതിനു് ഇവരുടെ സഹായം തേടിയിരുന്നു.

പന്ത്രണ്ടാം ശതകത്തിൻെറ മദ്ധ്യകാലഘട്ടത്തിൽ രണ്ടാമതു പറഞ്ഞതരത്തിലുള്ള തക്കങ്ങളുടെ എണ്ണം വർദ്ധിച്ചു. പോരാളികളുടെ കക്ഷികൾ ഇരുഭാഗങ്ങളിലായിച്ചേർന്നു നിന്നതുകൊണ്ടു് വമ്പിച്ചതോതിലുള്ള സംഘട്ടനങ്ങൾക്കിടയാക്കി. ഈ പോരാളികൾ പ്രധാനമായും രണ്ടു പ്രവിശ്യാകുടുംബങ്ങളിൽ ഉൾപ്പെട്ടവരായിരുന്നു — ടൈരായും മിനാമൊട്ടോയും. ഇരുകൂട്ടരും രാജകീയകുടുംബത്തിലെ താവഴിക്കാരാണെന്നു് അവകാശപ്പെട്ടു. പിൽ

കാലത്തു് അവർ പ്രവിശ്യകളിൽ ഭാഗ്യം തേടിവന്നതാണെന്നും അങ്ങിനെ പ്രാദേശിക ആഭിജാതരുമായി കൂടിക്കലർന്നു് ഉയർന്ന പാരമ്പര്യമുള്ളതുമൂലം നേതൃത്വത്തിനർഹരായതാണെന്നും അവർ പറഞ്ഞു.

1156-ലും 1160-ലും നടന്ന രണ്ടു ചെറുയുദ്ധങ്ങളുടെ ഫലമായി വിജയംവരിച്ച ടൈരാകക്ഷിയിൽപെട്ട പോരാളികളുടെ നേതാവായ, ടൈരാ കിയോമൊറിയും അയാളുടെ സേനാനികളും ക്യോട്ടോവിൽ താമസമുറപ്പിച്ചു. അദ്ദേഹം പ്രധാനമന്ത്രി എന്ന ഉന്നതസ്ഥാനം സ്വയം ഏറ്റെടുത്തു് രാജകൊട്ടാരത്തിൽ സ്വാധീനതചെലുത്തി. തുടർന്നു് പഴയ ഫൂജിവാരാ കൗശലം പ്രയോഗിച്ചു് തൻെറ മകളെ ചക്രവർത്തിക്കു വിവാഹം ചെയ്തുകൊടുക്കുകയും, അവളുടെ പുത്രനെ സിംഹാസനത്തിൽ അവരോധിക്കുകയുംചെയ്തു.

ക്യോട്ടോവിൽ താമസമാക്കിയതോടെ, കിയോമൊറിക്കും അയാളുടെ സേനാനികൾക്കും പ്രവിശ്യയിലുള്ള തങ്ങളുടെ കക്ഷികളുടെമേലുണ്ടായിരുന്ന പിടി അയഞ്ഞു. ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ടു്, അവശേഷിച്ചിരുന്ന മിനാമൊട്ടോ വംശക്കാർ, കിഴക്കൻ ജപ്പാനിൽ തങ്ങളുടെ നില സുസ്ഥിരമാക്കുകയും, 1180-ലും 1185-ലും നടത്തിയ യുദ്ധങ്ങളിൽ ടൈരാ വംശക്കാരെ തകർത്തുകളയുകയുംചെയ്തു. ടൈരാനേതാക്കളിൽ പലരും കൊല്ലപ്പെടുകയും മററുള്ളവർ ആത്മഹത്യചെയ്യുകയും ചെയ്തു. യുദ്ധാവസാനത്തിൽ കിയോമൊറിയുടെ പൌത്രനും ബാലനുമായ ചക്രവർത്തിയും ഏതാനും ബന്ധുക്കളും മാത്രം അവശേഷിച്ചു.

വിജയം നേടിയ മിനാമൊട്ടൊവംശത്തിൻെറ തലവനായ മിനാമൊട്ടൊ യോറിടൊമോ ക്യോട്ടോ രാജ്യവും രാജധാനിയും വിട്ടു് തൻെറ ബന്ധുജനങ്ങളുടെയടുത്തായി കിഴക്കൻ ജപ്പാനിലുള്ള കാമാകുരായിൽ താമസമാക്കി. അവരുടെ മിഥ്യാഭരണം




ജപ്പാൻ: ഫ്യൂഡൽ കാലഘട്ടത്തിൽ

യഥാവിധി തുടൎന്നുകൊണ്ടു പോകാൻ ചക്രവൎത്തിമാരേയും ഫ്യൂജി വാരാവംശത്തേയും അനുവദിക്കുന്നതിനു് അയാറം നിശ്ചയിച്ചു. സർവ്വസൈന്യാധിപൻ എന്നൎത്ഥമുള്ള 'ഷോഗൻ' എന്ന സ്ഥാനപ്പേരു് അയാറം സ്വയം സ്വീകരിച്ചു. തന്റെ വംശക്കാൎക്കു് ഗവമ്മേണ്ടുദ്യോഗങ്ങരം കൊടുക്കുന്നതിനുപകരം, മുമ്പു ടൈരാവംശക്കാർ മേൽനോട്ടം വഹിച്ചിരുന്ന എസ്റ്റേററുകളുടെ മാനേജർമാരായി അവരെ നിയമിച്ചു. ഒരു ചക്രവൎത്തിയും സിവില്യുദ്യോഗസ്ഥന്മാരുമാണു് രാജ്യം ഭരിക്കുന്നതെന്നും, താൻ ചക്രവൎത്തിയുടെ വെറുമൊരു സേനാനായകനാണെന്നും ഉള്ള കെട്ടുകഥയ്ക്കു അയാറം അംഗീകാരം നല്കി. എങ്കിലും യോറിടോമോയുടെ ഭരണകാലത്താണു് ജപ്പാനു് ഏററവും സുശക്തമായ ഒരു കേന്ദ്രഭരണകൂടമുണ്ടായതു്. കാമാകുരായായിത്തീർന്നു ജപ്പാന്റെ യഥാൎത്ഥ തലസ്ഥാനം. അങ്ങിനെ ആദ്യമായി ജപ്പാനിൽ ഒരു പട്ടാള ഏകാധിപത്യം സ്ഥാപിതമായി.

യോർടോമോയും അയാളുടെ പിൻഗാമികളും കാമാകുരായിൽ രൂപീകരിച്ചതു് ഒരു ദേശീയ ഭരണകൂടമായിരുന്നില്ല. മിനാമിട്ടോയുമായി വ്യക്തിപരമായി ബന്ധം പുലൎത്തിയിരുന്ന പോരാളികളുടെ സംഘങ്ങളെ അടക്കിഭരിക്കാനുള്ള ലഘുവും സമൎത്ഥവുമായ ഒരു സംഘടനയായിരുന്നു അതു്. ചുരുക്കത്തിൽ കുടുംബബന്ധങ്ങളാലോ സൌഹാർദ്ദബന്ധങ്ങളാലോ പരസ്പരം ഒത്തുചേൎന്ന പോരാളികളെ അടക്കിഭരിക്കുന്ന ഒരു 'കുടുംബ'ഭരണകൂടമായി അതു് രൂപം പ്രാപിച്ചു.

ഷോഗണേററിന്റെ കീഴിലായി ഈ കുടുംബഭരണക്രമത്തിൽ മൂന്നു ചെറിയ വിഭാഗങ്ങരം സൃഷ്ടിക്കപ്പെട്ടു. പോരാളികളുടെ കാൎയ്യങ്ങരം അന്വേഷിക്കുവാനും നിയന്ത്രിക്കാനുമുള്ളതായിരുന്നു ഒരു വിഭാഗം. മറെറാന്നു്, ഒരു അഡ്മിനിസ്ട്രേററീവ് ബോൎഡായിരുന്നു. ആചാരനിയമപ്രകാരം നിയമപരമായ തീരുമാനങ്ങളെടുക്കാനുള്ളതായിരുന്നു മൂന്നാമത്തെ വിഭാഗം. ഈ കേന്ദ്രഭരണത്തെക്കാറം കുറെക്കൂടി ലഘുവായിട്ടാണു് പ്രവിശ്യകളിലെ

ഭരണക്രമം സംവിധാനം ചെയ്തിരുന്നതു്. അവിടത്തെ പോരാളികളെ അവരുടെ ഇഷ്ടാനുസരണം സ്വതന്ത്രമായി എസ്റ്റേററുകളുടെ മേൽനോട്ടം വഹിക്കാൻ അനുവദിച്ചിരുന്നു. എന്നാൽ പരസ്പരരക്ഷയെ മുൻനിറുത്തി ഓരോ എസ്റ്റേററും ഓരോ കോൺസ്റ്റബിളിന്റെ കീഴിലാണു് സംഘടിപ്പിച്ചിരുന്നതു്.

രാഷ്ട്രത്തെ ആകമാനം അടക്കിഭരിക്കുന്നതിനല്ലാ പ്രത്യുത തങ്ങളുടെ കക്ഷിയുടെ സ്വകാര്യജീവിതത്തെ നിയന്ത്രിക്കുവാനാണു് മിനാമൊട്ടോ കുടുംബഭരണക്രമം ശ്രദ്ധിച്ചിരുന്നതു്. എന്നാൽ ഈ കക്ഷിയൽ പെട്ടവർ രാജ്യത്തങ്ങോളമിങ്ങോളം നീണ്ടുകിടന്നിരുന്നതുകൊണ്ടു് കാമാകുരാ ഗവർമ്മേണ്ടു് ജപ്പാനിലുള്ള എല്ലാ ജനവിഭാഗങ്ങളേയും അടക്കിഭരിച്ചിരുന്നുവെന്നു പറയാം. ഒരു രഹസ്യസംഘടന എന്ന പദവിയേ അതിനുണ്ടായിരുന്നുള്ളുവെങ്കിലും, കാമാകുരാ ഗവമ്മേണ്ടായിരുന്നു ജപ്പാനിലുണ്ടായിരുന്നതിലും വെച്ചു് ഏററവും സമത്ഥമായ കേന്ദ്രഭരണകൂടം.

രാജകുടുംബത്തിനും പ്രഭുകുടുംബങ്ങൾക്കും അവരുടെ എസ്റ്റേററുകളിൽനിന്നുള്ള വരുമാനം തുടന്നു ലഭിച്ചുകൊണ്ടേയിരുന്നു. എന്നാൽ രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചക്രവത്തിയും രാജസദസ്സും കാര്യമായി യാതൊന്നും ചെയ്തിരുന്നില്ല. എന്നിട്ടും രാജകീയ താവഴിയുടെ ബഹുമാന്യത നിലനിന്നുപോരുകയും, അടുത്ത ആറു നൂററാണ്ടു കാലത്തെ ഫ്യൂഡൽ ഭരണക്രമത്തിൽ മതപരമായ കമ്മങ്ങൾ അവർതന്നെ നടത്തിപ്പോരുകയും ചെയ്തു. അങ്ങിനെ എല്ലാം ഒരു കെട്ടുകഥയുടെ രീതിയിലാണു് നിലകൊണ്ടതു്.

കക്ഷിത്തലവനായ ഷോഗനെ കേന്ദ്രീകരിച്ചാണു് കാമാകുരാസമ്പ്രദായം രൂപീകൃതമായതു്. പോരാളികളോരോരുത്തരും വ്യക്തിപരമായി ഷോഗനോടു കൂറുപുലത്തിയിരുന്നു. എന്നാൽ വാസ്തവത്തിൽ ഷോഗന്റെ വ്യക്തിത്വം ക്രമേണ ക്ഷയിച്ചു; പോരാളികൾ ശക്തിനേടി.

യോറിട്ടോമോയുടെ മരണശേഷം, ഹോജോ എന്ന പേരുള്ള അദ്ദേഹത്തിൻെറ ഭാര്യയുടെ ബന്ധുക്കളും യോറിട്ടോമോയുടെ അനന്തരാവകാശികളും തമ്മിൽ കലഹമാരംഭിച്ചു. ഒടുവിൽ യോറിട്ടോമോയുടെ അവകാശികരം നിഷ്കാസനം ചെയ്യപ്പെട്ടു. 1219-ൽ ഒരു കൂട്ടക്കൊല മിനാമൊട്ടോ വംശത്തെ പൂർണ്ണമായി തുടച്ചുനീക്കുകയും, ഹോജോ വംശക്കാർ പ്രാബല്യത്തിൽ വരുകയും ചെയ്തു. ഇവർ "റീജൻറ്" എന്ന സ്ഥാനപ്പേരു സ്വീകരിച്ചു. ആദ്യം ഫ്യൂജിവാരാ വംശത്തിൽ നിന്നും പിന്നീടു രാജകീയ കുടുംബത്തിൽ നിന്നും തിരഞ്ഞെടുത്ത ഒരു 'പാവഷോഗണി'ൽക്കൂടിയാണു് അവർ ഭരണം നടത്തിയതു്.

ഭരണഭാരമൊഴിഞ്ഞ ഒരു ചക്രവർത്തിയുടേയും ഫ്യൂജിവാരാ വംശത്തിൻേറയും ചൊല്പടിക്കുനിന്നു് രാജ്യം ഭരിക്കുന്ന ഒരു ചക്രവർത്തിയെയാണു്, 13-ാം നൂററാണ്ടാവുമ്പോഴേയ്ക്കും, നാം കാണുന്നതു്. 'ഷോഗൻെറ രഹസ്യഗവൺമെണ്ടു്' ആധിപത്യം വഹിക്കുന്ന ഒരു ഭരണകൂടത്തിൻെറ മിഥ്യാ അധിപതിയായി അയാരം വർത്തിക്കുകയും, ഹോജോ റീജൻറിൻെറ കൈയ്യിൽ അയാരം വെറുമൊരു കളിപ്പാവയായിത്തീരുകയും ചെയ്തു.

ഇങ്ങിനെ പ്രവിശ്യകളിലെ പോരാളിവർഗ്ഗം അധികാരത്തിൽ വന്നതുമൂലം, ജപ്പാനിൽ ഒരു പുതിയ സംസ്കാരവും നൂതനമായൊരു രാഷ്ട്രീയസമ്പ്രദായവും ഉടലെടുക്കാനിടയായി.

പോരാളി, അയാളുടെ വിശ്വാസങ്ങളും മനോഗതികളും ജനങ്ങളിൽ കുത്തിവെച്ചു. അയാരം യുദ്ധപ്രവൃത്തികളെയും 'സ്പാർട്ടൻ' നേട്ടങ്ങളേയും വാനോളം പുകഴ്ത്തി. അച്ചടക്കവും, മാനസികവും ശാരീരികവുമായ ശക്തിയും ഉന്നതങ്ങളാണെന്നു പ്രഖ്യാപിച്ചു. കുടുംബബന്ധങ്ങളുടെ പ്രാധാന്യതയും, വ്യക്തികരം ഭക്ത്യാദരവുകരം പ്രകടിപ്പിക്കേണ്ടതിൻെറ ആവശ്യകതയും അയാരം ഊന്നിപ്പറഞ്ഞു. വേദനയേയോ മരണത്തേയോ അവഗണിക്കാനുള്ള മനോഭാവവും ജനങ്ങളിൽ ഉളവാക്കി. ഇവ

യെല്ലാം ക്രമേണ ജപ്പാൻകാരുടെ സ്വഭാവവിശേഷങ്ങളായി ത്തീൻ.

പോരാളികളുടെ ഈ രുചിഭേദമനുസരിച്ച് നൂതനമായ ഒരു ഗദ്യസാഹിത്യസരണി ബീജാവാപം ചെയ്തു. കൊട്ടാര മങ്കകളുടെ ഡയറികളിലും നോവലുകളിലും നിന്നു് വ്യത്യസ്ത മായ വീരകഥകളായിരുന്നു അതു്.

ടൈരാ വംശത്തിന്റേയും മിനാമൊട്ടോ വംശത്തിന്റേയും തുടൻുള്ള വിജയം ഈ പോരാളികളുടെ ഭരണം 700 സംവൽ സരക്കാലം നീണ്ടുനില്ക്കാൻ സഹായിച്ചു. ജപ്പാൻ ജനതയുടെ മാനസികമണ്ഡലത്തിൽ ഈ ഫ്യൂഡൽ പോരാളികളുടെ ആദശ് ങ്ങൾക്കു് സ്ഥിരപ്രതിഷ്ഠ ലഭിക്കുകയും, അങ്ങിനെ ഫ്യൂഡലി സത്തിന്റെ തത്വസംഹിതകൾ രാഷ്ട്രത്തിൽ സ്വാധീനത ചെലു ത്തുകയും ചെയ്തതിൽ എന്താണത്ഭുതം?

പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളിലെ രാഷ്ട്രീയപരിവ ത്തനത്തോടൊപ്പംതന്നെ മതപരമായ ഒരു ഉണർവും ജപ്പാൻ ജനതയ്ക്കു കൈവരുകയുണ്ടായി. ജാപ്പനീസ് ബുദ്ധമതം ഊജ്ജ സ്വലമാകുകയും, ഇതിനുമുമ്പില്ലാത്തവിധം ശക്തിയാർജ്ജിക്കു കയും ചെയ്തു. ഇക്കാലത്തു് മതരംഗത്തു് പ്രകടമായ പുതുപ്ര വണതകൾക്കു വഴിതെളിച്ചതു് സംസ്കാരത്തിന്റേയും വിജ്ഞാ നത്തിന്റേയും വളർച്ചയായിരുന്നു. പഴയ രാജധാനിക്കു പുറ ത്തേയ്ക്കു് അവ കവിഞ്ഞൊഴുകുകയും, ദേശീയജീവിതത്തിൽ പുതിയ വഗ്ഗത്തിനുണ്ടായ ഉണവ്വിന്റെ ഫലമായി ബുദ്ധമതം പഴയ രീതിയിൽ നിന്നു് പുരോഗതി പ്രാപിക്കുകയും ചെയ്തു.

ആദിമ ഫ്യൂഡൽ കാലഘട്ടത്തിൽ ബുദ്ധമതം പ്രാബല്യം സിദ്ധിക്കാൻ മറെറാരു കാരണം, ചൈനയിൽ നിന്നുണ്ടായ പുതിയ സ്വാധീനവലയം ശക്തിപ്പെട്ടതാണു്. ചൈനയു മായി സമ്പക്കം പുലത്തുവാൻ ഇക്കാലത്തു് ബുദ്ധവിഹാരങ്ങൾ തന്നെയാണു് മുൻകൈ എടുത്തതു്. പുതിയ കെട്ടിടങ്ങൾ നി മ്മിക്കുന്നതിനാവശ്യമായ പണം ഉണ്ടാക്കുന്നതിനു് അവർ വിദേ

ങ്ങളുമായി കച്ചവടത്തിൽ ഏർപ്പെട്ടു. ഇത്തരം വാണിജ്യബന്ധങ്ങളിൽ നിന്നു നേടിയ തുകകൊണ്ടാണു് പതിമൂന്നും പതിനാലും നൂററാണ്ടുകളിൽ പല ബുദ്ധക്ഷേത്രങ്ങളും പണിതതു്. ലോകത്തിലേക്കും വെച്ചു് ഏററവും വലിയ ലോഹപ്രതിമയായ കാമാകുരായിലെ മനോഹരബുദ്ധവിഗ്രഹവും ഈ വിധത്തിൽ പണിതീർത്തതായിരുന്നു.

ഭൌതികജീവിതം തിന്മയും മായയുമാണെന്നു് ആദിമ ഇന്ത്യൻ ബുദ്ധമതം ഊന്നിപ്പറഞ്ഞിരുന്നു. ഈ ലോകത്തിൽ മനുഷ്യന്റെ വിധിയെക്കുറിച്ചു് ആശങ്കപ്പെടാതെ പുനർജ്ജന്മചക്രത്തിൽനിന്നു മോചനം നേടാൻ ആഗ്രഹിക്കുകയാണു് അതു ചെയ്തതു്. ഈ പുനർജ്ജന്മചക്രം അനന്തമാണു്. മോചനത്തിനുള്ള ഒരേ ഒരു മാർഗ്ഗം എല്ലാ മോഹങ്ങളും കൈവെടിയുകയാണു്. ഇങ്ങിനെ മോഹത്തിൽ നിന്നു മുക്തിനേടുന്നവനാണു് നിർവ്വാണം പ്രാപിക്കാൻ കഴിയുക.

ബുദ്ധമതം ആദ്യമായി ചൈനയിൽ വന്നപ്പോൾ അതിന്റേതായ സുന്ദരകലകളും, പരിപാവന സാഹിത്യവും, നിറപ്പകിട്ടേറിയ ചടങ്ങുകളും, വിശാലവിജ്ഞാനവും, സമാധാനപരമായ ജീവിതവും അവിടെ സ്വാധീനത ചെലുത്തി. യഥാർത്ഥബുദ്ധമതത്തിൽ അടങ്ങിയിരുന്ന തത്വശാസ്ത്രം അത്രതന്നെ അവിടെ സാർവ്വത്രികമാവുകയുണ്ടായില്ല. തത്വചിന്താപരമായ പുനഃസ്ഥാപനം സാധിതമാവും വരെ ചൈനയിലേയും ജപ്പാനിലേയും സാധാരണക്കാരുടെയിടയിൽ ബുദ്ധമതതത്വങ്ങൾക്കു് വേണ്ടത്ര പ്രചാരം സിദ്ധിച്ചില്ല.

ഈ പുനഃസ്ഥാപനപരിശ്രമങ്ങളിലെ ഏററവും പരിവർത്തനാത്മകമായ ഘടകം നിർവ്വാണത്തെക്കുറിച്ചുള്ള വിശ്വാസമായിരുന്നു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം, ഇതു് ഒരു 'സ്വർഗ്ഗകല്പന'യായിരുന്നു. മരണശേഷം ആത്മാവു് അവിടെ സുഖവിശ്രമം കൊള്ളും. പാപികൾക്കു അനേകമനേകം നരകങ്ങളിൽ നിപതിക്കേണ്ടിവരും. അതിനാൽ ബുദ്ധദേവതകളുടെ

അനുഗ്രഹം ഒന്നുകൊണ്ടു മാത്രമേ പാപഗത്തത്തിൽനിന്നു മോചനം ലഭിക്കുകയുള്ളുവെന്നു് ബുദ്ധസന്യാസികൾ ഉപദേശിച്ചു. വിശ്വാസമായിത്തീൻ പ്രധാന അസ്ഥിവാരം; തത്വചിന്താപരമായ ഉണൎവ്വിനേക്കാൾ അന്ധമായിരുന്നു ഇതു്. ബുദ്ധൻെറ നാമം ഉച്ചരിക്കുക എന്നതു് വിശ്വാസത്തിൻെറ പ്രത്യക്ഷ ലക്ഷണമായി പരിഗണിച്ചുപോന്നു.

പത്തും പതിനൊന്നും നൂററാണ്ടുകളിൽ പ്രബലമായിരുന്ന ഈ വിശ്വാസപ്രമാണങ്ങൾ പുതിയ രീതിയിലുള്ള ജാപ്പനീസ് ബുദ്ധമതത്തിൻെറ അഭിവൃദ്ധിയ്ക്കു വഴിതെളിച്ചു. ആദ്യമായു് ജനപ്രീതിയാജ്ജിച്ച ആദ്യത്തെ വിഭാഗം 1175-ൽ ഹോനൻ എന്ന സന്യാസിയാണു് സ്ഥാപിച്ചതു്. 'സ്വർഗ്ഗവാസി' എന്നു് അത്ഥമുള്ള 'വിശുദ്ധരാജ്യവാസികൾ' എന്നു് ഇവർ സ്വയം പേരു സ്വീകരിച്ചു. ഹോനൻെറ ശിഷ്യഗണത്തിൽനിന്നു് തെററിപ്പിരിഞ്ഞ മറെറാരു വിഭാഗം 1224-ൽ ഷിൻറോനിൻെറ നേതൃത്വത്തിൽ പരിഷ്കൃതമായ മറെറാരു പേരു സ്വീകരിച്ചു—'യഥാത്ഥ വിശുദ്ധ രാജ്യവാസികൾ' ഈ വിഭാഗം കാലക്രമേണ മറെറല്ലാ ബുദ്ധമത വിഭാഗങ്ങളേയും തോല്പിച്ചു് ശക്തിനേടി. ഇന്നും ജപ്പാനിൽവെച്ചേററവും സുശക്തമായ ബുദ്ധമതവിഭാഗം ഇവരുടേതാണു്. വിദേശങ്ങളിൽ മിഷ്യനറി പ്രവത്തനം നടത്തിപ്പോരുന്ന ഏക മതവിഭാഗവും ഇതുതന്നെ.

ജപ്പാൻ രാഷ്ട്രത്തിൻെറ ബുദ്ധിപരമായ മണ്ഡലത്തിൽ ആദ്യമായി പ്രാമുഖ്യം നേടിയ താണവൎഗ്ഗക്കാരുടെ മതബോധത്തെ തട്ടിയുണൎത്തുവാൻ ഈ രണ്ടു വിഭാഗങ്ങൾക്കും കഴിഞ്ഞു. ഇവർ മുക്തിക്കുവേണ്ടി ലഘുവായ ഒരു മാൎഗ്ഗം പഠിപ്പിച്ചു. തുടക്കത്തിൽത്തന്നെ, തെരുവുകവലകളിലും മററും വെച്ചു മതപ്രസംഗങ്ങൾ നടത്തി പാവപ്പെട്ടവരുടെയിടയിൽ സ്വാധീനം നേടുകയും ചെയ്തു.

ബുദ്ധമതദൃഷ്ട്യാ എല്ലാവരും സമന്മാരാണെന്നും, സന്യാസിമഠങ്ങൾ നിരുത്തലാക്കണമെന്നും പറഞ്ഞുകൊണ്ടാണു് ഷി

റാൻ ആദ്യകാലത്തു് എതിർപ്പു പ്രദർശിപ്പിച്ചതു്. അദ്ദേഹം തന്റെ വിഭാഗത്തിലുള്ള സന്യാസിമാരെ വിവാഹം ചെയ്യാൻ അനുവദിച്ചു. ഈ ആചാരം ക്രമേണ എല്ലാ വിഭാഗങ്ങളിലേക്കും സംക്രമിക്കുവാനിടയായി. അദ്ദേഹത്തിന്റെ പിൻഗാമികളിലൊരാൾ, ബൗദ്ധശ്രുതികളിൽ ചിലതു് ജപ്പാൻഭാഷയിലേക്കു പരിഭാഷ ചെയ്യാനുള്ള സംരംഭത്തിലേർപ്പെട്ടു. ഇവ ജപ്പാന്റെ 'ക്ലാസിക്കു'കളിൽ സ്ഥാനം നേടി. വിശ്വാസികളുടെയിടയിൽ സന്യാസികൾ ചർച്ചാസംഘങ്ങൾ സംഘടിപ്പിക്കുകയും, ഇവ കാലാന്തരത്തിൽ സാധാരണക്കാരുടെ സമൂഹങ്ങളായി രൂപാന്തരപ്പെടുകയും ചെയ്തു.

ഫ്യൂഡൽകാലത്തു് താഴ്ന്നവർഗ്ഗക്കാരുടെയിടയിൽ മേധാശക്തി വികസിക്കാൻ സഹായിച്ചിട്ടുള്ളതു്, ഒരുപക്ഷെ, ഈ സഭകളായിരിക്കണം. പിൽക്കാലത്തു് ജനങ്ങൾ രാഷ്ട്രീയാഭിപ്രായം സ്വീകരിച്ചതു് ഈ സഭകളിൽക്കൂടിയായിരുന്നു. യഥാർത്ഥ പരിശുദ്ധ രാജ്യവാസികളുടെ വിഭാഗം, 1488-ൽ ജപ്പാന്റെ രണ്ടു പശ്ചിമതീരപ്രവിശ്യകളിൽവെച്ചു് ഫ്യൂഡൽ നേതാക്കളെ വധിക്കുകയും, ഈ സ്ഥലങ്ങൾ സ്വന്തം നിയന്ത്രണത്തിലാക്കിത്തീർക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളോടൊപ്പം, വളരെ വേഗത്തിൽ, മൂന്നാമതൊരു വിഭാഗം 1253-ൽ നിഷിരെൻ എന്ന സന്യാസിസ്ഥാപിച്ചു. ഇതു് അദ്ദേഹത്തിന്റെപേരിൽത്തന്നെയാണറിയപ്പെട്ടതു്. മററ രണ്ടു മതവിഭാഗങ്ങളേയുംപോലെ 'കവലപ്രസംഗ'ങ്ങളിലാണു് ഇവരും കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നതു്. എന്നാൽ മതഭ്രാന്തിയുടെ കാര്യത്തിൽ മൗലികമായി തികച്ചും വിഭിന്നമായ ഒരു നിലപാടാണു് ഇവർ സ്വീകരിച്ചതു്. കലഹപ്രിയനായ നേതാവിന്റെ വഴിക്കാണു് മതവിഭാഗം നീങ്ങിയതു്. നിഷിരെൻ, വിപ്ലവകാരിയായ ഒരു മതസ്ഥാപകനായിരുന്നു. മററ മതവിഭാഗങ്ങൾ നരകത്തിലേക്കാണു് വിശ്വാസികളെ നയിക്കുന്നതെന്നു അദ്ദേഹം അപലപിച്ചു. ഈ വിഭാ

ഗം പോരാളികളായിത്തീരുകയും, മററു വിഭാഗങ്ങളുമായി നേരിട്ടു യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തു. ബുദ്ധമതത്തിൻെറ സാർവ്വദേശീയഭാവത്തിനു വിരുദ്ധമായി സങ്കുചിതമനസ്കനായ ഒരു ദേശീയവാദിയായിരുന്നു നിഷിരെൻ. ജപ്പാൻ പ്രപഞ്ചത്തിൻെറ മദ്ധ്യത്തിലാണു സ്ഥിതിചെയ്യുന്നതെന്നും, അതു ദേവതകളുടെ നാടാണെന്നും ആയിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ജാപ്പനീസ് ബുദ്ധമതമാണു യഥാർത്ഥത്തിലുള്ള ബുദ്ധമതമെന്നും അദ്ദേഹം ഉൽഘോഷിച്ചു.

ഫ്യൂഡൻ കാലഘട്ടത്തിൽ ജപ്പാനിൽ നിലനിന്നിരുന്ന മതം മരണാനന്തരം മോക്ഷം സിദ്ധിക്കുമെന്ന ആശയത്തെ ഊന്നിപ്പറഞ്ഞിരുന്നു. മോക്ഷത്തിനുള്ള ഏകമാർഗ്ഗം വിശ്വാസമാണെന്നും പ്രഖ്യാപിച്ചു. എന്നാൽ ഫ്യൂഡൽ മതപരിഷ്കർത്താക്കളും അവരുടെ വേദങ്ങളുടെ പരിഭാഷയിലൂടെയും, മതസഭകളുടെ രൂപീകരണത്തിലൂടെയും, പുരോഹിതന്മാരുടെ വിവാഹത്തിലൂടെയും, സ്വപക്ഷമനോഭാവത്തിലൂടെയും, സങ്കുചിതദേശീയബോധത്തിലൂടെയും യൂറോപ്പിലെ പ്രോട്ടസ്റ്റൻറു പരിഷ്കർത്താക്കളോടു തുല്യരായിത്തീരുകയാണു ചെയ്തതു.

താഴ്ന്ന വർഗ്ഗക്കാർ തങ്ങളുടെ മതപരവും ബുദ്ധിപരവുമായ ആശയപ്രകാശത്തിനു ബുദ്ധമതവിഭാഗങ്ങളെയാണു ആശ്രയിച്ചതു. പോരാളികളുടെ വർഗ്ഗമാകട്ടെ, പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളിൽ ചൈനയിൽനിന്നു അഭ്യസനംനേടി തിരിച്ചുവന്ന ജാപ്പനീസ് ബുദ്ധമതവിഭാഗത്തിൻെറ തത്വങ്ങളാണു ഉപയോഗപ്പെടുത്തിയതു. ഈ വിഭാഗക്കാർ ധ്യാനം എന്നർത്ഥമുള്ള 'സെൻ' എന്ന പേരിൽ അറിയപ്പെട്ടു.

പ്രകൃതിയുമായി ഒത്തുചേരുക എന്ന ആശയത്തിനാണു സെൻ വിഭാഗം പ്രാധാന്യം കല്പിച്ചതു. ഇവർ പാണ്ഡിത്യത്തേയും യുക്തിവാദത്തേയും എതിർക്കുന്നവരായിരുന്നു. അച്ചടക്കത്തിലും, മാനസികകേന്ദ്രീകരണത്തിലുംകൂടിയാണു, ഗ്രന്ഥ

ങ്ങളിൽനിന്നു നേടിയ വിജ്ഞാനത്തിൽക്കൂടിയും, യുക്തിചിന്ത യിൽക്കൂടിയുമല്ല അതിൻെറ അനുഗാമികാംക്ക പെട്ടെന്നുള്ള ഉണ വ്വ് കൈവന്നതു്. സെൻ വിഭാഗത്തിനുള്ള ഒരു പരിശീലന മെന്ന നിലയിൽ ഏതെങ്കിലും ഒരു പ്രശ്നപരിഹാരാത്ഥം സന്യാസി ധ്യാനനിരതനായിരിക്കും. ഇതിൻെറ ഫലമായി പെട്ടെന്നു് അയാംക്കു് ഒരു ബോധോദയം കൈവരും. ബുദ്ധ നെസ്സംബന്ധിച്ചോ, തുല്യപ്രാധാന്യമുള്ള മറെറതെങ്കിലും വിഷ യത്തെക്കുറിച്ചോ ഉള്ളതായിരിക്കും ഈ ബോധോദയം.

കായികശക്തിയും, പാണ്ഡിത്യത്തോടുള്ള വൈമുഖ്യവും, മാനസികമായ അച്ചടക്കവും, സെൻ വിഭാഗക്കാരെ പ്രകൃതി യോടു കൂടുതൽ അടുപ്പിച്ചു. ഇതെല്ലാം പോരാളിവഗ്ഗത്തിന്നു് "സ്പാർട്ടൻ" ജീവിതഗതിയോടു ഒരു ചായ്‌വ് ഉണ്ടാക്കിത്തീത്തു. വളരെപ്പെട്ടെന്നു് ഫ്യൂഡൽക്കാലജപ്പാനിലെ പോരാളിവഗ്ഗ ത്തിൻെറ തത്വശാസ്ത്രമായിത്തീൻ സെൻ. അവരുടെ സഹാ യത്തോടെ, അതിന്നു് ഉയന്ന ഒരു നിലയും സ്ഥാനവും കൈ വന്നു. ഈ കാലഘട്ടത്തിൽ ജപ്പാനിലെ പോരാളികളുടെ മനോ വീയ്യവും കായികശക്തിയും വളത്തിയെടുക്കുന്നതിൽ സെൻ വംശം വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ടു്. അധികാരി വഗ്ഗത്തിലെ അംഗങ്ങാംക്കു് മാനസികശക്തി പ്രദാനം ചെയ്യു ന്നതിൽ ഇന്നും സെൻ കായ്യമായ പങ്കു് വഹിച്ചുപോരുന്നു.

---

## അദ്ധ്യായം 6

# ഫ്യൂഡൽ സരണിയിൽവന്ന മാററവും വളർച്ചയും

കാമാകുരാപോരാളികാം ചെറുസംഘങ്ങളായി ഉറച്ചു നിന്ന കാലംവരെ മാത്രമേ ഈ സമ്പ്രദായം പ്രബലമായി നില നിന്നുള്ളു. എന്നാൽ തലമുറകാം പലതു പിന്നിട്ടതോടെ, കുടും

ബമൈത്രിയുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത സൌഹൃദം ക്രമേണ വിസ്മൃതമാകയും തേഞ്ഞുമാഞ്ഞുപോകയും ചെയ്തു. കാൻേറാ പ്രദേശത്തുനിന്നുള്ള പഴയ പോരാളിസംഘങ്ങളുടെ പിൻഗാമികൾ 1185-ൽ ജപ്പാനിലാകമാനം ആധിപത്യം ചെലുത്തിയിരുന്നു. പക്ഷെ കാലം ചെന്നതോടെ, കാമാകുരാവർഗ്ഗത്തോടുള്ള ഭക്തി ഇവർ കുറേശ്ശെ കൈവിടുകയും ഐക്യബോധം നഷ്ടമാവുകയും ചെയ്തു.

സംഖ്യാപ്പെരുപ്പവും ഇവരുടെ ഈ പോരാളിവർഗ്ഗത്തിൻെറ ബലം കുറയാൻ കാരണമായി. ഓരോ തലമുറയിലും പോരാളിവർഗ്ഗത്തിൻെറ എണ്ണം വളരെ പെട്ടെന്നു വർദ്ധിച്ചുകൊണ്ടിരുന്നു. അതിന്നനുസരണമായി എസ്റ്റേററ മാനേജർമാർ എന്നുള്ള അവരുടെ പദവി വർദ്ധിച്ചില്ല. പോരാളികൾ ഓരോരുത്തരും തങ്ങളുടെ എസ്റ്റേററിൽ നിന്നുള്ള വരുമാനം സന്താനങ്ങൾക്ക് സമമായി വീതിച്ചുകൊടുക്കുകയാണ് ചെയ്തത്. ഈ ഏർപ്പാടിൻെറ ഫലമായി പതിമൂന്നാം നൂററാണ്ടിൻെറ ഒടുവിലായപ്പോഴേക്കും പല പോരാളികൾക്കും നാമമാത്രമായ വരുമാനമാണ് ലഭിച്ചുകൊണ്ടിരുന്നത്. തന്മൂലം, കുതിരപ്പടയാളികളെന്ന നിലയിൽ തങ്ങളുടെ പദവി പുലർത്തുവാനും, കവചവും ആയുധങ്ങളും ധരിച്ച് യജമാനൻെറ വരുതിക്ക് കുതിരപ്പുറത്തു ഹാജരാവാനും അവർക്ക് കഴിയാതെ വന്നു.

ഇത്തരം ദൗർബ്ബല്യങ്ങളുണ്ടായിട്ടും കാമാകുരാ സമ്പ്രദായം ഒന്നര നൂററാണ്ടുകാലം നിലനിന്നു. 1274-ലെയും 1281-ലെയും ഏററവും അപകടകരമായ മംഗോളിയൻ ആക്രമണങ്ങളെ ചെറുത്തു നില്ക്കാനും അവർക്ക് കഴിഞ്ഞു.

ഉത്തരചൈനയിലെ നാടോടിവർഗ്ഗക്കാരായ മംഗോളിയാക്കാർ പതിമൂന്നാം നൂററാണ്ടിൻെറ പ്രഥമാർദ്ധത്തിൽ മദ്ധ്യേഷ്യാ, ദക്ഷിണ റഷ്യാ എന്നീ രാജ്യങ്ങൾ മുഴുവനായും, കൂടാതെ സമീപപൂർവ്വദേശങ്ങളുടെ അധികഭാഗങ്ങളും ആക്രമിച്ചു കീഴടക്കി. അവരുടെ സേനമൈസലേഷ്യയിലേക്ക നുഴഞ്ഞുകയറുകയും,

ഹംഗറിയിൽക്കൂടെ അഡ്രിയാററിക സമുദ്രതീരത്തെത്തുകയും ചെയ്തു. വിസ്തൃതമായ ഈ സാമ്രാജ്യത്തിൻെറ കിഴക്കേ അററത്തുള്ള കൊറിയയെ അവർ 1259-ൽ കീഴടക്കുകയും, ചൈനയിലെ സംഘടിതമായ പ്രതിരോധത്തെ തന്നെ 1276-ൽ അടിച്ചമത്തുകയും ചെയ്തു.

പൂവ്വദേശത്തു് ജപ്പാൻ മാത്രമാണു് അവരുടെ അധികാരവലയത്തിൽ പെടാതെ സ്വതന്ത്രമായി നിലനിന്നിരുന്നതു്. മംഗോളിയൻ ചക്രവത്തിയായ കുബ്ളായ്ഖാൻ ഈ ദ്വീപിനോടു കീഴടങ്ങാനാവശ്യപ്പെട്ടുകൊണ്ടു ദൂതന്മാരെ അയച്ചു. വീരന്മാരായ കാമാകുരാപോരാളികൾ ഇതിനു സമ്മതിച്ചില്ലെന്നു മാത്രമല്ല, ചില ദൂതന്മാരുടെ ഗളച്ഛേദംചെയ്തുകൊണ്ടു തങ്ങളുടെ നില ഉറപ്പിക്കുകകൂടി ചെയ്തു.

അങ്ങിനെ നേരിട്ടുള്ള ഈ എതിർപ്പിനു പകരംചോദിക്കാതെ അടങ്ങിയിരിക്കാൻ മംഗോളിയൻ ചക്രവത്തി ഒരുക്കമില്ലായിരുന്നു. അതിനാൽ ജപ്പാനെ കീഴടക്കുന്നതിന്നായി കൊറിയൻ കപ്പലുകളിൽ 1274-ാമാണ്ടിൽ സുശക്തമായ ഒരു മംഗോളിയൻ സേനാവ്യൂഹത്തെ അയച്ചു. ഉത്തര ക്യൂഷുവിലെ ഹകതാ കടലിടുക്കിൽ അവർ താവളമുറപ്പിച്ചുവെങ്കിലും, പ്രതികൂല കാലാവസ്ഥയുടെ സമ്മർദ്ദം മൂലം കപ്പൽസമൂഹം പിൻവാങ്ങുകയാണുണ്ടായതു്. അവർ അങ്ങിനെ മടങ്ങിപ്പോകുമെന്നു് ആരും തന്നെ പ്രതീക്ഷിച്ചതല്ല.

1281-ൽ മംഗോളിയക്കാർ വീണ്ടും വന്നു. ഇത്തവണ കൂടുതൽ കൊറിയൻ-ചൈനീസ് കപ്പൽ സമൂഹവുമായിട്ടാണു് അവരെത്തിയതു്; ഹകതാ കടലിടുക്കിൽത്തന്നെ താവളമുറപ്പിക്കുകയും ചെയ്തു. ലോകം ഇതിനുമുമ്പു ഒരിയ്ക്കലും ദശിച്ചിട്ടില്ലാത്ത ശക്തിമത്തായ വിദേശാക്രമണമായിരുന്നു അതു്. സേനാവ്യൂഹത്തിൽ 150,000 കാലാൾപ്പട അടങ്ങിയിരുന്നു.

ഈ ഭീകരസേനയെ നേരിടാൻ ജപ്പാൻകാക്കു് വളരെ കുറച്ചു പോരാളികൾ മാത്രമേ ഉണ്ടായിരുന്നുള്ളു—ദ്വന്ദ്വയുദ്ധ

ത്തിൽ മാത്രം പരിശീലനം നേടിയ പോരാളികൾ: എങ്കിലും ചെറിയ ജപ്പാനീസ് ബോട്ടുകളിൽ പററം പററമായി വന്ന് അവർ സാവധാനം മംഗോളിയക്കാരെ നേരിട്ടു. മംഗോളിയക്കാർക്ക് അവരുടെ ശക്തി മുഴുവൻ പ്രകടിപ്പിക്കാൻ കഴിയുന്നതിനുമുമ്പു ഭയങ്കരമായ ഒരു കൊടുങ്കാററ് അവരുടെ കടൽസേനയെ നാലുപാടും ചിതറിപ്പിച്ചു നശിപ്പിക്കുകയും, അങ്ങിനെ പരിപൂർണ്ണ വിനാശത്തിൽ ഈ ആക്രമണം പര്യവസാനിക്കുകയും ചെയ്തു. ഈ സംഭവം ജപ്പാൻെറ ചരിത്രപരമായ പാരമ്പര്യത്തിൻെറ മഹത്വം കൊണ്ടാണെന്നും, തങ്ങളുടെ രാജ്യം വിശുദ്ധവും ആക്രമണങ്ങൾക്കതീതവുമാണെന്നുമുള്ള അന്ധവിശ്വാസം ഇതു മൂലം പ്രബലപ്പെടുകയും ചെയ്തു.

അങ്ങിനെ ജപ്പാൻ അപകടത്തിൽനിന്നു മോചനം നേടിയെങ്കിലും, ആക്രമണത്തിൻെറ അനന്തരഫലമെന്നോണം അസംതൃപ്തിയും അസ്വസ്ഥതയും പശ്ചിമ ജപ്പാനിലെ പോരാളിവർഗ്ഗങ്ങൾക്കിടയിൽ നിലനിന്നുപോന്നു. എങ്കിലും അടുത്ത അമ്പതു കൊല്ലത്തെ അതിജീവിക്കാൻ തക്കവിധം കാമാകുരാസമ്പ്രദായം സുശക്തമായിരുന്നു.

ഡെയ്ഗോ രണ്ടാമൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന അധികാരമൊഴിഞ്ഞ ഒരു ചക്രവർത്തിയിൽ നിന്നാണ് ജപ്പാന് ഒടുവിലത്തെ 'അടി' നേരിടേണ്ടിവന്നതു്. തലസ്ഥാനനഗരിയിൽ നിന്നും പ്രാദേശിക എസ്റ്റേററുകളിൽ നിന്നുമുള്ള അസംതൃപ്തരായ ഫ്യൂഡൽ പോരാളികളെ കൂട്ടിച്ചേർത്ത് അദ്ദേഹം 1331-ൽ കാമാകുരാ വർഗ്ഗത്തിനെതിരായി ഒരു വിപ്ലവം സംഘടിപ്പിച്ചു. പശ്ചിമജപ്പാനിലെ പോരാളികളിൽ അധികപങ്കും ചക്രവർത്തിയുടെ ഭാഗത്തുചേർന്നു. കിഴക്കേ ജപ്പാനിൽ നിന്ന് അയക്കപ്പെട്ട അഷികാഗാ താക്കുജി എന്ന സൈന്യാധിപൻ ഈ വിപ്ലവത്തെ അടിച്ചമർത്തിയെങ്കിലും, 1333-ൽ പെട്ടെന്ന് കക്ഷി മാറുകയാണുണ്ടായതു്. രണ്ടാമതൊരു സേനാവിഭാഗം കാമാകുരാ തന്നെ പിടിച്ചടക്കുകയും, ഹോജോ കുടുംബ

ത്തെ നശിപ്പിക്കുകയും, അങ്ങിനെ ഒന്നര നൂററാണ്ടുകാലം നീണ്ടു നിന്നിരുന്ന കേന്ദ്രീകൃത ഭരണക്രമത്തിനു വിരാമമിടുകയും ചെയ്തു.

ഡെയ്ഗോ രണ്ടാമന് ഉദ്ധതമായ ഒരു ഉണർവ്വിനെ നേരിടേണ്ടതായി വന്നുകൂടി. അഷികാഗാ താകൂജി പ്രായോഗിക ബുദ്ധിയുള്ളവനായിരുന്നു. ശക്തികേന്ദ്രം എവിടെയാണു നിലകൊള്ളുന്നതെന്ന് അയാറം മനസ്സിലാക്കുകയും 1336-ൽ ഡെയ്ഗോ രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. രാജവംശത്തിലെ ഒരു പാർശ്വവർത്തിയെ സിംഹാസനാധിപതിയാക്കിത്തീർത്തു. ഡെയ്ഗോ രണ്ടാമനും അദ്ദേഹത്തിൻെറ അനുചരന്മാരും നാരാ സമതല പ്രദേശത്തുള്ള വിജനമായ മലകളിലേയ്ക്കു പിൻവാങ്ങി. ഈ അജ്ഞാതപ്രദേശത്തിരുന്നുകൊണ്ട് ഏതാണ്ട് അറുപതു വർഷക്കാലം അവരും അവരുടെ പിൻഗാമികളും ആശയററ സമരം നടത്തിക്കൊണ്ടിരുന്നു. 1392-ൽ അവർ ഈ ആശ വിട്ടുംവെച്ച് ക്യോട്ടോവിൽ തിരിച്ചെത്തി. ഡെയ്ഗോ രണ്ടാമൻെറ താവഴിക്കാർക്ക് ഒന്നിടവിട്ടു സിംഹാസനത്തിൽ അവകാശം നല്കാമെന്നു താകൂജി വാക്കുകൊടുത്തു. പക്ഷെ ഈ വാഗ്ദാനം നിറവേററപ്പെടുകയുണ്ടായില്ല. ഡെയ്ഗോ രണ്ടാമൻെറ താവഴിയിലെ യാതൊരു അംഗത്തിനും സിംഹാസനത്തിൽ ഇരിക്കാൻ അവസരം ലഭിച്ചതേയില്ല.

1338-ൽ അഷികാഗാ താകൂജി ഷോഗൻ എന്ന അധികാരനാമം സ്വീകരിച്ചു. 1573-വരെ അഷികാഗാ താവഴിക്കാർ ക്യോട്ടോവിൽ അധികാരം തുടർന്നുപോന്നു. എന്നാൽ പട്ടാളമേധാവികളുടേയോ ബുദ്ധവിഹാരങ്ങളുടേയോമേൽ അവർക്ക് കാര്യമായ ആധിപത്യം ചെലുത്താൻ കഴിഞ്ഞില്ല. ക്രമേണ അഷികാഗാക്കാരുടെ ശക്തി ക്ഷയിച്ചുതുടങ്ങി. 1467-മുതൽ അഭ്യന്തരയുദ്ധങ്ങൾ ജപ്പാനിൽ സർവ്വസാധാരണമായിത്തീർന്നു. ശക്തിമാന്മാരായ ഫ്യൂഡൽപ്രഭുക്കൾ അഷിക്കാഗാ ഷോഗനെ ആട്ടിപ്പായിക്കുകയും, തങ്ങളുടെ വരുതിയ്ക്കുനില്ക്കുന്ന ഷോഗനെ തൽസ്ഥാനത്ത് അവരോധിക്കുകയും ചെയ്തു. കേന്ദ്രീകൃതമായ

നിയന്ത്രണത്തിൻെറ അഭാവത്താൽ 14-ഉം, 15-ഉം നൂററാണ്ടുകഠം വളൻവരുന്ന രാഷ്ട്രീയമായ തകച്ച്യുടേയും കുഴപ്പങ്ങളുടേയും നിദർശനമായിരുന്നു. ഐക്യത്തിൻെറ പുനഃസ്ഥാപനം അത്ര എളുപ്പമായിരുന്നു. പുതിയ ഫ്യൂഡൽ ഘടകങ്ങളുടെ ആവിർഭാവം ഐക്യത്തിലേയ്ക്കുള്ള ആദ്യത്തെ പടിയായി. കാമാകുരാ കാലഘട്ടത്തിൻെറ അന്ത്യദശയിൽ, ഏറെക്കാലമായി പൊതുജനപിൻതുണ നിർലോഭം ആർജ്ജിച്ചിരുന്ന ചില പട്ടാളക്കാരും സൈനിക ഉദ്യോഗസ്ഥന്മാരും, പതുക്കെ ഫ്യൂഡൽ പ്രഭുക്കളുടെ പദവിയിലേക്കുയൻ. അങ്ങിനെ ആഭ്യന്തരകലഹങ്ങഠം കാമാകുരാ വംശത്തെ അന്ത്യദശയിലേക്കെത്തിച്ചു. ഇത്തരുണത്തിൽ പൌരന്മാക്ക് ഹോജോവംശത്തോടോ അവരുടെ ചൊല്പടിക്കു നിന്നിരുന്ന ഭരണാധിപനോടോ കൂറുണ്ടായിരുന്നില്ല. പ്രഭുത്വപദവിയിലേക്കുയൎന്നവരോടായിരുന്നു അവക്കു കൂടുതൽ മമത. 14-ഉം, 15-ഉം നൂററാണ്ടുകളിൽ രാഷ്ട്രീയനഭസ്സിൽ പ്രശോഭിച്ചിരുന്നതു് ഫ്യൂഡൽ മേധാവികളായിരുന്നു. രാജ്യമാകെ ഏകാധിപത്യസ്വഭാവമുള്ള ചെറിയ ഘടകങ്ങളെക്കൊണ്ടു നിറഞ്ഞതുമൂലം വ്യക്തികഠംക്കുള്ള സ്ഥാനം കുറഞ്ഞുകൊണ്ടേയിരുന്നു. ഫ്യൂഡൽ പ്രധാനികളുടെ വളർച്ചയോടൊപ്പം വ്യക്തിപ്രഭാവം അണഞ്ഞടങ്ങുകയും അവസാനം ആകപ്പാടെ തിരോധാനം ചെയ്യുകയും ചെയ്തു. ഈ വ്യവസ്ഥിതിയുടെ അപ്രതിരോധ്യമായ വളർച്ചയിൽ പഴയകാലത്തെ സമ്പ്രദായങ്ങളെല്ലാം ക്രമേണ നശിച്ചു; മാത്രമല്ല, ഒററക്കൊററയ്ക്കു കരുത്തു പ്രദർശിപ്പിച്ചിരുന്ന പോരാളികഠംക്കു പകരം വിപുലമായ സൈനികവ്യൂഹങ്ങഠം ആവിർഭവിച്ചു.

യുദ്ധകാലത്തു കർഷകരായിരുന്നവർ പടയാളികളായി മാറി. പതിനഞ്ചും പതിനാറും നൂററാണ്ടുകളിലെ ചരിത്രം പരിശോധിക്കുമ്പോഠം എളിയ ജീവിതമാർഗ്ഗങ്ങഠം സ്വീകരിച്ചിരുന്ന പലരും പുതിയ ഫ്യൂഡൽസംവിധാനത്തിൻെറ ഉയന്ന മേഖലകളിലേക്കു തള്ളിക്കയറിയതായും, പണ്ടുകാലത്തു് പട

പ്പട്ടയണിഞ്ഞിരുന്നവർ കലപ്പയെടുത്തു കർഷകരായിത്തീർന്നതായും തെളിയുന്നു.

രാജവാഴ്ചയുടെ വളർച്ചയ്ക്കു വളംവെച്ചുകൊടുത്തിരുന്ന ചെറിയ ഭൂവുടമകൾ ഫ്യൂഡൽമേധാവികളുടെ കീഴിൽ സംഘടിച്ചതു് ക്യോട്ടോ പ്രൗഢിയ്ക്കും രാജകീയ വളർച്ചയ്ക്കും വിലങ്ങുതടിയായിത്തീർന്നു. ചെറിയ ഭൂവുടമകളിൽനിന്നുള്ള കരംപിരിവുതന്നെ കുഴപ്പത്തിലായെന്നു മാത്രമല്ല, കരം കൊടുക്കുന്ന പതിവുപോലും ഇല്ലാതായി. ക്രമേണ, ഫൂജിവാരാ തുടങ്ങിയ അഭിജാതകുടുംബങ്ങൾക്കു് ആഹാരമാർഗ്ഗംപോലും കഷ്ടിയായി. പഴയ പ്രൗഢിയുടെ തണലിൽ നിന്നുകൊണ്ടു് ചെറുവ്യവസായവാണിജ്യസംഘങ്ങളുടെ രക്ഷാകർത്തൃത്വം വഹിച്ചും മററും അവർക്കു ജീവിതമാർഗ്ഗം ഉണ്ടാക്കേണ്ടതായിവന്നു.

രാജകീയ പ്രഭാവത്തിന്റെ ഐശ്വര്യവും ശ്രേയസ്സും ക്ഷയിക്കുകയും, കഴിഞ്ഞുപോയ കാലഘട്ടങ്ങളിലെ വൻപിന്റെ സ്മരണകൾ മാത്രം പൂർണ്ണമായ തിരോധാനത്തിലേക്കു് വഴുതിവീഴാതെ ഈ വ്യവസ്ഥിതിയെ പിടിച്ചുനിർത്തുകയും ചെയ്തു.

ജപ്പാൻകാരുടെ ചരിത്രത്തിൽ ഈ രണ്ടര നൂററാണ്ടു കാലം കറുത്തിരുണ്ട ഒരു ചിത്രമായി ഇന്നും അവശേഷിക്കുന്നു. അഷികാഗാ കാലഘട്ടത്തിലെ രാഷ്ട്രീയക്കുഴപ്പങ്ങളും രാജവംശത്തിനു നേരിടേണ്ടിവന്ന ദുഃഖപര്യവസായിയായ സംഭവശതങ്ങളുമാണു് ചരിത്രത്തിലെ ഈ കരിനിഴലിനു കൂടുതൽ കാളിമ ചേർത്തതു്. എന്നാൽ യഥാർത്ഥത്തിൽ ഈ ചിത്രം അത്ര കറുത്തതല്ല. രാഷ്ട്രീയത്തകർച്ചയുടെ വിരിമാറിൽക്കൂടി ജപ്പാൻ ജനത സാംസ്കാരികമായും സാമ്പത്തികമായും അതിശീഘ്രം പുരോഗതിപ്രാപിക്കുകയായിരുന്നു ഈ കാലഘട്ടത്തിൽ.

കഠിനമായ സാമ്പത്തികത്തകർച്ച അഭിജാതവർഗ്ഗത്തെ ഗ്രസിച്ചതോടൊപ്പം, സാംസ്കാരികമുന്നേററം ക്യോട്ടോവിൽ ഒതുങ്ങിനില്ക്കാതെ ഷോഗന്റെ രാജധാനിയിലേക്കു പടർന്നെത്തി.

ഈ സാംസ്കാരികമുന്നേററപ്രവാഹത്തിൽ രാജ്യത്തിലെ മികച്ച കലാകാരന്മാരും സാഹിത്യകാരന്മാരും ഒത്തുചേരുകയും, ചില സന്ദർഭങ്ങളിൽ ഒരുപക്ഷെ രാഷ്ട്രീയമായി ത്യാജ്യകോടിയിൽ തള്ളപ്പെടുന്നവയാണെങ്കിലും, സാംസ്കാരികമണ്ഡലത്തിൽ ഉജ്ജ്വലമായി ഉയർന്നുനില്ക്കുന്ന സദസ്സുകളിൽ ഇവർ പ്രാമാണികത്വം നേടുകയും ചെയ്തു.

സംഭവബഹുലമായ ഇത്തരം കാലഘട്ടങ്ങളിൽ, സാധാരണമായി കാണാറുള്ളതുപോലെ, കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും സങ്കേതങ്ങൾ വിജ്ഞാനപോഷണത്തിന്റേയും കലാപ്രവർത്തനങ്ങളുടെയും കേന്ദ്രങ്ങളായിത്തീർന്നു. പേരെടുത്ത കലാകാരന്മാരെല്ലാം ബുദ്ധസന്യാസികളായിരുന്നതിനാൽ ബുദ്ധവിഹാരങ്ങൾ കലാപോഷണകേന്ദ്രങ്ങൾകൂടിയായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ലല്ലൊ. പ്രത്യേകിച്ചും സെൻസന്യാസികൾ സാംസ്കാരികജീവിതത്തിൽ മായാത്ത മുദ്രപതിപ്പിച്ചു. ഔദ്യോഗികമായ രക്ഷാധികാരത്വമോ ചൈനാ രാജ്യവുമായുള്ള സുദൃഢബന്ധമോ ഒന്നുംകൊണ്ടല്ല സെൻസന്യാസികൾ ജനമദ്ധ്യത്തിൽ പെട്ടന്നു പ്രശസ്തരായിത്തീർന്നതു്. വാസ്തവത്തിൽ അഷികാഗാ കാലഘട്ടത്തിലെ സെൻസംസ്കാരത്തെ വിശകലനം ചെയ്യുമ്പോൾ അതിൽ ജപ്പാൻനാടിന്റെ സംസ്കാരവും വൻകരയുടെ ഭാഗങ്ങളിൽ നിന്നു് കൂട്ടിച്ചേർത്ത ചില പ്രത്യേകതകളും ഇണങ്ങിച്ചേർന്നിരിക്കുന്നതായി കാണാം. സെൻ സന്യാസികൾ പരമ്പരാഗതമായി വിജ്ഞാനസമ്പാദനത്തിൽ വിമുഖരായിരുന്നെങ്കിലും, അവരാണു് ശുദ്ധ ചീനഭാഷയുടെ പുനരാഗമനത്തിനും, 'നൊ' എന്നറിയപ്പെടുന്ന ജപ്പാൻകാരുടെ ആദ്യനാടകരൂപത്തിനും അടിക്കല്ലിട്ടതു്. 'നൊ'യുടെ മുഖ്യ ഉദ്ദേശ്യം ബുദ്ധമതതത്വപ്രചരണമായിരുന്നു. ദേവാലയങ്ങളിൽ നടത്തപ്പെടാറുള്ള നൃത്തങ്ങളിൽ നിന്നാണു് 'നൊ' ഉടലെടുത്തതു്. അതായിരിക്കണം പ്രതീകാത്മകങ്ങളായ നൃത്തവിശേഷങ്ങൾ 'നൊ'വിൽ ധാരാളം ഉണ്ടാകാനുള്ള കാരണം.

അഷികാഗാ കാലഘട്ടത്തിലെ കൊത്തുപണികളിൽ ചൈനയുടെ സ്വാധീനം പ്രകടമായിക്കാണാം; അതുപോലെ ചിത്രകലയിൽ സെൻ സംസ്കാരത്തിൻെറ വിവിധവശങ്ങളും അലിഞ്ഞുചേൻറിട്ടുണ്ടു്. പ്രാകൃതമായ ജീവിതം നയിച്ചിരുന്ന സെൻ സന്യാസികരം ചീനമാതൃകയിൽ ഏകവർണ്ണപ്രകൃതിദൃശ്യങ്ങരം വരയ്ക്കുന്നതിലും അവയിലൂടെ പ്രഗത്ഭരായ ചീനാ ചിത്രകാരന്മാരുടെ കഴിവുകളെ അനുകരിക്കുന്നതിലും ശ്രദ്ധപതിപ്പിച്ചിരുന്നു.

ഇന്നു് തികച്ചും ജപ്പാൻകാരുടേതു മാത്രമായി കരുതപ്പെടുന്ന മൂന്നു കലാരൂപങ്ങരം—ജപ്പാൻ സംസ്കാരത്തിൻെറ പ്രത്യേകതകളായി പരിഗണിക്കപ്പെട്ടുപോരുന്ന കലാരൂപങ്ങരം—ചീനയിൽനിന്നു് സെൻ സന്യാസികരം കാലാന്തരത്തിൽ കൊണ്ടുവന്നവയാണു്.

ഏഷ്യാഭൂഖണ്ഡവുമായി വികസിച്ചുവന്ന വാണിജ്യബന്ധങ്ങരം ജപ്പാനിലെ വ്യവസായവാണിജ്യങ്ങളുടെ പരിപോഷണത്തിനു് വളരെയധികം സഹായിച്ചിട്ടുണ്ടു്.

വ്യാവസായികസംഘങ്ങളുടെ കീഴിൽ വാണിജ്യവും നിർമ്മാണവും ത്വരിതഗതിയിൽ പുരോഗതി പ്രാപിച്ചു. കടലാസുനിർമ്മാണം, ലോഹപ്പണി, നെയ്ത്തു മുതലായവയുടെ കേന്ദ്രങ്ങരം നാടിൻെറ നാനാഭാഗങ്ങളിലും വളൻറുവരുവാനും ഇടയായി. ചെറിയ കമ്പോളങ്ങരം ക്രമേണ കൊച്ചുകൊച്ചു വ്യാവസായികനഗരങ്ങളായി ഉയന്നു.

ഫ്യൂഡൽ കാലഘട്ടത്തിൽ ജപ്പാൻെറ സാമ്പത്തിക വളർച്ചയുടെ നിദർശനമായി നിലകൊള്ളുന്നതു് വിദേശങ്ങളുമായുള്ള വാണിജ്യബന്ധമാണു്. പന്ത്രണ്ടാം നൂററാണ്ടിൻെറ അന്ത്യത്തോടെ ഇതു് ചെറിയ തോതിൽ ആരംഭിച്ചിരുന്നു. അക്കാലംതൊട്ടു് ഇതു് ക്രമേണ വളൻറു് വരുകയും, പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ ജപ്പാൻെറ സാമ്പത്തിക ജീവിതത്തിൽ പ്രാമുഖ്യം നേടുകയും ചെയ്തു.

ആദ്യകാലത്ത് അസംസ്കൃതസാധനങ്ങൾ മാത്രമാണ് ജപ്പാനിൽ നിന്ന് കയററിയയച്ചുകൊണ്ടിരുന്നത്. പതിനഞ്ചും പതിനാറും നൂററാണ്ടുകളിലാകട്ടെ, ചൈനയിലേക്കും യൂറോപ്പിലേക്കും വമ്പിച്ച തോതിൽ സംസ്കൃതപദാൎത്ഥങ്ങൾ കയററിയയക്കാൻ തുടങ്ങി.

ജപ്പാനും യൂറോപ്പിനുമിടയിൽ ജലമാർഗ്ഗമായി വാണിജ്യം നടത്തിയിരുന്നത് ആദ്യമൊക്കെ പ്രധാനമായും കൊറിയക്കാരായിരുന്നു. എന്നാൽ സാവധാനത്തിൽ ജപ്പാൻകാരും നാവികന്മാരായി മാറി. പതിനാലും പതിനഞ്ചും നൂററാണ്ടുകളുടെ ഉദയത്തോടെ, കിഴക്കൻ ചൈനാകടലിലെ നാവികവാണിജ്യത്തിൽ അവർ മുമ്പന്മാരായിത്തീരാൻ തുടങ്ങിയിരുന്നു.

ജപ്പാനിലെ പല വിഭാഗക്കാരും ലാഭകരമായ ഈ വാണിജ്യസംരംഭത്തിൽ ഏർപ്പെട്ടു. നേരത്തെ പ്രസ്താവിച്ചപോലെ പല ബുദ്ധവിഹാരകേന്ദ്രങ്ങളും ധനസമ്പാദനത്തിനായി വാണിജ്യവൃത്തിയെ പ്രോത്സാഹിപ്പിക്കയുണ്ടായി. അഷികാഗാവംശമുൾപ്പെടെ പല പ്രഭുകുടുംബങ്ങളും ഇതിനെ അനുകരിച്ചു.

മദ്ധ്യജപ്പാനിലെ ബുദ്ധവിഹാരങ്ങളും ഷോഗനും ഈ വിദേശവാണിജ്യത്തിൽ താല്പൎയ്യം പ്രകടിപ്പിക്കുകയുണ്ടായി. ഇതിനുംപുറമെ ചെറിയ ഫ്യൂഡൽ പ്രഭുക്കളും, സാധാരണ പോരാളികളും, പശ്ചിമജപ്പാനിലെ വണിഗ്വരന്മാരും ഇതിൻെറ നേതൃത്വം സ്വീകരിച്ചു. ഇവരെല്ലാം ഒന്നിച്ചുചേൎന്ന് കപ്പലോട്ടക്കാരുടേയും സാഹസികന്മാരുടേയും ഒരു വർഗ്ഗമായി രൂപാന്തരപ്പെട്ടു. യൂറോപ്പിലെ മററു ജനവിഭാഗങ്ങളെപ്പോലെ കടൽജീവികളായ ഈ മനുഷ്യർ അധികപക്ഷം കച്ചവടക്കാരായിരുന്നുവെങ്കിലും അവസരം കിട്ടിയാൽ കടൽകൊള്ളക്കാരായി മാറുവാനും മടിച്ചിരുന്നില്ല. പതിമൂന്നാം നൂററാണ്ടിൽത്തന്നെ കൊറിയൻ ജലപ്പരപ്പിൽ ജാപ്പനീസ് കച്ചവടക്കാരുടെ കടൽകൊള്ള സൎവ്വസാധാരണമായിത്തീൎന്നിരുന്നു. പതിനാലാം നൂററാണ്ടായതോടെ, കൊറിയാ രാജധാനിയുടെ നിലനില്പിനു

V42:1:N4
32J9
MUL
216243
ID( 13 AUG ...
...DRAS

തന്നെ ഈ ജാപ്പനീസ് ... ഭീഷണിയായിത്തീർന്നു. കൊറിയൻ ജലപ്പരപ്പിലുണ്ടായ വിജയത്താൽ പ്രചോദിതരായി, അവർ തങ്ങളുടെ പ്രവർത്തനം ചൈനയുടെ തീരത്തേക്കു തിരിച്ചുവിട്ടു. പതിനാറാം നൂററാണ്ടിലും പതിനേഴാം നൂററാണ്ടിന്റെ പ്രാരംഭദശയിലും ചിങ്ങ് വംശം ക്ഷയിച്ചതോടെ ചൈനയിലെ വമ്പിച്ച സമുദ്രതീരനഗരങ്ങൾ ജാപ്പനീസ് കടൽക്കള്ളന്മാർ കൊള്ളയടിക്കുകയുണ്ടായി.

പതിനാറാം നൂററാണ്ടിലെ ജാപ്പനീസ് കടൽക്കള്ളന്മാർ എല്ലാം തന്നെ ജപ്പാൻകാരായിരുന്നില്ല. കടൽത്തീരവാണിജ്യവും ചൈനീസ് നഗരങ്ങളും കീഴടക്കുന്നതിൽ അനേകം ചീനക്കാരും അവരോടുകൂടെ ചേരുകയുണ്ടായി.

ആയിരമായിരം ജപ്പാൻകാർ തെക്കുകിഴക്കൻ ഏഷ്യയിലെ കോളനികളിലും പട്ടണങ്ങളിലും കച്ചവടക്കാരായും സാഹസികന്മാരായും താവളമുറപ്പിച്ചു. സ്പെയിൻകാരും പോർത്തുഗീസുകാരും ജപ്പാൻകാരുടെ യുദ്ധപാരമ്പര്യവും പോരാളികൾ എന്ന നിലയിലുള്ള മഹത്വവും അംഗീകരിക്കുകയും, വിദൂരപൂർവ്വദേശത്തെ ആക്രമണങ്ങളിൽ പലപ്പോഴും ഇവരുടെ സഹായം തേടുകയും ചെയ്തു.

ജപ്പാനിൽ രാഷ്ട്രീയക്കുഴപ്പങ്ങൾ നടമാടിയ "ഇരുണ്ട കാലഘട്ടങ്ങളിൽ" ജനങ്ങൾ വ്യാവസായികമായി പുരോഗതി പ്രാപിക്കുകയും, പല ഉല്പാദനരംഗങ്ങളിലും തങ്ങളുടെ ചൈനീസ് അദ്ധ്യാപകരെക്കാൾ കൂടുതലായി സാമർത്ഥ്യം പ്രകടിപ്പിക്കുകയും ചെയ്തു. പരിഷ്കൃതലോകത്തിന്റെ അരികുകളിൽമാത്രം ഒട്ടിനിന്നിരുന്ന, ശുഷ്കിച്ച കെൽപ്പുകുറഞ്ഞ, സാമ്പത്തികമായി അധഃസ്ഥിതിയിൽ വർത്തിച്ചിരുന്ന ഒരു രാഷ്ട്രമായിട്ടാണ് പന്ത്രണ്ടാം നൂററാണ്ടിൽ ജപ്പാൻ ഫ്യൂഡൽ കാലഘട്ടത്തിലേക്കു പ്രവേശിച്ചത്. പതിനാറാം നൂററാണ്ടിൽ, നീണ്ടുനിന്ന ഒരു ഫ്യൂഡൽ ഏകാധിപത്യത്തിന്റെ മൂശയിൽക്കൂടി പുറത്തുവന്ന ജപ്പാൻ

സാമ്പത്തികപുരോഗതിയുടെ വെന്നിക്കൊടിയുമായി യൂറോപ്പിലെ പുത്തൻ പരിഷ്കാരത്തെ—പോരാ, ചൈനയുടേതുതന്നെയായ പരിഷ്കാരത്തെ—വെല്ലുവിളിക്കുകതന്നെ ചെയ്തു.

---

## അദ്ധ്യായം 7

# ദേശീയ ഐക്യത്തിൻെറ പുനഃസ്ഥാപനം

പുത്തനായ ഒരു രാഷ്ട്രീയ ഐക്യത്തിനു അടിത്തറയിടുവാൻ പതിനാറാം നൂററാണ്ടിലെ ആദ്യകാലങ്ങളിൽ ജപ്പാനു കഴിഞ്ഞെങ്കിലും, കേന്ദ്രീകൃതമായ ഒരു ഭരണയന്ത്രം പുനഃസ്ഥാപിക്കാൻ സാധിച്ചില്ല. ചിന്നിച്ചിതറിക്കിടന്നിരുന്ന ഘടകങ്ങൾ ഒത്തുചേന്നാൽ—നയിക്കുവാൻ ഒരു ശക്തി രൂപീകരിക്കാൻ കഴിഞ്ഞാൽ—ഈ അടിത്തറ ഉയന്നേനെ.

വിസ്തൃതിയിലും ഭരണകാര്യങ്ങളിലും വൈവിദ്ധ്യമുള്ള അനേകം ഘടകങ്ങൾ സ്വയം പര്യാപ്തതനേടി ഷോഗണിൻെറ കീഴിൽ അങ്ങിനെതന്നെ നിലനിന്നുപോന്നു. അധികാരസ്ഥാനത്തുനിന്നും അനുവദിച്ചുകിട്ടുന്ന ലഘുവായ സമ്പാദ്യങ്ങളിൽ സംതൃപ്തരായി, ചെറിയ സൈനിക ഉദ്യോഗസ്ഥന്മാരുടെ കീഴിൽ സംഘടിച്ച്, മേഖലഉടമയോടുള്ള കെട്ടുപാടിനെമാത്രം മാനിച്ച്, ഡൈമിയോ മേഖലകളിലെ കൊച്ചുകുടുംബങ്ങൾ കാലം കഴിച്ചു.

കൈവശമുള്ള സൈനികശക്തി വികസിപ്പിച്ച് സ്വശക്തി വളത്തുവാൻ ഓരോ ഘടകവും ഉററു ശ്രമിച്ചിരുന്നു. ശക്തിയേറിയ ചില ഘടകങ്ങൾ വിപുലമായ സൈനികസന്നാഹങ്ങൾതന്നെ ഏർപ്പെടുത്തി. കെൽപ്പുകുറഞ്ഞ അയൽരാജ്യങ്ങളെ വിഴുങ്ങി തങ്ങളുടെ ആധിപത്യം പ്രകടമാക്കി, ചില മിടുക്കന്മാർ,

പതിനാറാം നൂററാണ്ടിൻെറ ഉത്തരാർദ്ധമായതോടെ ഈ പോക്ക് ജപ്പാനെ ഒററക്കൊടിക്കീഴിൽ ഒതുങ്ങുന്ന ഒരു കോയ്മയായി മാററി. ക്യോട്ടോവിൻെറ കിഴക്കുഭാഗത്തുള്ള ആധുനിക നഗോയാനഗരത്തിൻെറ ചുററുമുള്ള മൂന്നു ദേശങ്ങളുടെ മന്നനായിരുന്ന ഓഡാ നൊബുനാഗാ എന്ന വിക്രമിയാണ് ആദ്യമായി ഐക്യത നേടിയ ജപ്പാനിലെ നടുനായകമായി വിലസിയ ഭരണാധികാരി. 1568-ൽ തലസ്ഥാനനഗരി പിടിച്ചടക്കിയതോടെ ഇദ്ദേഹം ജപ്പാൻെറ ഏകാധിപതിതന്നെയായി. എന്നാൽ അഭിലാഷങ്ങൾ മുഴുവൻ സാക്ഷാത്കരിക്കപ്പെടാതെ 1582-ൽ കുശാഗ്രബുദ്ധിയായ ഒരു എതിരാളിയുടെ മാരകായുധത്തിനു വിധേയനായി അദ്ദേഹം കാലയവനികയിൽ മറഞ്ഞുപോയി.

ഹിഡിയോഷിക്ക്—നൊബുനാഗയുടെ ഏററവും പ്രഗത്ഭ സൈനികമേധാവിയ്ക്ക്—ജപ്പാൻെറ അധിപനാവാൻ വിഷമമുണ്ടായില്ല. നൊബുനാഗയുടെ മരണശേഷം അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളെ നിശ്ശേഷം തുടച്ചുനീക്കിക്കൊണ്ട് ഹിഡിയോഷി അധികാരത്തിൻെറ കൊടുമുടിയിലെത്തി.

1587-ൽ ദക്ഷിണ കൃഷുവിലെ മഹൽശക്തിയായ സത്സുമായിയെ ഹിഡിയോഷി നാമാവശേഷമാക്കി, പടിഞ്ഞാറൻ ജപ്പാനിലും ആധിപത്യമുറപ്പിച്ചു. മൂന്നുകൊല്ലത്തിനകം കിഴക്കൻ ജപ്പാനും വടക്കൻ ജപ്പാനും അദ്ദേഹത്തിൻെറ മുമ്പിൽ മുട്ടുമടക്കി. അങ്ങിനെ ഒരു നൂററാണ്ടോളം നീണ്ടുനിന്ന നിരന്തരമായ സംഘട്ടനങ്ങൾക്കുശേഷം പെട്ടെന്ന് ഐക്യത്തിലെത്തിച്ചേർന്ന ജപ്പാനിൽ സമാധാനത്തിൻെറ കിരണങ്ങൾ വെള്ളവീശി.

യുദ്ധംചെയ്യാൻ മാത്രം പരിചയമുള്ള ബഹുസഹസ്രം പടയാളികളുടെ സർവ്വാധിപതിയായിട്ടാണ് ഹിഡിയോഷി പിറേറന്നു ഉണർന്നെണീററത്. ചൈനയെ ചവിട്ടടിയിലാക്കിയാൽ ഒരു ദിഗ്‌വിജയത്തിനു തുല്യമാണതെന്ന് ഹിഡിയോഷി തീരുമാനിച്ചു. കൊറിയായിൽകൂടി ചൈനയിലെത്തുവാൻ ജനങ്ങൾ ഹിഡിയോഷിയെ സമ്മതിക്കാഞ്ഞതിനെത്തുടർന്ന്, 1592-ൽ

അദ്ദേഹം ചൈനയിലേക്കു തിരിഞ്ഞു. കൊറിയയെ ഒട്ടുമുക്കാലും തകക്കാൻ കഴിഞ്ഞെങ്കിലും, അയൽ രാജ്യത്തിൻെറ സഹായാത്ഥം എത്തിക്കൂടിയ ചീനപ്പട്ടാളത്തോടേററുമുട്ടിയപ്പോഠം യുദ്ധത്തിൻെറ 'പുളി' അദ്ദേഹം മനസ്സിലാക്കി. ജപ്പാൻകാക്കു് ദക്ഷിണകൊറിയയിലേക്കു പിൻവലിയാതെ ഗത്യന്തരമില്ലെന്നു വന്നു. പിന്നെ, 1598-ൽ ഹിഡിയോഷി മരണമടഞ്ഞതോടെ അദ്ദേഹത്തിൻെറ പട്ടാളക്കാർ സ്വരാജ്യത്തേക്കു തിരിഞ്ഞോടുവാൻ ഒരു ഒഴികഴിവും കണ്ടുപിടിച്ചു.

ഹിഡിയോഷിയുടെ മരണംമൂലം ഉളവായ രാഷ്ട്രീയവിടവു നികത്താൻ അദ്ദേഹത്തിൻെറ പ്രതിപുരുഷനായ ടോക്കുഗാവാ ഈയാശ്രു തയ്യാറെടുത്തു. ഈയാശ്രുവായിരുന്നു പിന്നീടു് ടോക്കിയോനഗരമായിത്തീന്ന ഹിഡോ ഗ്രാമത്തിൻെറ അധിപൻ. അവിടെ ഹിഡിയോഷി പണിതുയത്തിയിരുന്ന ഒസാകാ കൊട്ടാരം കൈവശപ്പെടുത്തുകയും, ഹിഡിയോഷി കുടുംബാംഗങ്ങളുടെ ഉന്മൂലനാശം വരുത്തുകയും ചെയ്തശേഷം 1600-ൽ ഈയാശ്രു ചെങ്കോലെടുത്തു.

ഈയാശ്രുവിനു് ഒരു നിർബ്ബന്ധമുണ്ടായിരുന്നു; തൻെറ കാലശേഷവും ജപ്പാൻ ജനതയെ ഉറപ്പിച്ചുനിത്തുന്ന ഒരു രാഷ്ട്രീയ സംവിധാനം ഉടലെടുത്തുകാണണമെന്നു്. രാഷ്ട്രീയഭദ്രത ഉറപ്പിക്കുക എന്നതായിരുന്നു ഈയാശ്രുവിൻെറ പരമമായ ലക്ഷ്യം. അദ്ദേഹത്തിൻെറ അനുയായികഠം ഈ ലക്ഷ്യത്തിലേക്കു നീങ്ങുക തന്നെചെയ്തു. 17-ാം നൂററാണ്ടിൻെറ ആദ്യകാലങ്ങളിൽ ഏതാണ്ടു് വിപ്ലവാത്മകമായ ഒരു നയംതന്നെ ഈ ലക്ഷ്യത്തെ മുൻനിറുത്തി അവർ സ്വീകരിക്കുകയുണ്ടായി.

ഈഡോവിലെ കൊട്ടാരത്തിനു ചുററുമായി സംഘടിപ്പിക്കപ്പെട്ട സൈനികതലസ്ഥാനം ലോകത്തിൽ നിമ്മിച്ചിട്ടുള്ള ഏററവും വലിയ നെടുങ്കോട്ടകളിലൊന്നായി ഉയന്നുപൊങ്ങി.

കാൻേറാ സമതലപ്രദേശമുഠപ്പെടെ മദ്ധ്യജപ്പാനും പശ്ചിമതീരപ്രദേശത്തെ പഴയ തലസ്ഥാനനഗരിയും അങ്ങിനെ

ടോക്കഗാവാവംശക്കാരുടെ കീഴിലായിത്തീർന്നു. ഈ കേന്ദ്ര പ്രദേശം രാജ്യത്തിൻെറ ഹൃദയസ്ഥാനമായിരുന്നു. ടോക്കഗാവാവംശത്തിലെ മൂന്ന് സൈനികകുടുംബങ്ങളെ മൂന്നു കേന്ദ്ര സ്ഥാനങ്ങളിലായി പാർപ്പിച്ചു. ഈഡോവിൻെറ കിഴക്കഭാഗത്തുള്ള മിറോ പട്ടണം, ടോക്കഗാവാരാജ്യത്തിൻെറ മദ്ധ്യ പ്രദേശമായ നഗോയാ, പശ്ചിമഭാഗത്തുള്ള ഒസാക്കാനഗരത്തിൽനിന്നു് ഏതാനും മൈൽ തെക്കമാറി നിലകൊള്ളുന്ന വാക്കായാമാ, എന്നിവയായിരുന്നു അവ. മദ്ധ്യപ്രദേശത്തുള്ള ബാക്കി സ്ഥലങ്ങൾ കൃഷിഭൂമികളായി തരംതിരിക്കപ്പെട്ടു. ടോക്കഗാവാവംശത്തിലെ കുടുംബക്കാരും അവരുടെ മിത്രങ്ങളുമായിരുന്നു ഈ കൃഷിഭൂമികളുടെ ഉടമസ്ഥന്മാർ. വമ്പിച്ച കൃഷിഭൂമിയുടെ ഉടമസ്ഥന്മാരെ "പാരമ്പര്യമുള്ള ഡെയ്മ്യോ" എന്നും, താഴ്ന്ന കുടിയാന്മാരെ "വാഹകന്മാരെ"ന്നും വിളിച്ചുപോന്നു. മദ്ധ്യപ്രദേശത്തിൻെറ വടക്കും പടിഞ്ഞാറും ഭാഗങ്ങളിലായി ഡെയ്മ്യോരാഷ്ട്രം നീണ്ടുകിടന്നിരുന്നു. 1600-ാമാണ്ടിൽ ഈയാശു വിജയം പ്രഖ്യാപിച്ചതിനു ശേഷമാണ് ഡെയ്മ്യോ പ്രസ്തുത ഭരണത്തെ അംഗീകരിച്ചതു്.

രണ്ടു വിഭാഗത്തിലുള്ള ഡേയ്മ്യോകൾക്കും തങ്ങളുടെ രാഷ്ട്രങ്ങളിൽ സ്വയംഭരണം അനുവദിക്കപ്പെട്ടിരുന്നു. എന്നാൽ പുതിയ കേന്ദ്രഭരണകൂടത്തിനെതിരെ ആരും പട്ടാളക്കൂട്ടുകെട്ട് ഉണ്ടാക്കാനിടയാകാത്തവിധം ടോക്കഗാവാവംശം അതിസൂക്ഷ്മമായ നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തി. കോട്ടകൾ പണിയുകയോ കേടുപാടു തീർക്കുകയോ ചെയ്യുന്നതിനെ കർശനമായി നിരോധിച്ചിരുന്നു. ഒരോ ഡെയ്മ്യോവേയും ഇഡോയിൽ താമസിക്കുവാനായി നിർബ്ബന്ധം ചെലുത്തി. അതിനാൽ സ്വന്തം കൃഷിഭൂമിയിലും ഇഡോവിലും അവർ മാറിമാറി പ്പാർത്തു. "സ്ത്രീകൾ ഇഡോവിൽനിന്നു പുറത്തേക്കു പോകുന്നുണ്ടോയെന്നും, വെടിക്കോപ്പുകൾ ഇഡോവിലേക്കു കടത്തുന്നുണ്ടോയെന്നും" സസൂക്ഷ്മം പരിശോധിക്കുന്നതിനായി പ്രധാന

പ്പെട്ട അതിർത്തിയിലെല്ലാം കാവൽ ഏർപ്പെടുത്തിയിരുന്നു. എന്തുകൊണ്ടെന്നാൽ, ഇതെല്ലാം കലഹത്തിനു വിത്തുപാകിയേക്കുമെന്നു അവർ ഭയപ്പെട്ടു.

ഡെയ്മ്യോവിലുള്ള അധീശത്വം സ്ഥാപിക്കാൻ ഇഡോ കൈക്കൊണ്ട ഏററവും രസകരമായ മാർഗ്ഗം 'മെട്സുകെ' എന്നു പേരായ ഒരു ഔദ്യോഗികസംഘം രൂപീകരിച്ചതായിരുന്നു. ടോക്കുഗാവാ ഉദ്യോഗസ്ഥന്മാരുടെ ദുർന്നടപടികളേയും ദുർഭരണത്തേയും കുറിച്ചന്വേഷിക്കുവാനും, ഭരണകൂടത്തിന്നെതിരായി നടക്കുന്ന ഗൂഢാലോചനകളെ കണ്ടുപിടിക്കുവാനുമാണ് 'മെട്സുകെ' നിയുക്തരായിരുന്നതു്. ലോകത്തിൽ ഇദംപ്രഥമമായി സമർത്ഥമായ ഒരു രഹസ്യപ്പോലീസ്നിര സ്ഥാപിച്ച് അതിൽക്കൂടി രാഷ്ട്രത്തെ ശക്തിപ്പെടുത്താനുദ്യമിച്ച ആദ്യത്തെ ഭരണകൂടം എന്ന നിലയിൽ ഇഡോ ഗവമ്മേണ്ടു് പ്രാമുഖ്യമർഹിക്കുന്നു.

ഒരു കടങ്കഥയായിത്തീർന്ന പുരാതനഭരണകൂടത്തിന് ഇഡോ കാര്യമായ വ്യതിയാനമൊന്നും വരുത്തിയതേയില്ല. 1603-ൽ ഈയാസ്സു സ്വയം ഷോഗൻ എന്ന സ്ഥാനനാമം സ്വീകരിച്ചു. ചക്രവത്തിയുടെ സർവ്വസൈന്യാധിപൻ എന്നു മാത്രമാണല്ലൊ ആ സ്ഥാനപ്പേരിന്റെ അത്ഥം. തന്റെ മരണശേഷം കുടുംബത്തിന്റെ അധികാരാവകാശങ്ങൾ നഷ്ടപ്പെടാതിരിക്കാൻ അദ്ദേഹം, രണ്ടു വർഷങ്ങൾക്കുശേഷം, സ്ഥാനത്യാഗം ചെയ്യുകയും, പുത്രന്മാരിലൊരുവനെ ഷോഗനായി അവരോധിക്കുകയും ചെയ്തു. തന്മൂലം 1616-ൽ ഈയാസ്സുവിന്റെ മരണശേഷം യാതൊരു രാഷ്ട്രീയ പ്രത്യാഘാതങ്ങളും ഉണ്ടായില്ല.

ഭാവിയിലുണ്ടായേക്കാവുന്ന ഏതെങ്കിലുമൊരു ഷോഗന്റെ ബുദ്ധിമോശംമൂലം തങ്ങളുടെ വംശത്തിനു് വിനാശം സംഭവിക്കരുതെന്നു് ആദ്യകാലത്തെ ഇഡോനേതാക്കൾക്കു നിർബ്ബന്ധമുണ്ടായിരുന്നു. ഷോഗന്റെ സഹായമില്ലാതെതന്നെ ഭരണചക്രം ഉരുളാൻ പര്യാപ്തമായ വിധത്തിൽ സുശക്തവും സങ്കീ

ണ്ണവുമായ ഒരു കേന്ദ്രഭരണകൂടമാണ് അവർ കെട്ടിപ്പടുത്തതു്. ഇഡോവിലെ ചെറുകുടിയാന്മാരുടെ കാര്യങ്ങൾക്ക മേൽനോട്ടം വഹിക്കുന്ന ഒരു സ്റ്റേററ്സഭയും, ധാരാളം സിവിൽ ഉദ്യോഗസ്ഥന്മാരും, പ്രധാനമന്ത്രിയും (ഈ സ്ഥാനം പലപ്പോഴും ഒഴിഞ്ഞുകിടന്നിരുന്നു) മെട്സുകെയും ഒത്തുചേന്നതായിരുന്നു ഈ ഭരണചക്രം.

ക്രമേണ വികസിച്ചുകൊണ്ടിരുന്ന ടോക്കുഗാവാ കുടുംബത്തിൽനിന്നും, "പാരമ്പര്യ ഡെയ്മ്യോ"കളിൽനിന്നും "വാഹകന്മാരി"ൽനിന്നുമാണ് സിവിൽ ഉദ്യോഗത്തിനുള്ള ആളുകളെ തിരഞ്ഞെടുത്തിരുന്നതു്.


ഇങ്ങിനെ രാഷ്ട്രീയമായ ഭദ്രതയ്ക്കൊപ്പം ആദിമ ടോക്കുഗാവാവംശക്കാർ സാമൂഹ്യഭദ്രതയുള്ള മാർഗ്ഗങ്ങളും ആസൂത്രണം ചെയ്തിരുന്നു. യഥാർത്ഥ വിശുദ്ധരാജ്യവിഭാഗക്കാരുടെ പട്ടാളശക്തി അമർത്തുകയും, വ്യാവസായികനഗരമായ ഒസാക്കാ കൈവശമാക്കുകയും ചെയ്ത നൊബുനാഗാമദ്ധ്യവർത്തികളുടേയും കൃഷിക്കാരുടേയും രാഷ്ട്രീയമായ ഉണർവ്വിന്റെനേരെ ആഞ്ഞൊരടി കൊടുക്കുകയാണ് ചെയ്തതു്. ഹിഡിയോഷിയാകട്ടെ, ആദ്യകാല ഫ്യൂഡൽവർഗ്ഗത്തിന്റെയിടയിൽ പിളപ്പുണ്ടാക്കി. താണവർഗ്ഗക്കാരുടെ രാഷ്ട്രീയാഭിലാഷങ്ങളെ തട്ടിത്തകർത്തും അദ്ദേഹംതന്നെയായിരുന്നു. കർഷകവർഗ്ഗത്തെയും അഭിജാതരായ സൈനികവർഗ്ഗത്തേയും അദ്ദേഹം വേർപെടുത്തുകയും, എല്ലാ കർഷകരും തങ്ങളുടെ വാളും മററായുധങ്ങളും ഗവർമ്മേണ്ടിലേക്ക അടിയറവെച്ച് കർഷകപ്പോരാളികളെന്ന നില കൈവെടിയണമെന്ന് ആജ്ഞാപിക്കുകയും ചെയ്തു.

ടോക്കുഗാവാവംശക്കാർ ഈ നയത്തെ പിൻതുടരുകയാണുണ്ടായതു്. കൺഫ്യൂഷ്യാനിസത്തിലെ സാമൂഹ്യതത്വങ്ങൾ സ്വീകരിച്ചുകൊണ്ടു അവർ സമൂഹത്തെ നാലു വർഗ്ഗങ്ങളായി തരംതിരിച്ചു. പോരാളികളായ നീതിപാലകൻ, കർഷകൻ, പണ്ഡിതൻ, കച്ചവടക്കാരൻ എന്നിവർ ഉൾപ്പെട്ടതായിരുന്നു

ഈ വർഗ്ഗങ്ങരം. ഉയൎന്ന മണ്ഡലത്തിൽ വിരാജിച്ചിരുന്ന നീതിപാലകന്മാരുടെ വർഗ്ഗം കൃത്രിമമായി നിർമ്മിക്കപ്പെട്ടതായിരുന്നു. ഈ അഭിജാതവർഗ്ഗത്തിന്ന് 'സമുറായ്' എന്നു നാമകരണംചെയ്തു. കൺഫ്യൂഷ്യൻ തത്വസംഹിതയനുസരിച്ച് ഈ സമൂഹക്രമത്തിൽ ഏററവും താണപടിയിൽ നിന്നിരുന്നതു് കച്ചവടക്കാരായിരുന്നു. അവർ ഉല്പാദനങ്ങളൊന്നും ഉണ്ടാക്കുന്നില്ലെന്നതായിരുന്നു ഇതിന്നു പറഞ്ഞ കാരണം. പതിനേഴാം നൂററാണ്ടിലെ ക്രമമനുസരിച്ചുപോലും ഈ വർഗ്ഗവിവേചനം പിന്തിരിപ്പനായിരുന്നെങ്കിലും, 'സമുറായ്' വർഗ്ഗക്കാർ രണ്ടര നൂററാണ്ടുകാലം കണ്ണുമടച്ച് ഈ സമ്പ്രദായം അനുഷ്ഠിച്ചുപോന്നു.

രാഷ്ട്രീയഭദ്രത കൈവരുത്തുന്നതിന്ന് ഉദ്യോഗവൎമ്മേണ്ടു് സ്വീകരിച്ച ഏററവും പ്രബലമായ നടപടി വിദേശബന്ധങ്ങരം കെട്ടിപ്പൂട്ടുക്കുകയായിരുന്നു. യൂറോപ്യൻമാരുടെ വിദൂര പൂർവ്വദിക്കിലേക്കുള്ള ആഗമനം ജാപ്പനീസ് ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ചു. പോർത്തുഗീസ് കപ്പലോട്ടക്കാരായിരുന്നു ആദ്യമായി ജപ്പാനിൽ കാൽകുത്തിയ യൂറോപ്യന്മാർ. ക്യൂഷ്യൂദ്വീപിന്റെ തെക്കേതീരത്തു് 1542-ലോ 1543-ലോ അവർ കപ്പലിറങ്ങി. പോർത്തുഗീസുകാരും പശ്ചിമ ക്യൂഷ്യുവിലെ ഫ്യൂഡൽ പ്രഭുക്കന്മാരും തമ്മിൽ വ്യാപാരസമ്പൎക്കമുണ്ടാവാൻ പിന്നെ താമസമുണ്ടായില്ല. യൂറോപ്യൻ കച്ചവടക്കാരിൽനിന്നാണ് ജപ്പാൻകാർ വെടിക്കോപ്പുകരം ഉപയോഗിക്കാൻ പഠിച്ചതു്.

1549-നും 1551-നുമിടയ്ക്കു് പ്രസിദ്ധ ജെസ്യൂട്ട് പുണ്യവാളനായ സെൻറ് ഫ്രാൻസീസ് സേവ്യർ ജപ്പാനിൽ ക്രിസ്തുമതം പ്രചരിപ്പിക്കാനാരംഭിച്ചതോടെ പോർത്തുഗീസ്സുകാരുമായുള്ള ബന്ധം ഒരു പുതിയ രൂപം കൈക്കൊണ്ടു. അദ്ദേഹവും, അദ്ദേഹത്തെ പിൻതുടൎന്നുവന്ന ജെസ്യൂട്ട് പാതിരിമാരും ജപ്പാനിൽ മതപരിവൎത്തനം നടത്തുന്നതിൽ കാൎയ്യമായ വിജയം നേടുകയുണ്ടായി, 1580-ാമാണ്ടു ആയപ്പോഴേക്കും ജപ്പാനിൽ



ജപ്പാൻ: ടോക്കുഗാവാ കാലഘട്ടത്തിൽ

ക്രിസ്ത്യാനികളുടെ എണ്ണം 1,50,000 ആയിരുന്നെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. പതിനേഴാം നൂററാണ്ടായതോടെ ഇവരുടെ സംഖ്യ ഇരട്ടിയായി വർദ്ധിച്ചു.

ക്രിസ്തുമതത്തെ മതപരമായ അടിസ്ഥാനത്തിൽ ടോക്കുഗാവാ എതിർക്കുകയുണ്ടായില്ലെങ്കിലും, തങ്ങളുടെ ഭരണത്തിനു് ഇതു് ഒരു ഭീഷണിയായിത്തീർന്നേക്കുമെന്ന ആശങ്കമൂലം സംശയത്തോടെയാണു് വീക്ഷിച്ചിരുന്നതു്. ഒരു യൂറോപ്യൻ "ഭരണാധിപതി"യായ പാപ്പായുമായി എന്തോ ഒരു തരം അനിശ്ചിതബന്ധം പുലർത്തിയിരുന്ന ക്രിസ്ത്യാനികൾ, ജപ്പാനിൽ പുനഃസ്ഥാപിക്കപ്പെട്ട ഐക്യത്തിനുതന്നെ ഒരു ഭീഷണിയായി പരിണമിച്ചു. തെക്കുകിഴക്കൻ ഏഷ്യയിൽ യൂറോപ്യന്മാർ തങ്ങളുടെ കോളനി വികസിപ്പിക്കാനുള്ള യത്നത്തിൻെറ മുന്നോടിയായിട്ടാണു് ക്രിസ്തീയ മതപ്രചാരകന്മാരുടെ മതപരിവർത്തനസംരംഭത്തെ ഹിഡിയോഷിയും പുരാതന ടോക്കുഗാവാകുടുംബക്കാരും വീക്ഷിച്ചതു്. അതിനാൽ ദേശീയരക്ഷയും രാഷ്ട്രീയ ഭദ്രതയും സ്ഥാപിക്കാൻ ക്രിസ്തുമതം പോയേ തീരൂ എന്ന നിഗമനത്തിൽ ജപ്പാനിലെ നേതാക്കന്മാർ എത്തിച്ചേർന്നു.

എല്ലാ ക്രിസ്തീയമതപ്രചാരകരുടേയും പ്രവർത്തനത്തെ നിരോധിച്ചുകൊണ്ടു 1577-ൽ ഹിഡിയോഷി കല്പന പുറപ്പെടുവിച്ചു. 1593-ൽ ഒമ്പതു യൂറോപ്യൻ പാതിരിമാരേയും ഏഴു ക്രിസ്ത്യാനികളേയും അദ്ദേഹം വധിച്ചുകളഞ്ഞു.

ഈയാശ്ശുവാകട്ടെ ആദ്യം ഈ നയത്തിനു് എതിരായിരുന്നു. ഇക്കാലത്തു് പ്രോട്ടസ്റ്റൻറുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരുമായ കച്ചവടക്കാർ ജപ്പാനിലെത്തി. ഇവർക്കാർക്കും തന്നെ മതപരിവർത്തനത്തിൻെറ കാര്യത്തിൽ വലിയ താല്പര്യമൊന്നുമുണ്ടായിരുന്നില്ല. അതിനാൽ യൂറോപ്യൻരാജ്യങ്ങളുമായി കച്ചവടബന്ധം പുലർത്തുന്നതിനു് ക്രിസ്തുമതത്തെ താങ്ങേണ്ടതില്ലെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. 1609-ൽ ഹിരാഡോ എന്ന സ്ഥലത്തു ഡച്ചുകാർ ഒരു കച്ചവടത്താവളം ഉറപ്പിച്ചു. ഇതിനെത്തുടർന്നു 1613-ൽ

ഇംഗ്ലീഷുകാരും അവിടെ താവളം സ്ഥാപിച്ചു. ഇതേ അവസരത്തിൽ ഈയാശു ഹിഡിയോഷിയുടെ നയം സ്വീകരിച്ചു കൊണ്ടു് ക്രിസ്ത്യാനികളെ മർദ്ദിച്ചു. 1917-ൽ ഈയാശുവിൻെറ പിൻഗാമി അനേകം യൂറോപ്യൻ മതപ്രവാചകന്മാരേയും പ്രാദേശിക വിശ്വാസികളേയും കൊന്നൊടുക്കി. തുടർന്നുണ്ടായ വർഷങ്ങളിൽ ജപ്പാനിലുണ്ടായ മതപ്രവാചകന്മാരെയെല്ലാം വധിക്കുകയോ, രാജ്യം വിട്ടുപോകുവാൻ പ്രേരിപ്പിക്കുകയോ ചെയ്തു. ആയിരമായിരം ജാപ്പനീസ് ക്രിസ്ത്യാനികൾ ക്രിസ്തുമതം ഉപേക്ഷിച്ചു. അല്ലാത്തവർ രക്തസാക്ഷികളായി മരണം വരിച്ചു.

1637-38 ആയപ്പോൾ ക്രിസ്ത്യാനികളെ മർദ്ദിക്കുന്ന നടപടി നാടകീയമായി പര്യവസാനിക്കാനിടയായി. നാഗസാക്കിക്കടുത്തുള്ള ഒരു പ്രവിശ്യയിലെ ക്രിസ്ത്യൻ കൃഷീവലന്മാർ മതപരവും സാമ്പത്തികവുമായ സമ്മർദ്ദം സഹിക്കവയ്യാതെ ലഹളയ്ക്കൊരുങ്ങിയതു് ഇക്കാലത്തായിരുന്നു. ഈ വിപ്ലവകാരികളെ ഒന്നൊന്നായി കൊന്നൊടുക്കി. ഇതോടെ ഒരു സംഘടിതമതം എന്നനിലയിൽ ക്രിസ്തുമതത്തിനു ജപ്പാനിലുണ്ടായ വേരു് അററുപോയി.

ഈയാശുവിൻെറ പിൻഗാമികൾ വിദേശീയരെയെല്ലാം സംശയദൃഷ്ടിയോടെയാണു് വീക്ഷിച്ചുകൊണ്ടിരുന്നതു്. തങ്ങളുടെ അധികാരാവകാശങ്ങൾ എങ്ങിനെയും നിലനിർത്താൻ ദൃഢബദ്ധരായിക്കൊണ്ടു് അവർ ജപ്പാൻെറ തീരപ്രദേശത്തേക്കുള്ള വിദേശവ്യാപാരികളുടെ ആഗമനത്തെ പ്രതിരോധിച്ചു. ഹിരാഡോയിലെ കച്ചവടത്താവളം ലാഭകരമല്ലെന്നുകണ്ടതിനാൽ നേരത്തെതന്നെ ഇംഗ്ലീഷുകാർ അതുപേക്ഷിച്ചു് പൊയ്ക്കഴിഞ്ഞിരുന്നു. 1624-ൽ സ്പെയിൻകാരെയെല്ലാം ജപ്പാനിൽനിന്നു് ആട്ടിപ്പായിച്ചു. 1638-ൽ പോർത്തുഗീസുകാരും കെട്ടുകെട്ടി. രണ്ടു വർഷങ്ങൾക്കുശേഷം വ്യാവസായികബന്ധം പുനഃസ്ഥാപിക്കുന്നതിനെപ്പററി ആലോചിക്കാൻ അവർ രണ്ടു ദൂതന്മാരെ അയച്ചു.

ജപ്പാൻകാർ അവരെ ഇരുവരേയും വധിച്ചുകളയുകയാണു് ചെയ്തതു്.

ടോക്കുഗാവാ വംശക്കാർ തങ്ങളുടെ വിദേശവ്യാപാരികളുടെ നേരെ കൈക്കൊണ്ടതു് ഇതുപോലുള്ള നയംതന്നെയായിരുന്നു. വിദേശത്തുള്ള ജപ്പാൻകാരും കച്ചവടക്കാരും വീണ്ടും ജപ്പാനിലേക്കു ക്രിസ്തുമതമോ മററേതെങ്കിലും അപകടകരമായ ആശയങ്ങളോ കൊണ്ടുവന്നേക്കുമെന്നു ഭയന്നു്, മേലിൽ ജപ്പാൻകാർ വിദേശത്തേക്കു പോകുന്നതിനേയും, വിദേശത്തുള്ള ജപ്പാൻകാർ നാട്ടിലേക്കു മടങ്ങിവരുന്നതിനേയും നിരോധിച്ചുകൊണ്ടു് 1636-ൽ ഇഡോ കല്പന പുറപ്പെടുവിച്ചു. രണ്ടു വർഷങ്ങൾക്കു ശേഷം വിദേശസഞ്ചാരത്തിനുതകുന്ന വലിയ കപ്പലുകളുടെ നിർമ്മാണംതന്നെ നിരോധിക്കപ്പെട്ടു. ജാപ്പനീസ് കച്ചവടക്കാരുടെ വിദേശവ്യാപാരം അങ്ങിനെ അവസാനിച്ചു. വിദേശങ്ങളിലായിപ്പോയ ആയിരമായിരം ജപ്പാൻകാർ മാതൃരാജ്യത്തിലേക്കു മടങ്ങിവരുവാൻ കഴിയാതെ അവിടെത്തന്നെ സ്ഥിരതാമസമുറപ്പിക്കാൻ പ്രേരിതരാകയുംചെയ്തു.

ഇത്തരം കർശനമായ പിന്തിരിപ്പൻ ദേശീയനയമാണു് അനുവർത്തിച്ചുപോന്നതെങ്കിലും, മററു രാജ്യങ്ങളുമായുള്ള ബന്ധം പൂർണ്ണമായി വിച്ഛേദിക്കുകയുണ്ടായില്ല. ബാഹ്യലോകത്തേക്കു തുറന്നിട്ട ഒരു ജാലകമായി അവർ നാഗസാക്കിയെ പരിഗണിച്ചുപോന്നു. അതിസൂക്ഷ്മമായ മേൽനോട്ടത്തിൽ ചൈനീസ് കച്ചവടക്കാരെ ജപ്പാൻ സന്ദർശിക്കാനും വ്യാവസായികബന്ധം പുലർത്താനും അനുവദിച്ചു. ഡച്ചുകാർ ഹിരാഡോയിൽ സ്ഥാപിച്ചിരുന്ന കച്ചവടത്താവളം നാഗസാക്കിയിലേക്കു മാററുകയും, ഡച്ചു കച്ചവടക്കാരെ അവിടെ തടവുകാരായി സൂക്ഷിക്കുകയുംചെയ്തു.

ടോക്കുഗാവാ വംശക്കാർക്കു് തങ്ങളുടെ ഭരണം നിലനിർത്തിപ്പോരുവാൻ ശക്തി മുഴുവൻ പ്രയോഗിക്കേണ്ടതായി വന്നുകൂടി. തങ്ങൾ ആഗ്രഹിച്ച രാഷ്ട്രീയഭദ്രത സ്ഥാപിക്കാൻ തന്മൂലം അവർക്കു് സാധിച്ചു. പതിനേഴാം നൂററാണ്ടിന്റെ മദ്ധ്യംമുതൽ

പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യംവരെയുള്ള കാലഘട്ടത്തിൽ യാതൊരു വിപ്ലവമോ, കുഴപ്പമോ സംഭവമോ ടോക്കുഗാവാവംശത്തെ അലട്ടുകയുണ്ടായില്ല.

രണ്ടു നൂററാണ്ടുകാലം തികച്ചും സമാധാനമായനിലയിൽ രാജ്യംഭരിച്ച ഈ ഡോഗവമ്മെണ്ടു് ജനങ്ങളിൽ മായാത്തൊരു മുദ്ര പതിപ്പിച്ചു. പതിനാറാം നൂററാണ്ടിൽ കലഹശീലരും സാഹസികരുമായി നിലകൊണ്ട ജപ്പാൻജനത പത്തൊൻപതാം നൂററാണ്ടായതോടെ നേതൃത്വത്തെ ചോദ്യം ചെയ്യാതെഎല്ലാം അനുസരിക്കുന്ന ഇണക്കമുള്ള സമൂഹമായിമാറി. അതിന്നനുസരണമായി അവരുടെ സ്വഭാവഗതിയിലും മാററംസംഭവിച്ചു. സുസ്ഥാപിതമായ മാർഗ്ഗങ്ങളുമായി അവർ ഇടപഴകിക്കഴിഞ്ഞിരുന്നു.

ടോക്കുഗാവാ കാലഘട്ടത്തിൽ നിണ്ടുനിന്ന സമാധാനം പലവിധത്തിലും ആ രാജ്യത്തിനു് ഒരു അനുഗ്രഹമായി പരിണമിച്ചു. സാമൂഹ്യസാമ്പത്തികപുരോഗതിയെ നിയന്ത്രിച്ചുകൊണ്ടും പഴയ രാഷ്ട്രീയ സാമൂഹ്യസംവിധാനക്രമം നിലനിർത്തിക്കൊണ്ടും ടോക്കുഗാവാ വംശക്കാർ ജപ്പാനെ പഴയ ഫ്യൂഡൽ ചട്ടക്കൂട്ടത്തിൽതന്നെ ഉറപ്പിച്ചുനിർത്തി. പതിനേഴാം നൂററാണ്ടിലെ പിന്തിരിപ്പൻ രാഷ്ട്രീയ സാമൂഹ്യസംവിധാനക്രമംതന്നെ അങ്ങിനെ പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യദശവരെ അഭംഗുരമായിത്തുടൎന്നു.

---

## അദ്ധ്യായം 8

# ഫ്യൂഡൽ ചട്ടക്കൂടിനു പിന്നിൽ മാററത്തിൻെറ ലക്ഷണങ്ങൾ

തങ്ങളുടെ രാഷ്ട്രീയസമ്പ്രദായത്തെ തുരങ്കംവെയ്ക്കുന്ന ഏതൊരു പരിവൎത്തനത്തേയും തട്ടുത്തുനിൎത്താൻ ടോക്കുഗാവാവംശക്കാർ അങ്ങേയററം പരിശ്രമിച്ചുകൊണ്ടിരുന്നുവെങ്കിലും, സമൂ




1941 ഡിസമ്പറിനുമുമ്പുള്ള ജാപ്പനീസ് സാമ്രാജ്യം

ഹത്തിലേയും സാമ്പത്തികക്രമത്തിലേയും ആന്തരീക പ്രവൎത്തനങ്ങളെ ഇളകാത്ത നിലയിൽ സൂക്ഷിക്കുക ദുഷ്കരമായിരുന്നു. പതിനാറാം നൂററാണ്ടായതോടെ, ഫ്യൂഡൽ ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങിനില്ക്കാൻ വയ്യാത്തവണ്ണം ജപ്പാനിലെ സമുദായവും സാമ്പത്തികക്രമവും വികസിക്കാനിടയായി.

ദേശീയ ഐക്യം സ്ഥാപിതമായതോടെ, അഷികാഗായുടെ കാലഘട്ടത്തിൽ നിലകൊണ്ടിരുന്ന പല സങ്കചിതമായ സാമ്പത്തികസമ്മൎദ്ദങ്ങളും നിയന്ത്രണങ്ങളും തുടച്ചുനീക്കപ്പെട്ടു. ഇതിനുമുമ്പെങ്ങുമില്ലാത്തവിധം വാണിജ്യം അഭിവൃദ്ധിപ്പെടാൻ തുടങ്ങി. പല ഡെയ്മ്യോകളായി വേൎതിരിക്കപ്പെട്ടെങ്കിലും യഥാൎത്ഥത്തിൽ ഒരു സാമ്പത്തികഘടകമായിത്തന്നെ ജപ്പാൻ നിലകൊണ്ടു. പഴയ കാലങ്ങളിലെ 'ഫ്യൂഡൽ ഫീസി'ൽനിന്നും മററു നിയന്ത്രണങ്ങളിൽനിന്നും വിമോചിതരായതോടെ, കച്ചവടക്കാൎക്ക് വാണിജ്യസംഘങ്ങളുടെ സഹായം ആവശ്യമില്ലെന്നായി. ഇവ ക്രമേണ അപ്രത്യക്ഷമായി. കുറേക്കൂടി സ്വതന്ത്രമായ സാമ്പത്തികക്രമത്തിൽ ഒററക്കൊററക്കുള്ള കച്ചവടക്കാരും കച്ചവടക്കാരുടേയും ഉല്പാദകരുടേയും സംഘങ്ങളും രൂപംകൊള്ളാൻ താമസമുണ്ടായില്ല.

ടോക്കുഗാവാ കാലഘട്ടത്തിൽ നീണ്ടുനിന്ന സമാധാനം ഇതിനുമുമ്പില്ലാത്തവിധത്തിലുള്ള അഭിവൃദ്ധിയും വാണിജ്യപുരോഗതിയും ജപ്പാനു പ്രദാനംചെയ്തു. വളരെ പെട്ടെന്ന് വൎദ്ധിച്ചുകൊണ്ടിരുന്ന കച്ചവടക്കാരുടെ വൎഗ്ഗം നഗരങ്ങളിലും പട്ടണങ്ങളിലും വിലാസലോലമായ ജീവിതം നയിച്ചു. ഫ്യൂഡൽകാലഘട്ടത്തിൽ സ്വപ്നം കാണുകപോലും ചെയ്തിട്ടില്ലാത്ത ഒന്നായിരുന്നു ഇതു്. എല്ലാവിധത്തിലുമുള്ള വ്യാപാരവും അഭിവൃദ്ധി നേടി. സാമ്പത്തികവികാസം നേടിയ രണ്ടു തലസ്ഥാനനഗരികളായ ഒസാക്കായിലും ഇഡോവിലും അരിയുടെ വിപണി വിപുലീകൃതമായിത്തീൎന്നു.

ഭരണവർഗ്ഗം കച്ചവടക്കാരെ സമൂഹത്തിൻെറ താഴ്ന്നപ ടിയിലാണ് പ്രതിഷ്ഠിച്ചിരുന്നതെങ്കിലും, സാമ്പത്തികജീവിതത്തിൽ അവർ ഉയന്ന പദവി അനുഭവിക്കാൻ തുടങ്ങി. ഇത്തരുണത്തിൽ ഡെയ്മ്യോ വർഗ്ഗത്തിനും സമുറായ് വർഗ്ഗത്തിനും സാമ്പത്തികക്ലേശം അഭിമുഖീകരിക്കേണ്ടിവന്നു. ടോക്കുഗാവാ കാലഘട്ടം മുന്നോട്ടു നീങ്ങിയതോടെ ഈ വർഗ്ഗത്തിലെ പല ആളുകളും നഗരത്തിലെ കച്ചവടക്കാർക്കു കടക്കാരായിത്തീർന്നുകഴിഞ്ഞിരുന്നു. കച്ചവടക്കാരുടെ വർഗ്ഗത്തെ അധഃകൃതരായി പരിഗണിച്ചുപോന്നിട്ടും കാലംചെന്നതോടെ ഡെയ്മ്യോ വർഗ്ഗക്കാരും സമുറായ് വർഗ്ഗക്കാരും അവരുമായി ബന്ധം പുലർത്തി. തങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്താൻ ഇവർ സമ്പന്നരായ കച്ചവടക്കാരുടെ പുത്രികളെ വിവാഹംചെയ്തു.

പത്തൊൻപതാം നൂററാണ്ടിൻെറ ഉദയത്തോടെ, പല കച്ചവട കുടുംബങ്ങളും വമ്പിച്ച സ്വത്തുക്കളുടെ അധിപതികളായിത്തീർന്നു. അങ്ങിനെ മുതലാളിമാരുടെ ഒരു വർഗ്ഗംതന്നെ പ്രത്യക്ഷപ്പെട്ടു. പരിചയസമ്പന്നരായ കച്ചവടക്കാരുടെ എണ്ണവും കുറവല്ലായിരുന്നു. അത്ഭുതകരമാംവണ്ണം ജപ്പാനിലെ സമ്പദ്വ്യവസ്ഥ പരിഷ്ക്കരിക്കാനുള്ള സംരംഭത്തിനു ഇതു വിത്തുപാകി. ബാഹ്യലോകവുമായി വാണിജ്യബന്ധം തുടർന്നുപോകുന്നതിനു് ജപ്പാൻെറ കവാടങ്ങൾ തുറന്നിട്ടതോടെ ഇതു അസന്നിദ്ധമായിത്തീരുകയും ചെയ്തു.

കാലക്രമേണ പോരാളികളായ ഭരണാധിപന്മാരെ പിൻതള്ളികൊണ്ടു് കച്ചവടക്കാർ ജപ്പാനിൽ സാമ്പത്തികമായ ആധിപത്യം സ്ഥാപിച്ചു. ടൊക്കുഗാവാ കാലഘട്ടത്തിൽ ഇവരുടെ ആധിപത്യം ഏററവും സുശക്തമായി കാണപ്പെട്ടതു് സാംസ്കാരികരംഗങ്ങളിലായിരുന്നു. നഗരങ്ങളിൽ ടോക്കുഗാവാസംസ്കാരമാണു് പ്രാമുഖ്യം കൈവരിച്ചിരുന്നതു്. അവിടെയുണ്ടായിരുന്ന വിഹാരമന്ദിരങ്ങളായിരുന്നു സാമൂഹ്യജീവിതത്തിൻെറ കേന്ദ്രസ്ഥാനങ്ങൾ. ഈ വിഹാരമന്ദിരങ്ങളിൽ സംഗീതം,

നൃത്തം, ആദിയായ കലകളിൽ പ്രാവീണ്യം നേടിയ ഗെയ്ഷാ എന്ന കലാകാരിക്കായിരുന്നു പ്രമുഖസ്ഥാനം. സ്ത്രീകളുമായി സ്വതന്ത്രമായി ഇടപഴകുന്നതിനു് ക്ഷീണിതരായ കച്ചവടക്കാരും ഉണവ്വില്ലാത്ത പോരാളിവീരന്മാരും ഈ വിഹാരരംഗങ്ങൾ കൂടക്കൂടെ സന്ദർശിച്ചു.

അക്കാലത്തു് ഗെയ്ഷായേയും വിഹാരമന്ദിരങ്ങളേയും കേന്ദ്രീകരിച്ചാണു് കലയും സാഹിത്യവുമെല്ലാം വികസിച്ചതു്. ഈ വിഹാരമന്ദിരവീഥികൾ ചിത്രങ്ങൾകൊണ്ടു് നിറക്കവാൻ ടോക്കുഗാവാ കാലഘട്ടത്തിലെ കലാകാരന്മാർ ഇഷ്ടപ്പെട്ടിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ പ്രസിദ്ധ നോവലെഴുത്തുകാരനായ സൈക്കാക്കു, ഗെയ്ഷാ സുന്ദരികളുടെ വിലാസലോലമായ ജീവിതത്തെ ചിത്രീകരിച്ചു നോവലുകൾ എഴുതുകയുണ്ടായി.

അക്കാലത്തെ നാടകങ്ങളിൽ നഗരത്തിലെ കച്ചവടക്കാരുടെ അഭിരുചിയാണു് പ്രതിഫലിച്ചിരുന്നതു്. ഇന്നും ജപ്പാനിൽ പൊതുജനാദരവു നേടിക്കഴിയുന്ന കാബുകി എന്ന പുതിയ നാടകരൂപവും ടോക്കുഗാവാ കാലഘട്ടത്തിലാണു് വികസിക്കാനിടയായതു്. അഭിനയത്തിലും രംഗസംവിധാനത്തിലും പ്രകടമാക്കിയ റിയലിസമായിരുന്നു ഈ നാടകരൂപത്തിൻെറ പ്രത്യേകത. ചലിക്കുന്ന ഒരു രംഗവേദി സജ്ജീകരിക്കുന്നതിൽ അതു വിജയം നേടി. രംഗസംവിധാനത്തിൻെറ കാര്യത്തിലാകട്ടെ, ഈ പുതിയ നാടകരൂപം പാശ്ചാത്യ നാടകവേദിയെപ്പോലും പിന്നിലാക്കുകയാണു് ചെയ്തതു്. അഷികാഗാ കാലഘട്ടത്തിലെ 'നൊ' നാടകരൂപത്തെ അപേക്ഷിച്ചു്, വികാരങ്ങൾ ചിത്രീകരിക്കുന്ന കാര്യത്തിൽ ഉയൎന്ന ഒരു നിലവാരം 'കാബുക്കി' പുലത്തുകയുണ്ടായി. അത്ഭുതവും സാഹസികതയും നിറഞ്ഞ രംഗങ്ങൾ തികച്ചും സ്വതന്ത്രമായി അതു പ്രകാശിപ്പിച്ചു.

കവിതയുടെ മണ്ഡലത്തിലും പട്ടണവാസികളുടെ സ്വാധീനശക്തി പ്രകടമായി കാണപ്പെട്ടു. മുപ്പത്തൊന്നു് അക്ഷരങ്ങൾ ഓരോ വരിയിലും നിബന്ധിച്ചുകൊണ്ടു രചിച്ചിരുന്ന ക്ലാ

സിക്കൽ കവിതയിൽ നിന്നു് വ്യത്യസ്തമായി പതിനേഴ് അക്ഷരങ്ങൾ ചേർത്തു് 'ഹൈകു' എന്ന പേരിൽ നവീനമായ ഒരു കവിതാരൂപം ഉടലെടുത്തു. ഒരു നല്ല കവിക്കു് ഏററവും സുന്ദരമായ 'ഹൈകു' രചിക്കാൻ കഴിഞ്ഞിരുന്നു. വികാരാവേശം ഈ ഈരടികളിൽ കൂടുതൽ ശക്തിമത്തായ മട്ടിൽ ഒതുക്കിനിറുത്തുവാനും സാധിച്ചു. പഴയ ക്ലാസിക്കൽ കവിതയെ അപേക്ഷിച്ചു് ഇതിൻെറ രൂപം വളരെ ചെറുതായിരുന്നു. ടോക്കുഗാവാ കാലഘട്ടത്തിൽ ഈ കവിതാരീതിയിലേക്കു തിരിഞ്ഞ പലരും അതിനെ വാക്കുകൾകൊണ്ടുള്ള ഒരു കസർത്തായി മാത്രമാണു് പരിഗണിച്ചുപോന്നതു്.

ഹിഡിയോഷിയുടേയും ആദിമ ടോക്കുഗാവാ വംശത്തിൻെറയും കാലഘട്ടത്തിലെ 'സെൻ' ചിത്രകല ഇക്കാലത്തു് സമൂലമായ ഒരു പരിവർത്തനത്തിനു് വിധേയമായിത്തീൎന്നു. സമൃദ്ധിയുടെയും സമ്പത്തിൻെറയും ഉദയത്തോടെ പ്രകൃതിദൃശ്യചിത്രരചനാസമ്പ്രദായം ഉപേക്ഷിക്കപ്പെട്ടു. വമ്പിച്ച കൊട്ടാരങ്ങൾ നിർമ്മിക്കുന്നതിലും അവയ്ക്കു നിറപ്പകിട്ടേകുന്നതിലുമായി ശ്രദ്ധമുഴുവൻ. സ്ക്രീനുകളിലും ചട്ടക്കൂടുകളിലും അലങ്കാരവേലകൾ ചെയ്യുന്ന പതിവും ആവിർഭവിച്ചു. ഇവയിൽ വർണ്ണമഷിയിൽ പ്രകൃതിരംഗങ്ങൾ ആലേഖ്യം ചെയ്യപ്പെട്ടു. സ്വർണ്ണവർണ്ണമാൎന്ന ഇലകളുടെ രൂപം നാലുവശവും വരച്ചു ഈ സ്ക്രീനുകൾക്കു മറവും അരികുപിടിപ്പിച്ചിരുന്നു. പതിനാറാം നൂററാണ്ടിൻെറ അന്ത്യദശയിൽ ഉയൎന്നുവന്ന മതബോധത്തിൻെറ ഫലമായി അതിമനോഹരമായ പ്രതിമകൾ നിർമ്മിക്കാനുള്ള സംരംഭം വളരെ നേരത്തെ സമാരംഭിച്ചിരുന്നു. അക്കാലത്തു് ബുദ്ധൻേറയും ബുദ്ധമത പുരോഹിതന്മാരുടേയും പ്രതിമകളും ഛായാപടങ്ങളും നിർമ്മിക്കപ്പെട്ടിരുന്നു. ഇവയിൽ പലതും പിന്നീടു് നഷ്ടപ്പെട്ടു. കൊട്ടാരങ്ങളും ക്ഷേത്രങ്ങളും കൊത്തുപണിചെയ്തു സുമോഹനമാക്കുന്നതിലാണു് ശില്പികൾ ശ്രദ്ധമുഴുവൻ കേന്ദ്രീകരിച്ചതു്.

സമാധാനവും ശാന്തിയും നിറഞ്ഞ ഈ കാലഘട്ടത്തിൽ വ്യാവസായിക ഉല്പന്നങ്ങൾ അഭിവൃദ്ധമായി. അതോടൊ

പ്പം വ്യാവസായിക ഉപയോഗത്തിനുതകുന്ന കലാവസ്തുക്കളുടെ നിർമ്മാണത്തിൽ പുരോഗതിയുണ്ടാവുകയും ചെയ്തു. ഇതൊരു വലിയ നേട്ടം തന്നെയായിരുന്നു. കളിമൺ പാത്രങ്ങൾ, പിഞ്ഞാണങ്ങൾ എന്നിവയുടെ നിർമ്മാണം ഉയർന്ന കലാപ്രവർത്തനങ്ങളായി ബഹുമാനിക്കപ്പെട്ടു. ചിത്രത്തൊങ്ങൽ വെച്ച സില്ക്കു തുണിയുടെ നിർമ്മാണംമൂലം തുണിവ്യവസായം പുരോഗതി പ്രാപിച്ചു. അരക്കുകൊണ്ടുള്ള സാധനങ്ങളും ചിത്രവേലചെയ്തു വമ്പിച്ചതോതിൽ പുറത്തിറക്കി. ഈ രംഗങ്ങളിലും, മററു പല വ്യാവസായിക കലാശില്പങ്ങളുടെ കാര്യത്തിലും, ജപ്പാൻ ഇന്നും ലോകത്തിലെ മറേറതു രാജ്യത്തിൻേറയും മുൻപന്തിയിൻ തന്നെ നില്ക്കുന്നു. വമ്പിച്ച തോതിലുള്ള ഉൽപാദനം, സാങ്കേതികമേന്മ, ഉന്നതമായ സൂക്ഷ്മബോധം എന്നീ പരിഗണനകൾ വെച്ചു നോക്കുമ്പോൾ ഇവയുടെ നിർമ്മാണത്തിൽ ജപ്പാൻകാരോടു കിടനില്ക്കാൻ മററാക്കും തന്നെ കഴിഞ്ഞിട്ടില്ല.


ടോക്കുഗാവാ കാലഘട്ടത്തിലെ കലകൾ പല പ്രകാരേണയും ജനസമ്മതി നേടിയവയായിരുന്നു. എന്നാൽ, ഇഡോ കാലഘട്ടം മുന്നോട്ടു നീങ്ങിയതോടെ, ഇവ കൂടുതൽ ജനസമ്മതി ആർജ്ജിക്കാനിടയായി. ശില്പികളുടെ പ്രവർത്തനം കളിക്കോപ്പു നിർമ്മാണത്തിലേക്കു തിരിഞ്ഞു. ചിത്രകാരന്മാരാകട്ടെ, നഗരജീവിതത്തേയും അവിടത്തെ ആളുകളേയും കേന്ദ്രീകരിച്ചു ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. സമുന്നതരായ കലാകാരന്മാർ ഭരണാധികാരികളുടെ കൊട്ടാരങ്ങൾ സുന്ദരമാക്കുന്നതിനു പകരം, പ്രബുക്കന്മാരുടെ അഭിരുചിക്കു യോജിച്ച ചിത്രങ്ങൾ ആലേഖ്യം ചെയ്തു. ഈ ജനകീയ ചിത്രകല, പത്തൊൻപതാം നൂററാണ്ടിൻെറ പ്രാരംഭത്തോടെ ഹൊകുസായ്, ഹിരോഷിജി—എന്നീ കലാകാരന്മാരുടെ രചനകളിലൂടെ അതിൻെറ പാരമ്യത്തിലെത്തി.

യൂറോപ്പിൻെറയും യൂറോപ്യൻ മാതൃകളുടേയും നേക്കുള്ള താല്പര്യം പുനർജ്ജീവിക്കാനിടയായി. ക്രിസ്തുമതത്തേയും ഒരുപക്ഷെ നേരിട്ടേക്കാവുന്ന വിദേശാക്രമണത്തേയും സംബന്ധി

ച്ചുള്ള പ്രശ്നങ്ങൾ ജനങ്ങളെ അലട്ടാതായി. പാശ്ചാത്യമാതൃകകൾ പഠിക്കുന്നതു നിരോധിച്ചുകൊണ്ടു നെടുനാളായി നില നിന്നിരുന്ന കല്പന 1720-ൽ ഇഡോ അധികാരികൾ റദ്ദുചെയ്തു. പെട്ടെന്നു് യൂറോപ്യൻ ശാസ്ത്രസംഹിതകൾ അഭ്യസിച്ച ഒരു സംഘം വിദ്യാർത്ഥികൾ സമൂഹത്തിൽ ഉയൎന്നുവന്നു. നാഗസാകിയിലെ ഡച്ചുകാരിൽനിന്നു പഠിച്ച ഡച്ചുഭാഷയിലൂടെ അവർ ജനങ്ങൾക്കിടയിൽ വിജ്ഞാനവിതരണത്തിനുള്ള പരിശ്രമം തുടങ്ങി. പത്തൊൻപതാം നൂററാണ്ടിന്റെ മദ്ധ്യദശയായതോടെ വെടിവെയ്പു്, ഭൂപടരചന, ലോഹം ഉരുക്കൽ, കപ്പൽനിർമ്മാണം, വൈദ്യം എന്നീ പാശ്ചാത്യ ശാസ്ത്രങ്ങളിൽ ജപ്പാനിലെ പണ്ഡിതന്മാർ പാരംഗതരായിത്തീൎന്നു. എണ്ണത്തിൽ കുറവായിരുന്നെങ്കിലും, ശാസ്ത്രീയ പ്രവൃത്തികൾ, കുറേക്കൂടി വമ്പിച്ചതോതിൽ, അവസരം കിട്ടുമ്പോൾ ചെയ്യുന്നതിനുള്ള ഒരു ശക്തിയായി അവർ രൂപം കൊണ്ടു.

ജപ്പാനെ ആധുനിക രൂപത്തിൽ കെട്ടിപ്പടുക്കാൻ സഹായിച്ച മറെറാരു ഉപാധി ടോക്കുഗാവാ കാലഘട്ടത്തിൽ ഉയൎന്നുവന്ന ശക്തിമത്തായ ദേശീയബോധമായിരുന്നു. പത്തൊൻപതാം ശതകമായതോടെ ജപ്പാൻ ജനത തികഞ്ഞ ദേശീയബോധമുള്ളവരായിത്തീൎന്നു. ഈ ദേശീയബോധമാണു് അവരുടെ രാജ്യത്തെ വളരെ പെട്ടെന്നു വിജയകരമായ നിലയിൽ പരിഷ്കൃതമാക്കിത്തീർത്തതെന്നു വേണം പറയുവാൻ.

പശ്ചിമയൂറോപ്പിലെന്നപോലെ ദീർഘകാലംകൊണ്ടു് സാവധാനത്തിലാണു് ജപ്പാനിൽ ദേശീയബോധം വളൎന്നുവന്നതു്. മററ ഏഷ്യൻ രാജ്യങ്ങളിൽ പ്രകടമാകുന്നതിനു മുമ്പുതന്നെ അതു ജപ്പാനിൽ പൂൎണ്ണമായി വികസിച്ചതെങ്ങിനെയെന്നാരായുന്നതു രസകരമായിരിക്കും. തങ്ങളുടെ ചരിത്രം ചൈനയുടെ നിഴലിലാണു കിടക്കുന്നതെങ്കിലും, അതു് ചൈനയുടേതിൽനിന്നു തികച്ചും വിഭിന്നമാണെന്നുള്ള ബോധമായിരിക്കണം ഈ മാററത്തിനു കാരണം.




ആധുനികകാലത്തെ വിദൂരപൂർവ്വദേശം

സാംസ്കാരിക സ്വാതന്ത്ര്യവും ദേശീയബോധവും അന്യൿ ടിപ്പെടാതെ സൂക്ഷിക്കാൻ മററുള്ളവരിൽനിന്നു ഒററപ്പെട്ടുള്ള കിടപ്പും, ചൈനയുടെ രാഷ്ട്രീയമുഷ്ടിക്കപിടികൊടുക്കാതെയുള്ള നിലയും ജപ്പാൻകാരെ സഹായിച്ചു. സ്വന്തം ഭാഷ സംസാരിച്ചുകൊണ്ടു് സ്വന്തം നാട്ടിൽ കഴിഞ്ഞുകൂടുന്ന തങ്ങഠം ജപ്പാൻകാരാണെന്നും ചൈനക്കാരല്ലെന്നും ഉള്ള ബോധം അവക്കുണ്ടായിരുന്നു. എന്നാൽ ചൈനയുമായി തുലനംചെയ്യുമ്പോഠം തങ്ങളുടെ നില യാതൊരു പ്രകാരത്തിലും മെച്ചപ്പെട്ടതല്ലെന്നും അവക്കറിവുണ്ടായിരുന്നു. എങ്കിലും അധമബോധത്തിനു പകരം, പുരാതനകാലംമുതലെ തങ്ങളുടെ വ്യക്തിത്വത്തിലും ജപ്പാൻേറതായ എല്ലാ വസ്തുക്കളിലും അവർ അഭിമാനംകൊണ്ടിരുന്നു.

കാമാകുരാ കാലഘട്ടത്തിൽത്തന്നെ ഇത്തരമൊരു മനോഭാവം നിലകൊണ്ടിരുന്നതായി കാണാൻ കഴിയും. അഷികാഗാ കാലഘട്ടത്തിലെ രാഷ്ട്രീയരചനകളിൽ അതു കുറേക്കൂടി വ്യക്തവുമായിരുന്നു. ഈ കാലഘട്ടത്തിലെ ഒരു പണ്ഡിതൻ എഴുതിയ ചരിത്രപുസ്തകത്തിൽ ദേശീയബോധത്തിനു നിറപ്പകിട്ടു നല്കുകയും ജാപ്പനീസ് രാഷ്ട്രീയസമ്പ്രദായത്തിൻെറ അപൂവ്വതകളെ എടുത്തു കാണിക്കുകയും ചെയ്തിരുന്നു. ജപ്പാൻ ദൈവീകമായ നിലയിൽ ഉല്പത്തിപ്രാപിച്ച ഒരു രാജ്യമാണെന്നും, ദൈവീകപാരമ്പര്യമുള്ള രാജകുടുംബതാവഴിക്കാരാണു് ആ രാജ്യം ഭരിച്ചുപോരുന്നതെന്നും ഉള്ള വസ്തുത ഇതിനു ഉപോൽബലകമായി അദ്ദേഹം രേഖപ്പെടുത്തുകയും ചെയ്തു.

ഫ്യൂഡൽ കാലഘട്ടത്തിലെ ബുദ്ധിജീവിതത്തിൽ വീണ്ടും പ്രാബല്യത്തിൽ വന്ന ഷിൻടോ സന്യാസികഠം ജപ്പാൻകാരിൽ ദേശീയബോധം കുത്തിവെയ്ക്കുന്നതിലേക്കായി പലതും പ്രവത്തിക്കുകയുണ്ടായി. പല നൂററാണ്ടുകളോളം ബുദ്ധമതത്തിൻെറ നിഴൽപററി കിടക്കുകയായിരുന്നു ഷിൻടോ മതം. എന്നാൽ ഫ്യൂഡൽദശയിൽ ബുദ്ധമതത്തിൻെറ പിടിയിൽനിന്നു് അതു ക്രമേണ വിട്ടുതൽ നേടുകയും പുതിയ വീയ്യം ആർജ്ജിക്കുകയും

ചെയ്തു. തങ്ങളുടെ മതം ബുദ്ധമതത്തെക്കാരം വിശിഷ്ടമാണെന്നു് ഷിൻടൊ സന്യാസികരം അവകാശപ്പെട്ടു. ബുദ്ധമതവിഗ്രഹങ്ങരം വൈദേശികങ്ങളാണെന്നും, തന്മൂലം ജാപ്പനീസ് ദൈവങ്ങളെക്കാരം താണപടിയിലുള്ളവയാണെന്നും അവർ പ്രഖ്യാപിച്ചു. വിദേശത്തുനിന്നു ഇറക്കുമതി ചെയ്യപ്പെട്ട എല്ലാററിലും ഈ അവമതി ആരോപിച്ചുകൊണ്ടു് ഷിൻടോ സന്യാസികരം ദേശീയമായ എല്ലാററിനും വലിയ പ്രാമാണ്യം നൽകി. ബൗദ്ധ-ചൈനീസ് സംസ്കാരങ്ങരം സ്വാധീനം ചെലുത്തിയ ജാപ്പനീസ് ചരിത്രത്തിലെ ആ പ്രത്യേകകാലഘട്ടത്തെ സുവർണ്ണദശയായി അവർ കണക്കാക്കി.

ടോക്കുഗാവാ ദശയിലെ രാഷ്ട്രീയൈക്യവും വിദേശവിരുദ്ധനയവും ദേശീയബോധത്തിൻെറ വളർച്ചയ്ക്കു ഉപകരിച്ചു. ചൈനീസ് കൺഫ്യൂഷ്യൻമതതത്വശാസ്ത്രത്തിൻെറ രക്ഷാധികാരികളായി ടോക്കുഗാവാ വംശക്കാർ പ്രവർത്തിച്ചതിൻെറ ഫലമായി ദേശീയബോധം ശക്തിപ്പെടുകയുണ്ടായി. ഈ തത്വശാസ്ത്രത്തിലുള്ള താല്പര്യം ചരിത്രപഠനത്തിലേക്കു് ആളുകളുടെ ശ്രദ്ധ തിരിച്ചുവിട്ടു. ചരിത്രപഠനം പുരാണകഥകളിലും കെട്ടുകഥകളിലും പണ്ഡിതന്മാരെ എത്തിച്ചു. മിറേറായിലുണ്ടായിരുന്ന ടോക്കുഗാവാ വംശത്തിൻെറ ഒരു ശാഖയുടെ അധിപൻ ചരിത്രകാരന്മാരുടെ ഒരു പ്രത്യേകസംഘംതന്നെ സ്ഥാപിക്കുകയുണ്ടായി. ഈ സംഘം പതിനേഴാം നൂററാണ്ടിൽ ജപ്പാൻെറ ചരിത്രരചനയാരംഭിച്ചെങ്കിലും, 20-ാം നൂററാണ്ടിൻെറ ആദ്യദശയിൽ മാത്രമാണു് പൂർത്തീകരിക്കപ്പെട്ടതു്.

ദേശീയബോധം വളർത്തുന്നതിന്നു് ഉത്തരവാദികളായ ചരിത്രകാരന്മാരുടെ മറെറാരു സംഘമുണ്ടായിരുന്നു. ജപ്പാനിലെ പഴയ പുരാണങ്ങളും കെട്ടുകഥകളും പഠിച്ചു് അവ അഭ്യസ്തവിദ്യരുടെയിടയിൽ പുനഃസ്ഥാപിക്കാൻ ശ്രമിച്ച ഷിൻടോ മതപണ്ഡിതന്മാരാണു് ഈ സംഘത്തിൽ ഉരംപ്പെട്ടിരുന്നതു്. പതിനെട്ടാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഈ ഷിൻടോ

പണ്ഡിതന്മാരിലൊരാൾ "കോജിക്കി" എന്ന ഗ്രന്ഥത്തിനു് ഒരു വിമൎശനമെഴുതുകയുണ്ടായി. ഇതു് ഈ ഗ്രന്ഥത്തെ ജാപ്പനീസ് ദേശീയതത്വത്തിൻെറ പ്രാരംഭചരിത്രഗ്രന്ഥമാക്കിത്തീൎക്കുവാൻ ഒട്ടധികം സഹായിച്ചു. അന്ധമായ ദേശീയതത്വത്തിൻെറ പേരിൽ ഇതു് സത്യസന്ധമാണെന്നു് അവർ വിശ്വസിക്കുകയും, അങ്ങിനെ കെട്ടുകഥകളെ ഗൗരവതരമായി വീക്ഷിക്കുന്ന ഒരു രാഷ്ട്രമായി ജപ്പാൻ നിലകൊള്ളുകയും ചെയ്തു.

പത്തൊൻപതാം നൂററാണ്ടിൻെറ പ്രഥമാർദ്ധത്തിൽ പെട്ടെന്നു് ബഹുജനങ്ങളുടെയിടയിൽ ഷിൻടോമതവിഭാഗങ്ങൾ പ്രത്യക്ഷപ്പെട്ടതായിരുന്നു ബുദ്ധിപരമായ ഈ ഉണർവ്വിൻെറ ഒരു പ്രത്യേകത. വളൎന്നുകൊണ്ടിരിക്കുന്ന ദേശീയബോധത്തിൻെറ പ്രതീകം മാത്രമായിരുന്നില്ല ഈ വിഭാഗങ്ങൾ. സാധാരണക്കാരുടെ ആദ്ധ്യാത്മികാവശ്യങ്ങളെല്ലാം നിറവേററാൻ ബുദ്ധമതത്തിനു് കഴിവില്ലെന്നും അവർ ഇതുകൊണ്ടു വ്യക്തമാക്കി. ഇന്നു്, ഏകദേശം ഒരു നൂററാണ്ടിനുശേഷം, പ്രധാനപ്പെട്ട പതിമൂന്നു് ഷിൻടോ വിഭാഗങ്ങളിലായി 10,000,000 അനുഭാവികൾ ഉൾപ്പെടുന്നു.

ജാപ്പനീസ് ചരിത്രത്തിൻെറ ആദ്യദശയിൽ ചരിത്രകാരന്മാരും ഷിൻടോ പണ്ഡിതന്മാരും സ്വാഭാവികമായി രാജകുടുംബത്തിൻെറ ഉന്നതനിലയെ പ്രതിപാദിക്കാനാണു് താല്പൎയ്യം പ്രദൎശിപ്പിച്ചതു്. ദേശീയവാദികളാവട്ടെ, മററു രാജ്യങ്ങളെ അപേക്ഷിച്ചു ജപ്പാനുള്ള മഹത്വത്തിനു നിദൎശനമായി ദൈവീകപാരമ്പൎയ്യത്തേയും രാജകീയ താവഴിയേയും എടുത്തുകാട്ടി. തങ്ങൾക്കു് ക്യോട്ടോവിൽ ഒരു ചക്രവൎത്തിയുണ്ടെന്നുള്ള ബോധം വീണ്ടും ജനതയ്ക്കു കൈവന്നു. തത്വപരമായി അദ്ദേഹമായിരുന്നു രാജ്യത്തിൻെറ ഏററവും ഉന്നതനായ ഭരണാധികാരി. രാഷ്ട്രീയമായിപ്പറഞ്ഞാൽ ചക്രവൎത്തിയും അദ്ദേഹത്തിൻെറ രാജധാനിയും ദുർബ്ബലമായിരുന്നു. എങ്കിലും രാജകീയതാവഴി ഇരുളിൽ നിന്നു വെളിച്ചത്തിലേക്കു നീങ്ങി. ചക്രവൎത്തിക്കു് രാജ്യവ്യാപ

കമായ പ്രാധാന്യം വീണ്ടും ലഭിക്കുകയും, യഥാൎത്ഥത്തിൽ ഒരു ഷോഗൻ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നതെന്താണെന്നു് ആളുകൾ അത്ഭുതപ്പെടുകയും ചെയ്തു.

പതിനെട്ടാം ശതകത്തിലും, പത്തൊൻപതാം ശതകത്തിന്റെ പ്രഥമാർദ്ധത്തിലും ടോക്കുഗാവാഭരണം യാതൊരു മാററത്തിനും വിധേയമാകാതെ ശാന്തമായി മുന്നോട്ടു നീങ്ങി. എന്നാൽ സാമ്പത്തികവളർച്ച ഫ്യൂഡൽ മുഖാവരണത്തിനു മാററം വരുത്തുകയും, ആധുനിക സാമ്പത്തികക്രമത്തിനു അനുയോജ്യമായി രാഷ്ട്രത്തെ പാകപ്പെടുത്താൻ സഹായിക്കുകയും ചെയ്തു. രാജ്യത്തെ പല കർഷകവിഭാഗങ്ങളായി വിഭജിച്ചിരുന്നെങ്കിലും, ജനങ്ങൾ ശക്തിമത്തായ ദേശീയബോധം പ്രകടിപ്പിച്ചിരുന്നു. അങ്ങിനെ ജപ്പാൻ ആദ്ധ്യാത്മികമായി ഒരു പരിഷ്കൃതരാഷ്ട്രമായിത്തീരുകയും, കൂടുതൽ അഭികാമ്യമായ രാഷ്ട്രീയമാതൃകയെ നുകരുവാൻ തയ്യാറാവുകയും ചെയ്തു.

---

## അദ്ധ്യായം 9

# ഒരു ആധുനികസ്റ്റേററിന്റെ ആവിർഭാവം

പത്തൊൻപതാം നൂററാണ്ടിന്റെ മദ്ധ്യദശയായതോടെ രാഷ്ട്രീയവും സാമൂഹ്യവുമായ പരിവൎത്തനങ്ങൾ ജപ്പാനിന്റെ വാതിലിൽ വന്നുമുട്ടി. പതിനേഴാം നൂററാണ്ടിന്റെ തുടക്കത്തിൽ തന്നെ അവിടെ നിലനിന്ന രാഷ്ട്രീയക്രമം മൗലികമായും പിന്തിരിപ്പനായിരുന്നതുകൊണ്ടു്, രണ്ടു നൂററാണ്ടുകൾക്കുശേഷം അതു തികച്ചും പഴഞ്ചനായിക്കഴിഞ്ഞിരുന്നു. രാഷ്ട്രീയഭദ്രത നിലനിർത്താൻ പര്യാപ്തമായ ഒരു സമ്പ്രദായം സൃഷ്ടിക്കുന്നതിൽ പുരാതന

ടോക്കുഗാവാവംശക്കാർ വിജയം നേടിയിരുന്നു. അതിനാൽ ഭരണയന്ത്രം താരതമ്യേന നിർവ്വിഘ്നമായി നീങ്ങിക്കൊണ്ടിരുന്നു. പുറമെനിന്നു ഒരു മഹൽശക്തി വരേണ്ടിവന്നു, ആ ഭരണക്രമത്തെ മാററിമറിക്കാൻ. ഈ ശക്തി യൂറോപ്യന്മാരാണ് പ്രദാനം ചെയ്തതു്. അവർ യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും വന്നവരായിരുന്നു.

ജപ്പാൻെറ തുറമുഖങ്ങൾ വിദേശക്കപ്പലുകൾക്കു തുറന്നുകൊടുക്കാൻ പത്തൊൻപതാം ശതകത്തിൻെറ പ്രഥമാർദ്ധത്തിൽ ആവശ്യപ്പെട്ടുകൊണ്ടു് അമേരിക്കക്കാരും ഇംഗ്ലീഷുകാരും റഷ്യക്കാരും തുടർച്ചയായി ജപ്പാനിലേയ്ക്കു് സൈന്യവ്യൂഹങ്ങളെ അയച്ചുകൊണ്ടിരുന്നു. ഈ ആവശ്യങ്ങൾ സമ്മതിച്ചുകൊടുക്കാൻ ഡച്ചുകാർ അവരെ നിർബ്ബന്ധിച്ചു. പക്ഷെ ഇഡോ ഭരണാധികാരികൾ തങ്ങളുടെ പഴയ നയത്തിൽ ഉറച്ചുനില്ക്കുകയാണുണ്ടായതു്. പാശ്ചാത്യശാസ്ത്രങ്ങൾ അഭ്യസിച്ച നാട്ടിലെ വിദ്യാർത്ഥികളുടെയിടയിലുള്ള ഏതാനും പണ്ഡിതന്മാർ ജപ്പാൻെറ തുറമുഖങ്ങൾ തുറന്നിടേണ്ടതിനെക്കുറിച്ചു ധൈര്യമായി പ്രസ്താവിച്ചെങ്കിലും, ഭൂരിപക്ഷം ജനങ്ങളും വിദേശികൾ തങ്ങളുടെ നാട്ടിൽ കാൽകുത്തുന്നതിനെ എതിർക്കുകയാണുണ്ടായതു്. എന്തായാലും ജപ്പാൻ സ്വമനസ്സാലെ അവരുടെ വാതിലുകൾ തുറക്കുകയില്ലെന്നു തീർച്ചയായിരുന്നു.

ഇനി കാത്തിരുന്നിട്ടു കാര്യമില്ലെന്നും ബലം പ്രയോഗിച്ചെങ്കിലും ജപ്പാൻെറ കവാടങ്ങൾ തുറക്കണമെന്നും അമേരിക്കൻ ഗവമ്മേണ്ടു തീർച്ചയാക്കി. ഇതിലേക്കായി ഒരു വമ്പിച്ച നാവികപ്പടയെ കമോഡോർ മാത്യു സി. പെരിയുടെ നേതൃത്വത്തിൽ അവർ അയച്ചു. 1853-ൽ പെരി ടോക്കിയോ ഉൾക്കടലിൽക്കൂടി ജപ്പാനിലെത്തി. വ്യാപാരബന്ധങ്ങൾ തുറക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള യുണൈറഡ് സ്റ്റേററ് പ്രസിഡണ്ടിൻെറ ഒരു കത്തു ജപ്പാൻെറ ഭരണാധികാരിക്കു കൊടുത്തശേഷം, മറു

പടിക്കായി താൻ അടുത്ത വർഷത്തിൽ തിരിച്ചുവരുമെന്നു പറഞ്ഞുകൊണ്ടു്, മഴക്കാലമായിരുന്നതിനാൽ അദ്ദേഹം റ്യൂക്യൂ ദ്വീപിലേക്കു പിൻവാങ്ങി.

ഈ പ്രതിസന്ധിഘട്ടത്തെ എങ്ങിനെ നേരിടേണ്ടു എന്നറിയാതെ ഇഡോ കുഴങ്ങി. അമേരിക്കൻ യുദ്ധക്കപ്പലുകളെ നേരിടാൻ തങ്ങളുടെ കടൽസേനയ്ക്കു കഴിവില്ലെന്നു ഇഡോവിനു നല്ലവണ്ണം അറിയാമായിരുന്നു.

ഇക്കാര്യത്തിൽ ഭരണകർത്താക്കൾ രണ്ടു ചേരികളായി പിരിഞ്ഞു. വിദേശികളെ തുരത്തി ഓടിക്കേണ്ടതാണെന്നു് യാഥാസ്ഥിതികന്മാർ അന്ധമായി അഭിപ്രായപ്പെട്ടു. അമേരിക്കക്കാരുടെ നിർബ്ബന്ധത്തിനു വഴങ്ങുകയല്ലാതെ മറെറാരു ഗതിയുമില്ലെന്നായിരുന്നു യാഥാർത്ഥ്യവാദികളുടെ അഭിപ്രായം. എന്തുചെയ്യേണ്ടുവെന്നറിയാതെ, ഷോഗൻ ഗവണ്മെൻറ ചക്രവർത്തിയുടെയും ഡെയ്മ്യോയുടേയും അഭിപ്രായം ആരാഞ്ഞു. യാഥാസ്ഥിതികന്മാരായ ക്യോട്ടോവും ഡെയ്മ്യോയും വിദേശികളെ ആട്ടിപ്പായിക്കേണ്ടതുതന്നെയാണെന്നു അഭിപ്രായപ്പെട്ടു.

1854-ഫെബ്രുവരിമാസത്തിൽ പെരിയുടെ കടൽസേന ടോക്യോ കടലിടുക്കിലേക്കു് തിരിച്ചുവന്നപ്പോൾ ഇഡോ ഗവമ്മേണ്ടു കുടുക്കിലായി. അമേരിക്കൻ കപ്പൽപ്പീരങ്കികളുടെ ഭീഷണിയ്ക്കുമുമ്പിൽ ടോക്കുഗാവാക്കു് ഒന്നേ കരണീയമായിട്ടുണ്ടായിരുന്നുള്ളു. അമേരിക്കൻ കപ്പലുകൾക്കു കടന്നുവരാൻ രണ്ടു തുറമുഖങ്ങൾ തുറന്നുകൊടുത്തും, ചില കച്ചവടങ്ങൾ അനുവദിച്ചും കൊണ്ടു് ടോക്കുഗാവാ ഒരു സന്ധിയിൽ ഒപ്പിട്ടു.

അടുത്ത രണ്ടു കൊല്ലത്തിനിടയ്ക്കു് ഇംഗ്ലണ്ടു്, റഷ്യ, ഹോളണ്ടു് എന്നീ രാജ്യങ്ങളുമായും വാണിജ്യഉടമ്പടിയിൽ അവർ ഏർപ്പെട്ടു. 1856-ൽ ജപ്പാനുമായി ഒരു സമ്പൂർണ്ണകച്ചവടഉടമ്പടിയിലേർപ്പെടാനായി ആദ്യത്തെ അമേരിക്കൻ കോൺസൽ ജനറലായ ടൗൺസെൻറ് ഹാരിസ് ജപ്പാനിലെത്തി. രണ്ടു കൊ

ല്പത്തിനുശേഷം ഈ ഉടമ്പടിയിൽ അദ്ദേഹം ജപ്പാനെ ഒപ്പു വെപ്പിച്ചു. ഇതിനെത്തുടൎന്ന് മററു യൂറോപ്യൻ ശക്തികളും ഇത്തരം ഉടമ്പടികളിലേർപ്പെട്ടുകയുണ്ടായി. അഞ്ചു തുറമുഖങ്ങളിലും, ഒസാക്കാ, ഇഡോ എന്നീ വമ്പിച്ച നഗരങ്ങളിലും വിദേശികൾക്കു സ്ഥിരമായ താവളങ്ങളും സ്വതന്ത്രമായ വാണിജ്യബന്ധങ്ങളും അനുവദിക്കുകയുണ്ടായി. മുക്കുവഗ്രാമമായ യോക്കൊഹാമായിൽ വിദേശവണിഗ്വരന്മാർ അവരുടെ കച്ചവടത്താവളങ്ങൾ ഉറപ്പിക്കാൻ തുടങ്ങി. യോക്കൊഹാമാ ക്രമേണ വികസിക്കുകയും, ലോകത്തിലെ ഏററവും വലിയ തുറമുഖങ്ങളിലൊന്നായി വളർച്ച പ്രാപിക്കുകയും ചെയ്തു.

വിദേശികളുടെ പ്രവാഹത്തെ നിയന്ത്രിക്കാൻ തങ്ങളുടെ ദുർബ്ബലമായ പട്ടാളത്തിനു കഴിവില്ലെന്നുള്ള പരമാൎത്ഥം ടോക്കുഗാവാക്കാൎക്കു ബോദ്ധ്യമായി. വളരെ വൈകിയവേളയിലാണെങ്കിലും, തങ്ങളുടെ പട്ടാളസ്ഥാപനത്തെ പരിഷ്ക്കരിക്കാൻ അവർ ഉദ്യമിച്ചു. പാശ്ചാത്യമാതൃകയിലുള്ള ഒരു നാവികപ്പടവാരത്തുക്കാനായിരുന്നു ശ്രമം. ക്യോട്ടോ രാജധാനിയും ഭൂരിപക്ഷം ഫ്യൂഡൽ പ്രദേശങ്ങളും ഈ പട്ടാളനവീകരണത്തിൽ യാതൊരു താല്പര്യവും പ്രദർശിപ്പിച്ചില്ല. വിദേശികൾക്കു രാജ്യകവാടങ്ങൾ തുറന്നു കൊടുത്ത ഇഡോ ഗവൺമെണ്ടിൻെറ നടപടിയുമായി ഒരു വിധത്തിലും അവൎക്കു യോജിക്കാൻ കഴിഞ്ഞിരുന്നില്ല. "വിദേശികളെ തുരത്തുക" എന്ന മുദ്രാവാക്യം നാടിൻെറ നാനാഭാഗത്തുനിന്നുമുയൎന്നു.

മിറേറായിലുണ്ടായിരുന്ന ടോക്കുഗാവാവംശവിഭാഗം ഇഡോ ഗവൺമെണ്ടിനെതിരായി എതിർപ്പു പ്രകടമാക്കി. ക്യോട്ടോ രാജധാനി അധികാരസ്വരത്തിൽ വിദേശികളെ തുരത്തുവാൻ ഇഡോ ഗവൺമെണ്ടിനോടാവശ്യപ്പെട്ടു. ഇതിനുമുമ്പെങ്ങും ചെയ്തിട്ടില്ലാത്ത വിധം ചക്രവൎത്തി ഷോഗനെ ക്യോട്ടോവിലേക്കു വിളിച്ചു വരുത്തുകയും, ഷോഗൻ, ചക്രവൎത്തിയോടുള്ള കടപ്പാടു പ്രകടമാക്കാൻ അവിടുത്തെ ആജ്ഞയെ ശിരസാ വഹിക്കുകയും ചെയ്തു.

ഇതുവരെ സുശക്തമായിരുന്ന ടോക്കുഗാവായുടെ ശക്തിയിൽ അവിടവിടെ വിടവു പ്രത്യക്ഷപ്പെട്ടതായി ഭിന്നിച്ചുനിന്ന വിഭാഗക്കാരും സമുദായക്കാരും കണ്ടു. ഒടുവിൽ ടോക്കുഗാവാക്കാർ ആക്രമണത്തിനു വിധേയരായിത്തീൎന്നു. അവരുടെ എതിരാളികൾ എല്ലാ ശക്തികളും സംഭരിച്ചുകൊണ്ടു് "ചക്രവൎത്തിയെ ആദരിക്കുക—വിദേശികളെ തുരത്തുക" എന്ന മുദ്രാവാക്യവുമായി ക്യോട്ടോവിൽ ഗൂഢാലോചനകൾ നടത്തിക്കൊണ്ടു ആക്രമണത്തിനു സമ്മർദ്ദം ചെലുത്തി. അങ്ങിനെ യുദ്ധസന്നാഹങ്ങൾ പൂൎത്തിയായി. ഇഡോയും പശ്ചിമ ചോഷ്ബു കൃഷിസ്ഥലത്തെ ഹേറാൻസ്ബുയുമായി കഠിനമായ പോരാട്ടമുണ്ടായി. അന്നാട്ടിലെ ഭരണയന്ത്രം തകൎന്നു തരിപ്പണമായതുകൊണ്ടല്ല, രാഷ്ട്രത്തിൻെറ വിശ്വാസം നഷ്ടമാവുന്നതുകണ്ടു് മഹത്തായ ഇഡോ ഭരണം ആടിയുലയാൻ തുടങ്ങി. ഇഡോയുടെ ഭരണത്തെ പിൻതാങ്ങിയിരുന്നവർപോലും ചക്രവൎത്തിയുടെ ഭരണാധികാരത്തെ സമ്മതിച്ചുകൊടുക്കുവാൻ നിർബ്ബന്ധിതരായി.

ഇഡോ ഭരണത്തിൻെറ അന്ത്യം അത്ഭുതകരമായ മട്ടിലാണു് സംഭവിച്ചതു്. മിറേറായിലെ ടോക്കുഗാവാവംശത്തിലെ ഒരു പ്രഭുവിൻെറ മകനാണു് 1867-ൽ ഷോഗനായിത്തീൎന്നതു് അക്കൊല്ലം വസന്തകാലത്തു് ഈ ആൾ തുറന്ന മനസ്സോടെ രാജ്യഭരണഭാരം ചക്രവൎത്തിയെ ഏല്പിച്ചു. അങ്ങിനെ രക്തം ചിന്താതെ തന്നെ ടോക്കുഗാവാ ഭരണം അവസാനിച്ചു. ഇഡോ സമ്പ്രദായമാകട്ടെ, ജാപ്പനീസ് ജനതയുടെ മനോഭാവത്തിനു വിരുദ്ധമായിട്ടാണു് നിലകൊണ്ടതു്. അതിനാൽ വളരെ പെട്ടെന്നു് അതു തകൎന്നു തരിപ്പണമായി.

പുതിയ രാജകീയ ഭരണകൂടം സ്വാഭാവികമായി ചക്രവൎത്തിയെ കേന്ദ്രീകരിച്ചായിരുന്നു. രാജകീയ ഭരണക്രമത്തിൻെറ പുന:സ്ഥാപനമായി ഈ രാഷ്ട്രീയവ്യതിയാനത്തെ വ്യാഖ്യാനിക്കപ്പെടുകയുണ്ടായെങ്കിലും, എല്ലാം ചക്രവൎത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായി എന്നു ഇതിനു അൎത്ഥമില്ല. ഇതിനടുത്ത

കാലത്തു് പതിനഞ്ചുവയസ്സുമാത്രം പ്രായമുള്ള ഒരു ബാലൻ സിംഹാസനാരോഹണം ചെയ്തു. ഈ യുവചക്രവർത്തി ജപ്പാൻ ഭരണകൂടത്തിൻെറ കേന്ദ്രബിന്ദുവായിരുന്നെങ്കിലും, ഒരു ഭരണാധികാരിക്കാവശ്യമായ ശക്തി പ്രദർശിപ്പിക്കാൻ വേണ്ട പ്രായമോ പക്വതയോ അദ്ദേഹത്തിനില്ലായിരുന്നു.

ചക്രവർത്തിക്കു ചുററുമായി പ്രഭുക്കന്മാരുടെ ഒരു വലയം തന്നെയുണ്ടായിരുന്നു. അക്കൂട്ടത്തിൽ പുരാതന ഫുജിവാരാ കുടുംബത്തിലെ രണ്ടു താവഴികളിൽ നിന്നുള്ള ചിലരായിരുന്നു പ്രാമാണികന്മാർ. ഇവരിൽ സയോൻജി രാജാവും പിന്നീടു കോനോ രാജാവും പുതിയ ജപ്പാൻെറ പ്രധാനമന്ത്രിമാരായിത്തീർന്നു. എന്നാൽ ക്യോട്ടോ പ്രഭുക്കന്മാക്കു പുതിയ ഭരണകൂടത്തിൽ ആധിപത്യം ചെലുത്താൻ മതിയായ പരിചയമോ നേതൃത്വത്തിനുള്ള കഴിവോ ഉണ്ടായിരുന്നില്ല. അതിനാൽ അത്ര തന്നെ ഉയന്ന നിലയില്ലാതിരുന്ന സാമുറായ് വംശത്തിൽ നിന്നുള്ള ചെറുപ്പക്കാരുടെ സംഘമാണു് നേതൃത്വം ഏറെറടുത്തതു്. അവർ പശ്ചിമ ജപ്പാനിലെ കൃഷിക്കാക്കിടയിൽ രാഷ്ട്രീയാധിപത്യം നേടി.

ആദ്യകാലത്തു് അവർ കടുത്ത വിദേശവിരുദ്ധനയം പ്രകടിപ്പിക്കുകയും, ടോക്കുഗാവാവംശത്തിൻെറ പതനകാലംവരെ "ചക്രവത്തിയെ ബഹുമാനിക്കുക—വിദേശികളെ തുരത്തുക" എന്ന മുദ്രാവാക്യം മുഴക്കുകയും ചെയ്തു. എന്നാൽ 1867-ൽ അധികാരത്തിൽ വന്നു അധികം കഴിയുന്നതിനു മുമ്പുതന്നെ "വിദേശികളെ തുരത്തുക" അസാദ്ധ്യമാണെന്നു് അവക്കു ബോദ്ധ്യമായി.

1863-ൽ സത്സുമായുടെ തലസ്ഥാനമായ കഗോഷിമായിലേക്കു ബ്രിട്ടീഷുകാർ ഇരച്ചുകയറി. പിറേറക്കൊല്ലത്തിൽ അമേരിക്കൻ, ബ്രിട്ടീഷ്, ഫ്രഞ്ച്, ഡച്ച് യുദ്ധക്കപ്പലുകൾ ഒന്നിച്ചുചേർന്നു് ഷിമൊനൊസേകി ആക്രമിച്ചു. പാശ്ചാത്യ നാവികശക്തിയുടെ മുമ്പിൽ തങ്ങളുടെ കൃഷിഭൂമികൾക്കു് രക്ഷയി

ല്ലെന്നു് സാത്സുമാ, ചോഷ്യൂയുമ പ്രഭുക്കൾക്കു ബോദ്ധ്യമായി. അവർ പെട്ടെന്നു് ഒരു പാഠം പഠിയ്ക്കുകയും ചെയ്തു. തങ്ങളുടെ സങ്കുചിത നയപരിപാടികൾ എല്ലാം ഉപേക്ഷിച്ചുകൊണ്ടു പാശ്ചാത്യശക്തികളെപ്പോലെ യുദ്ധസമ്പ്രദായങ്ങൾ പഠിക്കാൻ അവർ ഉദ്യുക്തരായി.

ഇതിനെത്തുടൎന്നു് ആധുനിക രീതിയിൽ സാത്സുമാ അവരുടെ നാവികസേനയെ സജ്ജമാക്കി. ചോഷ്യൂവിഭാഗവും അവരുടെ കൃഷിക്കാരുടെ സമൂഹത്തിൽ നിന്നു് യൂറോപ്യൻ പട്ടാളശാസ്ത്രത്തിൽ പരിശീലനം കൊടുത്ത ഒരു ആധുനിക സേനാവ്യൂഹത്തെ രൂപീകരിച്ചു. ടോക്കുഗാവാ വംശത്തിനെതിരായി ചോഷ്യൂവംശക്കാർ നടത്തിയ ഗൂഢതന്ത്രത്തിനു പകരം ചോദിക്കാൻ ഇഡോ ഭരണാധികാരികൾ 1866-ൽ അയച്ച സേനയെ എതിൎത്തു ചോഷ്യൂവംശക്കാർ വിജയം വരിച്ചു. ചോഷ്യൂ പടയാളികൾ ഇഡോ സേനകളെ നിശ്ചേഷ്ടരാക്കിത്തീൎത്തു. സാത്സുമാ— ചോഷ്യൂവൎഗ്ഗക്കാർ വിദേശവിരുദ്ധ യാഥാസ്ഥിതികത്വത്തിൽ നിന്നു് അകന്നു നില്ക്കുകയും, സാമൂഹ്യവിപ്ലവത്തിനു് വിത്തുപാകുകയും ചെയ്തു. ഇതു ജപ്പാനിലെ ഫ്യൂഡൽ ക്രമത്തെ പരിപൂൎണ്ണമായി തുടച്ചുനീക്കി.

അങ്ങിനെ 1867-ലെ ശരത്കാലമായതോടെ പുതിയ രാജകീയ ഗവൎമ്മേണ്ടിൻെറ പൂൎണ്ണനിയന്ത്രണം പശ്ചിമ ജപ്പാനിലെ യുവാക്കളായ സാമുറായ് വംശക്കാരുടെ കൈകളിലായി. ഇതിനെ തുടൎന്നു് അവർ ജാപ്പനീസ് സമ്പ്രദായത്തേയും ഭരണകൂടത്തേയും നവീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സാമുറായ് പശ്ചാത്തലത്തിൽ നിന്നു് തന്നെ ഉയൎന്നുവന്നവരായിരുന്നു നേതാക്കൾ. അവർ യുവാക്കളായിരുന്നതിനാൽ മാനസികമായും വൈകാരികമായും പുതിയ മാററങ്ങൾ വരുത്തുന്നതിൽ ഉത്സുകരായിരുന്നു. ഇതിനും പുറമെ പ്രതിഭാസമ്പന്നരുമായിരുന്നു അവർ.

ഈ പുതിയ കാലഘട്ടത്തിലെ നേതാക്കന്മാർക്കു് മറെറാരു സൌകൎയ്യംകൂടി ലഭിച്ചു. ശക്തിമാന്മാരും സമൎത്ഥരുമായ ടോക്കു

ഗാവാവംശജരുടെ മഹത്തായ പാരമ്പര്യം അവക്കുണ്ടായിരുന്നു. അങ്ങിനെ, ഏകീകൃതവും കേന്ദ്രീകൃതവുമായ ഒരു രാഷ്ട്രമായിട്ടാണു് ജപ്പാൻ അതിൻെറ മഹത്തായ വിപ്ലവകാലഘട്ടത്തിൽ കാൽകുത്തിയതു്.

പാശ്ചാത്യ പട്ടാളശക്തിയുടെ മുമ്പിൽ ഇഡോ, സാത്സുമാ, ചോഷൂവൎഗ്ഗക്കാർ നിസ്സഹായരാണെന്നു് പുതിയ രാജകീയ കാലഘട്ടത്തിലെ നേതാക്കന്മാൎക്കു് നല്ലവണ്ണം അറിയാമായിരുന്നു. അവരുടെ പട്ടാളശക്തിയും വളരെ പിന്നിലായിരുന്നു. അതിനാൽ ആധുനികലോകത്തിൽ സ്വന്തം കാലിൽ നില്ക്കാൻ കഴിവുള്ളവിധം ജപ്പാനെ കെട്ടിപ്പടുക്കുക എന്നതായിത്തീർന്നു അവരുടെ ലക്ഷ്യം. സൈനികപാരമ്പര്യവും പരിശീലനവും നേരത്തെ നേടാൻ കഴിഞ്ഞിരുന്നതിനാൽ, സ്വന്തം സൈനികശക്തി വർദ്ധിപ്പിക്കാനാണു് അവർ ആലോചിച്ചതു്. പ്രശ്നങ്ങളെ സമീപിക്കുന്ന കാര്യത്തിൽ അവർ വിശാലമനസ്കരായിരുന്നു. അതിനാൽ സൈനികശക്തി നേടാൻ സാമ്പത്തികവും, സാമൂഹ്യവും, ബുദ്ധിപരവുമായ പരിഷ്ക്കാരം ആവശ്യമാണെന്നു് അവർ കണ്ടു. അവർ ജപ്പാനെ സുശക്തമാക്കാൻ ഒരുമ്പെട്ടു; ഈ ലക്ഷ്യപ്രാപ്തിക്കായി എന്തു വേണമെങ്കിലും ചെയ്യാനും തയ്യാറായി.

1868 ജനുവരിമാസത്തിൽ യുവചക്രവൎത്തി ഔദ്യോഗികമായി രാഷ്ട്രത്തിൻെറ ഭരണാധികാരിയായിത്തീൎന്നു. ഈ പുതുയുഗം 'മെയ്ജി' എന്ന പേരിലാണു് അറിയപ്പെട്ടതു്. ടോക്കുഗാവാവംശത്തിൽ നിന്നു് ചക്രവൎത്തിയുടെ കീഴിലുള്ള സംഘത്തിലേക്കു് അധികാരം മാററിയതിനെ മെയ്ജി പുനഃസ്ഥാപനം എന്നു വിളിച്ചുപോരുന്നു. 1912 വരെ മെയ്ജി ഔദ്യോഗികസ്ഥാനപ്പേരായിരുന്നു. ഇഡോയിൽ രണ്ടര നൂററാണ്ടു കാലം നിലനിന്ന ഭരണകൂടം ആ രാജ്യത്തെ ജപ്പാൻെറ സിരാകേന്ദ്രമാക്കി മാററി. അതിനാൽ 1868-ൽ യുവചരിഷ്ക്കൎത്താക്കൾ രാജകീയ തലസ്ഥാനം ക്യോട്ടോവിൽ നിന്നു് ഇഡോ

യിലേക്കു് മാററി സ്ഥാപിക്കുകയും, "കിഴക്കൻ തലസ്ഥാനം" എന്നർത്ഥമുള്ള ടോക്കിയോ എന്നു് അതിനു നാമകരണം ചെയ്യുകയും ചെയ്തു.

അധികാരത്തിൽ വന്നു് ഒരു കൊല്ലം കഴിഞ്ഞപ്പോഴേക്കും, 1869-ലെ വസന്തകാലത്തിൽ, ഫ്യൂഡൽ സമ്പ്രദായത്തിനു് അറുതി വരുത്താൻ യുവാക്കളായ സമുറായ് നേതാക്കന്മാർ പരിശ്രമം തുടങ്ങി. സാത്സുമാ, ചോഷ്യൂ തുടങ്ങിയ പശ്ചിമ ജപ്പാനിലെ കർഷക നേതാക്കളെ അവരുടെ ഭൂമികരം ചക്രവർത്തിക്കു് അടിയറവെയ്ക്കുവാൻ ഇവർ പ്രേരിപ്പിച്ചു. ജപ്പാനിലെ മററു ഡെയ്മ്യോകരംക്കും ഇതിനെ പിൻതുടരേണ്ടിവന്നു. ഈ ധീരയത്നത്തിൻെറ ഫലമായി അനേകം പ്രദേശങ്ങളായി തരംതിരിച്ചിരുന്ന ജപ്പാനിലെ ഫ്യൂഡൽ കേന്ദ്രങ്ങരം പെട്ടെന്നു് അപ്രത്യക്ഷമായി. കർഷകനേതാക്കളുടെ ഭരണത്തിനു പൂർണ്ണവിരാമമിട്ടു. അതിനുശേഷം രാജ്യത്തെ അനേകം രാഷ്ട്രീയ താവളങ്ങളായി തരംതിരിച്ചു. ഡെയ്മ്യോകരംക്കുണ്ടായിരുന്ന ഫ്യൂഡൽ പ്രഭുത്വം ഇതോടെ അവസാനിക്കുകയും ചെയ്തു.

എങ്കിലും ഡെയ്മ്യോകരംക്കു് അവർ പുതിയ പദവികരം നല്കുകയുണ്ടായി. പഴയ ഡെയ്മ്യോയെ അവരുടെ ഭൂമിയുടെ വിസ്തൃതിക്കനുസരിച്ചു് അഞ്ചു് പ്രഭുനിരകളായി തരംതിരിച്ചു. ഒട്ടവിലത്തെ ടോക്കുഗാവാ ഷോഗൻ രാജകുമാരനാവുകയും, അത്രതന്നെ പ്രാധാന്യമല്ലാത്ത ഡെയ്മ്യോക്കു് ഏററവും കുറഞ്ഞ പ്രഭുപദവി ലഭിക്കുകയും ചെയ്തു.

ചെറുതും താരതമ്യേന ശക്തിഹീനവുമായ ഡെയ്മ്യോ ഗ്രൂപ്പുകളുടെ പിടിയിൽ നിന്നു് ജപ്പാനെ വിമുക്തമാക്കുകയെന്നതു് അനായാസകരമായ ഒരു പ്രവൃത്തിയായിരുന്നു. എന്നാൽ ഫ്യൂഡൽക്കാല ജപ്പാനിൽ ആധിപത്യം ചെലുത്തിയിരുന്ന സാമുറായ് വംശത്തിൻെറ സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ അവകാശങ്ങളെ ധ്വംസിക്കുക അത്രതന്നെ എളുപ്പമായിരുന്നില്ല. 1872-73 ആയപ്പോഴേക്കും പുതിയ ഗവർമ്മേണ്ടു്

അവരുടെ പട്ടാളശക്തിയിൽക്കൂടി ഇതിന്നാവശ്യമായ ബലം കൈക്കലാക്കി. യുവാക്കളായ ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ ആദ്യം ഫ്രഞ്ചു് മാതൃകയിൽ കൃഷിക്കാരെ പട്ടാളത്തിലെടുത്തു. എന്നാൽ ഫ്രാങ്കോപ്രഷ്യൻ യുദ്ധത്തിൽ ജർമ്മനിയുടെ പട്ടാളം പ്രദർശിപ്പിച്ച സമരമേന്മ, പിന്നീട് ജർമ്മൻ മാതൃക സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കയുണ്ടായി.

സൈനിക പ്രഭു എന്ന നിലയിൽ ദീർഘനാൾ അനുഭവിച്ചുപോന്ന പദവി നഷ്ടപ്പെട്ടതു് സാമുറായ് വംശത്തിനു നേരിട്ട ഒരു വലിയ അടിയായിരുന്നു. എന്നാൽ ഇതിനേക്കാൾ വലിയൊരു ആഘാതമായിരുന്നു സാമ്പത്തിക പദവികൾ കൈവിട്ടുപോയതു്. പരമ്പരാഗതമായി ഫ്യൂഡൽ പ്രഭുക്കളിൽ നിന്നു് സാമുറായ് വംശക്കാർക്കു് ലഭിച്ചുപോന്ന ശമ്പളത്തിന്റെ സ്ഥാനത്തു് ഗവർമ്മേണ്ടു് പെൻഷ്യൻ ഏർപ്പെടുത്തി. എന്നാൽ ഇതു് ശമ്പളത്തുകയുടെ നേർപകുതിയായി കുറവുചെയ്തു. പിന്നീടു് 1876-ാമാണ്ടിൽ, വളരെ പെട്ടെന്നു്, ഈ പെൻഷ്യൻ കുറേക്കൂടി കുറച്ചു് മൊത്തം തുകകളായി കൊടുക്കാൻ തുടങ്ങി. ഈ കല്പനക്കു് പിറകെ, സാമുറായ് വംശജർ പരമ്പരാഗതമായി രണ്ടു വാളുകൾ ധരിച്ചുപോന്ന സമ്പ്രദായവും നിരോധിക്കപ്പെട്ടു. ഫ്യൂഡൽ അധികാരാവകാശങ്ങളോടു കൂടിയ ഒരു വർഗ്ഗം എന്ന നില ഇതോടെ സാമുറായ്ക്കാർക്കു നഷ്ടമായി. അവരെ ചക്രവർത്തിയുടെ കീഴിലുള്ള സാധാരണ പ്രജകളുടെ നിലയിലാക്കുകയും, സ്റ്റേററിലെ വെറും സാധാരണപൗരന്മാരായി അവർ കഴിഞ്ഞുകൂടുകയും ചെയ്തു.

സാമുറായ് വംശക്കാരുടെ കൂട്ടത്തിൽ കഴിവുള്ളവർ പുതിയ ഗവർമ്മേണ്ടിന്റെ കീഴിൽ ഉന്നതിപ്രാപിച്ചു. മററു ചിലർ പല ജോലികളിൽ ഏർപ്പെട്ടു. ബാക്കിയുള്ളവരാകട്ടെ, തങ്ങൾക്കു കിട്ടിയ മൊത്തം തുകകൊണ്ടു വിജയകരമായ രീതിയിൽ കച്ചവടം നടത്തി. അധികം പേരും പുതിയ പട്ടാളത്തിലും നാവിക

സേനയിലും ആഫീസർമാരായിത്തീരുകയോ, വാറം ധരിക്കാൻ അധികാരമുള്ള പോലീസുകാരാവുകയോ ചെയ്തു.

പുതിയ ജീവിതമാർഗ്ഗം സ്വീകരിക്കാൻ സാമുറായ് വംശക്കാരിൽ പലക്കും കഴിവുണ്ടായിരുന്നില്ല. തങ്ങറം ജീവിക്കുന്ന നവീനലോകത്തിലെ സ്ഥിതിഗതികളുമായി ജീവിതത്തെ ഇണക്കിച്ചേക്കാനും അവക്കു സാധിച്ചില്ല. പുതിയ ഭരണകൂടത്തിൻെറ സ്ഥാപനത്തിനു് സഹായിച്ച പശ്ചിമജപ്പാനിലെ ഒരു യുവസാമുറായ് വംശജനായ സെയ്ഗോ ടാക്കമോറിയെ യാഥാസ്ഥിതികന്മാരായവർ അഭയം പ്രാപിച്ചു. സെയ്ഗോയും അയാളുടെ അനുയായികളുംകൂടി 1877-ൽ ടോക്കിയോക്കെതിരായി വിപ്ലവം സംഘടിപ്പിച്ചു. ഇവക്കെതിരായി കർഷകരുടെ ഒരു സൈന്യത്തെ അയച്ചു. വാളുകറം മാത്രം ധരിച്ച സാമുറായ് സേനകറംക്കു് പരിശീലനം നേടിയ ആയുധധാരികളായ കർഷകപ്പടയാളികളെ എതിക്കുക വിഷമമാണെന്നു് സാത്സുമാ യാഥാസ്ഥിതികന്മാക്കു വളരെ വേഗം മനസ്സിലായി. 1877 ലെ സാത്സുമാക്കാരുടെ കലഹം മരിക്കാൻ പോകുന്ന ഫ്യൂഡൽ സമൂഹത്തിൻെറ അന്ത്യശ്വാസമായിരുന്നു. അടുത്ത പത്തു വർഷങ്ങറംക്കുള്ളിൽ യുവാക്കളായ പരിഷ്കത്താക്കറം ആധുനികരീതിയിൽ കാര്യക്ഷമമായ രാഷ്ട്രീയകേന്ദ്രങ്ങറം സ്ഥാപിക്കാനുള്ള പരിശ്രമത്തിലേർപ്പെട്ടു.

പഴയ സമ്പ്രദായങ്ങറ് പാടേ വിപാടനം ചെയ്തുകൊണ്ടു മാത്രം കാര്യമായില്ല എന്നു് നവീനജപ്പാനിലെ നേതാക്കന്മാക്കു ബോദ്ധ്യമായി. പാശ്ചാത്യശക്തികളെപ്പോലെ സുശക്തമായ ഒരു രാഷ്ട്രം പടുത്തുയത്തുവാനാണു് അവർ ആഗ്രഹിച്ചതു്. അതിനാൽ, പുതിയ സമൂഹക്രമത്തിൻേറയും ഗവർമ്മേണ്ടിൻേറയും സംവിധാനത്തിനു് അവർ സ്വാഭാവികമായി പാശ്ചാത്യദേശത്തേക്കു് ഉററുനോക്കി.

ടോക്കുഗാവാ വംശക്കാർ അവരുടെ ഭരണകാലത്തിൻെറ അന്ത്യദശയിൽ വിദേശരാജ്യങ്ങളിൽ നിന്നു് സാങ്കേതികരീതി

യും ശാസ്ത്രങ്ങളും അഭ്യസിക്കുന്നതിന്നായി വിദ്യാർത്ഥികളേയും ദൌത്യസംഘങ്ങളേയും അന്യരാജ്യങ്ങളിലേക്കയയ്ക്കുക പതിവായിരുന്നു. പാശ്ചാത്യലോകത്തിൻെറ മാതൃകകൾ അഭ്യസിക്കാനുള്ള ഈ പരിപാടി വികസിപ്പിക്കുന്നതിനു് പുതിയ ഗവർമ്മേണ്ടു് വേണ്ടതെല്ലാം ചെയ്തു.

വിജ്ഞാനത്തിൻേറയും കഴിവുകളുടേയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും, ഏതു രാജ്യത്തേക്കാണു് അവരെ അയക്കേണ്ടതെന്നു് കൂലങ്കഷമായി ചിന്തിച്ചു തീരുമാനിക്കയും ചെയ്തിരുന്നു. അതാതു തുറകളിൽ പ്രാവീണ്യം നേടിയ രാജ്യങ്ങളിൽ നിന്നു വിജ്ഞാനം കരസ്ഥമാക്കുവാൻ ജപ്പാൻകാർ തീരുമാനിച്ചു. അവരെ സംബന്ധിച്ചിടത്തോളം ലോകം തന്നെ ഒരു മഹാവിദ്യാലയമായിരുന്നു. ഓരോ രംഗത്തിലും ഏററവും ഉത്തമമായവ അഭ്യസിക്കണമെന്ന ദൃഢനിശ്ചയത്തോടെയാണു് അവർ വിദേശങ്ങളിൽ പോയതു്.

പട്ടാളശക്തിയിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചിരുന്ന പുതിയ ഗവർമ്മേണ്ടു് ശക്തിമത്തായ കരസൈന്യത്തേയും കടൽസൈന്യത്തേയും പാശ്ചാത്യമാതൃകയിൽ സൃഷ്ടിക്കുന്നതിൽ ജാഗ്രൂകരായിത്തീർന്നു. ഇതിലുപരിയായി പട്ടാളത്തിൻെറ പിന്നിൽ കാര്യക്ഷമവും സുശക്തവുമായ ഒരു രാഷ്ട്രീയ സംവിധാനക്രമവും, കായികമായും സാങ്കേതികമായും ഉന്നതിനേടിയ ജനങ്ങളും, വ്യാവസായികമായി പുരോഗമിച്ച സാമ്പത്തികക്രമവും അണിനിരക്കേണ്ടതാണെന്നു് യുവപരിഷ്കർത്താക്കൾക്കു് നല്ലവണ്ണം അറിയാമായിരുന്നു. അതിനാൽ പട്ടാളവും നാവികസേനയും രൂപീകരിച്ചപ്പോൾ രാഷ്ട്രത്തിൻെറ ഭദ്രതക്കാവശ്യമായ എല്ലാ ഉപാധികളേയും അവർ കണക്കിലെടുക്കുകയുണ്ടായി.

ഏതാണ്ടു് നൂറിൽ താഴെ വരുന്ന യുവാക്കളുടെ കൈയിൽ പ്രഭുത്വഭരണ സ്വഭാവത്തോടുകൂടിയ ഒന്നായിട്ടാണു് പുതിയ ഗവർമ്മേണ്ടു നിലനിന്നതു്. തങ്ങളുടെ ഭരണക്രമത്തിൽ അവർ പൂർണ്ണതൃപ്തരായിരുന്നു. എങ്കിലും ഏതൊരു സുശ

ക്തമായ സ്റ്റേററിലും പാശ്ചാത്യരാഷ്ട്രീയ പ്രമാണങ്ങളും സംവിധാനങ്ങളും സ്വീകരിക്കുന്നതുകൊണ്ടുള്ള ഗുണഗണങ്ങൾ അവർ മനസ്സിലാക്കി. പാശ്ചാത്യലോകത്തിന്റെ ഈ സമ്പ്രദായങ്ങൾ അവർ ഒന്നൊന്നായി കടംവാങ്ങി രാജ്യത്തിനു മുതൽക്കൂട്ടി. ഓരോ ഭരണമണ്ഡലങ്ങളിലായി പാശ്ചാത്യമാതൃകയിൽ അവർ മന്ത്രിസഭകൾ വാർത്തെടുത്തു. ഓരോ വിഭാഗത്തിന്റെയും ഭരണനിയന്ത്രണം ടോക്കിയോ ഗവർമ്മെണ്ടിന്റെ അധികാരത്തിൽ കൊണ്ടുവന്നു. പാശ്ചാത്യപഞ്ചാംഗംപോലും അവർ സ്വന്തം നാട്ടിൽ സ്വീകരിച്ചു. ക്രിസ്തുമതപ്രചരണത്തിനു് വീണ്ടും അനുമതി നൽകിക്കൊണ്ടു് മതപരമായ സഹിഷ്ണുതയുടേതായ ഒരു നയം കൈക്കൊണ്ടു. പോലീസ്, കറൻസി എന്നിവയെ പരിഷ്കരിക്കുകയും, ആധുനികമട്ടിൽ തപാൽസമ്പ്രദായം സ്ഥാപിക്കുകയും ചെയ്തു. അവർ നികുതിസമ്പ്രദായത്തെ പുനഃപരിശോധിച്ചു് ഒരു നിലവാരത്തിലാക്കി. ആദ്യം അമേരിക്കൻ മാതൃകയിലും, പിന്നീടു യൂറോപ്യൻ മാതൃകയിലും ഒരു ദേശീയ ബാങ്കിംങ്ങ് ഇടപാടും നടപ്പാക്കി. സിവിൽ സർവ്വീസ് സ്ഥാപനം, ഫ്രഞ്ചു് രീതിയിലുള്ള നിയമസമ്പ്രദായങ്ങളുടേയും കോടതികളുടേയും രൂപീകരണം എന്നിവയും അവർ നിർവ്വഹിച്ചു. അവസാനമായി ജർമ്മൻ മാതൃകയിൽ ഒരു ക്യാബിനററ് സ്ഥാപിക്കുകയും, ഡയററ് എന്നു വിളിക്കുന്ന പാർലിമെന്റ രൂപീകരണത്തിന്നാധാരമായവിധം ജപ്പാനു് ഒരു ഭരണഘടന എഴുതിയുണ്ടാക്കുകയും ചെയ്തു.

പ്രഭുത്വഭരണത്തിന്റെ അസ്ഥിവാരം ഈ വിധത്തിൽ വികസ്വരമാക്കിത്തീർത്തു. ജപ്പാന്റെ ഭരണഘടനയും ഡയററും രാജ്യം ഭരിക്കുന്ന പ്രഭുത്വഭരണശക്തി സംഭാവന ചെയ്തവയായിരുന്നു. ജനങ്ങളിൽ ഒരു ചെറിയ വിഭാഗം ഭരണകൂടത്തിൽ പങ്കു നേടുന്നതിനു ശബ്ദമുയർത്തിക്കൊണ്ടിരുന്നു. എന്നാൽ ഭരണാധികാരികൾ ജനങ്ങൾക്കു ഈ ആനുകൂല്യം നല്കാൻ തയ്യാറില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ പാശ്ചാ

ത്യമാതൃകയിൽ പുഷ്ടിപ്പെട്ട ഒരു രാഷ്ട്രത്തിനു ഒരു ഭരണഘടനയും, ഏതെങ്കിലും വിധത്തിലുള്ള ഒരു പാർലിമെൻററി ഭരണക്രമവും ആവശ്യമാണെന്നും, പാശ്ചാത്യശക്തികളെ ബലപ്പെടുത്തിയതു് ഇത്തരം രാഷ്ട്രീയസംവിധാനമാണെന്നും ഉള്ള തീരുമാനത്തിലാണു് ഭരണാധികാരികളുടെ കൂട്ടത്തിലെ പ്രമുഖന്മാർ എത്തിച്ചേർന്നതു്.

1868-ൽ ഏതാണ്ട ഒഴുക്കൻ മട്ടിൽ വിമർശനസ്വഭാവമുള്ള ഒരു കൌൺസിൽ രൂപീകരിക്കുകയും, ഗവർമ്മേണ്ടിന്റെ തീരുമാനങ്ങളിൽ പൊതുജനാഭിപ്രായത്തിനു് സ്ഥാനം നൽകുകയും ചെയ്തുകൊണ്ട ചക്രവത്തി നാമമാത്രമായ ഒരു സത്യപ്രതിജ്ഞ നിവ്വഹിച്ചു. ഓരോ അധികാരമണ്ഡലത്തിലുമുള്ള നികുതിദായകന്മാരാൽ തിരഞ്ഞെടുക്കപ്പെട്ട അസംബ്ളികറം രൂപീകരിച്ചുകൊണ്ടു്, 1879-ൽ ഗവമ്മേണ്ടു് ഒരു പരീക്ഷണം നടത്തുകയുണ്ടായി. 1889-ാമാണ്ടു് ആയപ്പോഴേക്കും ചക്രവത്തി ജനങ്ങറംക്കു നല്കിയ ഒരു വലിയ ഔദാര്യമെന്ന നിലയിൽ ജാപ്പനീസ് ഭരണഘടന പ്രഖ്യാപനം ചെയ്തു. സ്റ്റേററിലെ എല്ലാ അധികൃതമണ്ഡലങ്ങളുടേയും തലവൻ ചക്രവത്തിയാണെന്നു പറഞ്ഞുകൊണ്ടു്, അദ്ദേഹത്തിന്റെ ഭരണാവകാശത്തെ അതിൽ സുരക്ഷിതമായി നിലനിറുത്തിയിരുന്നു. ഇതു അനിവാര്യമായിരുന്നു. എന്തുകൊണ്ടെന്നാൽ ചക്രവത്തിയുടെ ഭരണാധികാരികറം എന്ന നിലയിലാണു് പ്രഭുതഭരണം അധികാരത്തിൽ വന്നതു്. ചക്രവത്തിയുടെ വക്താക്കറം എന്ന നിലയായിരുന്ന അവരുടെ തുടന്നുള്ള അധികാരത്തിന്റെ അസ്ഥിവാരം. ഡയററ് എന്ന പാർലിമെൻറായിരുന്നു ജാപ്പനീസ് ഭരണഘടനയുടെ കീഴിലുണ്ടായ ഏററവും വലിയ പരിഷ്ക്കാരം. ബ്രിട്ടനിലെ പ്രഭുസഭയോടു തുല്യമായ ഒരു പ്രഭുസഭയും ഉണ്ടായിരുന്നു. പ്രഭുക്കന്മാരിൽ നിന്നും, ഉയന്ന നികുതിദായകന്മാരിൽ നിന്നും തിരഞ്ഞെടുത്തതും നിയമിച്ചതുമായ അംഗങ്ങളാണു് ഇതിൽ ഉറംക്കൊണ്ടിരുന്നതു്. പതിനഞ്ചു യെന്നോ അതിൽക്കൂടുതലോ

ആയി പ്രതിവൎഷം നികുതി കൊടുക്കുന്ന ഇരുപത്തഞ്ചുവയസ്സു തികഞ്ഞ പുരുഷന്മാരാണു് പ്രതിനിധി സഭയിലേക്കുള്ള മെമ്പർമാരെ തിരഞ്ഞെടുത്തിരുന്നതു്. ഈ കണക്കനുസരിച്ചു് ഏതാണ്ടു് 460,000 സമ്മതിദായകന്മാർ—അതായതു് ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ കൂടുതൽ—മാത്രമാണുണ്ടായിരുന്നതു്.

1890-ാമാണ്ടിലാണു് ആദ്യത്തെ തിരഞ്ഞെടുപ്പു നടത്തിയതു്. ഡയററിൽ നേരിട്ട ഒരു പരാജയത്തെതുടൎന്നു് ക്യാബിനററു് രാജിവെച്ചപ്പോഠം 1892-ൽ തങ്ങഠം ഗവൎമ്മേണ്ടിന്റെ ഒരു സുപ്രധാന ഘടകമായി പ്രവൎത്തിക്കാൻ ആരംഭിക്കയാണെന്നു് പുതിയ ഡയററു് പ്രഖ്യാപിച്ചു. ഇതുകൊണ്ടു് ജപ്പാൻ പെട്ടെന്നു് ഒരു യഥാൎത്ഥ ജനാധിപത്യരാജ്യമായി രൂപംപ്രാപിച്ചു എന്നു അൎത്ഥമാക്കേണ്ടതില്ല.

പുതിയ ഗവൎമ്മേണ്ടിന്റെ ഉപജ്ഞാതാക്കളായ യുവാക്കഠം ഇക്കാലത്തു് മദ്ധ്യവയസ്കന്മാരായിത്തീൎന്നെങ്കിലും, അവർ തന്നെയാണു് ജപ്പാന്റെ ഭരണഭാരത്തെ നിയന്ത്രിച്ചിരുന്നതു്. ജപ്പാന്റെ ഭരണം ദീർഘകാലം അഭിമാനകരമായി നടത്തിക്കൊണ്ടുപോയ നീതിജ്ഞന്മാരായിത്തീൎന്നു അവർ.

പ്രിവി കൗൺസിലിന്റെ നിയന്ത്രണം അവരുടെ കൈയിലാവുകയും, അവർ ചക്രവൎത്തിയുടെ വക്താക്കളായി മാറുകയും ചെയ്തു. പാർട്ടികഠം രൂപീകൃതമായെങ്കിലും, പഴയ പ്രഭുത്വഭരണക്കാരുടെ ആത്മസത്തയും വീക്ഷണഗതിയുമാണു് അവയിൽ ആധിപത്യം ചെലുത്തിയതു്. ക്യാബിനററുകഠം ഓരോന്നായി വരുകയും അന്തർദ്ധാനം ചെയ്യുകയും ചെയ്തു. എന്നാൽ 1918-വരെ ഈ പ്രഭുത്വഭരണ ശക്തിയുടെ കൂട്ടത്തിൽ നിന്നോ, അവരുടെ രാഷ്ട്രീയാശ്രിതന്മാരിൽ നിന്നോ ആണു് പ്രധാനമന്ത്രിമാർ ഉയൎന്നുവന്നിരുന്നതു്. ഈ ജനാധിപത്യവാദികഠം അടച്ചിട്ട കമ്മിററിമുറിയിൽനിന്നു് ഡയററിന്റെ വിശാലമായ തുറന്ന മുറിയിലേക്കു നീങ്ങിയെങ്കിലും, ഗവൎമ്മേണ്ടി

ന്റെ കടിഞ്ഞാൺ അവരുടെ കൈകളിൽത്തന്നെ അവശേഷിച്ചു. രാജ്യവ്യവഹാരകാര്യങ്ങൾ പാശ്ചാത്യമാതൃകയിലിക്കിത്തീൎത്തെങ്കിലും, തത്വത്തിൽ ഗവൎമ്മേണ്ടു് അവരുടെ പാരമ്പര്യത്തിൽ നിന്നു് അധികമൊന്നും നീങ്ങിയിരുന്നില്ല.

ആധുനിക സ്റ്റേററിൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയൎത്തേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് ആദ്യകാലത്തെ മെയ്ജി നേതാക്കന്മാർ മനസ്സിലാക്കുകയും, അക്കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. തങ്ങളുടെ ശക്തി വികസിപ്പിക്കുന്നതിനു് സാങ്കേതിക പരിജ്ഞാനം നേടിയ ജനസമൂഹം അനിവാര്യമാണെന്നും അവർ കണ്ടു. പട്ടാളത്തിനും നാവിക സേനയ്ക്കും എഴുതാനും വായിക്കാനും അറിവുള്ളവരും പാശ്ചാത്യശാസ്ത്രങ്ങളിൽ പാരംഗതരായവരും ആയ സേനകളെ ആവശ്യമായിരുന്നു. യുദ്ധസന്നാഹങ്ങൾ പ്രബലപ്പെടുത്തുന്നതിനു് വ്യവസായ വാണിജ്യമണ്ഡലങ്ങളിൽ ആയിരമായിരം സാങ്കേതികവിദഗ്ദ്ധന്മാരേയും വേണ്ടിയിരുന്നു.

1817-ൽ ഒരു വിദ്യാഭ്യാസമന്ത്രിസഭ രൂപീകരിക്കുകയും, സാൎവ്വത്രികമായി വിദ്യാഭ്യാസം പ്രചരിപ്പിക്കുന്ന പരിപാടിയിൽ ജപ്പാൻ സൎവ്വാത്മനാ ഏർപ്പെടുകയും ചെയ്തു. വിദ്യാലയത്തിലേക്കയക്കാൻ പ്രായമായ എല്ലാ കുട്ടികളേയും ഉൾക്കൊള്ളിച്ചുകൊണ്ടു ഏതാനും വർഷങ്ങൾക്കകം ജപ്പാൻ അതിവിപുലമായ ഒരു വിദ്യാഭ്യാസസമ്പ്രദായം സംവിധാനംചെയ്തു. ആറു വയസ്സുള്ള കുട്ടികൾക്കു് പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കിത്തീൎത്തു. അഞ്ചുകൊല്ലത്തെ പഠനം നീണ്ടുനില്ക്കുന്ന മിഡിൽ സ്കൂളും, ആൺകുട്ടികൾക്കു് പ്രത്യേക സാങ്കേതിക വിദ്യാലയങ്ങളും, പെൺകുട്ടികൾക്കു ഹൈസ്കൂളുകളും സ്ഥാപിതമായി. മിഡിൽ സ്കൂളിൽ നിന്നു ജയിക്കുന്ന ആൺകുട്ടികൾക്കു പഠിക്കാനായി വിവിധ സാങ്കേതികവിദ്യാലയങ്ങളും ഹൈസ്കൂളുകളും ഉണ്ടായി. ഡോക്ടർമാർ, വക്കീലന്മാർ, ശാസ്ത്രകാരന്മാർ, പണ്ഡിതന്മാർ, ഉയൎന്ന ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാർ, എന്നി

വരെ വാരെത്തടുക്കുന്ന കലാശാലയും ബീജാവാപം ചെയ്തു. ഈ സമ്പ്രദായം ജപ്പാന്റെ ആവശ്യങ്ങൾക്കുതകുന്നവിധത്തിലുള്ളതായിരുന്നു. ജനങ്ങളെ പൊതുവെ സാക്ഷരന്മാരാക്കുവാനും, ഒരു വലിയ സംഘം ആളുകളെ സാങ്കേതികവിദഗ്ധന്മാരാക്കുവാനും, ഒരു ചെറിയ സംഘത്തിനു് ഗവമ്മേണ്ടു സർവ്വീസിൽ പ്രവേശിക്കാൻ പര്യാപ്തമാംവിധം ഉന്നതവിദ്യാഭ്യാസം നല്കാനും ഇതുമൂലം സാധിച്ചു.

വിദ്യാഭ്യാസം സാർവ്വത്രികമാക്കിയതുമൂലം സാക്ഷരതയുള്ള ആദ്യത്തെ ഏഷ്യൻ രാജ്യമാകുവാൻ ജപ്പാനു കഴിഞ്ഞു. ഏററവും വിജയകരമായ വിധത്തിലാണു് ജപ്പാനിൽ വിദ്യാഭ്യാസം പ്രചരിച്ചതു്. പാശ്ചാത്യരാജ്യങ്ങളുടെ സാങ്കേതികരീതി സ്വീകരിച്ചതിനോടൊപ്പംതന്നെ, ജനാധിപത്യത്തിന്റെയും സമത്വത്തിന്റെയും ആദർശങ്ങൾക്കു വിരുദ്ധമായ ഏതാനും പ്രാദേശികാശയഗതികളും അവർ അതിൽ കുത്തിവെയ്ക്കുകയുണ്ടായി. ആധുനിക സ്റ്റേററിന്റെ സങ്കീർണ്ണമായ സംവിധാനക്രമത്തിൽ അനുസരണശീലവും വിശ്വസ്തതയുമുള്ള പ്രജകളെ പരിശീലിപ്പിച്ചെടുക്കുന്നതിനുള്ള ഒരു ഉപാധിയായിട്ടാണു് ഗവമ്മേണ്ടു് വിദ്യാഭ്യാസത്തെ പരിഗണിച്ചിരുന്നതു്.

മെയ്ജിയുടെ ആദ്യവർഷങ്ങളിൽ അമേരിക്കയിൽ നിന്നുള്ള പ്രോട്ടസ്റ്റന്റ് മതപ്രചാരകരും, ജപ്പാനിലെതന്നെ വിദ്യാഭ്യാസവിചക്ഷണന്മാരും പ്രൈമറിക്കപ്പുറമുള്ള ക്ലാസ്സുകളിലേക്കു് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊടുക്കുന്നതിൽ സുപ്രധാനമായ പങ്കു് വഹിക്കുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസമന്ത്രികാര്യാലയം എല്ലാ സ്കൂളുകളുടേയും മേൽ കൂടുതൽ കൂടുതൽ ആധിപത്യം ചെലുത്തുകയും, ഒരു പ്രത്യേകരീതിയിലുള്ള വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. എങ്ങിനെ ചിന്തിക്കണം എന്നല്ല, എന്താണു ചിന്തിക്കേണ്ടതു് എന്നു് ജനങ്ങളെ അഭ്യസിപ്പിക്കാനുള്ള സ്ഥാപനങ്ങളായിത്തീർന്നു ഈ വിദ്യാലയങ്ങൾ.

രാഷ്ട്രീയോദ്ദേശ്യങ്ങൾക്കായി വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്ന സമ്പ്രദായത്തിനു് ജപ്പാൻ നേതൃത്വം നൽകി. ജർമ്മനിയെപ്പോലുള്ള രാജ്യങ്ങൾ ഈ രീതി അവലംബിക്കുന്നതിനു വളരെ വർഷങ്ങൾക്കു മുമ്പേ തന്നെ ജപ്പാൻ ഇതു പ്രായോഗികമാക്കിക്കഴിഞ്ഞിരുന്നു.


ഈ വിദ്യാഭ്യാസപദ്ധതിയും കൃഷിക്കാരെ പട്ടാളത്തിലെടുക്കലും കൂടിയായതോടെ, യുവാക്കളായ ജപ്പാൻകാർക്കിടയിൽ പുതിയ തത്വസംഹിതകൾക്കു പ്രാബല്യം ലഭിച്ചു. ടോക്കുഗാവാ ഭരണകാലം വളരെ മുമ്പുതന്നെ അവരെ അനുസരണശീലവും വിദ്യയിൽ വാസനയുള്ളവരുമാക്കിത്തീർത്തിരുന്നു. അതിനാൽ വിദ്യാലയങ്ങളിലും പട്ടാളക്യാമ്പുകളിലുംനിന്നു ലഭിച്ച തത്വസംഹിതകളുമായി അവർ വളരെ പെട്ടെന്നു് ഇണങ്ങിച്ചേർന്നു.

ജപ്പാൻെറ പട്ടാളപാരമ്പര്യത്തെ പാടിപ്പുകഴ്ത്താനാണു് ക്ലാസ്സ് മുറികളിലും പാളയങ്ങളിലും വെച്ചു് ജപ്പാനിലെ യുവാക്കളെ അഭ്യസിപ്പിച്ചതു്. ചക്രവർത്തിക്കുവേണ്ടി യുദ്ധം ചെയ്തു മരിക്കുന്നതു് ഏററവും യശസ്കരമാണെന്നു് അവർ വിശ്വസിച്ചു. "ദേശീയ സംവിധാനത്തി"ൻെറയും "ജാപ്പനീസ് ദേശീയത്വത്തി"ൻെറയും പ്രാഭവം അത്യുന്നതമാണെന്നും അവർ കരുതി. അടുത്ത ഏതാനും ദശവർഷങ്ങൾക്കുള്ളിൽ സാധാരണക്കാരായ ജപ്പാൻകാരെ ദേശഭ്രാന്തന്മാരാക്കിത്തീർക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ടും പട്ടാളവും വിജയംവരിച്ചു. ജപ്പാനിലെ ഉന്നതവർഗ്ഗത്തിൻെറ ഒരു സ്വഭാവവിശേഷമായിരുന്നല്ലൊ ഇതു്. എന്നാൽ ഇക്കാലത്തു് ചക്രവർത്തിയെ ഭ്രാന്തമായി ആരാധിക്കുന്ന നിലയിലേക്കു് ഇതു പുരോഗമിച്ചു. ചരിത്രകാരന്മാരും ഷിൻടോമതപ്രചാരകന്മാരും വളർത്തിക്കൊണ്ടുവന്ന ഈ ബോധത്തെ ചക്രവർത്തിയുടെ പാർശ്വവർത്തികൾ പരിപോഷിപ്പിക്കുകയും ചെയ്തു. ജപ്പാൻെറ രാഷ്ട്രീയവും സൈനികവുമായ തത്വസംഹിതകൾ അന്യൂനവും വിജകരവും ആയിത്തീർന്നു.

സാമ്പത്തികമണ്ഡലത്തിലെ കാര്യം പറയുകയാണെങ്കിൽ, കഴിഞ്ഞ ടോക്കുഗാവാ കാലഘട്ടത്തിലെ വണിഗ്വരന്മാരുടെ വർഗ്ഗം വ്യവസായവും വാണിജ്യവും അഭിവൃദ്ധിപ്പെടുത്തുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചു. വ്യവസായവാണിജ്യമണ്ഡലങ്ങൾ പരിപൂർണ്ണമായി വികസിപ്പിക്കുന്നതിനു് ആവശ്യമായ മൂലധനം ജപ്പാനിൽ ഇല്ലായിരുന്നു. ഈ വസ്തുത മനസ്സിലാക്കിയ ജാപ്പനീസ് ഗവമ്മേണ്ടു് പല വ്യവസായ സ്ഥാപനങ്ങളും സാമ്പത്തിക സ്ഥാപനങ്ങളും കെട്ടിപ്പടുക്കുന്നതിൽ ആവശ്യമായ നേതൃത്വം നല്കുകയുണ്ടായി. സുശക്തമായ ഒരു പട്ടാളശക്തിയ്ക്കു ഇവ അനിവാര്യമാണെന്നു് ജപ്പാൻ മനസ്സിലാക്കി.

റെയിൽവേ, കമ്പിത്തപാൽ തുടങ്ങിയ പൊതുജനോപകാരപ്രദമായ സർവ്വീസ്സുകൾ നേരിട്ടു നടത്തുന്നതിലും അഭിവൃദ്ധിപ്പെടുത്തുന്നതിലും ഗവമ്മേണ്ടു നടപടികൾ കൈക്കൊണ്ടു. തുടക്കം മുതൽ തന്നെ ഇവയിൽ നിന്നു് വമ്പിച്ച ലാഭം ഗവമ്മേണ്ടിനു ലഭിച്ചു. വായ്പകളും മററും നല്കിക്കൊണ്ടു പല നൂതന വ്യവസായങ്ങളേയും വ്യാവസായിക സംരംഭങ്ങളേയും ഗവമ്മേണ്ടു സഹായിക്കുകയുണ്ടായി. കൂടാതെ കടലാസുമില്ലുകൾ, നെയ്ത്തുശാലകൾ എന്നിവ സ്ഥാപിക്കുകയും, ആധുനികരീതിയിൽ നാവികവിപണിയും കപ്പൽ നിമ്മാണവും സമാരംഭിക്കുകയും ചെയ്തു. സിൽക്കു വ്യവസായത്തിനും സ്വകാര്യമേഖലയിൽ പെട്ട മററു പലവിധ വ്യാപാരസ്ഥാപനങ്ങൾക്കും നേതൃത്വവും സഹായവും നൽകി.

മെയ്ജി കാലഘട്ടത്തിൻെറ ആദ്യദശയിൽ ഗവമ്മേണ്ടു ഏതാനും മുതലാളിമാക്കു നല്കിയ സാമ്പത്തികസഹായത്തിൻെറയും സംരക്ഷണത്തിൻെറയും ഫലമായി വ്യവസായ സാമ്പത്തിക രംഗങ്ങളിൽ അത്ഭുതകരമായ പുരോഗതിയുണ്ടായി. ഇവ വലിയ സാമ്പത്തിക സാമ്രാജ്യങ്ങളായി, ശാഖോപശാഖകളായി വളന്നു. ഓരോ മുതലാളിയുടേയും കീഴിൽ പരസ്പരം ബന്ധപ്പെട്ട അനേകം ചെറുകമ്പനികളുണ്ടായിരുന്നു.




ജപ്പാനിലെ പ്രധാന റെയിൽപ്പാതകൾ

വ്യവസായ വാണിജ്യരംഗങ്ങളിൽ ഗവർമ്മേണ്ടു സഹായം നല്കുകയും താല്പര്യം പ്രദർശിക്കുകയും ചെയ്തതോടെ ജപ്പാൻെറ സാമ്പത്തിക ജീവിതം തന്നെ ഗവർമ്മെണ്ടിനു് അധീനമായി ത്തീൻ. പത്തൊൻപതാം നൂററാണ്ടിൽ മറെറാരു രാജ്യത്തും കാണാത്ത ഒരു പ്രവണതയായിരുന്നു ഇതു്. വ്യവസായങ്ങളുടെ മേലുള്ള ഗവർമ്മേണ്ടു നിയന്ത്രണം സർവ്വസാധാരണമായതോടെ, സാമ്പത്തികമണ്ഡലത്തിൽ ജപ്പാൻെറ സ്ഥാനം സമുന്നതമായി ത്തീൻ. ദീർഘകാലത്തെ ഈ പരിചയത്തിൻെറ ഫലമായി മററാരെക്കാളും കൂടുതലായി യുദ്ധകാലത്തേക്കു തയ്യാറെടുക്കുവാൻ ജപ്പാൻ ഗവർമ്മേണ്ടിനു കഴിഞ്ഞു.

പാശ്ചാത്യരാജ്യങ്ങളുടെ വ്യവസായവാണിജ്യ സമ്പ്രദായങ്ങൾ വമ്പിച്ച തോതിൽ സ്വീകരിച്ച ആദ്യത്തെ ഏഷ്യൻ രാജ്യമെന്ന നിലയിൽ സാമ്പത്തിക ലോകത്തിൽ അത്യുന്നതമായ സ്ഥാനം ജപ്പാൻ നേടിയിരുന്നു. പാശ്ചാത്യശാസ്ത്രങ്ങളുമായുള്ള സമ്പക്കവും കുറഞ്ഞ ഉല്പാദനച്ചിലവും കൂടിച്ചേന്നപ്പോൾ ചുരുങ്ങിയവിലക്കു് സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ ജപ്പാനു കഴിഞ്ഞു. അവിടത്തെ തൊഴിൽശാലകളും വാണിജ്യസ്ഥാപനങ്ങളും രാജ്യത്തിൻെറ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കു വഴിതെളിച്ചു. ക്രമേണ ജാപ്പനീസ് വ്യവസായികൾ അവരുടെ ഉല്പന്നങ്ങൾ ഏഷ്യൻ കമ്പോളങ്ങളിലേക്കയക്കുകയും, വിലകുറഞ്ഞ ഈ സാധനങ്ങൾ എല്ലാ നാട്ടുകാരും സ്വാഗതം ചെയ്യുകയും ചെയ്തു.

വ്യവസായവല്ക്കരണവും ശാസ്ത്രീയപുരോഗതിയും മൂലം ജപ്പാൻകാരുടെ ജീവിതത്തോതു് ഏഷ്യൻ രാജ്യങ്ങളിലെ ജനങ്ങളുടേതിനെക്കാൾ വർദ്ധിക്കാനിടയായി. ഈ വർദ്ധനവു് വ്യാവസായികവും സാമ്പത്തികവുമായ പുരോഗതിക്കനുഗുണമായിട്ടായിരുന്നു. ഒരു രാഷ്ട്രം എന്ന നിലയിൽ ജപ്പാൻ ക്രമേണ സമ്പൽസമൃദ്ധി നേടുകയായായിരുന്നു. വർദ്ധിച്ച സാമ്പത്തികസൗകര്യങ്ങളുടേയും ആരോഗ്യപരമായ പരിതഃസ്ഥിതികളുടേയും,

വൈദ്യസഹായത്തിൻേറയും ഫലമായി പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യദശയായപ്പോഴേക്കും ജപ്പാനിലെ ജനസംഖ്യ 30,000,000 ആയും 1940-ൽ 70,000,000 ആയും വളരെ പെട്ടെന്നു് വർദ്ധിക്കാനിടയായി.

മെയ്ജി കാലഘട്ടത്തിൽ ജാപ്പനീസ് കൃഷീവലന്മാർ ചെറിയ സ്ഥലങ്ങളിൽ കൃഷിചെയ്തു് കഷ്ടിച്ച് കാലക്ഷേപം നടത്തുകയാണു് ചെയ്തുപോന്നതു്. നല്ല വിത്തുകൾ, ശാസ്ത്രീയ കൃഷി സമ്പ്രദായം, വളം എന്നിവയുടെ ഫലമായി ആധുനികകാലങ്ങളിൽ കൃഷിയിൽനിന്നു് ധാരാളം വരുമാനമുണ്ടായെങ്കിലും, കൃഷകൻെറ ജീവിതനിലവാരം കാര്യമായൊന്നും ഉയരുകയുണ്ടായില്ല. കൃഷി യന്ത്രവൽക്കരിച്ചതുമൂലം കർഷകത്തൊഴിലാളികളെ അധികം ആവശ്യമായിരുന്നില്ല; അതോടൊപ്പം കൃഷിസ്ഥലം ധാരാളം വേണ്ടിവരുകയും ചെയ്തു. ജപ്പാനിൽ കൃഷിഭൂമി കുറവും കൃഷിക്കാർ കൂടുതലുമായിരുന്നു. ഓരോ ഏക്കറിലുംഉള്ള കൃഷിക്കാരുടെ അനുപാതം വ്യത്യസ്തമാകാതെ നിലനിന്നിടത്തോളം കൃഷിക്കാർ നിർദ്ധനരായിത്തന്നെ കഴിഞ്ഞുപോന്നു.

അനേകലക്ഷം കൃഷിക്കാർ തൊഴിൽരഹിതരായിത്തീർന്നു. അതിനാൽ വ്യവസായരംഗത്തു് ആവശ്യമായ തൊഴിൽക്കാരെ വേണ്ടുവോളം കുറഞ്ഞ പ്രതിഫലത്തിനു ലഭിച്ചു. തൊഴിലാളികൾ ദാരിദ്ര്യപൂർണ്ണമായ ജീവിതമാണു നയിച്ചുപോന്നതെങ്കിലും, സാമർത്ഥ്യമേറിയ ജോലിക്കു് കുറഞ്ഞ ചിലവിൽ ആളെ കിട്ടിയിരുന്നു. വിലകുറഞ്ഞ സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന രാജ്യമെന്ന നിലയിൽ ലോകത്തിലെ വ്യാവസായിക രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ മാന്യമായ ഒരു പദവി നേടുവാൻ ജപ്പാനു കഴിഞ്ഞു.

1868-ൽ പാശ്ചാത്യശക്തികളോടു സമശീർഷരാകുവാൻ യത്നംചെയ്ത യുവപരിഷ്കാരികൾ തങ്ങളുടെ കാലത്തുതന്നെ ആ സ്വപ്നം യാഥാർത്ഥ്യമായതായിക്കണ്ടു. ഏതാനും വ്യാഴവട്ടങ്ങൾക്കുള്ളിൽ സൈനികശക്തിയുടെ കാര്യത്തിൽ ജപ്പാനു് പാശ്ചാത്യരുടെ ഒപ്പമെത്തുവാൻതന്നെ കഴിഞ്ഞു. ഏഷ്യയിലെ ആള

കരം പരിഷ്കൃത രാഷ്ട്രങ്ങളുടെ അപ്പുറത്ത് "കിരാതന്മാരായി" കഴിഞ്ഞുകൂട്ടുകയാണെന്നായിരുന്നു പാശ്ചാത്യർ അതുവരെ വിശ്വസിച്ചിരുന്നതു്.

പത്തൊൻപതാം ശതാബ്ദത്തിൻെറ മദ്ധ്യദശയിൽ ആഫ്രിക്കാ, ഏഷ്യാ, ഓഷ്യാനിയാ എന്നിവിടങ്ങളിൽ കോളനികരം സ്ഥാപിക്കുന്നതിനു് യൂറോപ്യൻ ശക്തികരം ഉന്മത്തമായ പരിശ്രമത്തിലേർപ്പെട്ടു. സാമുറായ് പാരമ്പര്യമുള്ള ജാപ്പനീസ് നേതാക്കന്മാർ യൂറോപ്പിലെ ഈ സാമ്രാജ്യത്വസംരംഭത്തെ ആവേശപൂർവ്വം ആലിംഗനം ചെയ്യുകയും, പുതിയ കോളനികരം നേടുന്നതിനു് പാശ്ചാത്യസാമ്രാജ്യവാദികളെപ്പോലും തോല്പിക്കുന്നവിധം മുന്നേറുകയും ചെയ്തു. ഒരു ഒന്നാംകിട ലോകശക്തിയായിത്തീരുവാൻ ദരിദ്രവും ചെറുതുമായ ജപ്പാനു് കൂടുതൽ പ്രകൃതിവിഭവങ്ങരം ആവശ്യമാണെന്നു അവർ മനസ്സിലാക്കി. അയൽ രാജ്യങ്ങളെ കീഴടക്കാൻ കഴിഞ്ഞാൽ പ്രകൃതിവിഭവങ്ങരം വേണ്ടത്ര ലഭിക്കാൻ സാധിക്കുമെന്നും, അങ്ങിനെ സുശക്തമായ പ്രതിരോധനിര സൃഷ്ടിക്കാൻ കഴിയുമെന്നും അവർ കണ്ടു.

ചൈന, കൊറിയാ എന്നീ രാജ്യങ്ങളുടെ രാഷ്ട്രീയാധഃപതനവും സൈനികബലഹീനതയും ആ രാജ്യങ്ങളെ വിദേശീയാക്രമണത്തിനു വിധേയമാക്കിത്തീർത്തു. റ്യൂക്യൂ ദ്വീപുകളിലെ ചില നാവികന്മാരെ കൊലചെയ്ത ഫൊർമോസായിലെ ജനങ്ങളോടു പകരം ചോദിക്കാൻ യൂറോപ്യൻസാങ്കേതികരീതി പ്രയോഗിച്ചുകൊണ്ടു് ജപ്പാൻ ഒരു സേനയെ അയക്കുകയുണ്ടായി. ഫൊർമോസാ ചൈനയുടെ കീഴിലുള്ള ഒരു ദ്വീപായിരുന്നു. ഈ പടയേററം വിജയിക്കുകയും ജപ്പാനു നഷ്ടപരിഹാരം നല്കാൻ ചൈന പ്രേരിതമാകുകയും ചെയ്തു. അങ്ങിനെ റ്യൂക്യൂദ്വീപുകളുടെ മേലുള്ള ജപ്പാൻെറ ആധിപത്യത്തെ വൈമനസ്യത്തോടെയെങ്കിലും ചൈന സമ്മതിച്ചുകൊടുത്തു.

രണ്ടു വഷങ്ങരംക്കുശേഷം കൊറിയായിലെ ഭരണാധികാരിയെ ആ രാജ്യം വിദേശികളുടെ പ്രവേശനത്തിനു തുറന്നുകൊ

ടുക്കാൻ ഒരു നാവികശക്തിപ്രകടനംമൂലം ജപ്പാൻ നിർബ്ബന്ധിച്ചു. അതോടൊപ്പം ഏഷ്യൻ സ്റ്റേററുകളിൽനിന്നു് യൂറോപ്യൻ ശക്തികൾ ആവശ്യപ്പെട്ടുന്നവിധം തങ്ങൾക്കും ചില പ്രത്യേകാധികാരങ്ങൾ ലഭിക്കുന്ന ഒരു സന്ധിയിൽ ഒപ്പിടാൻ അവർ കൊറിയായെ പ്രേരിപ്പിച്ചു.

1894- ആയപ്പോഴേക്കും ജപ്പാൻ യുദ്ധത്തിനു സന്നദ്ധമായി. അക്കൊല്ലത്തിൽ കൊറിയയിൽ ആധിപത്യമുറപ്പിക്കാൻ ചൈനയുമായി യുദ്ധത്തിൽ ഏർപ്പെട്ടു. ജപ്പാൻകാർ കൊറിയാ പിടിച്ചടക്കുകയും, ചൈനീസ് നാവികശക്തിയെ തകർത്തു തരിപ്പണമാക്കുകയും, തെക്കൻ മഞ്ചൂറിയായിലേയ്ക്കു കടക്കുകയും, ചൈനയിലെ വെയ്-ഹായ്-വെയ് തുറമുഖംപോലും പിടിച്ചടക്കുകയുംചെയ്തു. 1895-ൽ യുദ്ധം അവസാനിച്ചു. സമാധാന ഉടമ്പടിയനുസരിച്ചു് ചൈനാ ഒരു വമ്പിച്ച തുക ജപ്പാനു നഷ്ടപരിഹാരമായി കൊടുക്കാമെന്നു സമ്മതിക്കുകയും, കൊറിയയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും, സമ്പന്നമായ ഫോർമോസാദ്വീപും, ഫോർമോസയ്ക്കും ചൈനീസ് തീരത്തിനും മദ്ധ്യേ കിടക്കുന്ന പെസ്കാഡോസ് ദ്വീപുകളും, മഞ്ചൂറിയായുടെ തെക്കേ മുനമ്പിലുള്ള ലിയാടങ്ങ് അർദ്ധദ്വീപും ജപ്പാനു വിട്ടുകൊടുക്കുകയും ചെയ്തു.

ഏതാണ്ടു ഈ കാലഘട്ടത്തിൽതന്നെ പാശ്ചാത്യശക്തികളോടൊപ്പം സുശക്തമായ ഒരു രാഷ്ട്രമെന്നുള്ള പദവി ജപ്പാൻ കൈവരിച്ചു. ഏഷ്യയിലെങ്ങുമുണ്ടായിരുന്ന പാശ്ചാത്യഗവൺമെണ്ടധികാരികൾ തങ്ങളുടെ ദേശക്കാരെ അതാതു രാജ്യത്തു നിലവിലുള്ള നിയമങ്ങൾക്കു പകരം സ്വന്തം നിയമങ്ങൾ അനുസരിച്ചാണു് വിചാരണ ചെയ്തുപോന്നതു്. എന്നാൽ 1894 ആയതോടെ ബ്രിട്ടീഷുകാർ ജപ്പാനിൽ അനുഭവിച്ചുപോന്ന ഈ വിചാരണാവകാശം കൈവെടിഞ്ഞു. മററു പാശ്ചാത്യശക്തികളും ബ്രിട്ടീഷുകാരുടെ ഈ മാതൃക പിൻതുടരുക കാരണം, 1899-ൽ പ്രസ്തുത അവകാശസംരക്ഷണനിയമത്തിൽനിന്നു്

മോചനം നേടിയ ആദ്യത്തെ ഏഷ്യൻ രാജ്യമെന്ന നിലയിൽ ജപ്പാൻ ഖ്യാതി നേടി. ടോക്കുഗാവാ കാലഘട്ടത്തിൻെറ ആദ്യേദശ മുതൽ പാശ്ചാത്യശക്തികൾ ജപ്പാനിൻെറ ചുങ്കത്തിൽ വഹിച്ചുകൊണ്ടിരുന്ന നിയന്ത്രണങ്ങളും അവർ കൈവിടാനാരംഭിച്ചു. 1911-ൽ സ്വന്തം ചുങ്കത്തിൻെറ പൂർണ്ണനിയന്ത്രണം ജപ്പാൻെറ അധീനതയിലായി.

ജപ്പാൻെറ നാഗരീക സംരംഭങ്ങളിൽ അമേരിക്കക്കാരും യൂറോപ്യന്മാരും അനുഭാവം പ്രദർശിപ്പിക്കുകയും, ചൈനയെ തോല്പിച്ചതിൽ അഭിനന്ദനവചസ്സുകൾ പൊഴിക്കുകയും ചെയ്തു. എന്നാൽ യൂറോപ്യന്മാക്കു ഒരു കാര്യം വ്യക്തമായി മനസ്സിലായി. ചൈനയെ കീഴടക്കുന്ന കാര്യത്തിൽ തങ്ങൾക്കിതാ ഒരു പ്രതിയോഗിയെ നേരിടേണ്ടതായി വന്നിരിക്കുന്നു. റഷ്യയും ജമ്മനിയും ഫ്രാൻസും ഒത്തുചേൎന്നു ലിയാടാങ്ങ് അർദ്ധദ്വീപ് ചൈനക്കു വിട്ടുകൊടുക്കാൻ ജപ്പാനെ പ്രേരിപ്പിച്ചു. 1898-ൽ റഷ്യക്കാർ ലിയോടാങ്ങ് അർദ്ധദ്വീപു് പിടിച്ചെടുത്തു. അതിനു രണ്ടു കൊല്ലം മുമ്പുതന്നെ ആ ദ്വീപു് ജപ്പാൻെറ കൈയിൽനിന്നു വിട്ടുപോയിരുന്നു. യൂറോപ്യൻ എതിരാളികളുടെ ഈ നടപടിയെ വെല്ലുവിളിച്ചുകൊണ്ടു് തെക്കൻ ചൈനയിലെ ഹോങ്ങ് കോങ്ങിലുള്ള അവരുടെ ആധിപത്യം ഉറപ്പിക്കുകയും, വെയ്-ഹായ്-വെയ് തുറമുഖം ആക്രമിച്ചു കീഴടക്കുകയും ചെയ്തു.

ജമ്മനിയുടേയും ഫ്രാൻസിൻേറയും നേരെ ജപ്പാൻകാർ കോപാക്രാന്തരായിത്തീൎന്നെങ്കിലും, മഞ്ചൂറിയായിൽ ആധിപത്യം ഉറപ്പിക്കുകയും കൊറിയയുടെ കാര്യങ്ങളിൽ കൈകടത്തുകയും ചെയ്യുന്ന റഷ്യയാണു് തങ്ങളുടെ ഏററവും വലിയ ശത്രുവെന്നു് അവക്കു മനസ്സിലായി. അതിനാൽ ഏഷ്യൻ രാജ്യങ്ങളിൽ ആധിപത്യം നേടണമെങ്കിൽ ആദ്യം റഷ്യയെ എതിർത്തു തോല്പിച്ചേ തീരൂ. ഒററയ്ക്കു നില്ക്കുന്ന റഷ്യാ അപകടകാരിയായ ഒരു ശത്രുവാണെന്നും, യൂറോപ്യൻശക്തികൾ ഒന്നിച്ചുചേൎന്നാൽ ജപ്പാനു എതിരായി ഭവിക്കുമെന്നും അവർ കണ്ടു. ഈ

ബോധത്തിൻെറ ഫലമായിട്ടാണ് 1902-ൽ ജപ്പാൻ ഇംഗ്ലീഷുകാരുമായി ഒരു സഖ്യത്തിൽ ഏർപ്പെട്ടതു്. ഈ പട്ടാള സഖ്യമനുസരിച്ച് ഇരു രാജ്യങ്ങളും യുദ്ധവേളയിൽ പരസ്പരം സഹായിക്കാമെന്നു് ഉടമ്പടി ചെയ്തിരുന്നു. തങ്ങളുടെ പഴയ ശത്രുവായ റഷ്യ വിദൂരപൂർവ്വദേശത്തു ഒരു യുദ്ധത്തിനുള്ള കോളിളക്കങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നു് ബ്രിട്ടനു് അറിയാമായിരുന്നു. ഈ സഖ്യം റഷ്യയെ ഒററയ്ക്കു് എതിരിടുന്നതിനു് ജപ്പാനു് സ്വതന്ത്രമായ അവസരം പ്രദാനം ചെയ്തു.

1904-ൽ നൂതനമായ ഒരു യുദ്ധമുറ സ്വീകരിച്ചുകൊണ്ടു് വിദൂരപൂർവ്വദേശത്തെ റഷ്യൻ നാവിക ശക്തിയെ തളർത്തിയ ശേഷം, ജപ്പാൻ യുദ്ധം പ്രഖ്യാപിച്ചു. ലിയോടങ്ങ് അർദ്ധദ്വീപിൻെറ തുറമുഖങ്ങളിൽ ഒരു അണിസൃഷ്ടിക്കുകയും, മഞ്ചൂറിയായിൽക്കൂടി വടക്കോട്ടു സേനനെ അയച്ചു് ജപ്പാൻകാർ റഷ്യക്കാരെ വളഞ്ഞു് തോല്പിക്കുകയും ചെയ്തു. റഷ്യ അവരുടെ യൂറോപ്യൻ സേനകളെ ബാൾടിക്ക് കടലിൽ നിന്നു് വിദൂരപൂർവ്വദേശത്തേക്കു് അയച്ചു. എന്നാൽ ജാപ്പനീസ് നാവികസേന ജപ്പാൻേറയും കൊറിയയുടേയും ഇടയിൽവെച്ചു് അവരുടെമേൽ ചാടിവീഴുകയും, ഉന്മൂലനാശം വരുത്തുകയും ചെയ്തു. റഷ്യയെ വേണ്ടവിധം ശിക്ഷിച്ചെങ്കിലും ജപ്പാൻ ആകെ തളർന്നു പോയി. അതിനാൽ ജപ്പാൻകാരുടെ സാമർത്ഥ്യത്തേയും ധീരതയേയും സർവ്വാത്മനാ പ്രശംസിച്ചിരുന്ന പ്രസിഡണ്ടു് തീയോഡോർ റൂസ്‌വെൽട്ടു് 1905-ൽ സമാധാന ഉടമ്പടികൾക്കു് ഏർപ്പാടു ചെയ്തപ്പോൾ ജപ്പാൻ അതിനെ സ്വാഗതം ചെയ്തു.

ഈ സമാധാന ഉടമ്പടിയനുസരിച്ചു് കൊറിയയിൽ ജപ്പാനുള്ള മേൽക്കോയ്മസ്ഥാനം റഷ്യ സമ്മതിച്ചുകൊടുക്കുകയും, ലിയോടങ്ങ് അർദ്ധദ്വീപിലുണ്ടായിരുന്ന കുത്തകാവകാശവും റഷ്യക്കാർ തെക്കൻ മഞ്ചൂറിയായിൽ നിർമ്മിച്ച റെയിൽപ്പാതകളും, ഹൊക്കായിഡോയിനു് വടക്കുള്ള സഖാലിൻ ദ്വീപിൻെറ തെക്കെ പകുതിയും ജപ്പാനു വിട്ടുകൊടുക്കുകയും ചെയ്തു. ഗ്രേററ്

ബ്രിട്ടൻെറ പട്ടാളമിത്രവും, റഷ്യയെ തോല്പിച്ച രാജ്യവും, അനേകം കൊളോനിയൽ രാജ്യങ്ങളുടെ ഉടമസ്ഥയും എന്ന നിലയിൽ ജപ്പാൻ അങ്ങിനെ ഒരു യഥാൎത്ഥ ലോകശക്തിയായിത്തീർന്നു.

കൊറിയയിൽ നിന്നു് ചൈനാക്കാരുടേയും റഷ്യക്കാരുടേയും മാത്സര്യം തിരോധാനം ചെയ്തതോടെ, 1910-ൽ ജപ്പാൻ യാതൊരു ബഹളവുമുണ്ടാക്കാതെ കൊറിയയെ അവരുടെ രാജ്യത്തോടു കൂട്ടിച്ചേൎത്തു. ഫോർമോസായിലെന്നതുപോലെ അവിടെയും അവർ സാമ്പത്തികവികസനത്തിനു് ആകാംക്ഷയോടെ പദ്ധതികൾ ആസൂത്രണം ചെയ്തു. ആധുനിക ലോകത്തിലെ റെയിൽവേകൾ, ഫാക്ടറികൾ, മററു ബാഹ്യഉപാധികൾ എല്ലാം അവർ ഇവിടെ സ്ഥാപിച്ചു. കൊറിയാക്കാൎക്കും ഫോർമോസക്കാൎക്കും ജപ്പാൻകാരുടെ നുകത്തിനുകീഴിൽ കഴിഞ്ഞുകൂടേണ്ടതായി വന്നു. ഇവരുടെ ഭരണം ക്രൂരവും, പോലീസ് ശക്തി മുഖ്യവുമായിരുന്നു.

ഒന്നാം ലോകമഹായുദ്ധം യാതൊരു അദ്ധ്വാനവും കൂടാതെ തങ്ങളുടെ രാജ്യം വികസിപ്പിക്കുന്നതിനു് ജപ്പാനു് മാററാരവസരംകൂടി നൽകി. ഇംഗ്ലണ്ടിൻെറ സഖ്യശക്തി എന്ന നിലയിൽ ജപ്പാൻ ഉടനെ ജൎമ്മനിയോടു യുദ്ധം പ്രഖ്യാപിച്ചു. യൂറോപ്പിൽ യുദ്ധത്തിൻെറ പ്രത്യാഘാതമെന്താണെന്നു് ആരായാൻ അശേഷം മെനക്കെടാതെ, പൂൎവ്വദേശത്തെ ജൎമ്മൻ കോളനികൾ ഒന്നൊന്നായി ജപ്പാൻ പിടിച്ചെടുത്തു. ലോകത്തിൻെറ ശ്രദ്ധമുഴുവൻ യൂറോപ്പിലാണു് കേന്ദ്രീകരിച്ചിരിക്കുന്നതെന്നു മനസ്സിലാക്കിയ ജപ്പാൻ, ചൈനയിൽ നിന്നു കൂടുതൽ ആനുകൂല്യങ്ങൾ നേടാൻ ഇതുതന്നെയാണു് പററിയ സന്ദർഭം എന്നു കണ്ടു. 1915-ൽ അവർ ചൈനയുടെ മുമ്പിൽ സുപ്രസിദ്ധമായ "ഇരുപത്തൊന്നു ആവശ്യങ്ങൾ" സമർപ്പിച്ചു. അങ്ങിനെ യുദ്ധകാലത്തു് വിലയേറിയ ഒട്ടധികം സാമ്പത്തികാനുകൂല്യങ്ങൾ നേടിയെടുക്കാൻ ജപ്പാനു കഴിഞ്ഞു. യൂറോപ്പിലെ യുദ്ധംമൂലം

ഇംഗ്ലണ്ടിലേയും മററു യൂറോപ്യൻ രാജ്യങ്ങളിലേയും ചരക്കുകൾ ഏഷ്യൻ കമ്പോളത്തിൽ എത്തുകയുണ്ടായില്ല. ഈ സുവർണ്ണാവസരം ജാപ്പനീസ് കച്ചവടക്കാർ ഉപയോഗപ്പെടുത്തുകയും, നേരത്തെ യൂറോപ്യന്മാർ ആധിപത്യം ചെലുത്തിയിരുന്ന വമ്പിച്ച കമ്പോളങ്ങളിൽ തങ്ങളുടെ ചരക്കുകൾ വിററഴിക്കുകയും ചെയ്തു.

യൂറോപ്പിലെ യുദ്ധം ജപ്പാൻെറ സാമ്പത്തിക രാഷ്ട്രീയസാമ്രാജ്യത്തെ വികസിപ്പിക്കുകയും, ആ നാടിനു് മുമ്പെങ്ങുമില്ലാത്തവിധം അഭിവൃദ്ധി പ്രദാനം ചെയ്യുകയും ചെയ്തു. ലോകത്തിലെ ഏററവും വലിയ സൈനിക-വ്യാവസായിക രാഷ്ട്രങ്ങളിലൊന്നു് എന്ന നിലയിൽ 1919-ൽ ജപ്പാൻ വെർസെയിൽസിലെ സമാധാനസമ്മേളനത്തിൽ പങ്കെടുക്കുകയും സാർവ്വദേശീയ മണ്ഡലത്തിൽ "പഞ്ചശക്തി"കളിലൊന്നായി ഔദ്യോഗിക അംഗീകാരം നേടുകയും ചെയ്തു.

---

## അദ്ധ്യായം 10

# ലിബറൽ ജനാധിപത്യ പ്രവണതകളുടെ ആവിർഭാവം

മെയ്ജി നേതാക്കന്മാർ നിയന്ത്രണത്തോടെ നടത്തിയ വിപ്ലവത്തിനു് അത്ഭുതകരമായ വിജയമുണ്ടായി. ഏതാനും വ്യാഴവട്ടങ്ങൾക്കുള്ളിൽ പ്രഭുതാ-ഭരണം അവരുടെ ഇച്ഛപ്പോലത്തവിധം ജപ്പാനെ ഒരു പ്രബലരാഷ്ട്രമാക്കിത്തീർത്തു.

ഫ്യൂഡൽ ഭരണത്തിൻെറ കരാളവക്ത്രത്തിൽ നിന്നു മോചിതരായ ജനങ്ങൾ നേതൃത്വം ആരാഞ്ഞുകൊണ്ടിരുന്നതിനാൽ

അവരെ നിയന്ത്രിക്കുന്നതിന് പ്രഭുത്വഭരണത്തിന് അശേഷം ബുദ്ധിമുട്ടില്ലായിരുന്നു. ഓരോ പുതിയ സാഹചര്യത്തിലും മാറിമാറി അവർ യജമാനത്വം നേടി. എല്ലാവരും അവരുടെ ചൊല്പടിക്കു നിന്നു. എന്നാൽ ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നുമുള്ള സ്വാധീനതയെ ആശ്ലേഷിക്കുകയും, മററു രാജ്യങ്ങളിലെ ആശയാദർശങ്ങൾ മനസ്സിലാക്കുകയും ചെയ്ത അവിടത്തെ വിദ്യാസമ്പന്നരായ പൗരജനങ്ങളുടെ പ്രവൃത്തിയേയും ചിന്തയേയും പൂർണ്ണമായി നിയന്ത്രിച്ചു തങ്ങളുടെ കീഴിൽ നിറുത്തുന്ന കാര്യത്തിൽ പ്രഭുത്വഭരണത്തിന് ബുദ്ധിമുട്ടു നേരിട്ടു.

ബുദ്ധിപരമായ മണ്ഡലത്തിലാണ് പുതിയ പ്രവണതകൾ ആദ്യം പ്രത്യക്ഷപ്പെട്ടത്. മെയ്ജി കാലഘട്ടത്തിൽ കഴിവുകളുടെ നിറകുടങ്ങളായ പല യുവനേതാക്കന്മാരുമുണ്ടായിരുന്നു. സാത്സുമാ വംശത്തേയും ചോഷു സാമുറായ്വംശത്തേയുംകാൾ അധികമായി ജപ്പാനെ പരിഷ്കൃതമാക്കിത്തീർക്കാൻ ഇവർ അഭിലഷിച്ചു. എന്നാൽ സൈനികശക്തിയെക്കുറിച്ചു അത്ര കാര്യമായി ചിന്തിച്ചില്ല. ഫുകുസാവാ യുകിചിയെപ്പോലുള്ള യുവസാമുറായ് നേതാക്കന്മാർ അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ഒരു നല്ല എഴുത്തുകാരനായ യുകിചി വമ്പിച്ച തോതിൽ ഒരു വർത്തമാനപ്പത്രം ആരംഭിക്കുകയും, ഒരു വിജ്ഞാനമന്ദിരം സ്ഥാപിക്കുകയും ചെയ്തു. ആധുനിക ടോക്കിയോവിലെ വമ്പിച്ച സർവ്വകലാശാലകളിലൊന്നായ കെയ്ഓ സർവ്വകലാശാലയായി രൂപാന്തരപ്പെട്ടതു് ഈ വിജ്ഞാനമന്ദിരമായിരുന്നു.

ജപ്പാനിൽ ഇക്കാലത്തു് പല വിദേശികളും താമസിച്ചിരുന്നു. ക്രിസ്തുമതതത്വങ്ങൾ അഭ്യസിപ്പിച്ച മിഷനറിമാരായിരുന്നു ഇതിൽ ഒരു വിഭാഗം. മെയ്ജി നേതാക്കൾ ആദ്യമാദ്യം പ്രവർത്തനങ്ങളെ സഹിഷ്ണുതയോടെ വീക്ഷിച്ചുപോന്നെങ്കിലും, ഈ നേതാക്കളുടെ വിശ്വാസലക്ഷ്യങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമായിട്ടാണ് മിഷ്യനറിമാർ നിലകൊണ്ടതു്. അനേകാ

യിരം ആളുകളെ മതപരിവർത്തനം ചെയ്യിക്കാൻ ഇവക്കു കഴി ഞ്ഞു. അധികവും വിദ്യാസമ്പന്നരുടെ വർഗ്ഗമാണു് ഇങ്ങിനെ 'മാർഗ്ഗംകൂടിയതു്.' ജനസംഖ്യയിൽ ഒരു ശതമാനത്തിൽ താഴെയുള്ള ആളുകൾ മാത്രമേ ക്രിസ്തുമതത്തിൻെറ വക്താക്കളായിത്തീർന്നിരുന്നുള്ളുവെങ്കിലും, ഇവരിൽക്കൂടി ക്രിസ്തുമതതത്വങ്ങൾ ജപ്പാൻകാരുടെ ജീവിതത്തിലേക്കും ചിന്തയിലേക്കും കയറിപ്പററി.

ആദിമ മെയ്ജി കാലഘട്ടത്തിലെ സംസ്കാരം ഫ്യൂഡൽ കാലമൂല്യങ്ങളും പാശ്ചാത്യപരിഷ്കാരത്തിൻെറ 'ദഹിക്കാത്ത' ആശയസംഹിതകളും കൂടിച്ചേർന്നതായിരുന്നു. മെയ്ജിയുഗത്തിൻെറ അന്ത്യദശയായപ്പോഴേക്കും ഒരു നൂതന സാഹിത്യരൂപം പ്രത്യക്ഷപ്പെട്ടതുമൂലം, പരിഷ്കൃതമെങ്കിലും ദേശീയമായ ഒരു സംസ്കാരം പിറവിയെടുക്കാനിടയായി. പാശ്ചാത്യമാതൃക ഈ സാഹിത്യരൂപത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. സമകാലിക റഷ്യക്കാരുടേയും, ഫ്രഞ്ചുകാരുടേയും, ഇംഗ്ലീഷുകാരുടേയും പല ആശയങ്ങളും കുത്തിച്ചെലുത്തത്തക്കവിധം ഇതു അത്രയ്ക്കു പരിഷ്കൃതമായിരുന്നു. എന്നുവെച്ച വെറും അനുകരണമായിരുന്നു ഈ സാഹിത്യസരണി എന്നു പറയാവതല്ല. ജപ്പാൻകാരുടെ ആത്മാർത്ഥതയും ഗുണപൗഷ്കല്യവുമെല്ലാം ഇതിൽ പ്രതിഫലിച്ചിരുന്നു. ഈ സാഹിത്യം തികച്ചും ജപ്പാൻകാരുടെ സൃഷ്ടിയായിരുന്നു. മദ്ധ്യവർത്തികളുടെ ജീവിതത്തെ യഥാതഥമായും, മന:ശാസ്ത്രപരമായ വീക്ഷണഗതിയോടും, നർമ്മബോധത്തോടുംകൂടിയും ചിത്രീകരിക്കുന്ന കഥകളാണവ. പ്രഭുവർഗ്ഗമാണു് രാജ്യം ഭരിക്കുന്നതെങ്കിലും, ഫ്യൂഡൽ മന:സ്ഥിതിയിൽ നിന്നു സ്വതന്ത്രമായ ബുദ്ധിജീവികളുടെ വർഗ്ഗം വളർന്നുകൊണ്ടിരിക്കുകയാണെന്നു ഈ സാഹിത്യരൂപം വ്യക്തമാക്കി.

ബുദ്ധിജീവികളോടൊപ്പം, അവരുമായി യോജിച്ചുകൊണ്ടു്, മറെറാരു വിഭാഗവും ഉയർന്നുവന്നു. മുൻകാലത്തെ സാമുറായ് വംശക്കാരുടേയും ഡെയ്മ്യോകളുടേയും ഇടയിലുള്ള കച്ച

MADRAS

വടക്കാരും സമ്പത്ദായകന്മാരുമായിരുന്നു ഇവർ. പട്ടാളശക്തിയിലോ കോളനി വികസനത്തിലോ ഇവർ തികച്ചും വിമുഖരായിരുന്നു. ലാഭത്തേയും നികുതികളേയും കുറിച്ചു മാത്രമാണ് ഇവർ ചിന്തിച്ചിരുന്നത്.

തങ്ങൾക്ക് ഭരണകൂടത്തിൽ സ്ഥാനം ലഭിക്കേണ്ടതാണെന്ന് പറഞ്ഞുകൊണ്ട് കച്ചവടക്കാർ ചെറിയ ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ കൂടെ ചേർന്നു, 1890-ൽ രൂപീകരിച്ച ഡയററിൽ സ്ഥാനം ലഭിച്ചതോടെ രാഷ്ട്രീയരംഗത്തു അവർ ക്രമേണ കാൽകുത്തി. ആദ്യമൊക്കെ പഴയ പ്രഭുവർഗ്ഗത്തെ ചുററിപ്പററിയാണ് രാഷ്ട്രീയപ്പാർട്ടികൾ നിലകൊണ്ടിരുന്നത്. എന്നാൽ കാലക്രമേണ ഈ പാർട്ടികളിൽ വ്യവസായികളും സമ്പന്നന്മാരും സ്വാധീനം നേടിയെങ്കിലും പ്രഭുക്കന്മാർ തന്നെയാണ് നേതൃസ്ഥാനം വഹിച്ചുകൊണ്ടിരുന്നത്. വോട്ടവകാശം ലഭിക്കാനുള്ള നികുതിയുടെ സംഖ്യ കുറച്ചതോടെ സമ്മതിദായകന്മാരുടെ എണ്ണം വർദ്ധിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൻെറ അവസാനത്തിൽ ഇവരുടെ എണ്ണം 1,500,000 ആയിത്തീർന്നു. മദ്ധ്യവർത്തികളെല്ലാം തന്നെ അങ്ങിനെ വോട്ടവകാശം നേടി. കൃഷിക്കാർക്കും സാധാരണക്കാർക്കും ഈ അവകാശം ലഭിച്ചുമില്ല.

മദ്ധ്യവർത്തികൾക്ക് ഇത്തരം രാഷ്ട്രീയ നേട്ടങ്ങളുണ്ടായിട്ടും, പ്രഭുവർഗ്ഗഭരണത്തിൻെറ നേതൃത്വത്തിലാണ് ജപ്പാൻ ഒന്നാം ലോകമഹായുദ്ധത്തെ നേരിട്ടത്. എന്നാൽ യുദ്ധം അവസാനിക്കുകയും, ജപ്പാൻ യുദ്ധാനന്തരകാലഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്തപ്പോൾ ആയിരമായിരം പ്രഭുക്കന്മാരും, സൈനികനേതാക്കളും, കച്ചവടക്കാരും, ബുദ്ധിജീവികളും അടങ്ങിയ അനേകം സംഘങ്ങൾ രൂപംകൊണ്ടു. എല്ലാവരും ഭരണകൂടത്തിലേയ്ക്കു തന്നെ കണ്ണയച്ചു. ഏതാനും കൊല്ലങ്ങൾക്കുള്ളിൽ ബുദ്ധിജീവികളുടെ ജീവിതവും, ജപ്പാനിലെ നഗരങ്ങളിലെ സാമൂഹ്യരീതികളും പാശ്ചാത്യമട്ടിലായിത്തീർന്നു.

ആദ്യകാലത്തെ പ്രഭുത്വസമ്പ്രദായം അപ്രത്യക്ഷമായതായിരുന്നു പെട്ടെന്നുള്ള ഈ മാററത്തിനു കാരണം. 1912-ൽ മെയ്ജി ചക്രവർത്തി ചരമഗതിയടഞ്ഞു. അതിനു ശേഷം ചക്രവർത്തിയുടെ ദുർബ്ബലനായ പുത്രൻ 1926-വരെ ടെയ്ഷോ എന്ന ഭരണപ്പേരിൽ രാജ്യം ഭരിച്ചു. പ്രഭുത്വഭരണ യുഗത്തിലെ പ്രതാപശാലിയായ ഒരു മഹാ പുരുഷനാണ് മെയ്ജി ചക്രവർത്തിയുടെ മരണംമൂലം അപ്രത്യക്ഷനായതു്. ജാപ്പനീസ് രാഷ്ട്രീയ മണ്ഡലത്തിൽനിന്നു് സിംഹാസനം ഏതാണ്ടു തുടച്ചുനീക്കപ്പെട്ട മട്ടിലായി. ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നവരുടെ ഒരു ഉപകരണമായി, കേവലം ഒരു പ്രതീകമായി, മാത്രമാണ് അതു് നിലകൊണ്ടതു്.

ജാപ്പനീസ് ഭരണഘടന എഴുതിയുണ്ടാക്കുകയും, നാലു തവണ പ്രധാന മന്ത്രിയാകുകയും ചെയ്ത ഇടോവിനെ 1909-ൽ കൊറിയാക്കാർ വധിച്ചുകളഞ്ഞു. സൈന്യങ്ങളുടെ 'പിതാവാ' യി നിലകൊള്ളുകയും രണ്ടു തവണ പ്രധാന മന്ത്രിസ്ഥാനം അലങ്കരിക്കുകയും ചെയ്ത യെമഗാററാ 1922-ൽ മരണമടഞ്ഞു. രണ്ടു കൊല്ലം കഴിഞ്ഞപ്പോഠം മെയ്ജിയുഗത്തിലെ പഴയ തലവന്മാരിൽ ഒരാഠം മാത്രം അവശേഷിച്ചു—സൈയോൺജി രാജകുമാരൻ. ഇദ്ദേഹമായിരുന്നു പഴയ വിഭാഗത്തിൽനിന്നു ആകെക്കൂടി ഉണ്ടായിരുന്ന ഒരേ ഒരാഠം.

ഇതിനിടയ്ക്കു് ഒരു പുതിയ തലമുറ ശക്തിയാർജ്ജിച്ചുവരുകയായിരുന്നു. മുൻകാലത്തെ സമുറായ് വംശജന്റെ സന്താനങ്ങളായിരുന്നു ഇവർ. പട്ടാള ഉദ്യോഗസ്ഥന്മാർ, ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ, കച്ചവടക്കാർ എന്നീ നിലകളിൽ കഴിഞ്ഞുകൂടിയതല്ലാതെ സാമുറായ് പ്രഭുപദവിയൊന്നും ഇവൎക്കില്ലായിരുന്നു.

ഒന്നാം ലോകമഹായുദ്ധം വൎത്തകവൎഗ്ഗത്തിനും വ്യവസായിക വാണിജ്യ കക്ഷികഠംക്കും ജാപ്പനീസ് ജീവിതത്തിലും രാഷ്ട്രീ

യമണ്ഡലത്തിലും പ്രാമുഖ്യം നേടുവാൻ സഹായകമായി. നവീന ജപ്പാനിലെ വീരപുരുഷന്മാരായിമാറി ഇവർ. ഇവരുടെ പ്രവത്തനം വിദൂരപൂർവ്വദേശങ്ങളിലെല്ലാം പരന്നതോടെ, മുന്നണിയിൽ നിന്നിരുന്ന പടയാളികളേയും നാവികരേയും പിൻതള്ളിക്കൊണ്ടു്, ഇവർ പ്രാമുഖ്യം നേടി.

മാത്രമല്ല, പാശ്ചാത്യ ജനാധിപത്യ ശക്തികൾക്ക് ഒന്നാം ലോക മഹായുദ്ധത്തിലുണ്ടായ വിജയം ജപ്പാൻകാരുടെ കണ്ണു തുറപ്പിച്ചു. ജനാധിപത്യശക്തികൊണ്ടു മാത്രമേ സുശക്തമായ രാഷ്ട്രങ്ങൾ കെട്ടിപ്പടുക്കാൻ കഴികയുള്ളുവെന്നും, അതു ഏകാധിപത്യത്തെക്കാൾ ഉന്നതമാണെന്നും അവർ വിശ്വസിച്ചു. അതിനാൽ ജനാധിപത്യത്തിന്നായുള്ള മുറവിളികൾ എങ്ങും ഉയൻനു. ഡയററിന്നും കക്ഷിരാഷ്ട്രീയക്കാക്കും ഇതു പുതിയ ശക്തിയും പ്രതാപവും പ്രദാനം ചെയ്തു.

പഴയ പ്രഭുത്വഭരണം അപ്രത്യക്ഷമാകയും, ഭരണകൂടത്തിനു പുറത്തു കക്ഷികൾ വളരുകയും ചെയ്തതോടെ, രാഷ്ട്രീയ ശക്തിയെ തുല്യപ്പെടുത്താൻ ഡയററിനും പാർട്ടി സമ്പ്രദായത്തിനും കഴിയുമെന്നായി. പഴയ പ്രഭുക്കന്മാരുടെ പിൻഗാമികളായ അധികാരിവർഗ്ഗത്തിനും ഉയന്ന സൈനിക ഉദ്യോഗസ്ഥന്മാക്കും നില്ക്കക്കള്ളിയില്ലാതായി. അതിനാൽ രാഷ്ട്രീയ കൂട്ടുകെട്ടുവഴി ഡയററിൽ സ്ഥാനം നേടുകയല്ലാതെ അവക്കു ഗത്യന്തരമില്ലായിരുന്നു. വമ്പിച്ച വ്യാവസായിക ശക്തിയായ സൈബട്സുവിനു് അധികാരവർഗ്ഗത്തെ ഡയററിൽ തങ്ങളുടെ ഇച്ഛയ്ക്കൊത്തവിധം നിലനിറുത്താൻ സാധിച്ചു. രാഷ്ട്രീയപാർട്ടികളുടെ നട്ടെല്ലായ ചെറിയ കച്ചവടക്കാരേയും ജന്മികളേയും പാർലിമെൻററി ഗവമ്മേണ്ടിനെ പിൻതാങ്ങുവാൻ പ്രേരിപ്പിച്ചു.

ഡയററും പാർട്ടിസമ്പ്രദായവുമായിത്തീൻ ജപ്പാനിലെ ശക്തികേന്ദ്രം. പ്രഭുക്കന്മാരും, അഡ്മിറൽമാരും, ജനറൽമാരും സൈബട്സു തൊഴിൽശാലകളുടെ പ്രതിനിധികളും മിക്കപ്പോ

ഴ്ചം. പാർട്ടികളുടെ നേതൃത്വം വഹിക്കുകയും, പ്രധാനമന്ത്രി സ്ഥാനംതന്നെ അലംകരിക്കുകയും ചെയ്തു. ഒന്നാംലോകമഹായുദ്ധാനന്തരം ഒരു വ്യാഴവട്ടക്കാലത്തിനിടയ്ക്കു ആവിർഭവിച്ച മന്ത്രിസഭകളെല്ലാംതന്നെ പാർട്ടി അടിസ്ഥാനത്തിൽ വന്നവയായിരുന്നു. ഡയററിലുള്ള ഭൂരിപക്ഷത്തെ ആശ്രയിച്ചാണു് മന്ത്രിസഭകാം നിലനിന്നിരുന്നതു്. അതിനാൽ ദൂഷണം സർവ്വത്ര പരന്നു. ഡയററായിത്തീർന്നു ഗവമ്മെണ്ടിൻെറ പ്രജ്ഞാകേന്ദ്രം. അങ്ങിനെ ജനാധിപത്യസമ്പ്രദായങ്ങാം ആദ്യമായി നടപ്പാക്കിയ പാശ്ചാത്യേതര രാജ്യം എന്ന നിലയിൽ ജപ്പാൻ കീത്തിനേടി.

പുതിയ സമ്പ്രദായത്തിലുള്ള പാർട്ടിഗവമ്മേണ്ടു് 1918 സെപ്തംബർ മാസത്തിൽ ഉദയംചെയ്തു. ഈ പുതിയ യുഗത്തിലെ രാഷ്ട്രീയനേതാവും പൊതുജനസേവകനുമായ സെയുകായ് നേതാവു് ഹാരായായിരുന്നു പ്രധാനമന്ത്രി. പാർട്ടിയിൽ പ്രാമുഖ്യം നേടിയ ഹാരായുടെ നിലനില്പു് സെയുകായ് പിൻതുണയെ ആശ്രയിച്ചായിരുന്നു. 1921-ൽ അദ്ദേഹം വധിക്കപ്പെട്ടതോടെ, അത്ഭുതകരമായ വേഗതയിൽ മന്ത്രിസഭകാം വരുകയും പോകയും ചെയ്തു. ഡയററിലെ പാർട്ടിശക്തിയെ ആശ്രയിക്കുന്ന ഈ സമ്പ്രദായം 1932-ൽ പാർട്ടിഗവമ്മേണ്ടിനു തകർച്ച നേരിട്ട കാലംവരെ നീണ്ടുനിന്നു.

പാശ്ചാത്യജനാധിപത്യതത്വങ്ങളുടെ പ്രേരണയ്ക്കു വശംവദരായ ജാപ്പനീസ് കച്ചവടക്കാർ, നാവിക-പട്ടാളസ്ഥാപനങ്ങാംക്കു കൊടുക്കേണ്ടിയിരുന്ന വമ്പിച്ച നികുതികളുടെ കാൎയ്യത്തിൽ തികഞ്ഞ അതൃപ്തി പ്രദശിപ്പിച്ചു. യുദ്ധംകൊണ്ടോ, ആക്രമണംകൊണ്ടോ കോളനി വികസിപ്പിക്കുന്നതിനെക്കാാം എളുപ്പമായി സാമ്പത്തികവികസനം സാധിക്കാമെന്നു അവർ മനസ്സിലാക്കി.

ഈ മനോഗതിയും, യുദ്ധാനന്തരകാലത്തെ സാർവ്വദേശീയ മനോഭാവവും ഒത്തുചേർന്നപ്പോാം പട്ടാളശക്തികൊണ്ടു് കോ

ളനി വികസിപ്പിക്കുന്ന പഴയ നയത്തിനുതന്നെ വ്യതിയാനം വന്നു. 1922-ൽ ജപ്പാൻകാർ സൈബീരിയായിൽനിന്നു് സൈന്യത്തെ പിൻവലിച്ചു. ഹാരാ അധികാരത്തിൽ വരുന്നതിന്നുമുമ്പുതന്നെ, 1918-ൽ, വിദൂരപൂർവ്വദേശത്തുള്ള റഷ്യയുടെ തുറമുഖമായ വ്ളാഡിവോസ്റ്റോണിൽ ബ്രിട്ടീഷുകാരുടേയും അമേരിക്കക്കാരുടേയും സൈന്യത്തോടൊപ്പം നിലകൊണ്ടിരുന്ന പ്രസ്തുത സേനയുടെ ആവശ്യമില്ലെന്നു തോന്നിയതിനാലാണു് പുതിയ ഗവമ്മേണ്ടു് അതിനെ പൂണ്ണമായി പിൻവലിച്ചതു്.

1921-22-ലെ മഞ്ഞുകാലത്തു നടന്ന വാഷിങ്ങ്ടൺ സമ്മേളനത്തിൽ ചൈനയുടെ അതിർത്തി നിണ്ണയിക്കുന്ന ഘട്ടം വന്നപ്പോൾ ജപ്പാൻ യുണൈറ്റഡ് സ്റ്റേറ്റ്സിന്റേയും പ്രമുഖ യൂറോപ്യൻ ശക്തികളുടേയും പക്ഷംചേന്നു. "പഞ്ചമഹാശക്തി"കളോടൊപ്പം തങ്ങളുടെ നാവികസേനയെ ക്ലിപ്തപ്പെടുത്തുന്ന കാര്യവും ജപ്പാൻ സമ്മതിച്ചുകൊടുത്തു.

ഇക്കാലത്തുതന്നെ, ചൈനയുമായി നടത്തിയ ഒരു ഉടമ്പടിപ്രകാരം, ക്യാചോവ് ഉൾക്കടലിനു ചുററുമുള്ള സ്ഥലവും, വടക്കൻ ചൈനയുടെ സമീപദേശങ്ങളിൽ അനുഭവിച്ചുപോന്ന സാമ്പത്തികസൌജന്യങ്ങളും ജപ്പാൻകാർ ചൈനയ്ക്കു വിട്ടുകൊടുക്കുകയുണ്ടായി. ഈ പ്രദേശങ്ങളിൽനിന്നു തങ്ങളുടെ സൈന്യങ്ങളെയെല്ലാം പിൻവലിക്കാമെന്നും ജപ്പാൻ സമ്മതിച്ചു. 1925-ൽ ഗവമ്മേണ്ടു് തങ്ങളുടെ സൈന്യത്തിന്റെ എണ്ണം കുറച്ചു. ആകെയുണ്ടായിരുന്ന ഇരുപത്തൊന്നു പട്ടാളവിഭാഗങ്ങളിൽ നാലെണ്ണം പിരിച്ചുവിട്ടു. സൈനികശക്തിയിൽ വരുത്തിയ ഈ അവച്ഛേദനംമൂലം നികുതിദായകന്നു് വമ്പിച്ച നികുതികളിൽനിന്നു മോചനം കിട്ടി. അങ്ങിനെ കോളനിവികസനത്തിനു് ജാപ്പനീസ് കച്ചവടക്കാർ പൂണ്ണവിരാമമിടുവിക്കുകയും, സൈനികശക്തി ക്ഷയിപ്പിക്കുന്നതിൽ അവരുടെ പങ്കു വേണ്ടവിധം വിനിയോഗിക്കുകയും ചെയ്തു.

യുദ്ധാനന്തരയുഗത്തിൽ പാർലിമെൻറിൽ സ്ഥാനം നേടിയിരുന്നതു് പട്ടാളമേധാവികളും, പ്രഭുക്കളും, സയ്ബട്സു ഉദ്യോഗസ്ഥന്മാരും, ചെറിയ കച്ചവടക്കാരുടേയും ജന്മികളുടേയും രാഷ്ട്രീയ പ്രതിനിധികളും ആയിരുന്നു. എങ്കിലും താഴ്ന്ന ശമ്പളക്കാരായ ആഫീസുജോലിക്കാർ, സാമ്പത്തികശേഷികുറഞ്ഞ പട്ടണവാസികൾ, സർവ്വകലാശാലാ പ്രൊഫസർമാർ, അദ്ധ്യാപകന്മാർ, സാഹിത്യകാരന്മാർ, ഡോക്ടർമാർ, വക്കീലന്മാർ എന്നു തുടങ്ങി പട്ടണത്തിലെ തൊഴിലാളികൾവരെയുള്ളവരുടെ വർഗ്ഗം ഗവർമ്മെണ്ടിൽ പ്രാതിനിധ്യം ലഭിക്കുന്നതിനായി അവകാശവാദം പുറപ്പെടുവിച്ചു. അക്കാലത്തെ ജനാധിപത്യപ്രവാഹത്തിൽ ഈ അവകാശവാദത്തെ നിഷേധിക്കുക അസാദ്ധ്യമായിരുന്നു. 1919-ൽ വോട്ടർമാരുടെ എണ്ണം ഇരട്ടിപ്പിക്കുകയും, 1925-ൽ പാസ്സാക്കിയ ബിൽ അനുസരിച്ചു് ജപ്പാനിലെ പ്രായപൂർത്തിവന്ന എല്ലാവർക്കും—കൃഷിക്കാർ, പട്ടണത്തൊഴിലാളികൾ എന്നിവർക്കു് ഉയർന്ന വർഗ്ഗക്കാരുടേയും മദ്ധ്യവർത്തികളുടേയും ഒപ്പംതന്നെ—വോട്ടവകാശം ലഭ്യമാകയും ചെയ്തു.

താഴ്ന്ന വർഗ്ഗക്കാർക്കു രാഷ്ട്രീയകാര്യങ്ങളിൽ യാതൊരു 'പരിജ്ഞാന'വും ഇല്ലാതിരുന്നതുകൊണ്ടു്, അവർ രാഷ്ട്രീയത്തിൽ യാതൊരു താല്പര്യവും പ്രകടിപ്പിച്ചില്ല. പട്ടണങ്ങളിലെ ജനാധിപത്യപ്രവണതകൾ കർഷകവർഗ്ഗത്തെ സ്പർശിച്ചിട്ടേയില്ലായിരുന്നു. മദ്ധ്യവർത്തികളായ ബുദ്ധിജീവികളുടെ നേതൃത്വത്തിൽ നിന്നിരുന്ന സാധാരണക്കാരായ നഗരവാസികൾ മാത്രമേ രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കുചേർന്നിരുന്നുള്ളു. ചില തൊഴിലാളികളുടേയും ആഫീസു ജോലിക്കാരുടേയും പിൻതുണയോടെ ബുദ്ധിജീവികൾ ലിബറൽ പാർട്ടിയും ഇടതുപക്ഷപാർട്ടിയും സ്ഥാപിച്ചു.

പ്രായോഗികമായി, രാഷ്ട്രീയത്തിൽ ഈ പുതിയ പാർട്ടികൾ വലിയ സ്വാധീനമൊന്നും ചെലുത്തിയിരുന്നില്ലെങ്കിലും,

അവരുടെ നിലനില്പ് അനിഷേധ്യമായിരുന്നു. 1920-ൽ നഗരത്തിലെ ബുദ്ധിജീവികളും ആഫീസ് ജോലിക്കാരും ശക്തിയേറിയ ലിബറൽഗ്രൂപ്പായി സംഘടിച്ചു. അല്പം ഇടതോട്ടു ചായ്‌വുള്ള യുണൈറഡ്സ്റ്റേറ്ററിലെ ലിബറൽ കക്ഷിയെപ്പോലെയായിരുന്നില്ല ഇവർ.

കർഷകവർഗ്ഗത്തിനു രാഷ്ട്രീയമായ ഉണർവ്വ് കരഗതമായിരുന്നില്ല. ഗ്രാമീണർ ദുർബ്ബലരായിത്തന്നെ നിലനിന്നുപോന്നു. അതിനാൽ ജാപ്പനീസ് സമുദായത്തിലും രാഷ്ട്രീയ മണ്ഡലത്തിലും ഒരു മഹൽശക്തിയായി വളരാൻ നഗരത്തിലെ തൊഴിലാളിവർഗ്ഗത്തിനു് അവസരം കിട്ടി. രാഷ്ട്രീയപാർട്ടികളെക്കാറം സ്വന്തം തൊഴിലാളിയൂണിയനുകളെയാണ് ഇവർ തങ്ങളുടെ നിവേദനകേന്ദ്രങ്ങളായി പരിഗണിച്ചിരുന്നതു്. യുദ്ധകാലത്തു് ദ്രുതഗതിയിൽ അഭിവൃദ്ധി നേടിയ ജാപ്പനീസ് തൊഴിലാളിയൂണിയനുകറം 1919 ആയപ്പോഴേക്കും പണിമുടക്കുകളിൽക്കൂടി സമ്മർദ്ദം ചെലുത്താൻ കഴിവുള്ള സുശക്ത സംഘടനകളായി വളർന്നുകഴിഞ്ഞിരുന്നു. സാധാരണ തൊഴിലാളികറം പട്ടണത്തിലെ ബുദ്ധിജീവികളും ആഫീസുജോലിക്കാരുമായി ഒത്തുചേന്നു് ജപ്പാനിലെ ഒരു മഹൽശക്തിയായി ഉയരുവാൻ പിന്നെ താമസമുണ്ടായില്ല.

1920-ൽ ജപ്പാനിലെ രാഷ്ട്രീയമണ്ഡലത്തിൽ ആവിർഭവിച്ച ഈ മാററങ്ങളോടു സമാന്തരമായി, ജാപ്പനീസ് സമൂഹത്തിലും സംസ്കാരത്തിലും അത്ഭുതകരമായ വ്യതിയാനം സംഭവിക്കുന്നുണ്ടായിരുന്നു. ജപ്പാനിലെ ഏററവും വലിയ നഗരവും തലസ്ഥാനവുമായ ടോക്കിയോയാണ് സാംസ്കാരികവും രാഷ്ട്രീയവുമായ ഈ മുന്നേററത്തിനു നേതൃത്വം കൊടുത്തതു്. 1923 സെപ്തംബർ 1-ാംനു-യുണ്ടായ വമ്പിച്ച ഭൂമികുലുക്കവും തീപിടുത്തവും ടോക്കിയോ പ്രദേശത്തു് സാമൂഹ്യപരിവർത്തനം അനിവാര്യമാക്കിത്തീർത്തു. ഭയങ്കരമായ ഈ വിപത്തു് പഴയ ജീവി

തസമ്പ്രദായത്തെ മാററിമറിച്ചുകൊണ്ടു് ഒരു പുതിയ നഗരത്തിന്റെയും നവീനസംസ്കാരത്തിന്റെയും പിറവിക്കു കളമൊരുക്കി.

ടോക്കിയോ നഗരപ്രാന്തങ്ങളിൽ വിശാലവീഥികളും കോൺക്രീററുകൊണ്ടു നിൎമ്മിച്ച നവീനമായ ഹൎമ്മ്യങ്ങളും പടുത്തുയൎത്തി. ടോക്കിയോയുടെ മാതൃകയെ പിൻതുടൎന്നു് പല നഗരങ്ങളും ഉയൎന്നുവന്നു. ആധുനികരീതിയിലുള്ള ആഫീസ് കെട്ടിടങ്ങൾ, കോൺക്രീററുകൊണ്ടു നിൎമ്മിച്ച സ്കൂൾകെട്ടിടങ്ങൾ, വമ്പിച്ച സിനിമാശാലകൾ, വലിയ സ്റ്റേഡിയങ്ങൾ, ഗംഭീര റയിൽവെ സ്റ്റേഷനുകൾ—ഇവയെല്ലാം ജാപ്പനീസ് നഗരങ്ങളുടെ ശില്പകലാഭംഗിയെ വിളിച്ചറിയിച്ചുകൊണ്ടു ഉയൎന്നുപൊങ്ങി.

കുടുംബസൗഹാൎദ്ദം, പാരമ്പര്യാധികാരം, പുരുഷമേധാവിത്വം എന്നിവതന്നെയായിരുന്നു ജാപ്പനീസ് സമൂഹക്രമത്തിന്റെ മുഖ്യമായ മുഖലക്ഷണങ്ങൾ. എന്നിരുന്നാലും പട്ടണങ്ങളിലെ പുതിയ തലമുറ വിപ്ലവാത്മകമായ രീതിയിൽ പഴയ സാമൂഹ്യസമ്പ്രദായങ്ങളെ ചോദ്യം ചെയ്യാൻ തുടങ്ങി. കോളേജ് വിദ്യാൎത്ഥികൾ സ്വതന്ത്രമായ പാശ്ചാത്യസാമൂഹ്യക്രമങ്ങളെ ആശ്ലേഷിക്കുകയും, പഴയ മാമൂലനുസരിച്ചുള്ള വിവാഹങ്ങൾക്കു പകരം പ്രണയവിവാഹങ്ങളെ അനുവദിക്കേണ്ടതാണെന്നു ആവശ്യപ്പെടുകയും ചെയ്തു. പുതിയ സാമൂഹ്യക്രമത്തിൽ സ്ത്രീകൾ ആഫീസിൽ പ്രവൃത്തിക്കു പോയിത്തുടങ്ങി. മദ്ധ്യവൎത്തികളുടെ വൎഗ്ഗത്തിൽപ്പെട്ട പല ജപ്പാൻകാരും ഭാര്യമാരെ തുല്യപദവിയിൽ വീക്ഷിക്കാനാരംഭിച്ചു. പരമ്പരാഗതമായി അടുക്കള ജീവികളായി പരിഗണിച്ചുപോന്ന ജപ്പാനിലെ സ്ത്രീകൾ ക്രമേണ സ്വയം സ്വതന്ത്രരാകുവാനും തുടങ്ങി.

ഹോളിവുഡ്ഡിൽ നിൎമ്മിച്ചതും, ജപ്പാനിൽത്തന്നെ ഹോളിവുഡ് മാതൃകയിൽ തയ്യാറാക്കിയതുമായ ചലച്ചിത്രങ്ങൾക്കു് അത്ഭുതകരമായ ജനപ്രീതി ലഭിച്ചു. പരിഷ്കൃതരായ ആളുകൾക്കിടയിൽ പാശ്ചാത്യനൃത്ത സമ്പ്രദായത്തിനു പ്രചുരപ്രചാരം

സിദ്ധിച്ചു. നൃത്തശാലകൾ അവിടവിടെയായി ഉയർന്നുവന്നു. യുവതികൾ ചേർന്നു അഭിനയിക്കുന്ന സംഗീതനാടകങ്ങൾ ചല ച്ചിത്രങ്ങളെ വെല്ലുവിളിച്ചു. പാശ്ചാത്യമാതൃകയിലും ചൈ നീസ് മാതൃകയിലുമുള്ള ലഘുഭോജനശാലകൾ നിരവധിയായി. ഈ ഭോജനശാലകളിലെ സുന്ദരികളും വിലാസവതികളുമായ പരിചാരികമാരുടെ അഴിഞ്ഞാട്ടം ആസ്വദിക്കുവാൻ യുവകോ മളന്മാർ പരക്കംപാഞ്ഞു.

പാശ്ചാത്യരുടെ കായികവിനോദങ്ങളിൽ ജപ്പാൻകാർ മുക്കാലും മുഴുകി. ബെയ്സ്ബോൾ, ടെന്നീസ് എന്നീ കളി കൾ പ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞിരുന്നു. ധനവാന്മാർക്കായി ഗോൾഫ് കളിസ്ഥലങ്ങൾ കെട്ടിപ്പടുത്തു. ഏററവും വലിയ ദേശീയവിനോദം ബെയ്സ്ബോൾ കളിയായിരുന്നു. യൂണി വേഴ്സിററിയിലേയും മിഡിൽ സ്കൂളിലേയും വിദ്യാർത്ഥികളുടെ ബെയ്സ്ബോൾ കളികാണുവാൻ, യുണൈററഡ് സ്റ്റേററ് സിൽ വലിയ ഫുട്ബോൾ കളികൾക്കു ആളുകൾ കൂടുന്നപോ ലെ, അഭൂതപൂർവ്വമായി ജനങ്ങൾ തിങ്ങിക്കൂടി.

ജാപ്പനീസ് നഗരങ്ങളിൽ പുതിയ സംസ്കാരത്തിൻേറതാ യ മററുപല പ്രവണതകളും പ്രത്യക്ഷമായിരുന്നു. നാട്സുമെ സൊസെകിയുടെ കാലഘട്ടത്തിലാരംഭിച്ച വമ്പിച്ച സാഹിത്യ പ്രസ്ഥാനം പുതിയ ഉണർവ്വോടെ മുന്നോട്ടു നീങ്ങി. ജാപ്പനീ സ് പ്രസ്സുകളിൽ നിന്നു് ആയിരമായിരം പുസ്തകങ്ങൾ പ്രവഹി ച്ചു. ലോകസാഹിത്യത്തിൻെറ തർജ്ജിമകൾ കുറഞ്ഞവിലയ്ക്കു ജപ്പാൻകാർക്കു കിട്ടുമെന്നായി. ടോക്കിയോവിലേയും ഒസാകാ യിലേയും വർത്തമാനപത്രങ്ങൾ കോടിക്കണക്കിനു പ്രചരിച്ചു. പലതരത്തിലുള്ള 'പോപ്പുലർ' മാസികകളും പ്രസിദ്ധീകൃതമാ യി. എല്ലാവർഗ്ഗങ്ങളിൽ നിന്നും കൂടുതൽ കൂടുതൽ യുവാക്കൾ ഉപരിപഠനത്തിനായി ചേർന്നു. ഒടുവിൽ സ്ത്രീകൾക്കു ഉപരി പഠനത്തിനുള്ള മാർഗ്ഗങ്ങളും സാവധാനം തുറക്കപ്പെട്ടു. ശാസ്ത്രീ

യരംഗങ്ങളിലും മാനുഷികമണ്ഡലങ്ങളിലും പണ്ഡിതോചിതവും ശോഭനവുമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നു.

മെയ്ജി നേതാക്കന്മാർ ജപ്പാനെ സൈനികവും വ്യാവസായികവുമായ ഒരു മഹൽശക്തിയാക്കി മാററി. എന്നാൽ അവർ കെട്ടിപ്പടുത്ത രാഷ്ട്രത്തിൽ നിന്നു സ്വയം വിരിഞ്ഞ ജനാധിപത്യവിശ്വാസപ്രമാണങ്ങളും, വിശാലമായ ബുദ്ധിജീവിതവും, സാമൂഹ്യപ്രവണതകളുമെല്ലാം വിഭാവനം ചെയ്തതിൽനിന്നു എത്രയോ വ്യത്യസ്തമായതായിരുന്നു. മെയ്ജി കാലഘട്ടത്തിൽ സശ്രദ്ധം അമർത്തിവെച്ചിരുന്ന വിപ്ലവം മദ്ധ്യവർത്തികളുടെ ഒരു സ്വാതന്ത്ര്യപ്രസ്ഥാനമായി രൂപം പ്രാപിച്ചുവരുകയായിരുന്നു

---

## അദ്ധ്യായം 11

# ദേശീയകക്ഷിയും പട്ടാളകക്ഷിയും

1920-ലെ രാഷ്ട്രീയവും ബുദ്ധിപരവുമായ വികാസം അധികപങ്കും നഗരങ്ങളെ മാത്രമേ ബാധിച്ചിരുന്നുള്ളു. കൃഷിക്കാരും ഗ്രാമത്തിലും ചെറുപട്ടണങ്ങളിലും കഴിഞ്ഞുകൂടുന്ന സാധാരണക്കാരുമായിരുന്നു ജനസംഖ്യയിൽ ഭൂരിഭാഗവും തന്നെ. നഗരങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയപ്രബുദ്ധതയെ ഇവർ സാത്ഭുതം വീക്ഷിക്കുകയും പലപ്പോഴും അവയെ അംഗീകരിക്കാൻ വൈമുഖ്യം പ്രദർശിപ്പിക്കുകയും ചെയ്തു. അതിനാൽ മാമൂലനുസരിച്ചുള്ള രാഷ്ട്രീയവും സാമൂഹ്യവുമായ അധികാരത്തിൻെറ നേക്കയന്ന ഈ വെല്ലുവിളിയെ സ്വീകരിക്കുകയെന്നതു് വിദ്യാസമ്പന്നരായ വർഗ്ഗം, പട്ടാള—നാവിക ഉദ്യോഗസ്ഥന്മാർ, ഗ്രാമത്തിലെ ജന്മിമാർ, ചെറുനഗരങ്ങളിലെ മദ്ധ്യ

വത്തികളായ പൗരജനങ്ങൾ, താണനിലയിലുള്ള അനേകം ഗവ ൺമേണ്ടാഫീസർമാർ എന്നിവരെ സംബന്ധിച്ചിടത്തോളം അ സാദ്ധ്യമായിത്തീൎന്നു.

ഇവരും പുതിയ വിദ്യാഭ്യാസത്തിൻെറ സന്താനങ്ങൾതന്നെ യായിരുന്നു. എന്നാൽ വിദ്യാഭ്യാസസമ്പ്രദായത്തിൽ ആവിഷ്ക രിച്ച ദേശീയവും സൈനികവുമായ തത്വസംഹിതകൾ പുതിയ വീക്ഷണചക്രവാളവും വിദേശങ്ങളിൽ നിന്നുള്ള സ്വാധീനത്തി നുള്ള പാതയും തുറക്കേണ്ടതിനുപകരം, അവ നാട്ടുകാരിൽത്തന്നെ ശക്തിമത്തായ സ്വാധീനം ചെലുത്തുകയാണുണ്ടായതു്. രാജ്യ ത്തിലെ ഭരണാധികാരത്തിൻെറ നേൎക്കും മെയ്ജി നേതാക്കളുടെ സൂക്ഷ്മമായ വികസനപരിപാടികളുടെ നേൎക്കും ഇവൎക്കു തിക ഞ്ഞ സഹാനുഭൂതിയുണ്ടായിരുന്നു. എന്നാൽ യുദ്ധത്തിനുശേഷം പ്രകടമായിക്കണ്ട വിശാലവീക്ഷണവും സാൎവ്വദേശീയനയവും ദൌർബ്ബല്യത്തിൻേറയും ദുൎന്നയത്തിൻേറയും ലക്ഷണമായിട്ടാ ണു് ഇവൎക്കു തോന്നിയതു്. എന്തുകൊണ്ടെന്നാൽ ദേശീയവും സൈനികവുമായ ബോധത്താൽ പ്രേരിതരായ ഇവർ മെയ്ജി നേതാക്കളുടെ വിശാലവീക്ഷണഗതിയെ എതിൎക്കുകയാണുണ്ടാ യതു്.

ഈ മനോഭാവങ്ങൾ ഓരോ കാലത്തും രാഷ്ട്രീയപാർട്ടിക ളിൽ പ്രതിബിംബിക്കുവാനിടയായി. ഈ പിന്തിരിപ്പൻ ശക്തി കൾ ഗ്രൂപ്പുകളായും, നിയമവിധേയമല്ലാത്ത കൂട്ടുകെട്ടുകൾ മുഖേ നയും പ്രത്യക്ഷനടപടികൾക്കു രഹസ്യമായി മുതിൎന്നതല്ലാതെ വോട്ടുപെട്ടിവഴിയായുള്ള രാഷ്ട്രീയനടപടികൾക്കു മുതിൎന്നില്ല.

പരമാൎത്ഥം പറഞ്ഞാൽ ഇത്തരം ദേശീയ രഹസ്യസംഘ ങ്ങളായിത്തീൎന്നു രാഷ്ട്രീയകാര്യങ്ങളുടെ പ്രധാനവക്താക്കൾ. ഇവ രിൽ ചിലർ ഭീകരപ്രവൎത്തനങ്ങൾമൂലവും, പ്രതിയോഗികൾക്കെ തിരായുള്ള കടുത്ത പ്രചരണം മൂലവും ജപ്പാൻെറ രാഷ്ട്രീയഗതി യിൽ പ്രകടമായ സ്വാധീനം ചെലുത്തി.

പിന്തിരിപ്പന്മാർ സായുധസേനകളെ വീരപുരുഷന്മാരായി ആരാധിക്കാൻ തുടങ്ങി. എന്തുകൊണ്ടെന്നാൽ 1920-ലെ വ്യവസായികളുടെ ആദർശങ്ങളും നിലവിലുള്ള ജനാധിപത്യവീക്ഷണഗതികളുമായി അവർ ഇണങ്ങിച്ചേർന്നിട്ടില്ലായിരുന്നു. ഇതിനും പുറമെ, ഈ പിന്തിരിപ്പന്മാരുടെ പിന്തുണയോടുകൂടി പട്ടാളവും നാവികസേനയും തങ്ങളുടെ ശക്തിയും വീര്യവും വർദ്ധിപ്പിച്ചു. അവർ പിന്തിരിപ്പന്മാരുടെ വീക്ഷണഗതിയെ സർവ്വാത്മനാ പിൻതാങ്ങുകയും ചെയ്തു. വൃദ്ധന്മാരായ ജനറൽമാരും അഡ്മിറൽമാരും വിശാലവീക്ഷണഗതിയുള്ളവരായിരുന്നെങ്കിലും, യുവാക്കളായ ആഫീസർമാരുടെ പോക്കു തികച്ചും വ്യത്യസ്തമായിരുന്നു.

പുതിയ ആഫീസർമാരുടെ സമൂഹത്തിൽ ആഫീസർമാരുടേയോ ജന്മിമാരുടേയോ കൃഷിക്കാരുടേയോ പുത്രന്മാരാണ് ഉൾപ്പെട്ടിരുന്നതു്. ഇങ്ങിനെ യാഥാസ്ഥിതികമായ ഒരു പാരമ്പര്യത്തിൽ ജനിച്ചവരുന്നു ഇവർക്കു കുറേക്കൂടി യാഥാസ്ഥിതികമായ ഒരു വിദ്യാഭ്യാസമാണ് ലഭിക്കാനിടവന്നതു്. ഈ യുവആഫീസർമാർ തത്വപരമായ കാര്യങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകിയിരുന്നതിനാൽ, അക്കാലത്തെ പ്രവണതകളെ എതിർക്കുകയും, വിശാലാശയഗതിക്കാരായ ജനറൽമാരോടും അഡ്മറൽമാരോടും ഒട്ടുംതന്നെ സഹാനുഭൂതി പ്രകടിപ്പിക്കാതിരിക്കയും ചെയ്തു.

ആരംഭകാലം മുതല്ക്കേതന്നെ പട്ടാളത്തിൽ ആളെച്ചേർത്തിരുന്നതു് കൃഷിക്കാരുടെയിടയിൽ നിന്നാണ്. അങ്ങിനെ കൃഷിക്കാരും പട്ടാളക്കാരും തമ്മിൽ ഒരു സുദൃഢബന്ധം കെട്ടിപ്പടുക്കപ്പെട്ടു. പട്ടാളക്കാർ പൊതുവെ അവരുടെ ആളുകളോടു പുത്രനിർവ്വിശേഷമായ വാത്സല്യത്തോടെയാണ് വർത്തിച്ചിരുന്നതു്. സർവ്വീസിലായിരിക്കുമ്പോൾ അവരെ വേണ്ടും വണ്ണം പരിരക്ഷിക്കുന്ന കാര്യത്തിൽ പട്ടാളക്കാർ മനസ്സുവെച്ചു. അവരിൽ ദേശാഭിമാനം കുത്തിവയ്ക്കുവാനും ചക്രവർത്തിയെ ഭ്രാന്തമായി ആ

രാധിക്കാനുള്ള മനോഗതം ഉണ്ടാക്കുവാനും പട്ടാളക്കാർ ശ്രദ്ധിച്ചു. പുരുഷത്തിൽ രാജകീയ പ്രൗഢിയുടേയും അധികാരത്തിൻേറയും പ്രതീകമാണ് പട്ടാളമെന്നു അവരെ പഠിപ്പിക്കുകയും ചെയ്തു. തന്മൂലം കൃഷിക്കാർ തങ്ങളുടെ കുലത്തൊഴിൽ ഉപേക്ഷിച്ചുകൊണ്ട്, പട്ടാളത്തേയും വിമുക്തഭടസംഘത്തേയും തങ്ങൾക്കു അഭിമാനവും ബഹുമാനവും നേടാനുള്ള ഉപാധികളായി പരിഗണിച്ചു. കൃഷിക്കാർ എന്ന അവരുടെ നില ഏതാണ്ടു അസ്തമിച്ചു മട്ടാവുകയും, നിർധനന്മാരായ അധഃസ്ഥിതവർഗ്ഗമായി അവർ മാറുകയും ചെയ്തു. പട്ടാളക്കാർ എന്ന നിലയിലാകട്ടെ അവർക്കു ബഹുമതിനേടാൻ സാധിച്ചുവെന്നു മാത്രമല്ല, ഒരു ലോകശക്തി എന്ന നിലയിൽ ജപ്പാനു കൈവന്ന വിജയങ്ങളിൽ അവർ പങ്കുചേരുകയും ചെയ്തു.

ഗ്രാമത്തിൽ നിന്നോ ചെറുപട്ടണങ്ങളിൽ നിന്നോ വന്നവരും, കർഷകഭടന്മാരുമായി പൈതൃകബന്ധമുള്ളവരുമായ പട്ടാള ഉദ്യോഗസ്ഥന്മാർക്ക് കൃഷിക്കാരെ നല്ലവണ്ണം അറിയാമായിരുന്നു. അതിനാൽ വലിയ കച്ചവടക്കാരുടേയും ബുദ്ധിജീവികളുടേയും പ്രതിനിധികളെക്കാരം കൂടുതൽ താല്പര്യത്തോടെ ഇവരുടെ ക്ഷേമകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചു. യുവാക്കളായ ആഫീസർമാർ കച്ചവടക്കാരുടെ അധികാരശക്തിക്കെതിരായി നിലകൊണ്ടു. മുതലാളിത്വവ്യവസ്ഥിതിയുടെ നേരെ തന്നെ സംശയദൃഷ്ടിയോടെയാണ് അവർ വീക്ഷിച്ചതു്. ബുദ്ധിജീവികളായ വർഗ്ഗക്കാരുടെ വിശാലമായ തത്വശാസ്ത്രത്തിൽ അവർ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും, ക്രമേണ കർഷകരുടെ സാമ്പത്തികതാല്പര്യങ്ങളുടെ വക്താക്കളായി മാറുകയും ചെയ്തു. തന്മൂലം കർഷകവർഗ്ഗം പട്ടാളത്തിനും അതിലെ ആഫീസർമാർക്കും അന്ധമായ പിൻതുണ നല്കി.

പട്ടാള മനോഭാവത്തിൻേറ പുനരുത്ഭവവും, പാർലമെൻററി ഭരണക്രമത്തിൻേറ ഉത്സർഗ്ഗവും ഫ്യൂഡൽ പ്രവണതയുടെ ഉയ

ത്തെഴുന്നേല്പായി പലപ്പോഴും ജപ്പാനിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട്. എന്നാൽ അത്തരമൊരു വ്യാഖ്യാനം ജപ്പാനിൽ യഥാർത്ഥത്തിൽ എന്താണു സംഭവിച്ചതെന്നുള്ളതിന്റെ ഒരു ചിത്രം നല്കുന്നില്ല. എന്തുകൊണ്ടെന്നാൽ മിലിട്ടറി ആഫീസർ സാമുറായ് അല്ല. പുതിയ സമൂഹക്രമത്തിൽ അദ്ദേഹം ധനികവർഗ്ഗത്തെക്കാളേറെ താഴ്ന്ന വർഗ്ഗങ്ങളെയാണു് പ്രതിനിധീകരിച്ചതു്. വ്യവസായ—രാഷ്ട്രീയ രംഗങ്ങളെ അപേക്ഷിച്ച് പാരമ്പര്യത്തേയും പ്രൌഢിയേയും കുറിച്ചു അഭിമാനിക്കാൻ പട്ടാളത്തിൽ വേണ്ടത്ര അവസരമുണ്ടായിരുന്നില്ല. ഈ അർത്ഥത്തിൽ ഫ്യൂഡൽ കാല ജപ്പാനിലേതിൽനിന്നു് തികച്ചും വിദൂരമായിരുന്നു പട്ടാളത്തിലെ നില. യുവാക്കളായ ആഫീർമാരാകട്ടെ പഴയ പ്രൗഢിയെ നിലനിത്താൻ വിമുഖരായിരുന്നു. പഴയ സാമ്പത്തിക നിലവാരത്തിലേക്കു തിരിച്ചുപോകാനും അവർ കൂട്ടാക്കിയില്ല. പരമാത്ഥം പറഞ്ഞാൽ മുതലാളിത്വ വ്യവസ്ഥിതിയുടെ നേക്കു വിപ്ലവാത്മകമായവിധം വെറുപ്പുപ്രകടിപ്പിക്കുന്നതിലേക്കു അവർ നീങ്ങുകയും, അവകാശങ്ങൾ നിഷേധിക്കപ്പെട്ട കർഷകവർഗ്ഗക്കാരുടെ സാമ്പത്തികനില അഭിവൃദ്ധമാക്കാനുള്ള നേതൃത്വം നൽകാൻ അവർ ആരംഭിക്കുകയും ചെയ്യുകയായിരുന്നു.

വാളേന്തിയവരുടെ ഭരണത്തിൻകീഴിൽ നൂറുനൂറു വർഷക്കാലം നിലകൊണ്ട ജനങ്ങൾ പട്ടാളമേധാവികളെ നേതൃത്വത്തിലേക്കു നയിക്കാൻ സന്നദ്ധരായി. നൂററാണ്ടുകളായി അനുസരിക്കാൻമാത്രം പഠിച്ചുപോന്ന ജാപ്പനീസ് ജനത, അധികാരിവർഗ്ഗത്തിനു നേരിട്ടുകൊണ്ടിരുന്ന മാററത്തിൽ വിമുഖരായിരുന്നു. തങ്ങൾക്കു കൈവന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റേയും ബുദ്ധിജീവികളുടേയും നേരെ അവർ പരാങ്മുഖരായിരുന്നതേയുള്ളു. നേരെമറിച്ച്, പുറമേനിന്നുള്ള ഒരധികാരശക്തിയുടെ കീഴിൽ ജീവിതഭദ്രത ആസ്വാദിക്കാൻ ഉൽക്കണ്ഠാകുലരാകുകയാണു് ചെയ്തതു്. ഫ്യൂഡൽ കാലങ്ങളിലെ ഇത്തരം മനോഗതങ്ങളില്ലായിരുന്നെങ്കിൽ 1930-ലെ പ്രത്യാഘാതം സംഭ

വിക്കകയേയില്ലായിരുന്നു. എന്നുവെച്ച് ആ പ്രത്യാഘാതം ഫ്യൂഡൽ വ്യവസ്ഥകളിലേക്കുള്ള ഒരു തിരിച്ചുവരവായി വ്യാഖ്യാനിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ വമ്പിച്ച തോതിൽ വ്യവസായവൽക്കൃതമായ ഒരു രാഷ്ട്രമായ ജപ്പാന് ആ വിധത്തിൽ പഴമയിലേക്ക മടങ്ങിപ്പോവുക അസാദ്ധ്യമായിരുന്നു. പാശ്ചാത്യലോകത്തിലെ ചില രാജ്യങ്ങളുടെ മാർഗ്ഗം അവലംബിക്കുകയാണ് ജപ്പാൻ ചെയ്തതു്. അവിടെ ജപ്പാനിലെപ്പോലെ തന്നെ ആദ്ധ്യാത്മികവും അധീശപരവുമായ ഒരു ഭൂതകാലമുണ്ടായിരുന്നിട്ടും, വ്യവസായവൽക്കൃതമായ വത്തമാനകാലവുമായി രമ്യപ്പെട്ടുകൊണ്ട് ഫാസിസമോ കമ്യൂണിസമോ ബീജാവാപം ചെയ്യുയാണുണ്ടായതു്.

അതിനാൽ ആധുനിക ജപ്പാനിലെ സവ്വാധിപത്യം ജപ്പാന്റെ പുരാതന അധികാരശക്തിയുടെ വളർച്ചയെയല്ല ദ്യോതിപ്പിക്കുന്നതു്. പ്രത്യുത, ആധുനിക സാമ്പത്തിക—രാഷ്ട്രീയസംവിധാനത്തിന്റെ കേന്ദ്രശക്തിയായിട്ടാണ് അതിനെ കാണേണ്ടതു്. സവ്വകലാശാലാഭ്യസനം, വത്തമാനപ്പത്രങ്ങൾ, റേഡിയോ, സാവ്വദേശിയ പട്ടാളസവ്വീസ് എന്നിവയിലൂടെ അധികാരത്തിലിരിക്കുന്നവക്ക് മനുഷ്യമാനസങ്ങളുടെമേൽ കൂടുതൽ കൂടുതൽ നിയന്ത്രണമേർപ്പെടുത്തുവാൻ സാധിച്ചു. പുരാതനകാലങ്ങളിൽ സ്വപ്നം കാണാൻ പോലും കഴിഞ്ഞിട്ടില്ലാത്ത ഒന്നായിരുന്നു ഇതു്. മെയ്ജി സമൂഹക്രമത്തിന്റെ വളർച്ചപോലെ തന്നെ അനിവാര്യമായിത്തീന്ന ഒന്നായിരുന്നു സവ്വാധിപത്യപ്രവണത.

ഈ വീക്ഷണകോണിലൂടെ നോക്കുമ്പോൾ, ജപ്പാനിലെ ഇടതുപക്ഷ-വലതുപക്ഷ ശക്തികൾക്ക നവമായ ഒരത്ഥകല്പനയുണ്ടായതായി കാണാം. അടുത്തകാലത്തായി യൂറോപ്പിലെ അപരിഷ്കൃതരാജ്യങ്ങളിൽപ്പോലും ശാസ്ത്രീയ വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം വീശിക്കഴിഞ്ഞിട്ടുണ്ടല്ലോ. ഈ അത്യത്ഭുതകര

മായ പ്രവണത ഏഷ്യയിലും പ്രത്യക്ഷപ്പെട്ടമെന്നു ആദ്യമായി കാണിച്ചതു് ജപ്പാനാണു്.

പ്രക്ഷോഭകരമായ ഈ അവസ്ഥാവിശേഷം 1920-ൽ ആരുടേയും ശ്രദ്ധയിൽപ്പെടാതെ ക്രമേണ വളൎന്നുകൊണ്ടിരുന്നു. 1930 ആയപ്പോഴേക്കും പട്ടാള-നാവിക ഉദ്യോഗസ്ഥന്മാരുടേയും പിന്തിരിപ്പൻ ഗ്രൂപ്പിൻേറയും ശബ്ദായമാനമായ സൈനികത്വവും, ഭ്രാന്തമായ ദേശീയത്വവും, ജനാധിപത്യവിരുദ്ധപ്രവണതയുംകൂടി വളരെ പെട്ടെന്നു് ജപ്പാനിൽ ഒരു പരിവൎത്തനമുണ്ടാക്കി.

ലിബറലിസത്തിനും ജനാധിപത്യത്തിനുമെതിരായിട്ടുള്ള ഈ നീക്കത്തിന്നു് പുറമേനിന്നുള്ള ശക്തിയാണു് സ്വാധീനം ചെലുത്തിയതു്. ഡെമോക്രസിയുടെ നേരെ ലോകത്താകമാനമുള്ള ജനതയ്ക്കുണ്ടായിരുന്ന മോഹം അപ്രത്യക്ഷമാകയും, പലയിടത്തും സൎവ്വാധിപത്യത്തിലേക്കു അതു നീങ്ങുകയും ചെയ്യുന്നതു് ജപ്പാൻ കാണാതിരുന്നില്ല. സർവ്വാധിപത്യഭരണക്കൂടങ്ങളുടെ “മേന്മ”യിൽ ജപ്പാൻകാരിൽ പലരും ആകൃഷ്ടരാവുകയും, ജപ്പാനിലെ പരമ്പരാഗതമായ വിശ്വാസങ്ങളുമായി അവർ ഇണങ്ങിച്ചേരുമെന്നു വിശ്വസിക്കുകയും ചെയ്തു.

ഇതിനു പ്രേരകമായി പുറമേനിന്നുണ്ടായ മറെറാരു ശക്തി 1929-ലെ നാണയപ്പെരുപ്പവും, അതിൻെറ ഫലമായി സർവ്വദേശീയ വ്യാപാരരംഗത്തുണ്ടായ സ്തംഭനവുമാണു്. 1927-ൽ ബാങ്കുകൾക്കു നേരിട്ട സംഘർഷാവസ്ഥയും, ലോകമെങ്ങും നിലനിന്ന ചുങ്കനിബന്ധനകളും ജപ്പാൻെറ വിദേശവ്യാപാരത്തെ ആകെ താറുമാറാക്കി. കയററുമതി മൂലം തങ്ങളുടെ സാമ്പത്തിക നില വികസിപ്പിക്കാമെന്നുള്ള വ്യാപാരികളുടെ പരിപാടി നാശത്തിൻെറ വക്കത്തായി. വിദേശശക്തികളുടെ ദയാദാക്ഷിണ്യത്തെ ആശ്രയിച്ചായി അവരുടെ നിലനിൽപ്പു തന്നെ. തങ്ങൾക്കാവശ്യമായ പല അസംസ്കൃതപദാൎത്ഥങ്ങൾക്കും

അന്യരാജ്യങ്ങളെ ആശ്രയിച്ചുകഴിയേണ്ടിയിരുന്ന ജപ്പാന് മററു രാഷ്ട്രങ്ങളുടെ ചുങ്ക നിയമങ്ങൾ താങ്ങാൻ കഴിയാത്തവയായിരുന്നു.

ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചതോടെ പ്രശ്നം കൂടുതൽ സങ്കീർണ്ണമായിത്തീർന്നു. ഒരു ചെറിയ ദ്വീപായ ജപ്പാനിൽ ഇങ്ങിനെ ജനസംഖ്യ വർദ്ധിച്ചതും, വിദേശക്കമ്പോളങ്ങളിലേക്ക് സാധനങ്ങൾ കയററി അയക്കുക എന്നതും അനിവാര്യമായിത്തീർന്നു. ഇതിനെത്തുടർന്ന് തങ്ങളുടെ വിദേശവാണിജ്യബന്ധങ്ങളുടെ നേക്കുയരുന്ന ഏതൊരു ഭീഷണിയേയും ജപ്പാൻ ഗൗരവതരമായി വീക്ഷിക്കാൻ തുടങ്ങി.

മററു രാജ്യങ്ങളുടെ ഈ ചുങ്കനിയമങ്ങളെ നേരിടാനുള്ള ഒരേ ഒരു വഴി കോളനികൾ വികസിപ്പിക്കുകയും, അങ്ങിനെ തങ്ങൾക്കാവശ്യമായ വിപണിയും അസംസ്കൃതപദാർത്ഥങ്ങളും നേടി ഒരു ലോകശക്തി എന്ന നിലയിൽ സ്വയംപര്യാപ്തത നേടുകയുംചെയ്യുക എന്നതാണെന്നു് 1930 ആയപ്പോഴേക്കും ജപ്പാന് ബോദ്ധ്യമായി. എന്നാൽ മിതവും വിശാലവുമായ ഈ വാദഗതികൾ ജപ്പാനിലെ ജനാവലിക്കു തൃപ്തികരമായവിധം അവതരിപ്പിക്കാൻ അവക്കു കഴിഞ്ഞില്ല.

കോളനി വികസനാശയത്തിന് ക്രമേണ പൊതുജനപിൻതുണ ലഭിക്കാനിടയായി. ജപ്പാനിൽ പ്രഭുത്വഭരണം നിലനില്ക്കണമെന്നാവശ്യപ്പെട്ടതും ഈ വിഭാഗക്കാർ തന്നെയായതുകൊണ്ടു്, അവിടെയുള്ള ജനാധിപത്യ സ്ഥാപനങ്ങളെ എതിക്കാൻ പൊതുജനപിൻതുണ ലഭിച്ചു. സർവ്വാധിപത്യവാദികൾ തങ്ങൾക്ക് തിരഞ്ഞെടുപ്പിൽ വിജയം കൈവരുന്നതുവരെ കാത്തിരിക്കാൻ തയ്യാറില്ലായിരുന്നു. അതിനു പകരം, അവർ ലിബറൽ വിശ്വാസപ്രമാണങ്ങളേയും, ഡെമോക്രാററിക്ക് സ്ഥാപനങ്ങളേയും നേരിട്ടു് എതിർക്കാൻ തുടങ്ങി. വ്യക്തികളും ചെറിയ സംഘടനകളുമാണു് ഈ എതിർപ്പു് തുടങ്ങിവെച്ചതു്. എ

ന്നാൽ യൂറോപ്പിലെ സർവ്വാധിപത്യപരമായ സംഘടിത പരിശ്രമം പോലെ തന്നെ അതു ശക്തിമത്തായിരുന്നു.

ഭ്രാന്തരായ ദേശീയവാദികളുടെ ആയിരമായിരം ചെറുസംഘങ്ങൾ സൈനികരെ സഹായിക്കാൻ മുന്നോട്ടു വരുകയും, പാർലിമെൻററി ഗവമ്മേണ്ടിൻെറ അസ്ഥിവാരത്തിനു തന്നെ കോടാലി വെയ്ക്കുകയും ചെയ്തു. ഇതിനെല്ലാററിനും പുറമെ, പട്ടാളസേന അവരുടെ സ്വന്തം അധികാരമുപയോഗിച്ചു ജപ്പാനെ വിദേശാക്രമണത്തിനു് പ്രേരിപ്പിക്കുകയും, ജനങ്ങളുടെ ദേശീയബോധത്തെ ഉത്തേജിപ്പിക്കുകയും, അങ്ങിനെ സൈനികരുടേയും പ്രഭുക്കന്മാരുടേയും പിൻതുണ നേടുകയും ചെയ്തു.

എന്നാൽ ഈ നീക്കത്തിൽ മൗലികമായ ഒരു പിശകുണ്ടായിരുന്നു. ചക്രവത്തിയുടെ പദവി ഒരു അർദ്ധദൈവത്തിൻെറ മട്ടിലാണു് നിലകൊണ്ടതു്. അദ്ദേഹം സ്വേച്ഛാനുസരണം എല്ലാത്തരം നിയമങ്ങൾക്കും അതീതനായിരുന്നു. ചക്രവത്തിയുടെ ഭരണത്തെ പിൻതാങ്ങിക്കൊണ്ടാണല്ലൊ മെയ്ജി നേതാക്കന്മാർ അധികാരത്തിൽ കരേറിയതു്. ചക്രവത്തിയുടെ പാർശ്വവത്തികൾ എന്ന നിലക്കു് അവക്കു് മററുവിധത്തിൽ കൈക്കലൊക്കാൻ സാധിക്കാത്ത പദവി നേടുവാനും സാധിച്ചു. അധികാരത്തിലേക്കുയന്ന പാർലിമെൻററി നേതാക്കന്മാരും ഈ സമ്പ്രദായത്തെ തന്നെ പിന്തുടരുകയാണുണ്ടായതു്. ചക്രവത്തിയുടെ വക്താക്കളായി ബഹുമതി ആർജ്ജിക്കാനായിരുന്നു അവരുടെ ശ്രമം. അതിനാൽ സൈനികരുടേയും ദേശീയവാദികളുടേയും പ്രസ്ഥാനത്തിനെതിരായി ചക്രവത്തിയുടെ പാർശ്വവത്തികൾ ശബ്ദമുയത്തിയതേയില്ല. ചക്രവത്തിയോടുള്ള ആരാധനയിൽ അവർ ആമഗ്നരായിരിക്കയായിരുന്നു. എങ്കിലും ചക്രവത്തിയുടെ അധികാരത്തെ ചോദ്യംചെയ്ത പുരോഗമന ചിന്തകന്മാരെയെല്ലാം അവർ അടിച്ചമത്തുകതന്നെ ചെയ്തു.

പ്രസംഗസ്വാതന്ത്ര്യത്തേയും രാഷ്ട്രീയമായ പ്രത്യക്ഷനടപടികാംക്കുള്ള നീക്കത്തേയും പിന്നേയും നിയന്ത്രിച്ചുകൊണ്ടു് 1925-ൽ ഡയററു് ഒരു പുതിയ സമാധാനസംരക്ഷണനിയമം പാസ്സാക്കി. ഈ പുതിയ നിയമമനുസരിച്ചു് "അപകടകരമായ" ചിന്താനാളങ്ങളെ ഊതിക്കെടുത്താനുള്ള തീവ്രമായ യത്നത്തിൽ ഗവമ്മേണ്ടു കൂടുതൽ ജാഗരൂകരായി. ചക്രവത്തിയുടെ പദവിയെ ചോദ്യം ചെയ്യുന്നതോ, ഭരണവഗ്ഗത്തിൻെറ രാഷ്ട്രീയ-സാമ്പത്തിക വിശ്വാസപ്രമാണങ്ങളെ വെല്ലുവിളിക്കുന്നതോ ആയ എല്ലാചിന്താഗതികളും 'അപകടകരമായി' പരിഗണിച്ചുപോന്നു. കമ്യൂണിസ്റ്റു് പ്രസ്ഥാനത്തെ ഗഭത്തിൽവെച്ചുതന്നെ പൂണ്ണമായി നശിപ്പിക്കുകയും, പുരോഗമന ചിന്താഗതികളുള്ള വിദ്യാത്ഥികളപ്പോലും ജയിലിലടയ്ക്കുകയും, അപകടകരമായ ചിന്താഗതികാം കൈവെടിയാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ഇതൊക്കെയാണെങ്കിലും പാർലിമെൻെറ നേതാക്കാം ആത്മഹത്യാപരമായ തെററു അനുവത്തിക്കയാണുണ്ടായതു്. ദേശീയവാദികളുടേയും സൈനികരുടേയും മുന്നേററം തങ്ങളുടെ അധികാരത്തിനു് ഒരു ഭീഷണിയാണെന്നു് അവർ മനസ്സിലാക്കിയതേയില്ല. ഈ വിഭാഗക്കാർ തങ്ങളാണു് ഗവമ്മേണ്ടിൻെറ പ്രതിനിധികളെന്നു് അവകാശപ്പെടാൻ തുടങ്ങിയതു് ഒരു തിരിച്ചടിയായി പരിണമിച്ചു. സൈനികരുടെ കാര്യത്തിൽ ഈ വാദഗതിയ്ക്കു കുറെയൊക്കെ വിലയുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ ചക്രവത്തിയുടെ രക്ഷയ്ക്കായിട്ടാണല്ലോ അവർ നിലകൊള്ളുന്നതു്. അതിനാൽ എല്ലാത്തരം വിപ്ലവങ്ങളും നിയമനിഷേധങ്ങളും, രാഷ്ട്രീയക്കൊലപാതകങ്ങളും, പട്ടാള ലഹളകളും ചക്രവർത്തിയുടെ അഭിലാഷമനുസരിച്ചു ചെയ്യുന്നതാണെന്നു അവർ പറയുകയും, അതിനെയെല്ലാം തന്നെ നീതീകരിക്കുകയും ചെയ്തു.

ചക്രവത്തിയുടെ അഭിമതം അങ്ങിനെ ജപ്പാൻെറ രാഷ്ട്രീയ-ചട്ടക്കൂട്ടിൽ ഒരു പഴുതുണ്ടാക്കിവെച്ചു. സൈനികക്കു് വമ്പിച്ച

പൊതുജനപിന്തുണയും, ഭരണകൂടത്തിൽ സ്വയംശാസനാധികാരവും ഉണ്ടായിരുന്നതിനാൽ ഇതിനെ വിജയപൂർവ്വം ചൂഷണം ചെയ്യാൻ സാധിച്ചു. ഇതായിരുന്നു ഭരണഘടനാപരമായ മറെറാരു തകരാറ്. ക്യാബിനററിൻെറ മേൽ ഡയററിനുണ്ടായിരുന്ന നിയന്ത്രണംപരിപൂർണ്ണമായി സ്ഥാപിക്കപ്പെടാൻ കഴിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ ഖജനാവിൻെറ ചരട് അവരുടെ കൈയിലായിരുന്നില്ല. ഇതിനുംപുറമെ സൈനിക-നാവിക ഉദ്യോഗസ്ഥന്മാർ ക്യാബിനററിൽ കാര്യമായ സ്വാതന്ത്ര്യം അനുഭവിക്കാനും ഇടയായി. സൈനികരുടേയും നാവികരുടേയും അംഗീകരണത്തോടുകൂടി മാത്രമേ ഉയൻ ആഫീസർമാരുടെ സേവനം ക്യാബിനററിനു ലഭിക്കുകയുള്ളു എന്നതായിരുന്നു അവസ്ഥ. ഇതുമൂലം സൈനികക്ക് ക്യാബിനററുകരം നശിപ്പിക്കാനോ, തങ്ങരംക്കിഷ്ടമില്ലാത്ത നേതാക്കന്മാരെ പ്രധാനമന്ത്രിസ്ഥാനത്തുനിന്നു നിഷ്കാസനം ചെയ്യാനോ സാധിക്കുമെന്നായി. 1936-ൽ നിയമങ്ങരം പുന:പരിശോധനചെയ്തതു് സൈനികക്ക് കൂടുതൽ അധികാരങ്ങരം ലഭിക്കാൻ സഹായകമായി. സിവിൽ ഗവമ്മേണ്ടിൽ മാത്രമല്ല ഇതുമൂലം സായുധസേനയ്ക്കു അധികാരം ലഭിച്ചതു്. ക്യാബിനററിൻെറമേൽ ഒരു 'വീറേറാ പവർ' കൂടി അവക്കു സിദ്ധിച്ചു. ഈ പുതിയ അധികാരം ഇച്ഛാനുസരണം അവക്ക് ഉപയോഗിക്കാമായിരുന്നു.

1920-ൽ ഗവമ്മേണ്ടിലെ ചില ഉന്നത ഉദ്യോഗസ്ഥന്മാർ കോളനികരം വികസിപ്പിക്കുവാനും, ശക്തിമത്തായ ഒരു പട്ടാളനയം രൂപീകരിക്കാനും വേണ്ടി വാദിക്കുകയുണ്ടായി. ക്രമേണ ഇവർ തങ്ങളുടെ പരിപാടി വിജയിപ്പിക്കാനായി രാഷ്ട്രീയ ചരടുവലികരം നടത്തിക്കൊണ്ടിരുന്നു. പാർലിമെൻറിൽ മററു കക്ഷികരം പ്രാമാണ്യം നേടിയപ്പോരം അവർ പരാജയം സമ്മതിക്കാനും സന്നദ്ധരായിരുന്നു.

1931-ൽ സിവിൽ ഗവമ്മേണ്ടിൻെറ അനുമതിയോ അംഗീകാരമോ കൂടാതെ ചില പട്ടാളസംഘങ്ങരം രാജ്യത്തിൻെറ

അത്യന്തി വികസനത്തിനുള്ള പരിശ്രമം ആരംഭിച്ചതോടെ ഒരു പ്രതിസന്ധിഘട്ടം ഉളവായി. സൌത്ത് മഞ്ചൂറിയൻ റെയിൽവേയും, ജാപ്പനീസ് താല്പര്യങ്ങളും സംരക്ഷിക്കുന്നതിന്നായി മഞ്ചൂറിയായിൽ നിലകൊണ്ടിരുന്ന പട്ടാളയൂണിററുകൾ സെപ്തംബർ മാസത്തിൽ മഞ്ചൂറിയായെ കടന്നു് ആക്രമിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ മഞ്ചൂറിയാ കീഴടക്കി. ഇതിന്നിടയ്ക്കു് ജാപ്പനീസ് നാവികസേന മദ്ധ്യചൈനയിലുള്ള ഷാങ്ങ്ഹെയിൽ ഇറങ്ങുകയും, ഘോരമായ ഒരു യുദ്ധത്തിനുശേഷം ആ നഗരത്തിൽ ചൈനക്കാർക്കുണ്ടായിരുന്ന ഭാഗവും പരിസരങ്ങളും കൈക്കലാക്കുകയും ചെയ്തു. 1932 ആദ്യമായപ്പോഴേയ്ക്കും മഞ്ചൂറിയായെ "മഞ്ചുക്കോ" എന്ന പേരിൽ ഒരു സ്റ്റേററാക്കിത്തീർത്തു. വിദൂരപൂർവ്വദേശത്തുണ്ടായ ഈ പട്ടാളനടപടിയെ ലീഗ് ഓഫ് നേഷൻസും യൂണൈറെറഡ് സ്റ്റേററ്സും അസംതൃപ്തിയോടെ നോക്കിക്കാണുകയുണ്ടായി. തങ്ങൾ ലീഗ് ഓഫ് നേഷൻസിൽ നിന്നും പിൻവലിയാൻ തയ്യാറാണെന്നായിരുന്നു ജപ്പാൻ ഇതിന്നു നല്കിയ മറുപടി.

മഞ്ചൂറിയായിൽ ജാപ്പനീസ് പട്ടാളത്തിന്റെ പ്രവർത്തനം വിജയകരമായിരുന്നുവെന്നു് നിസ്സംശയം പറയാം. പട്ടാളപ്രവർത്തനഫലമായി വിഭവസമൃദ്ധവും, പ്രയത്നതല്പരരായ 30,000,000 ചൈനാക്കാർ അധിവസിക്കുന്നതുമായ പുതിയ പ്രദേശങ്ങൾ ജപ്പാൻകാരുടെ അധീനതയിലായിത്തീർന്നു. സ്വയം പര്യാപ്തമായ, സാമ്പത്തികഭദ്രതയുള്ള, സാമ്രാജ്യം സ്ഥാപിക്കാനുള്ള ജപ്പാന്റെ ആദ്യത്തെ ചുവടുവെയ്പായിരുന്നു ഇതു്.

അനധികൃതവും അനീതിപരവുമായ ഈ യുദ്ധസന്നാഹങ്ങളെ ജനങ്ങൾ സർവ്വാത്മനാ അഭിനന്ദിക്കയാണുണ്ടായതു്. പല വ്യവസായപ്രമുഖന്മാരും പ്രഭുക്കന്മാരും ഈ രാഷ്ട്രവികസനത്തെ സസന്തോഷം സ്വീകരിക്കുകയും, അതിനെതിരായുയൎന്ന പൊതുജനാഭിപ്രായത്തെ എതിൎക്കുകയും ചെയ്തു. ജാപ്പനീസ്

ഭരണകൂടമാകട്ടെ, യുദ്ധം ഉണ്ടായില്ല എന്നൊരു കള്ളക്കഥ കെട്ടിച്ചമക്കുകയും, മഞ്ചൂറിയാ ആക്രമണത്തെ "മഞ്ചൂറിയൻ സംഭവ"മായി വ്യാഖ്യാനിക്കുകയും ചെയ്തു.

ഇതിനിടയ്ക്കു്, തീവ്രവാദികളായ സൈനിക ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയ ലക്ഷ്യംവെച്ചുകൊണ്ടു ചില കൊലപാതകങ്ങൾ നടത്തുകയും, അങ്ങിനെ പാർട്ടി ഭരണത്തിനു് പെട്ടെന്നൊരു വിരാമമിടുകയും ചെയ്തു. ഒരു രാഷ്ട്രീയ നേതാവും സെയ്യൂക്കായ് പാർട്ടിയുടെ തലവനുമായ പ്രീമിയർ ഇനുക്കായിയെ പതിനാനും യുവ നാവികോദ്യോഗസ്ഥന്മാരും സൈനികരും കൂടി 1932 മേയ് 15-ാംനു- വധിച്ചുകളഞ്ഞു. പാർട്ടി അടിസ്ഥാനത്തിൽ രൂപീകൃതമായ മന്ത്രിസഭകൾ അവസാനിപ്പിക്കേണ്ടതാണെന്നു് സൈനികർ ആവശ്യപ്പെട്ടു. ഈ അക്രമപ്രവർത്തനങ്ങളെ പ്രഭുക്കന്മാർ അപലപിക്കുകയുണ്ടായെങ്കിലും, പാർട്ടി ഗവമ്മേണ്ടിനു നേരിടേണ്ടിവന്ന വിധി എന്ന നിലയിൽ ഇതിനെ അംഗീകരിക്കയാണുണ്ടായതു്. അതിനാൽ കാര്യങ്ങൾ ഒത്തുതീർപ്പിൽ അവസാനിപ്പിക്കുവാനായി ഒരു "ദേശീയ ഗവമ്മേണ്ടി"ൻെറ പ്രീമിയർ ആയി അഡ്മിറൽ സെയ്റോവിനെ തിരഞ്ഞെടുത്തു. പ്രഭുവർഗ്ഗത്തിനായിരുന്നു ഈ ക്യാബിനററിൽ കേന്ദ്രസ്ഥാനം ഉണ്ടായിരുന്നതു്. രാഷ്ട്രീയ പാർട്ടികൾക്കും പട്ടാളശക്തികൾക്കും ഇതിൽ തുല്യസ്ഥാനങ്ങളും ലഭിച്ചു.

1930 നു ശേഷം ഇത്തരം കൂട്ടുഗവമ്മേണ്ടുകളാണു് ജപ്പാനിൽ നിലനിനുപോന്നതു്. തുടൻവന്ന മന്ത്രിസഭകളിൽ പട്ടാള ശക്തി കൂടുതൽ സ്വാധീനം വഹിക്കുകയും പാർട്ടി പ്രതിനിധികളുടെ എണ്ണം കുറഞ്ഞുപോകാനിടവരുകയും ചെയ്തു. എങ്കിലും കേന്ദ്രശക്തി പ്രഭുവർഗ്ഗക്കാരുടെ കൈകളിൽത്തന്നെ നിലനിനുപോന്നു. ഗവമ്മേണ്ടിൽ പുതിയ നയങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ പട്ടാളശക്തിയാണു് നേതൃത്വം വഹിച്ചതു്.

അവർ തങ്ങളുടെ പരിപാടികൾ പലതും ഈ കൂട്ടുഗവർമ്മേണ്ടിൽ അടിച്ചേല്പിക്കുകയുണ്ടായി.

ക്യാബിനററിൻെറ മേൽ ഡയററിനുണ്ടായിരുന്ന മേൽക്കോയ്മാധികാരത്തെ നിഷേധിച്ചുകൊണ്ടു്, പട്ടാളവർഗ്ഗം ഒന്നൊന്നായി ഡയററിൻെറ അധികാരം പിടിച്ചെടുക്കാൻ തുടങ്ങി. ഒരു പന്തിരാണ്ടു കഴിഞ്ഞപ്പോഴേക്കും യാതൊരു ശക്തിയുമില്ലാത്ത വെറുമൊരു ഡിബേററിങ്ങ് സൊസൈററിയായി അതവശേഷിച്ചു.

ചക്രവർത്തിയോടു് ബഹുമാനവും പട്ടാളതതപങ്ങളിൽ ആഭിമുഖ്യവും പ്രദർശിപ്പിക്കാൻ ജനങ്ങൾക്കു് പ്രേരണ നല്കുന്നതിൽ പട്ടാളശക്തി ഒട്ടധികം പരിശ്രമിച്ചു. അന്ധമായ ദേശീയബോധം ജനങ്ങളിൽ ഉടലെടുക്കുവാനും അവർ സഹായിച്ചു.

ജപ്പാൻകാർക്കു് പണ്ടേ തന്നെ റഷ്യയെ വെറുപ്പായിരുന്നു. എന്നാൽ ഈ അവസരത്തിലാകട്ടെ ബ്രിട്ടീഷുകാർക്കും അമേരിക്കക്കാർക്കുമെതിരായ പ്രചരണം ജപ്പാനിലെങ്ങും മാറെറാലികൊണ്ടു. 1924-ൽ ഉണ്ടായ ഒരു വ്യവസ്ഥയുടെ വെളിച്ചത്തിൽ യുണൈറഡ് സ്റ്റേററ്സ്, ജപ്പാനെ മാററിനിറുത്തിയതിനെക്കുറിച്ചും പ്രചരണങ്ങളുയർന്നു. അതിൻെറ സ്ഥാനത്തു്, അമേരിക്കൻ കോൺഗ്രസ്സ് മറെറാരു ബിൽ പാസാക്കുകയും, വർഗ്ഗവിവേചനത്തിൻെറ അടിസ്ഥാനത്തിൽ ജപ്പാൻകാരെ ഏഷ്യൻ ജനതയുടെ കൂടെ ചേർക്കുകയും ചെയ്തു. ഇതു് ഒരു അപമാനമായിട്ടാണു് ജപ്പാൻകാർ കണക്കാക്കിയതു്. അതിനാൽ യുണൈറഡ് സ്റ്റേററ്സുമായി ഒരു നാവികയുദ്ധം നടത്തേണ്ടതിനെ സംബന്ധിച്ചു് ഊഹങ്ങളും സംഭാഷണങ്ങളും ജപ്പാനിലെങ്ങും ഉയർന്നുവന്നു.

ഇതേ സമയത്തു്, ബ്രിട്ടന്റേയും മററു യൂറോപ്യൻ ശക്തികളുടേയും രാജ്യം കവർന്നെടുത്തു് ഏഷ്യയിൽ കോളനി വികസിപ്പിക്കുക എന്നതിലാണു് പൊതുജനങ്ങളുടെ ശ്രദ്ധ മുഴുവൻ കേ

ന്ദ്രീകരിച്ചിരുന്നതു്. വെള്ളക്കാരുടെ മർദ്ദനത്തിൽനിന്നു് ഏഷ്യയിലെ കോളനിനിവാസികളെ സ്വതന്ത്രരാക്കേണ്ടതാണെന്നു് ജാപ്പനീസ് നേതാക്കന്മാർ പറയാൻ തുടങ്ങി. ഏഷ്യയിലെ അധഃസ്ഥിതവർഗ്ഗക്കാരുടെ രക്ഷകരാണു് തങ്ങളെന്നും, വെള്ളക്കാരുടെ പിടിയിൽനിന്നു് തങ്ങൾ അവരെ രക്ഷപ്പെടുത്തുമെന്നും ജപ്പാൻകാർ വിശ്വസിച്ചു.

ആഭ്യന്തരസ്ഥിതിഗതികൾ നേരെ മറിച്ചായിരുന്നു. അവിടെ പട്ടാളശക്തിക്കിഷ്ടപ്പെടാത്ത എല്ലാ പ്രവൎത്തനങ്ങളേയും ജാപ്പ്വിരുദ്ധനടപടികളായി കണക്കാക്കിക്കൊണ്ടു് അടിച്ചമൎത്തി. ഹൈസ്കൂളുകളിലും സൎവ്വകലാശാലകളിലും ഉള്ള വിദ്യാൎത്ഥികൾ അനുഭവിച്ചുപോന്ന സ്വതന്ത്രചിന്താസമ്പ്രദായത്തെ അവർ വിലക്കി. രാഷ്ട്രത്തിന്റെ ബുദ്ധിജീവിതത്തിൽ സ്ത്രീകൾ ഭാഗഭാക്കാകുന്നതിനെ നിരുത്സാഹപ്പെടുത്തി. തൊഴിലാളിസംഘടനകളുടെ എല്ലാവിധ സ്വാധീനശക്തികളും ക്ഷയിപ്പിച്ചു. മുമ്പെങ്ങുമില്ലാത്തവിധം കർശനമായി പത്രങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ നിഷേധിച്ചു. രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങളിൽനിന്നു് ജനങ്ങളുടെ ചിന്ത "ദേശീയ പ്രതിസന്ധിഘട്ടം" "ജാപ്പനീസ് ചൈതന്യം" "ദേശീയ അസ്ഥിവാരം" മുതലായ പദാവലികളിലേക്കു തിരിച്ചുവിട്ടു.

വിദ്യാഭ്യാസധുരന്ധരന്മാരെ അവരുടെ അക്കാദമിക്കു് സ്ഥാനം കൈവെടിയാൻ പ്രേരിപ്പിക്കുകയും, രാഷ്ട്രീയനേതാക്കന്മാരെ ആ രംഗത്തുനിന്നു നിഷ്കാസനം ചെയ്കയും ചെയ്തു. ഇക്കാലമത്രയും വമ്പിച്ച സ്ഥാനവും സ്വാതന്ത്ര്യവും അനുഭവിച്ചുകൊണ്ടിരുന്ന ടോക്കിയോയിലെയും ക്യോട്ടോവിലേയും മഹത്തായ രണ്ടു സൎവ്വകലാശാലകളിലും "ചുവപ്പൻ" ചിന്താഗതിയുള്ള പ്രൊഫസർമാർ ഉണ്ടെന്നു പറഞ്ഞു അപലപിക്കുകയും, അവരെ പുറത്താക്കി ഈ വിദ്യാപീഠങ്ങൾ ശുദ്ധീകരിക്കുകയും ചെയ്തു. സാമൂഹ്യപ്രവൎത്തകർ, വിദ്യാഭ്യാസപ്രവൎത്തകർ, രാ

ഷ്ട്രീയ നേതാക്കരം എന്നിവക്കു തന്മൂലം നിശ്ശബ്ദത പാലിക്കാതെ തരമില്ലെന്നായി.

ജപ്പാനിൽ പാർലിമെൻററിഭരണം ക്ഷയിക്കാനുണ്ടായ ഒരു പ്രധാന കാരണം, പാർലിമെൻററിലെ അംഗങ്ങരംക്കു് ജനാധിപത്യത്തിൽ വേണ്ടത്ര വിശ്വാസമില്ലാത്തതായിരുന്നു. ഡയററിനേയും പാർട്ടിഭരണത്തേയും സ്വന്തം സ്വാധീനശക്തി പ്രയോഗിക്കാനുള്ള ഉപകരണങ്ങളായിട്ടാണു് അവർ പരിഗണിച്ചുപോന്നതു്. ഇത്തരം ഗ്രൂപ്പുകരം അനായസേന ഒരു ശക്തിയായി വളരുകയും, ജനാധിപത്യവിശ്വാസികളെ മൂകരാക്കിത്തീക്കുകയും ചെയ്തു. അതിനാൽ 1920-ലെ പാർലിമെൻററിക്രമത്തിൽനിന്നു് 1930-ലെ സർവ്വാധിപത്യക്രമത്തിലേക്കു ജപ്പാൻ നീങ്ങിയതു് യാതൊരു രാഷ്ട്രീയപ്രത്യാഘാതങ്ങളുടേയും ഫലമായിട്ടല്ല. പ്രത്യുത, ഗവമ്മേണ്ടിൻെറ പിന്നിൽ അണിനിരന്ന ശക്തിക്കു നേരിട്ട മാററമാണു് ഇതിനു വഴിതെളിച്ചതു്.

പാർട്ടി ഗവർമ്മേണ്ടു് അധികാരത്തിലിരിക്കുമ്പോരംതന്നെ, രാഷ്ട്രീയനേതാക്കരംക്കു് കൂട്ടമന്ത്രിസഭയിൽ പരിപൂണ്ണമായ ആധിപത്യം വഹിക്കാൻ കഴിഞ്ഞിരുന്നില്ല. സെയ്ബാട്സു താല്പര്യങ്ങളും, പ്രഭുക്കളുടെ ശക്തിയും, പട്ടാളനാവിക ഉദ്യോഗസ്ഥന്മാരും അവരെപ്പോലെതന്നെ ശക്തിയാജ്ജിച്ചിരുന്നു. പ്രഭുക്കന്മാരും പാർട്ടിപ്രവത്തകരുമാണു് രാഷ്ട്രീയമണ്ഡലത്തിൽ പ്രാമാണ്യം വഹിച്ചിരുന്നതു്. എന്നാൽ ഈ ശക്തി സൈനിക ഉദ്യോഗസ്ഥന്മാരുടേയും പ്രഭുക്കന്മാരുടേയും കൈകളിലേക്കു നീങ്ങിയതോടെ, പാർലിമെൻററി ഭരണംതന്നെ അവസാനിക്കാനിടയായി.

ചില രാഷ്ട്രീയ നേതാക്കരം, ഭരണകൂടത്തിൽ തങ്ങളുടെ നില ഉറപ്പിക്കുന്നതിനായി കഠിനമായി പോരാടിയെങ്കിലും, ക്രമേണ അവരുടെ എല്ലാ പിടികളും വിട്ടുപോവുകയാണുണ്ടാ

യതു്. ചില മന്ത്രിസഭകൾ രാഷ്ട്രീയനേതാക്കളെ പൂർണ്ണമായി ഒഴിച്ചുനിർത്തുകതന്നെചെയ്തു.

ചെറുകിട വ്യവസായികളും ഗ്രാമീണജന്മികളുമാണു് രാഷ്ട്രീയപാർട്ടികളിൽ പ്രാമാണ്യം വഹിച്ചിരുന്നതു്. കർഷകർക്കും തൊഴിലാളികൾക്കും രാഷ്ട്രീയരംഗത്തു യാതൊരുവിധ സ്വാധീനശക്തിയുമില്ലായിരുന്നു. അതിനാൽ യാഥാസ്ഥിതികന്മാരെമാത്രം പ്രതിനിധാനം ചെയ്തിരുന്ന രാഷ്ട്രീയപാർട്ടികൾ വളരെ പെട്ടെന്നു് ശക്തിരഹിതമായി. യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ തങ്ങളുടെ പാർലിമെൻററി അവകാശങ്ങൾ അവർ കൈവിട്ടു പഴയ പാർട്ടികളെ നിഷ്കാസനം ചെയ്തതോടെ ഡയററിനേയോ അതു പ്രതിനിധാനം ചെയ്യുന്ന പൊതുജനങ്ങളേയോ മന്ത്രിസഭയ്ക്കു ഭയപ്പെടേണ്ടതില്ലെന്നായി.

വോട്ടർമാരെ ഭരണകൂടത്തിൽനിന്നു നിഷ്കാസനം ചെയ്തതായി കണ്ടപ്പോൾ, സെയ്ബാട്ട്സു താല്പര്യക്കാർ സൈനികരുമായി ഒത്തുകൂടുവാൻ ശ്രമിച്ചു. സെയ്ബാട്ട്സുവിനു് മുമ്പേതന്നെ പാർലിമെൻററി ഭരണവുമായി വലിയ ബന്ധമൊന്നുമില്ലായിരുന്നു. രാഷ്ട്രീയമായ ആദർശങ്ങളെക്കാൾ വ്യാപാരമിയിരുന്നു അവരുടെ ലക്ഷ്യം. സാമ്പത്തികവികസനത്തിന്നു് മഞ്ചൂറിയായിൽ പുതിയ രംഗങ്ങൾ തെളിഞ്ഞുകണ്ടതോടെ, സെയ്ട്ട്സുവിലെ ഒരു വിഭാഗക്കാർ അവിടെ താവളമുറപ്പിച്ചു. എന്നാൽ യുദ്ധവും സൈനികപരിപാടികളും വമ്പിച്ച വ്യവസായങ്ങളുടെ ഉൽക്കർഷത്തിനാണു് വഴിതെളിച്ചതു്. ഒരു യുദ്ധം വരുത്തിവെച്ചേക്കാവുന്ന വമ്പിച്ച ചിലവുകളെയോർത്തു സാധാരണക്കാരായ സെയ്ബട്ട്സുകാർ ഭയപ്പെടുകതന്നെചെയ്തു. എങ്കിലും കോളനിവികസനത്തിനുള്ള സൈനികരുടെ സംരംഭത്തിനു പിൻതുണ നല്കുന്നതിൽ അവർ വിമുഖരായിരുന്നില്ല. വമ്പിച്ച വ്യവസായികളുടെ സഹായമില്ലാതെ തങ്ങൾക്കു് ആക്രമണം വിജയപ്രദമായി നടത്താനോ, യുദ്ധകാല വ്യവസായ

ങ്ങളെ അഭിവൃദ്ധിപ്പെടുത്താനോ, കഴികയില്ലെന്ന് സൈനിക ശക്തിയും മനസ്സിലാക്കിയിരുന്നു.

അതിനാൽ സെയ്ബട്ട്സു കക്ഷിക്കാരും പട്ടാളക്കക്ഷിക്കാരും തമ്മിൽ ഒരു കൂട്ടുകെട്ട് അനിവാര്യമായിരുന്നു. സൗകര്യത്തിന്നായി ഉണ്ടാക്കിയ ഒരു ബന്ധമെന്നതിലുപരി അതിനു വലിയ പ്രാധാന്യമൊന്നുമില്ലെങ്കിലും, ഈ ബന്ധം വിജയകരമായി പ്രവർത്തിക്കുകതന്നെ ചെയ്തു. കാലം ചെന്നതോടെ ഈ ബന്ധം കുറേക്കൂടി സുദൃഢമായിത്തീർന്നു. സെയ്ബട്ട്സു കക്ഷിക്കാരുടെ വ്യവസായസ്ഥാപനങ്ങൾ മിക്കവാറും സ്റ്റേറ്റിൻെറ നിയന്ത്രണത്തിലായി. വ്യവസായവാണിജ്യമണ്ഡലങ്ങളിൽ ഗവർമ്മേണ്ട നേരിട്ട സ്വാധീനം ചെലുത്താൻ തുടങ്ങി. വമ്പിച്ച സെയ്ബട്ട്സു സ്ഥാപനങ്ങളുടെ മേൽനോട്ടം അവയുടെ ഉടമസ്ഥന്മാരിലായിരുന്നില്ല. ഔദ്യോഗികപദവിയുള്ള മാനേജർമാരിലാണ് ഇതു നിക്ഷിപ്തമായിരുന്നതു്. അങ്ങിനെ അവശരിക്കും ഗവർമ്മേണ്ടിൻെറ കീഴ്ഘടകങ്ങളായി പരിണമിച്ചു. യുദ്ധസന്നാഹങ്ങൾ ഇത്തരം ഘടകങ്ങളുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കു വഴിതെളിയിക്കുകയും, സെയ്ബട്ട്സു സ്ഥാപനങ്ങൾ സ്റ്റേറ്റിൻെറ സാമ്പത്തികശാലകളായിത്തീരുകയും ചെയ്തു.

പ്രഭുക്കന്മാരുടെ നില തികച്ചും വ്യത്യസ്തമായിരുന്നു. രാഷ്ട്രീയാഭിപ്രായപ്രകടനത്തിനുള്ള ഉപാധിയായിട്ടല്ല, പ്രത്യുത, തങ്ങളുടെ നിലനില്പിനു തന്നെ ഒരു വെല്ലുവിളിയായിട്ടാണ് പാർലിമെൻററി ഗവർമ്മേണ്ടിനെ അവർ വീക്ഷിച്ചിരുന്നതു്. 1920-ൽ ജനാധിപത്യ മുന്നേററത്തിനു് അവർ പിൻതുണ നല്കിയതുതന്നെ, തങ്ങൾക്കതിൽ പ്രാമാണ്യം വഹിക്കാമെന്നുള്ള ചിന്താഗതിയോടെയായിരുന്നു. ജനങ്ങൾക്കെതിരായി, പട്ടാളത്തിൻേറയും പോലീസിൻേറയും സഹായത്തോടെ, വേണ്ടിവന്നാൽ ഗവർമ്മേണ്ടിനെ സഹായിക്കാമെന്നും അവർ കരുതിയിരു

ന്നു. ഇപ്പോഠം ജനാധിപത്യഭരണം തകൻതരിപ്പണമായതിൽ പ്രഭുവർഗ്ഗം ഒട്ടുംതന്നെ കുണ്ഠിതപ്പെട്ടില്ല. പുതിയ പട്ടാളകക്ഷിയിലും തങ്ങളുടെ നേതൃത്വം ഉറപ്പിക്കാമെന്നു അവർ വ്യാമോഹിച്ചു.

അവർ കക്ഷിരാഷ്ട്രീയക്കാരേയും വമ്പിച്ച വ്യവസായികളേയും പട്ടാളകക്ഷിക്കെതിരായി തിരിച്ചുവിട്ടു. എന്നാൽ ഈ കക്ഷികളുടെ ശക്തി ക്ഷയിച്ചതോടെ, പട്ടാളകക്ഷി തന്നെ പ്രാമാണ്യം നേടി. അതിനാൽ ഒററയ്ക്കുനിന്നു എതിക്കുക എന്നതു മാത്രമേ പ്രഭുവർഗ്ഗത്തിനു് കഴിഞ്ഞിരുന്നുള്ളു. പക്ഷെ ആ എതിപ്പിന്നു ശക്തിയില്ലായിരുന്നു. അവർ പരിപൂർണ്ണമായി പരാജയമടഞ്ഞു.

പട്ടാളത്തിൻേറയും നാവികസേനയുടേയും സ്വാതന്ത്ര്യബോധത്തിൻെറ ഫലമായിരുന്നു ഇതു്. തീവ്രവാദികളുടെ എല്ലാവിധ പരിശ്രമങ്ങളും പട്ടാളകക്ഷിയുടെ പ്രാബല്യം വർദ്ധിപ്പിക്കാനാണു് സഹായിച്ചതു്. ഭരണകൂടത്തിൽ പട്ടാളകക്ഷിയുടെ സ്വാധീനം വർദ്ധിച്ചതു്, പട്ടാളതത്വങ്ങളിലേക്കു ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ സഹായിക്കയാണുണ്ടായതു്. പട്ടാളകക്ഷിയുടെ ഏതുവിധ പ്രത്യക്ഷനടപടികളും ജനങ്ങഠം സമ്മതിച്ചുകൊടുക്കാൻ സന്നദ്ധരായി. ഈ ദൂഷിതവലയം, ജപ്പാനെ യുദ്ധത്തിൻെറ വക്കത്തേക്കു നയിച്ചു.

പ്രഭുകക്ഷികളും പട്ടാളകക്ഷിയും തമ്മിൽ മാത്രമല്ല യുദ്ധമുണ്ടായതു്. പട്ടാളത്തിനുള്ളിൽത്തന്നെ മിതവാദികളും തീവ്രവാദികളും തമ്മിൽ പരസ്യമായി സമരം ചെയ്തു.

1936-ലെ പൊതുതിരഞ്ഞെടുപ്പിൽ, പാർലിമെൻററി ഗവമ്മേണ്ടിനു പിൻതുണ വാഗ്ദാനം ചെയ്ത മിതവാദികളായ സ്ഥാനാത്ഥികഠംക്കാണു് ജനങ്ങഠം വോട്ടു ചെയ്തതു്. ജനങ്ങളുടെ ഈ മനോഭാവം മനസ്സിലാക്കിയ പട്ടാളകക്ഷിയിലെ തീവ്രവാദികഠം ഇതിനു പെട്ടെന്നു തിരിച്ചടി നല്കി. ഫെബ്രുവരി

26-ാംനു- നേരം പുലരുന്നതിനു മുമ്പായി, ടോക്കിയോ റെജിമെൻറിൽ നിന്നു് ഒരു സംഘം യുവ പട്ടാള ഉദ്യോഗസ്ഥന്മാർ സായുധസേനയുമായി പ്രധാന രാജ്യതന്ത്രജ്ഞന്മാരുടെ വീട്ടിൽ കടന്നുചെന്നു് അവരെയെല്ലാം വധിച്ചുകളഞ്ഞു.

ഈ സുധീരമായ നീക്കംകൊണ്ടു ഭരണകൂടം പിടിച്ചെടുക്കാമെന്ന വ്യാമോഹത്തോടെ, ഈ രാജദ്രോഹികൾ ഗവൺമെൻറിൻെറ എല്ലാവിധ ഭീഷണികളേയും നേരിട്ടുകൊണ്ടു ടോക്കിയോവിൽ നിലകൊണ്ടു. എങ്കിലും ഏതാനും ദിവസങ്ങൾക്കുള്ളിൽ ഭരണാധികാരികളുടെ പട്ടാളശക്തിക്കുമുമ്പിൽ ഈ വിപ്ലവകാരികൾക്കു മുട്ടുമടക്കേണ്ടി വന്നു. വിപ്ലവനേതാക്കളെ കഠിനമായി ശിക്ഷിച്ചു. ഇതുമൂലം പട്ടാളകക്ഷിക്കാർ കൂടുതൽ പ്രാമാണ്യം നേടി. അങ്ങിനെ പടിപടിയായി പട്ടാളകക്ഷിക്കാരും ദേശീയവാദികളും രാഷ്ട്രത്തിൻെറ മേൽ അവർക്കുള്ള പിടി ഒന്നുകൂടി ശക്തിപ്പെടുത്തുകതന്നെ ചെയ്തു.

---

## അദ്ധ്യായം 12
## യുദ്ധം

ആദ്യകാലത്തു് ദേശീയവാദികളും പട്ടാളകക്ഷിക്കാരും തോളോടുതോൾ ചേർന്നാണു് മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നതു്. ആഭ്യന്തരമായാലും വൈദേശികമായാലും പ്രത്യക്ഷസമരപരിപാടികൾ മൂലം രാഷ്ട്രത്തെ തങ്ങളുടെ നയമനുസരിച്ചു് നിരത്തുവാനും, അധികാരം സ്വന്തം കൈയിൽ തന്നെ നിലനിർത്താനും അവർക്കു കഴിഞ്ഞു. എന്നാൽ അടുത്തപടി വിധിനിർണ്ണായകമായ ഒന്നായിത്തീർന്നു. രക്ഷപ്പെടാൻ നിവൃത്തിയില്ലാത്തവിധം അഗാധമായ ഒരു ഗർത്തത്തിൽ അവർ നിപതിച്ചുപോയി.

"മഞ്ചൂറിയൻ സംഭവ"ത്തിന്റെ മാതൃകയിൽ ചൈനയിൽ സംവിധാനം ചെയ്ത മറെറാരു യുദ്ധം, ജപ്പാനെ നാശഗത്തിലേക്ക് തള്ളിയിട്ടുകൊണ്ടേ അവസാനിപ്പിച്ചുള്ളു.

ജാപ്പനീസ് പട്ടാളകക്ഷിക്കാർ, ഓരോ ഒഴികഴിവും പറഞ്ഞുകൊണ്ട്, മഞ്ചൂറിയായിൽനിന്ന് ഉത്തരചൈനയിലേക്കും മംഗോളിയായിലേക്കും നുഴഞ്ഞു കയറി. മദ്ധ്യ-ദക്ഷിണ ചൈനയിൽ ചൈനീസ് ദേശീയ ഗവമ്മേണ്ട് ശക്തിയാർജ്ജിച്ചു കൊണ്ടിരുന്ന കാലമായിരുന്നു ഇത്. ഉത്തരചൈനയിലും അവർ സ്വാധീനം നേടിക്കൊണ്ടിരുന്നു. വിദേശശക്തികൾ തങ്ങളുടെ നാട്ടിൽ അനുഭവിച്ചുപോന്ന എല്ലാത്തരം അവകാശങ്ങളേയും ചൈനീസ് ദേശീയവാദികൾ കഠിനമായി എതിർത്തു. അതിനാൽ മറെറാരു യുദ്ധം മുഖേന ചൈനയുടെ ഭാഗങ്ങൾ കരസ്ഥമാക്കണമെങ്കിൽ, ചൈന ശക്തിയാർജ്ജിക്കുന്നതിനു മുമ്പായി ജപ്പാൻ ആ സംരംഭത്തിൽ ഏർപ്പെടേണ്ടതു് ആവശ്യമായിരുന്നു.

"മഞ്ചൂറിയൻ സംഭവ"ത്തെ തുടർന്ന്, 1937 ജൂലായ് മാസത്തിൽ പട്ടാളകക്ഷിയിലെ തീവ്രവാദികൾ ഉത്തരചൈനയിലെ പെക്കിങ്ങിനടുത്തു് ഒരു പുതിയ "സംഭവ"ത്തിനു് കോപ്പു കൂട്ടി. ഉത്തരചൈനയിലെ രണ്ടു പ്രധാന നഗരങ്ങളായ പെക്കിങ്ങും ടീൻററ്സീനും ജാപ്പനീസ് പട്ടാളം വേഗം പിടിച്ചടക്കുകയും, ഉത്തരചൈനയുടേയും മംഗോളിയയുടേയും പ്രധാന ഭാഗങ്ങളിലേയ്ക്കു നുഴഞ്ഞു കയറുകയും ചെയ്തു. മഞ്ചൂറിയാ ആക്രമണകാലത്തെന്നപോലെ ഷാങ്ങ്ഹെയ്ക്കടുത്തായി യുദ്ധം പൊട്ടിപ്പുറപ്പെട്ടു.

ആ പ്രവിശ്യയിലെ ചൈനീസ് ദേശീയ അധികാരികൾ ശക്തിയാർജ്ജിച്ചു മുന്നോട്ടു വരുന്നതിനുമുമ്പുതന്നെ ഉത്തര ചൈനയുടേയും മംഗോളിയായുടേയും ഉള്ളിലേക്കു കഴിയുന്നത്ര നുഴഞ്ഞു കടക്കുക എന്നായിരുന്നു പട്ടാളകക്ഷിക്കാരുടെ ഉദ്ദേശം.

പക്ഷെ അവരുടെ നിഗമനം തെററി. വെറുമൊരു പ്രാദേശിക യുദ്ധം കൊണ്ടു ഉത്തര ചൈനയെ കീഴടക്കാനുള്ള സമയം വൈകിപ്പോയി. ചൈനാക്കാർ ചെറുത്തു നില്ക്കാൻ തയ്യാറായി.

ചൈനയുടെ പ്രതിരോധം ജാപ്പനീസ് പട്ടാളകക്ഷിയെ വിറളിപിടിപ്പിച്ചു. ഷാങ്ങ് ഹെയ് ആക്രമണം വളരെ പണച്ചിലവുള്ള ഒന്നായിരുന്നെങ്കിലും, വിജയപൂർവ്വം പിന്നിട്ടതിനു ശേഷം, ജാപ്പനീസ് പട്ടാളം നാങ്കിങ്ങിലേക്കു മാർച്ചു ചെയ്തു. ഡിസംബർ മാസത്തിൽ നാങ്കിങ്ങ് കീഴടക്കി. ചൈനീസ് ഗവമ്മേണ്ടു യാങ്ങ്ടീസ് നദിയിൽ നിന്നു് ഹാൻകോവിലേക്കു പിൻവലിഞ്ഞപ്പോഠം അതു അവരുടെ പരാജയമായി എണ്ണിക്കൊണ്ടു് ജപ്പാൻകാർ മുന്നോട്ടു കുതിക്കുകയും, 1938 ഒക്ടോബർ മാസത്തിൽ ഹാങ്കോവ് പിടിച്ചടക്കുകയും ചെയ്തു. ചൈനാക്കാരാകട്ടെ തങ്ങളുടെ ഗവമ്മേണ്ടിനെ അതിനപ്പുറത്തേക്കു പിൻവലിക്കയാണു ചെയ്തതു്. യാങ്ങ്ടീസിൽ നിന്നു് ചുങ്കിങ്ങ് മലയിടുക്കുകളിലേക്കു അവർ പലായനം ചെയ്തു അവിടെ നിലയുറപ്പിച്ചു. അങ്ങോട്ടു കടന്നു ചെല്ലുക എന്നതു് ഏററവും സുശക്തമായ പട്ടാളത്തിനുപോലും അസാദ്ധ്യമായിരുന്നു.

വെറും ഒരു "സംഭവ"മെന്നതിലുമുപരിയായി സ്ഥിതിഗതികഠം ഒരു യുദ്ധമായി മാറുകയാണെന്നു ജപ്പാൻകാർ ഉത്തരുണത്തിൽ മനസ്സിലാക്കി. വടക്കു കിഴക്കൻ ചൈനയിലും മംഗോളിയായിലുമുള്ള പ്രധാന നഗരങ്ങളും റെയിൽവേപ്പാതകളും, ചൈനയുടെ ദക്ഷിണതീരപ്രദേശത്തുള്ള പ്രമുഖ തുറമുഖങ്ങളും, ചൈനയുടെ വ്യവസായ വാണിജ്യപ്രവത്തനങ്ങളുടെ നാഡിഞരമ്പുകളായ യാങ്ങ്ടീസ് നദീതീരപ്പട്ടണങ്ങളും എല്ലാം തന്നെ ജപ്പാൻകാരുടെ കൈവശമായിരുന്നു. അങ്ങിനെ ചൈനാക്കാർ രാജ്യത്തിൻെറ പിൻഭാഗത്തേക്കു്, വ്യാവസായിക ഉല്പന്നങ്ങളൊന്നും ലഭിക്കാത്ത വിജനപ്രദേശത്തേക്കു്, തള്ളപ്പെട്ടു പോയെങ്കിലും, അവർ കീഴടങ്ങാൻ കൂട്ടാക്കിയില്ല.

ചൈനാക്കാരുടെ പട്ടാളശക്തിയും സാമ്പത്തികശക്തിയും ക്രമേണ തളൎന്നു മട്ടിലായി. ചൈനാക്കാർ പുറത്തേക്കുവരുന്നതു കാത്തിരിക്കാമെന്നു ജപ്പാൻകാരും തീരുമാനിച്ചു. അങ്ങിനെ ദേശീയ ഗവമ്മേണ്ടിൻെറ തകർച്ചക്കായി കാത്തുകൊണ്ടു് ജാപ്പനീസ് സൈന്യം അവിടെ താവളമുറപ്പിച്ചു.

പക്ഷെ ജപ്പാൻകാരുടെ കണക്കുകൂട്ടലുകളെല്ലാം തെററി. ചൈനീസ് ഗവമ്മേണ്ടു് തകൎന്നുകഴിഞ്ഞിട്ടില്ലായിരുന്നു. സങ്കുചിതമനസ്സരും അധികാരപ്രമത്തരുമായ ജപ്പാൻകാൎക്കു് ചൈനക്കാരുമായി സഹവൎത്തിത്വം പുലൎത്തുക സാദ്ധ്യമായിരുന്നില്ല. അങ്ങിനെ ചൈനീസ് കർഷകരെല്ലാം തന്നെ ജപ്പാൻെറ കടുത്ത ശത്രുക്കളായി മാറി.

1939-ൽ യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു് പ്രഥമദൃഷ്ടിയിൽ ജപ്പാൻകാൎക്കു ഒരനുഗ്രഹമായിരുന്നു. 1936-ൽ ജപ്പാൻ ജമ്മനിയുമായി കൂടിച്ചേൎന്നു് ഒരു കമ്മ്യൂണിസ്റ്റു വിരുദ്ധ ഉടമ്പടിയിൽ ഒപ്പുവെച്ചു. പിറേറക്കൊല്ലം ഇററലിയും ഈ ഉടമ്പടിയിൽച്ചേൎന്നു. വിദൂരപൂൎവ്വദേശത്തുനിന്നു ലോകത്തിൻെറ ശ്രദ്ധ പിൻതിരിക്കപ്പെട്ടു. 1940-ൽ ഫ്രാൻസ് നിലംപതിച്ചതോടെ, തെക്കുകിഴക്കൻ ഏഷ്യയുടെ ഹൃദയസ്ഥാനത്തുള്ള യൂറോപ്യൻ കോളനി പ്രദേശമായ ഫ്രഞ്ചു് ഇന്തോ ചൈനയിലേക്കു ജപ്പാൻ നുഴഞ്ഞു കയറി.

യൂറോപ്പിലെ യുദ്ധത്തിനിടയിലും, ചൈനയിൽ ജപ്പാൻകാർ അനുവൎത്തിക്കുന്ന ആക്രമണം അമേരിക്കൻ ജനതയുടെ ശ്രദ്ധ ഇളക്കി വിടാതിരുന്നില്ല. ജമ്മനിയുടേയും ജപ്പാൻേറയും പട്ടാളസഖ്യം വിജയപ്രദമായാൽ അമേരിക്കയുടേയും ലോകത്തിൻേറതന്നേയും സമാധാനത്തിനും സ്വാതന്ത്ര്യത്തിനും അതൊരു ഭീഷണിയായിത്തീരുന്നതാണെന്നു മനസ്സിലായി. ജമ്മനിക്കെതിരായി ബ്രിട്ടനെ സഹായിച്ചുകൊണ്ടു്, യുണൈറേറഡ് സ്റ്റേററ്സ് ജപ്പാൻകാരുടെ ആക്രമണത്തിനെതിരായി ഉറച്ചു ഒരു

നില കൈക്കൊണ്ടു് വാങ്മൂലമായ പ്രതിഷേധങ്ങളും ജപ്പാന്റെ ആക്രമണത്തെ അംഗീകരിക്കാതിരിക്കലും മററമാണല്ലോ ആദ്യ കാലത്തുണ്ടായതു്. ഇപ്പോഴാകട്ടെ ജപ്പാനിലേക്കുള്ള ഇരുമ്പു സാമഗ്രികളുടെ കയററുമതി പൂൎണ്ണമായി നിറുത്തിക്കളഞ്ഞു. വിദേശത്തുള്ള ജപ്പാന്റെ സ്വത്തുകൾ മരവിപ്പിച്ചു. മാത്രമല്ല, ബ്രിട്ടീഷുകാരുടേയും ഡച്ചുകാരുടേയും സഹായത്തോടെ എണ്ണക്കപ്പലുകളുടെ ജപ്പാനിലേക്കുള്ള പോക്കും നിറുത്തി. ഇരുമ്പു സാമഗ്രികളും എണ്ണയും ജപ്പാന്റെ സാമ്പത്തിക നിലനില്പിനും യുദ്ധത്തിനും അനിവാര്യമായിരുന്നു.

1941-ലെ വസന്തകാലമായതോടെ, ഏററവും ബുദ്ധിമുട്ടു പിടിച്ച ഒരു തീരുമാനമെടുക്കാൻ ജപ്പാൻ നിർബ്ബന്ധിതയായി.

രണ്ടു മാൎഗ്ഗങ്ങളാണുണ്ടായിരുന്നതു്. ചൈനയ്ക്കു് വേണ്ടത്ര യുദ്ധാനുകൂല്യങ്ങൾ നല്കിക്കൊണ്ടു് ചൈനയിലെ യുദ്ധം അവസാനിപ്പിക്കുക. യുണൈറഡ് സ്റ്റേററ്സ് ആവശ്യപ്പെട്ടതുപോലെ ചൈനയിൽ നിന്നു പട്ടാളത്തെ പിൻവലിക്കുകയും, യൂറോപ്പിലെ യുദ്ധത്തിൽ നിന്നു് ഒന്നാം ലോകമഹായുദ്ധകാലത്തുചെയ്തപോലെ ലാഭം കൈവരുത്തുകയും ചെയ്യുക. സാമ്പത്തിക നേട്ടത്തിനാണു് കൂടുതൽ പ്രാധാന്യം നല്കേണ്ടിയിരുന്നതു്.

എന്നാൽ ഈ താല്പൎയ്യം സംരക്ഷിക്കുക സാദ്ധ്യമായിരുന്നില്ല. ചൈനയിൽ നിന്നു് പിൻവലിയുക എന്നു വന്നാൽ പട്ടാളകക്ഷിക്കു് അതു് ഒരു ദേശീയമായ അപമാനമായി പരിണമിക്കും. പട്ടാളകക്ഷിയുടെ ആക്രമണപരിപാടി പരാജയപ്പെട്ടു എന്നു ജപ്പാനിലെങ്ങും കൊട്ടിഘോഷിക്കപ്പെടും. അതിനാൽ ഒന്നേ കരണീയമായുണ്ടായിരുന്നുള്ളു. പാശ്ചാത്യ ജനാധിപത്യ ശക്തികളുമായി യുദ്ധത്തിലേർപ്പെടുക. വിദേശശക്തികൾക്കെതിരായുള്ള യുദ്ധത്തിൽനിന്നുണ്ടാകാവുന്ന അപകടങ്ങൾ അവൎക്കു ശരിക്കറിയാമായിരുന്നു. എങ്കിലും ചൈനയിൽ നിന്നു

വെറും കയ്യോടെ മടങ്ങാൻ അവർ സന്നദ്ധരല്ലായിരുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിനേയും സ്വന്തം നാട്ടിലെ പട്ടാളകക്ഷിയേയും ഒരുപോലെ തൃപ്തിപ്പെടുത്തുന്ന ഒരു ഒത്തുതീർപ്പിനായി അവർ പരിശ്രമിച്ചു. പക്ഷെ ആക്രമണത്തിനു് വിധേയമായ ഒരു ഒത്തുതീർപ്പിനു് യുണൈറ്റഡ് സ്റ്റേറ്റ്സ് സന്നദ്ധമായിരുന്നില്ല.

1941-ആയപ്പോഴേക്കും യുദ്ധം അനിവാര്യമാണെന്നു് വ്യക്തമായി. മിതവാദികൾ യുദ്ധം കൂടാതെ കഴിക്കാൻ കിണഞ്ഞു പരിശ്രമിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സിൻെറ പനായ് എന്ന പീരങ്കി വാഹിനി ബോട്ടു് മുങ്ങിപ്പോകാനിടവന്നതോടെ പ്രതിസന്ധിഘട്ടം ആരംഭിച്ചു. മഞ്ചൂറിയൻ-സൈബീരിയൻ അതൃത്തിയിൽ റഷ്യൻ സൈന്യവുമായി പല സംഘട്ടനങ്ങളുണ്ടായെങ്കിലും, അതൊരു യുദ്ധമായിവികസിക്കാൻ അനുവദിക്കപ്പെട്ടില്ല. എന്നാൽ പാശ്ചാത്യരുമായുള്ള യുദ്ധം തങ്ങളുടെ കവാടത്തിൽ ആരംഭിച്ചിരിക്കുന്നതായി ഗവമ്മേണ്ടു മനസ്സിലാക്കി. 1941 ഒക്ടോബറിൽ കൊനോയ് രാജകുമാരൻ പ്രധാനമന്ത്രിപദം രാജിവെച്ചു. അങ്ങിനെ ജനറൽ ടോജോവും അദ്ദേഹത്തിൻെറ യുദ്ധകാല മന്ത്രിസഭയും അധികാരത്തിൽ വന്നു.

തങ്ങളുടെ ധീരത പ്രദർശിപ്പിക്കുന്നതിനു വേണ്ടിയല്ല ജപ്പാൻകാർ യുദ്ധത്തിൽ ഏർപ്പെട്ടതു്. പട്ടാളകക്ഷിക്കാർ സുദീർഘമായ ആലോചനയുടെ ഫലമായിട്ടാണു് തീരുമാനമെടുത്തതു്. പശ്ചിമ പസഫിക്കിൽ അമേരിക്കക്കാരുടേയും ബ്രിട്ടീഷുകാരുടേയും, ഡച്ചുകാരുടേയും സൈന്യം ശക്തിഹീനമാണെന്നു് അവർക്കറിയാമായിരുന്നു. അങ്ങിനെയാണെങ്കിൽ തെക്കു കിഴക്കൻ ഏഷ്യയിലെ സമ്പന്നമായ സ്ഥലങ്ങൾ നിഷ്പ്രയാസം തങ്ങളുടെ വരുതിക്കു കീഴ്പ്പെടുമെന്നും അവർക്കറിയാമായിരുന്നു. അവർക്കു് അത്യാവശ്യമായിരിക്കുന്ന ധാതുദ്രവ്യങ്ങളും എണ്ണയും ഇവിടെനിന്നു നേടുകയും ചെയ്യാം. തകർച്ചയുടെ വക്കത്തെത്തിയിരുന്ന റഷ്യ രംഗത്തുനിന്നു പിൻവലിഞ്ഞ മട്ടായി

രുന്നു. അഭ്യന്തരമായ ചില പ്രതിസന്ധിഘട്ടങ്ങൾ നേരിടേണ്ടിയിരുന്നതിനാൽ ബ്രിട്ടന് വിദൂരപൂർവ്വദേശത്തു അധികമൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ജർമ്മനിയെ തോല്പിക്കാത്ത കാലം വരെ യുണൈററഡ് സ്റ്റേററ്സിന് അവരുടെ ശക്തിമുഴുവൻ പസിഫിക്കിൽ കേന്ദ്രീകരിക്കാനും നിവൎത്തിയില്ല.

അതിനാൽ ജർമ്മനിയായിരുന്നു ജപ്പാന്റെ ഒരേ ഒരു അവലംബം. ജർമ്മനി ജയിച്ചാൽ ജപ്പാൻ രക്ഷപ്പെടും. ജർമ്മനി തോററാൽ, ജപ്പാനുവേണ്ടി ഒരു പിൻകാവൽപ്പടയായി യുദ്ധം ചെയ്തു് ഇരുവരുടേയും ശത്രുക്കളെ ക്ഷീണിപ്പിച്ചിട്ടുണ്ടാവും. അങ്ങിനെ ചൈനയെ മുട്ടുകുത്തിക്കാൻ ജപ്പാനു് വേണ്ടത്ര സമയം കിട്ടും. മാത്രമല്ല, സാമ്പത്തിക സൈനികശക്തിയുള്ള രാഷ്ട്രമായി, പസഫിക് സമുദ്രത്തിൽനിന്നും ഇന്ത്യൻ സമുദ്രത്തിൽനിന്നുമുള്ള ആക്രമണത്തെ ചെറുത്തുകൊണ്ടു ജപ്പാനു നിലകൊള്ളാൻ അതു അവസരം നല്കുകയും ചെയ്യും.

എന്തായാലും വിധിനിർണ്ണായകമായ ഒരു തീരുമാനം ജാപ്പാൻ കൈക്കൊള്ളേണ്ടതാവശ്യമായിത്തീൎന്നു. ഒന്നുകിൽ മാനക്കേടിനെപ്പററി ചിന്തിക്കാതെ ചൈനയിൽനിന്നു പിൻവലിഞ്ഞുകൊണ്ടു ഇത്രനാളും നേടിയ വിജയം കൈവിടുക; അല്ലെങ്കിൽ എല്ലാം നഷ്ടപ്പെട്ടേക്കാവുന്ന, അല്ലെങ്കിൽ എല്ലാം നേട്ടവും കൈവന്നേക്കാവുന്ന യുദ്ധത്തിൽ ഏർപ്പെടുക.

ഇവിടേയും ജപ്പാന്റെ പ്രതീക്ഷകൾ തെററി. തങ്ങളുടെ ധാർമ്മികമഹത്വത്തിനും "ജാപ്പനീസ് ചൈതന്യ"ത്തിനും അവർ വമ്പിച്ച പ്രാധാന്യം നല്കി. പാശ്ചാത്യരുടെ സമാധാനകാംക്ഷയും ക്ഷീണഭാവവും യാഥാർത്ഥ്യമാണെന്നും അവർ കരുതി. സുദീർഘമായ ഒരു യുദ്ധത്തിനു് അമേരിക്ക തയ്യാറാവുകയില്ലെന്നും അവർ വിശ്വസിച്ചു. ഈ മിഥ്യാസങ്കല്പങ്ങളിൽ നിമഗ്നരായ ജപ്പാൻകാർ ദേശീയവും സൈനികവുമായ പ്രചരണങ്ങളിലേർപ്പെട്ടു കണ്ണടച്ചിരുന്നതേയുള്ളു. അമേരിക്കക്കാരുടെ മാത്ര

മല്ല, ബ്രിട്ടീഷുകാരുടേയും റഷ്യക്കാരുടേയും പ്രകൃതത്തെ അവർ തെററായി വ്യാഖ്യാനിച്ചു.

വിദൂരപൂർവ്വദേശത്തെ മററു ജനാവലിയേയും ശരിക്കു മനസ്സിലാക്കാൻ ജപ്പാൻകാർക്കു കഴിഞ്ഞില്ല. അവർ ഒരു പ്രചരണരീതി ആരംഭിച്ചു. "പൂർവ്വേഷ്യ പൂർവ്വേഷ്യാക്കാക്കു്" "പൂർവ്വേഷ്യയിൽ ഒരു പുതിയ ക്രമം വേണം" "പൂർവ്വേഷ്യാ പരസ്പര സമ്പന്നതാ മേഖല" എന്നിത്യാദി മുദ്രാവാക്യങ്ങൾക്കു് ഏഷ്യാക്കാക്കിടയിൽ പ്രാധാന്യം ലഭിച്ചു. എന്നാൽ ജപ്പാൻ സേന ചൈനയിൽ അനുവർത്തിച്ച മൃഗീയമായ കയ്യേററത്തെക്കുറിച്ചു മനസ്സിലാക്കിയ ജപ്പാൻകാർ പ്രാദേശികമായി ഈ നയത്തിനു് വലിയ പിൻതുണയൊന്നും നല്കിയില്ല. ജപ്പാനെതിരായി തങ്ങളെ സഹായിച്ച സഖ്യകക്ഷികളുടെ ആഗമനത്തിൽ പ്രചോദിതരായ ചൈനക്കാർ, ആക്രമികളുടെ നേരെ സുധീരം ചെറുത്തുനിന്നു. തെക്കുകിഴക്കൻ ഏഷ്യയിലെ മററുള്ള ജനാവലി ഈ നീക്കത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുകയും ചെയ്തു.

1904-ൽ റഷ്യയുടെനേക്കു പ്രായോഗിച്ച അതേ നയോപായം സ്വീകരിച്ചുകൊണ്ടു്, 1941 ഡിസംബർ 7-ാംനു- ഞായറാഴ്ച ജപ്പാൻ യുദ്ധം ആരംഭിക്കുകയും, അന്നു പ്രഭാതത്തിൽ പേറം ഹാർബറിനെ ആക്രമിക്കുകയും ചെയ്തു. ഈ ആക്രമണംകൊണ്ടു് അമേരിക്കൻ നാവികസേനയെ തളത്തിയശേഷം, തെക്കുകിഴക്കൻ ഏഷ്യയും ആസ്ത്രേലിയാക്കു വടക്കുള്ള ദ്വീപുകളും ആക്രമിക്കാനുള്ള വഴി അവർ തെളിച്ചിട്ടു. പേറം ഹാർബർ ആക്രമണം ജപ്പാൻെറ നീചമായ ഒരു വിജയമായിരുന്നു. അതു അമേരിക്കൻ ജനതയെ ഏകോപിപ്പിക്കയും, അവർ ജപ്പാനേയും ജമ്മനിയേയും തകത്തുതരിപ്പണമാക്കാൻ ദൃഢനിശ്ചയം ചെയ്യുകയും ചെയ്തു.

ജപ്പാനെ അത്ഭുതപ്പെടുത്തിക്കൊണ്ടു് അമേരിക്കക്കാർ വളരെവേഗം തങ്ങളുടെ നാവികനിര പടുത്തുയത്തി. സുശക്തമാ

യ ഒരു വ്യോമയാനസേനയും സജ്ജമാക്കി. എന്നിട്ട് ജപ്പാനോടെതിരിടാൻ ശക്തിയേറിയ ഒരു സൈന്യവ്യൂഹവും നാവികസേനയും പസിഫിക്കിലേക്കയച്ചു. 1942ലെ വസന്തകാലത്തു് മിഡ്'വേ'യിൽ വെച്ചു് അവർ ജാപ്പനീസ് മുന്നേററത്തെ പ്രതിരോധിക്കുകയും, 1943-ൽ ജപ്പാനെ കടന്നു ആക്രമിക്കുകയും ചെയ്തു.

അമേരിക്കയുടെ ബൃഹത്തായ പ്രകൃതി വിഭവങ്ങളുടേയും അത്ഭുതകരമായ ഉല്പാദനശക്തിയുടേയും മുമ്പിൽ വേണ്ടത്ര വിഭവങ്ങളോ ഉല്പാദനശേഷിയോ ഇല്ലാത്ത ജപ്പാൻ കുഴങ്ങി. യൂറോപ്പിലെ യുദ്ധരംഗത്തു പ്രാമാണ്യം വഹിച്ച യുണൈറെറഡ് സ്റ്റേററ്സിനു് പസിഫിക്കിലെ ജലത്തിലും ആകാശത്തിലും ഒരുപോലെ ആധിപത്യം നേടാൻ കഴിഞ്ഞു. അവരുടെ കപ്പലുകളും, മുങ്ങിക്കപ്പലുകളും, വിമാനങ്ങളുംകൂടി ജപ്പാനെ തുരത്തിയോടിക്കുകയും ഉന്മൂലനാശം വരുത്തുകയും ചെയ്തു.

ജപ്പാൻകാർ ഭ്രാന്തമായിത്തന്നെ പോരാടി. പട്ടാളക്കാർ അവസാനത്തെ ആരം ശേഷിക്കുംവരെ പൊരുതി. പക്ഷെ അമേരിക്കക്കാർ മദ്ധ്യപസിഫിക്കിലെ ദ്വീപുകൾ മുറിച്ചുകടന്നു് ന്യൂഗിനി തീരത്തിലൂടെ ചെന്നു് ഫിലിപ്പൈൻസ് പിടിച്ചടക്കി. മാത്രമല്ല റ്യൂക്യൂ ദ്വീപസമൂഹത്തിലെ ഓക്കിനാവാ കീഴടക്കിക്കൊണ്ടു് ജാപ്പനീസ് സാമ്രാജ്യത്തിൻെറ ഹൃദയത്തിൽത്തന്നെ അവർ താവളമുറപ്പിച്ചു.

1945-ലെ വസന്തം പിറന്നപ്പോഴേക്കും ജപ്പാൻ യുദ്ധത്തിൽ തോററുകഴിഞ്ഞുവെന്നു വ്യക്തമായിരുന്നു. അവരുടെ നഗരങ്ങൾ ഒന്നൊന്നായി നിലംപതിച്ചു. തൊഴിൽശാലകൾ പലതും നശിപ്പിക്കപ്പെട്ടു. നാവികസേനയും കച്ചവടക്കപ്പലുകളും നശിച്ചു. വിദേശത്തുള്ള അവരുടെ സൈന്യങ്ങൾ ഒററപ്പെട്ട മട്ടിലായി. ജമ്മനി വീണതോടെ, യുണൈറെറഡ് സ്റ്റേററ്സിൻേറയും ബ്രിട്ടൻേറയും സകല ശക്തിയും ജപ്പാൻെറ

നേരെ പ്രയോഗിക്കുമെന്നായി. ജപ്പാന്റെ ദ്വീപുകളിൽ അമേരിക്ക ഒരാക്രമണത്തിനു തയ്യാറെടുത്തുകഴിഞ്ഞിരുന്നു.

അനേകകാലത്തെ പാരമ്പര്യവും സൈനികവും ദേശീയവുമായ അഭ്യാസവുമുള്ള ജാപ്പനീസ് ജനത തങ്ങളുടെ കുടുംബങ്ങളും ബന്ധുക്കളും ബോംബാക്രമണത്തിൽ പെട്ടു വെന്തുവെണ്ണീറാവുന്നതു ഹൃദയവ്യഥയോടെ നോക്കിക്കണ്ടു. ഭാഗ്യമെന്നു പറയട്ടെ, ഈ പരിതഃസ്ഥിതിയെ നേരിടാൻ തക്ക ബുദ്ധിമാന്മാർ ഭരണകൂടത്തിലുണ്ടായിരുന്നു. രാജ്യം മുഴുവൻ നശിക്കുന്നതിനേക്കാറം ഭേദം പരാജയം സമ്മതിക്കുന്നതാണെന്നു അവർ കരുതി.

യുദ്ധം വരുത്തിവെച്ച വിനമൂലം പട്ടാളകക്ഷിയുടെ നേതൃത്വം ക്ഷയിപ്പിക്കുകയും, മിതവാദികളായ പ്രഭുക്കന്മാർ ഭരണകൂടത്തിൽ ആധിപത്യം നേടുകയും ചെയ്തു. ഹിരോഷിമാ, നാഗസാക്കി എന്നീരണ്ടു നഗരങ്ങളെ തുടച്ചുനീക്കിക്കൊണ്ടു് ആഗസ്റ്റ് 6-ാംനു-യും 9-ാംനു-യും രണ്ടു ആററംബോംബുകറം വീഴുകയും, ആഗസ്റ്റ് 8-ാംനു- സോവിയററ് റഷ്യ, ജപ്പാന്റെ നേരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തതോടെ ഇവർ പെട്ടെന്നു പ്രവർത്തനസന്നദ്ധരായി. 1945 ആഗസ്റ്റ് 14-ാംനു- സഖ്യശക്തികറം ആവശ്യപ്പെട്ടപോലെ ജപ്പാൻ "നിരുപാധികമായി കീഴടങ്ങി." സമാധാനകക്ഷിക്കു് ചക്രവർത്തി എല്ലാംവിധ പിൻതുണകളും നല്കുകയും, ജപ്പാൻ കീഴടങ്ങിയ വിവരം റേഡിയോവഴി ജനങ്ങളെ അറിയിക്കുകയും ചെയ്തു. യുദ്ധം പെട്ടെന്നു് എരിഞ്ഞടങ്ങി. അങ്ങിനെ ചരിത്രത്തിന്റെ താളുകളിൽ ജപ്പാൻ ഒരു വിദേശശക്തിക്കധീനമായിത്തീർന്നു.

## അദ്ധ്യായം 13

# അധിനിവേശം

1945 സെപ്തംബർ 2-ാം നു- ടോക്കിയോ കടലിടുക്കിൽ താവളമടിച്ചിരുന്ന "മിസ്സൂറി" എന്ന യുദ്ധക്കപ്പലിൽവെച്ച് ജാപ്പനീസ് ഗവമ്മേണ്ടിൻെറ പ്രതിനിധികഠം കീഴടക്ക ഉടമ്പടിയിൽ ഒപ്പുവെച്ചു. അങ്ങിനെ ചരിത്രത്തിലാദ്യമായി അസാധാരണവും നിർണ്ണായകവുമായ ഒരു ദശാസന്ധിയിലേക്കു ജപ്പാൻ പ്രവേശിച്ചു. പരമാത്ഥം പറഞ്ഞാൽ ആററക്കൊല്ലക്കാലം നീണ്ടുനിന്ന അമേരിക്കൻ അധിനിവേശവും രക്ഷാകർത്തൃതപവും മാനവസമുദായത്തിൻെറ ചരിത്രത്തിൽതന്നെ പരമമായ ഒരു ദശാവിശേഷമായിരുന്നു. 1952 ഏപ്രിൽ 28-ാം നു-സമാധാന ഉടമ്പടി ഒപ്പുവെച്ചു കഴിഞ്ഞപ്പോഠം അധിനിവേശകാലഘട്ടത്തെക്കുറിച്ചു അമേരിക്കക്കാരുടേയും ജപ്പാൻകാരുടേയും ഇടയിൽ പൊതുവായി സംതൃപ്തി കളിയാടി.

ഈ വിജയത്തിൽ ജപ്പാൻകാരും അമേരിക്കക്കാരും ഒരുപോലെ പങ്കുവഹിക്കുകയുണ്ടായി. തങ്ങളുടെ ശത്രുക്കളെ ശിക്ഷിക്കേണ്ടതിനുപകരം, അവരെ നവീകരിക്കാനുള്ള അഭിമതമാണു് അമേരിക്ക പ്രദശിപ്പിച്ചതു്. അമേരിക്കയുടെ രക്ഷാകർത്തൃതപം ജപ്പാൻകാർ സഹിഷ്ണതയോടെ സ്വീകരിക്കുകയും ചെയ്തു. അങ്ങിനെ യുദ്ധത്തിൻേറയും പരാജയത്തിൻേറയും ഫലമായി നേരിട്ട മാററങ്ങളുടെകൂടെ അധിനിവേശാധികാരികളുടെ പരിഷ്ക്കാരങ്ങളും ജാപ്പനീസ് ജനത അനുഭവിക്കാനിടയായി. ഇതിൻെറ ഫലമായി ജാപ്പനീസ് സമൂഹക്രമത്തിനുതന്നെ വിപ്ലവാത്മകമായ പരിവത്തനമുണ്ടാവുകയും, ജപ്പാനിൽ ജനാധിപത്യപ്രവണതകഠം വളരാനിടയാകുകയും ചെയ്തു.

പരാജയത്തിൻെറയും അധിനിവേശത്തിൻെറയും നേരെ ജാപ്പാൻ കൈക്കൊണ്ട മനോഭാവം ഇരുകൂട്ടക്കും അനുഗ്രഹമായി പരിണമിച്ചു. അധികാരശക്തിക്കു കീഴടങ്ങുക എന്നുള്ള ജപ്പാൻെറ പഴയ പാരമ്പര്യവും, കഴിഞ്ഞ പതിനഞ്ചു വർഷക്കാലത്തെ സർവ്വാധിപത്യപ്രവണതയുമാണ് ഇതിനു വഴിതെളിച്ചതു്. ചക്രവർത്തിയും ഭരണകൂടവും കീഴടങ്ങിയതോടെ, അധിനിവേശസൈന്യം അധികാരത്തിൽ വന്നു. ഈ പുതിയ സംഭവവികാസം ജനങ്ങളെ അത്ഭുതപരതന്ത്രരാക്കിയെങ്കിലും, പുതിയ യജമാനന്മാരുടെനേരെ അവർ അനുസരണ കാട്ടുകതന്നെ ചെയ്തു. മററു വിദേശികളേയുംകാരം വേഗം അമേരിക്കക്കാരെ അനായാസേന സ്വീകരിക്കാൻ കഴിയുമല്ലൊ. അമേരിക്കൻ അദ്ധ്യാപകന്മാർ, മതപ്രചാരകന്മാർ, വ്യവസായികരം എന്നിവരുമായി ജപ്പാൻകാക്കു വളരെമുമ്പെ പരിചയമുണ്ടായിരുന്നു. മാത്രമല്ല ജപ്പാൻകാക്കു മുമ്പേതന്നെ അമേരിക്കയുടെ നേരെ വലിയ ബഹുമാനമുണ്ടായിരുന്നു. അതിനാൽ രക്ഷാകർത്തൃത്വത്തെ യാതൊരു വിധത്തിലും ജപ്പാൻ എതിർത്തതേയില്ല.

ജപ്പാൻെറ മുൻകാലനേതാക്കളുടെ സമ്പൂർണ്ണവും ദുഃഖകരവുമായ പരാജയവും ജപ്പാൻകാരുടെ മനോഭാവത്തെ രൂപീകരിക്കാൻ സഹായിച്ചു. ആക്രമണത്തിൽകൂടി അഭിവൃദ്ധിമാർഗ്ഗം ആരാഞ്ഞ പട്ടാളകക്ഷിക്കാരുടെ പരിപാടിമൂലം രാഷ്ട്രംതന്നെ അപകടത്തിലായിത്തീൻ. ചക്രവർത്തിയുടെ ഇംഗിതമനുസരിച്ചാണ് തങ്ങരം ഇതെല്ലാം ചെയ്തതെന്നു അവർ വ്യാഖ്യാനിക്കാതിരുന്നില്ല. കീഴടങ്ങാൻ ചക്രവർത്തിക്കു പ്രേരണ നല്കിയതും അവർതന്നെയായിരുന്നു.

നേതൃത്വത്തിൻെറ തകരാറുമൂലം ആധുനികകാലത്തു പരിഷ്കൃതരായ യാതൊരു ജനസമൂഹവും ഇതുവിധം അപകടത്തിലേയ്ക്കു തള്ളപ്പെട്ടിട്ടില്ലായിരുന്നു. പട്ടാളകക്ഷിയുടെ അവകാശവാദം അത്ഥശൂന്യമായിരുന്നെന്നു ജനങ്ങരംക്കു മനസ്സിലായി. മാത്രമല്ല ചൈനയിലും മററു ഏഷ്യൻ രാജ്യങ്ങളിലുമുള്ള ജന

ങ്ങൾ ജപ്പാന്റെനേരെ വെറുപ്പോടെ നോക്കാനിടയായതും, ജാപ്പനീസ് പട്ടാളം വിദേശങ്ങളിൽ നിലയുറപ്പിക്കാനിടയായ തും എല്ലാം ജപ്പാൻകാരെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു. തങ്ങൾ ചെയ്തതു തെററായിപ്പോയെന്ന ഓരോ ജപ്പാൻകാരനും മനസ്സിലായി. തെററായ നേതൃത്വമായിരുന്നു അതിനു കാരണം. അവർ തങ്ങളുടെ ജീവിതത്തിൽ ഒരു നൂതനാദ്ധ്യായം തുറക്കാൻ സന്നദ്ധരായിരുന്നു.

ഈ അദ്ധ്യായത്തിന്റെ താളുകൾ അമേരിക്കക്കാർ മറിക്കാൻ തുടങ്ങിയപ്പോൾ ജപ്പാൻകാർ പ്രദർശിപ്പിച്ച മനോഗതം ഒട്ടുംതന്നെ അപ്രതീക്ഷിതമായിരുന്നില്ല. അടുത്തകാലത്തു ലോകനേതൃത്വം യുണൈറഡ് സ്റ്റേററ്സിനെ ഏല്പിച്ച ചുമതലകൾ എല്ലാം ഏല്ക്കു വാൻ യുണൈററഡ് സ്റ്റേററ്സ് സന്നദ്ധമായിരുന്നില്ലെങ്കിലും, ജപ്പാന്റെ കാര്യത്തിൽ എന്തു ചെയ്യാനും അവർ സന്നദ്ധരാ യിരുന്നു. യുദ്ധാനന്തരജപ്പാന്റെ പ്രശ്നങ്ങൾ പല വർഷ ങ്ങളായി സ്റ്റേററഡിപ്പാർട്ടുമെന്റു നേരിടുകയും, കീഴടങ്ങലിന് ഏതാനും മാസങ്ങൾക്കു മുമ്പ് ഒരു അഖില അമേരിക്കൻനയം സ്വീകരിക്കപ്പെടുകയും ചെയ്തു.

ആഭ്യന്തരമായ രാഷ്ട്രീയസമ്മർദ്ദങ്ങൾക്കു വിധേയമാകാ ത്തവിധം വിദഗ്ദ്ധന്മാർ ആസൂത്രണം ചെയ്ത ഈ നയം യഥാർത്ഥ രാജ്യതന്ത്രത്തെയാണ് ദ്യോതിപ്പിക്കുന്നതു്.

ഈ നയം കുറെയൊക്കെ കർശനമായിരുന്നെങ്കിലും, ഔദാ ര്യസ്വഭാവമുള്ളതായിരുന്നു എന്നുവേണം പറയാൻ. ജപ്പാന്റെ സാമ്രാജ്യാധികാരം എടുത്തുകളയും; അവരുടെ പട്ടാളശക്തി പരിപൂർണ്ണമായും നിർജ്ജീവമാക്കും; ജപ്പാൻ നശിപ്പിച്ച രാജ്യ ങ്ങൾക്കു നഷ്ടപരിഹാരം കൊടുക്കണം; എന്നിവയായിരുന്നു ഈ നയത്തിൽ അന്തർഭവിച്ചിരുന്നതു്. ഇതനുസരിച്ച് സാമ്പ ത്തികനിലനില്പിനും സമാധാനപരവും ജനാധിപത്യപരവുമായ വളർച്ചയ്ക്കും ആവശ്യമായ സഹായവും നേതൃത്വവും ജപ്പാൻ കാർക്കു ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ഒരു നയം ആസൂത്രണം ചെയ്യുന്നതിനെക്കാറം ബുദ്ധിമുട്ടാണ് അതു നടപ്പിൽ വരുത്തുക എന്നതു്. പക്ഷെ ജപ്പാൻെറ കാര്യത്തിൽ ഇതു വിജയകരമായിത്തീരുകയാണുണ്ടായതു്. സഖ്യശക്തികളുടെ സുപ്രീംകമാൻററായി തിരഞ്ഞെടുത്തതു് ജനറൽ ഡഗ്ലാസ് മക്കാർതറെ ആയിരുന്നു. ഇതു തികച്ചും സന്തോഷകരമായ ഒരു തിരഞ്ഞെടുപ്പുതന്നെയായിരുന്നു. ചുമതലയും അതു വഹിക്കേണ്ട ആളുംതമ്മിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. പരിചയസമ്പന്നനും സമർത്ഥനുമായ ഒരു ഭരണകാര്യപരിപാലകനായിരുന്നു മക്കാർതർ. സ്വഭാവദൃഢതയിലും, ഉത്തരവാദിത്വബോധത്തിലും, വിശാലവീക്ഷണഗതിയിലും മുമ്പനായിരുന്നു, അദ്ദേഹം. ജപ്പാൻകാർക്കു് നേതൃത്വമായിരുന്നു ആവശ്യം. അതു നല്കാൻ മക്കാർതർ സന്നദ്ധനായിരുന്നു.

അമേരിക്കയിലെ രാഷ്ട്രീയവൃത്തങ്ങളുടെ വീക്ഷണഗതിയിലൂടെ നോക്കിയാലും മക്കാർതറുടെ തിരഞ്ഞെടുപ്പ് അനുയോജ്യമായിരുന്നു. ജനാധിപത്യഭരണക്രമത്തിൻെറ വക്താവ് എന്ന നിലയിലും, ഏററവും കടുത്ത രാഷ്ട്രീയശത്രുക്കളുടെ പോലും നേതാവ് എന്ന നിലയിലും മക്കാർതർ ഇരുകൂട്ടരുടേയും വിശ്വാസം ആർജ്ജിച്ചിരുന്നു. ഈ വസ്തുതയും അധിനിവേശസംരംഭങ്ങളിലുണ്ടായ വിജയവുംമൂലം ജപ്പാൻ യുദ്ധാനന്തരകാലത്തു് അമേരിക്കയുടെ രാഷ്ട്രീയത്തിൽനിന്നു് അകന്നുനില്ക്കുകതന്നെ ചെയ്തു.

അധിനിവേശപരിപാടി മൂന്നായിട്ടാണു് തരംതിരിച്ചിരുന്നതു്. അമേരിക്കക്കാരും ആസ്ട്രേലിയൻ-ബ്രിട്ടീഷ് സാമ്രാജ്യശക്തികളും അടങ്ങിയ ഒരധിനിവേശസൈന്യമായിരുന്നു ഒന്നു്. ടോക്കിയോ കേന്ദ്രമാക്കി രൂപീകൃതമായിരുന്ന ഉദ്യോഗസ്ഥവൃന്ദമായിരുന്നു മറെറാന്നു്. മൂന്നാമതു്, ഒരു പട്ടാളഗവമ്മേണ്ടും നിലകൊണ്ടിരുന്നു. ഇവയിലെല്ലാം സമർത്ഥരും യോഗ്യരുമായ സൈനികരാണു് അടങ്ങിയിരുന്നതു്. ക്രമേണ ഇവരുടെ സ്ഥാനത്തു അത്രതന്നെ യോഗ്യരല്ലാത്ത ആളുകളേയും പ്രതിഷ്ഠിക്കാനിടയായി. ഇവരിൽ പലരും നാട്ടുകാരും, മിലിററി

ഉദ്യോഗസ്ഥന്മാരുമായിരുന്നു. ഇവക്കു മുൻപത്തെ ഉദ്യോഗസ്ഥന്മാരെപ്പോലെ പൊതുജനാദരവു കൈവരിക്കാൻ കഴിഞ്ഞില്ല.

അധിനിവേശത്തിൻെറ മറെറാരു തകരാറ് അതിൻെറ സംഘടനാരൂപത്തിലുണ്ടായ പോരായ്മയാണ്. യുദ്ധകാലത്തു സൈനികനേതാക്കൾ നേതൃത്വം വഹിച്ച അതു് ഒരു പട്ടാളസംഘടനയായിത്തന്നെയാണ് നിലനിന്നുപോന്നതു്. എന്നാൽ യുദ്ധാനന്തരകാലത്തു സംജാതമായ പരിതഃസ്ഥിതിയിൽ അതിനു് പുനഃസംഘടന ആവശ്യമായിരുന്നെങ്കിലും, ആ വഴിക്കു് ആരും തന്നെ പരിശ്രമിക്കുകയുണ്ടായില്ല.

സഖ്യശക്തികളുടെ സുപ്രീം കമാൻറർ മക്കാർതർ ആയതുകൊണ്ടു്, അധിനിവേശത്തിനു അന്താരാഷ്ട്രീയമായ അർത്ഥം കല്പിക്കപ്പെട്ടിരുന്നു. പക്ഷെ ഇതു നാമമാത്രമായിട്ടേ ഉണ്ടായിരുന്നുള്ളു. അധിനിവേശത്തിൻെറ പരിപാടിയും നയവുമെല്ലാം തന്നെ അമേരിക്കക്കാരുടെ സ്വന്തമായിരുന്നു.

ജപ്പാനിലെ അമേരിക്കൻ അധിനിവേശം മൂന്നു ഘട്ടങ്ങളിലായിട്ടാണു് മുമ്പോട്ടു നീങ്ങിയതു്. പരിഷ്കരണം, ലഘൂകരണം, പുനഃപരിശോധന എന്നിവയായിരുന്നു ഇവ.

കീഴടക്കം തൊട്ടു് 1948-വരെയുള്ള ആദ്യത്തെ കാലഘട്ടമായിരുന്നു ഇതിൽ പ്രധാനപ്പെട്ടതു്. ഇക്കാലത്താണ് ജപ്പാനിൽ ത്വരിതഗതിയിൽ പരിഷ്കാരങ്ങൾ നടപ്പിലായതു്. ഈ വഴിക്കു് ജപ്പാനെ കൂടുതൽ സുശക്തവും സമാധാനകരവുമായ ഒരു ജനാധിപത്യ രാജ്യമാക്കിത്തീർക്കാമെന്നായിരുന്നു അമേരിക്കയുടെ വിശ്വാസം. വെറുമൊരു രാഷ്ട്രീയപ്രശ്നമായിട്ടല്ല ഇതിനെ വീക്ഷിക്കപ്പെട്ടതു്. ജപ്പാൻ കൂടുതൽ ജനാധിപത്യപരമായ ഒരു രാഷ്ട്രമായിത്തീരണമെന്നുണ്ടെങ്കിൽ സമ്പത്തും ശക്തിയും കർഷകരുടേയും, തൊഴിലാളികളുടേയും, ഉയർന്ന വർഗ്ഗക്കാരുടേയും ഇടയിൽ തുല്യമായി വീതിക്കേണ്ടതാവശ്യമായിരുന്നു. യുണൈറഡ് സ്റ്റേററ്സ് സാമൂഹ്യവും രാഷ്ട്രീയവുമായ വിപ്ലവങ്ങൾക്കു വിത്തുപാകാനാണ് ഒരുമ്പെട്ടതു്.

നിർണ്ണായകമായ പരിവർത്തനങ്ങൾ വരുത്തുക എന്നതായിരുന്നു അമേരിക്കയുടെ നയം. ഇതു് ദ്രുതഗതിയിൽ നടപ്പിൽ വരുത്തുന്നതിനു് മക്കാർതറും അനുയായികളും പരിശ്രമിച്ചു. ജാപ്പനീസ് സ്ഥാപനങ്ങളിൽ പ്രത്യക്ഷമായിക്കണ്ട ജനാധിപത്യവിരുദ്ധപ്രവണതകളുടെ നേക്ക് സുശക്തമായ ഒരാക്രമണത്തിനു തന്നെ അവർ സന്നദ്ധരായി. രാഷ്ട്രീയപ്രാബല്യം, സമ്പത്തു്, അന്തസ്സ്—ഇവയുടെ നേക്കെല്ലാമായിരുന്നു ആ ആക്രമണം. പരമ്പരാഗതമായി അനുഭവിച്ചുപോന്ന പല സൌകര്യങ്ങളും ഈ നീക്കത്തിനിടയിൽ തുത്തെറിയപ്പെട്ടു. വ്യക്തിതാല്പര്യങ്ങൾ നോക്കാതെ ഉദ്യോഗസ്ഥേരിന്റെ അടിസ്ഥാനത്തിൽ ആഫീസുകളിൽ നിന്നു ആളുകളെ നിഷ്കാസനം ചെയ്തു. ചിലർക്കു തങ്ങളുടെ സമ്പത്തും പ്രൗഢിയും നഷ്ടമായി. അധിനിവേശത്തിന്റെ ആദ്യഘട്ടങ്ങളിലുണ്ടായ കുഴപ്പങ്ങൾക്കിടയിൽ, ഏതാനും ഇടതുപക്ഷ അനുഭാവികൾ ജപ്പാനെ ഒരു സോഷ്യലിസ്റ്റു് വിപ്ലവത്തിനു് തയ്യാറെടുപ്പിക്കുന്ന തരത്തിലാണു പ്രവർത്തിച്ചതു്.

അമേരിക്കൻ ചിന്തയിലോ പ്രവൃത്തിയിലോ കാണാത്ത ഒരു മൗലികതത്വം ഇവിടെ നിലകൊണ്ടു. യുദ്ധകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ നിന്നുത്ഭവിച്ച അമേരിക്കക്കാരുടെ രണ്ടു വിശ്വാസപ്രമാണങ്ങളിൽ നിന്നു ഇതു വ്യക്തമാകുന്നതാണു്. ഒന്നു ജർമ്മനിയുടെ തോൽവിയായിരുന്നു. അതുവഴി ജപ്പാൻ ലോകത്തിലെ പ്രധാന പ്രശ്നത്തിനു പരിഹാരം നേടി. അതുകൊണ്ടു ഈ രണ്ടു അന്താരാഷ്ട്രീയ കുററവാളികളെ പരിഷ്കൃതരാക്കുക എന്നതാണു് ആവശ്യമായിരുന്നതു്. മറെറാന്നു്, സമാധാനഭഞ്ജകർ എന്ന നിലയിൽ ജപ്പാൻകാരുടെ നില മോശമായിരുന്നതിനാൽ അവരെ പരിഷ്കരിക്കാൻ അതികർശനമായ നടപടികൾ കൈക്കൊള്ളേണ്ടതാവശ്യമായിരുന്നു.

ഈ രണ്ടു വിശ്വാസങ്ങളും മുഴുവൻ ശരിയായിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല. യുദ്ധാനന്തരലോകത്തിലെ ഏററവും

പ്രധാന പ്രശ്നങ്ങൾ ജപ്പാനും ജർമ്മനിയും മാത്രമായിരുന്നില്ല. പിന്നെ, അമേരിക്കക്കാർ യുദ്ധത്തിന്റെ വിഭ്രമത്തിനിടയിൽ ചിന്തിച്ചവിധം അത്രയ്ക്കു മോശക്കാരായിരുന്നില്ല ജപ്പാൻകാർ.

ഇക്കാരണങ്ങളാൽ യുദ്ധാനന്തരകാലത്തു് അമേരിക്കക്കാരുടെ സമീപനം കുറയൊക്കെ തെററായവിധമാണെന്നു് ന്യായീകരിക്കപ്പെട്ടകയുണ്ടായെങ്കിലും ഈ ന്യായീകരണം വിജയംപൂകിയില്ല. ജപ്പാൻകാർ പരിഭ്രാന്തരും അത്ഭുതസ്തിമിതരുമായി നിലക്കൊള്ളുകയായിരുന്നു. ഏതുതരം നേതൃത്വത്തേയും സ്വാഗതം ചെയ്യാൻ അവർ സന്നദ്ധരായി. വിപ്ലവവീര്യമുള്ള അമേരിക്കക്കാർ സൂക്ഷ്മതരും ചിന്താശീലരുമായിരുന്നു. അവസരത്തിനു യോജിച്ചവിധം പ്രവർത്തിക്കാൻ അവർ സന്നദ്ധരായി. അവരുടെ ചില പ്രവൃത്തികൾ ധൃതഗതിയിലായിപ്പോയി എന്നുള്ളതു പരമാർത്ഥം തന്നെ. എങ്കിലും ഈ സമീപനം ഗുണകരമായിരുന്നു. പൊതുവെ ജാപ്പാനു ഇതുകൊണ്ടു നേട്ടങ്ങൾ പലതുമുണ്ടായി. യുദ്ധാനന്തരകാലത്തു് അമേരിക്ക ഏഷ്യൻ രാജ്യങ്ങളുടെ നേരെ കൈക്കൊണ്ടതായ നയത്തിൽ ഏററവും വിജയകരമായതു ജപ്പാന്റെ നേക്കുള്ള നയമായിരുന്നു.

പ്രകടമായ യാതൊരുവിധ പ്രതിഷേധവും കൂടാതെ ജപ്പാൻകാർ ഈ പരിഷ്ക്കാരങ്ങൾ സ്വീകരിക്കുകയും, ഉഷാറോടെ സ്വാഗതം ചെയ്യുകയും ചെയ്തു. മുൻകാലത്തെ നേതാക്കന്മാരോടെന്നപോലെ അമേരിക്കൻ പരിഷ്കർത്താക്കളോടും അവർ സഹഭാവം പ്രദർശിപ്പിക്കുകയും, ചോദ്യം ചെയ്യാതെ അംഗീകരിക്കുകയുമുണ്ടായി.

1948-ന്റെ ഉത്തരാർദ്ധമായപ്പോഴേക്കും ഇതു കുറേക്കൂടി പ്രകടമായിത്തീൎന്നു. അധിനിവേശക്കാരുടെ പരിഷ്ക്കാരപ്രവൎത്തനങ്ങൾ ഏതാണ്ടു പൂൎത്തിയായി. പുതിയ നിയമങ്ങൾ തങ്ങളുടെ ജീവിതസമ്പ്രദായങ്ങളനുസരിച്ചു ക്രമീകരിക്കുകയും, അതിനോടു കൂടിച്ചേരുകയും ചെയ്യുക എന്നതു മാത്രമാണു് ജപ്പാൻകാർക്കു് ആവശ്യമായിരുന്നതു്. ജനാധിപത്യസമ്പ്രദായങ്ങളനുസ

രിച്ച് ജീവിക്കുന്നതിനും ഭരിക്കുന്നതിനും അവർ പരിശീലനം നേടി. പരിഷ്കാരങ്ങളിൽ ചിലതു് ഭേദഗതി വരുത്തുകയും, മററു ചിലതു് ഉപേക്ഷിക്കപ്പെടുകയും ചെയ്തു.

ലോകപരിത:സ്ഥിതിയെ അമേരിക്ക വിലയിരുത്തിയതിൽ ജപ്പാനു അതുമായുള്ള ബന്ധം എത്രമാത്രമായിരുന്നു എന്നതായിരുന്നു മറെറാരു പ്രശ്നം. ഒരു ശീതസമരത്തിനുള്ള സന്നദ്ധത ഏകീകൃതവും സമാധാനപരവുമായ ലോകക്രമത്തിനു വേണ്ടിയുള്ള ആശയെ ശിഥിലീകരിച്ചു. ലോകം തന്നെ രണ്ടു സായുധ ചേരികളായി പരിഞ്ഞു. ഭൂമിശാസ്ത്രപരമായും ആദർശപരമായും ഈ ഇരുചേരികളുടേയും ഇടയ്ക്കായിരുന്നു ജപ്പാൻെറ സ്ഥാനം.

ശീതസമരകാലത്തു് ജപ്പാൻ ഒരു യുദ്ധരംഗമായിത്തീരുമെന്നുള്ളതു തീർച്ചയായിരുന്നു. ജപ്പാനു ഭാവിയിൽ നിർവ്വഹിക്കാനുള്ള കർത്തവ്യമെന്താണെന്നുള്ളതും ഒരു പ്രധാന പ്രശ്നമായിത്തീർന്നു. ഏകീകൃതവും വിജയശ്രീലാളിതവുമായ ലോകത്തിൻെറ മുമ്പിൽ ജപ്പാൻ തോററടിഞ്ഞ ഒരു ഏകാന്തരാഷ്ട്രമായിട്ടാണു് യുദ്ധാവസാനത്തിൽ നിലകൊണ്ടതു്. എന്നാൽ വിഭാഗിക്കപ്പെട്ട ലോകശക്തിയിൽ സൈനികപരമായും, രാഷ്ട്രീയമായും, സാമ്പത്തികമായും ജപ്പാൻെറ നില കുറേക്കൂടി വിഷമകരമായിത്തീർന്നു.

അതിനാൽ അമേരിക്കക്കാർ ജപ്പാനിൽ ചെയ്തുപോന്ന യത്നങ്ങൾ കൂടുതൽ അർത്ഥവത്തായിത്തീർന്നു. എന്നാൽ അതിൻെറ വിജയം സംശയാസ്പദമായിരുന്നു. യുദ്ധത്തിൻെറ കെടുതികൾ ജപ്പാനെ തകർത്തുകളഞ്ഞു. അതിൽ നിന്നു് കാര്യമായ മോചനമൊന്നും സിദ്ധിച്ചുമില്ല. വിദേശവിപണിയെ ആശ്രയിച്ചായിരുന്നു ജപ്പാൻെറ നിലനിൽപ്പുതന്നെ. എന്നാൽ ഇതുകൊണ്ടും സ്വയം പര്യാപ്തത നേടുവാൻ ജപ്പാനു കഴിഞ്ഞില്ല. കൊല്ലംതോറും ലഭിക്കുന്ന അമേരിക്കയുടെ സഹായധനമായ അര ബില്യൻ ഡോളറുകൾകൊണ്ടു് ജപ്പാൻ കഷ്ടിച്ചു ജീവിച്ചു

പോന്നുവെന്നു മാത്രം. സാമ്പത്തികമായി ഉറച്ച നില കൈവരാതെ ജനാധിപത്യപരമോ, മററതരത്തിലോ ഉള്ള യാതൊരു ഉറപ്പും അടുത്തെങ്ങും സാദ്ധ്യമായിരുന്നില്ല. രാഷ്ട്രീയവും സാമൂഹ്യവുമായ മണ്ഡലങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങൾ വിജയം പൂകണമെങ്കിൽ സാമ്പത്തിക ഭദ്രത അനിവാര്യമായിരുന്നു.

അതിനാൽ സാമ്പത്തികസ്വാതന്ത്ര്യമായിത്തീൎന്നു പ്രധാനലക്ഷ്യം. ഇതിന്നു അനുഗുണമായിത്തീരത്തക്കവിധം ചില പരിഷ്കാരങ്ങൾ പുനഃപരിശോധനയ്ക്കു വിധേയമായി. നവീകരണപരിപാടികളിൽ ചിലതു പൂൎണ്ണമായും ഉപേക്ഷിക്കപ്പെട്ടു. ഉല്പാദനക്ഷമതയെ വെട്ടിച്ചുരുക്കാൻ പ്രേരണനൽകുന്ന തൊഴിലാളി സംഘടനകളുടെ പ്രവൎത്തനം നിരോധിച്ചു. ജപ്പാന്റെ കയററമതിവ്യാപാരത്തെ പുനരുജ്ജീവിപ്പിക്കാനായി കൂടുതൽ കൂടുതൽ പരിശ്രമിച്ചു.

ഈ മാററം പലവിധ അഭിപ്രായഭിന്നതകൾക്കും കളമൊരുക്കി. അമേരിക്കക്കാരുടെ വിശ്വാസം കുറെയൊക്കെ നഷ്ടപ്പെടുകയും, ജപ്പാൻകാരിൽ ആത്മവിശ്വാസവും സ്വയം വിമൎശനശീലവും ഉയിരെടുക്കുകയും ചെയ്തു. തങ്ങളുടെ മാൎഗ്ഗം എല്ലാം മോശമല്ലെന്നും, അമേരിക്കക്കാരുടെ പ്രവൎത്തനം മുഴുവൻ ബുദ്ധിപൂൎവ്വമല്ലെന്നും പല ജപ്പാൻകാരും ബോധപൂൎവ്വം ചിന്തിക്കാൻ തുടങ്ങി.

അമേരിക്കൻ നയത്തെ സംബന്ധിച്ചുള്ള വിമൎശനങ്ങൾ നാലുപാടും ഉയൎന്നു. ജപ്പാൻകാരുടെ ചിലവിൽ, അവരുടെ അസൗകൎയ്യങ്ങളെ പരിഗണിക്കാതെ, അമേരിക്കൻ ജേതാക്കൾ അനുഭവിച്ചുപോന്ന അവകാശങ്ങളും സുഖഭോഗങ്ങളും വിമൎശനത്തിനു വിധേയമായി. ഇത്തരമൊരു പരിതഃസ്ഥിതിയിൽ ഈ അസംതൃപ്തി അനിവാര്യമായിരുന്നു. ഇതു വളരെ സാവധാനത്തിലാണു് വളൎന്നുവന്നതെന്ന വസ്തുത അത്ഭുതകരംതന്നെ. എന്നാൽ ഈ ഘട്ടത്തിൽ ഇതൊരു സുപ്രധാനപ്രശ്നമായിത്തീൎന്നു. യുവാക്ക

ളായ ജപ്പാൻകാർ, പ്രത്യേകിച്ചും കലാശാലാ വിദ്യാൎത്ഥികരം കമ്യൂണിസ്റ്റ് അനുഭാവികളുടെ മട്ടിൽ ഇതിൻെറ ദീപവാഹകരായിത്തീൎന്നു.

അധിനിവേശകാലഘട്ടം അവസാനിപ്പിക്കാനുള്ള സമയം സമാഗതമായി.

മക്കാർതറുടെ കണക്കുകൂട്ടൽ തെററിയില്ല. അധിനിവേശം മൂന്നുകൊല്ലക്കാലം നീണ്ടുനില്ക്കുമെന്നാണ് അദ്ദേഹം കണക്കാക്കിയിരുന്നതു്. 1947-ൽ ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ചുകൊണ്ടു് അധിനിവേശം അവസാനിപ്പിക്കാൻ വാഷിങ്ടണിലെ ഗവൺമെണ്ടധികാരികരം പരിശ്രമം ആരംഭിച്ചു. എന്നാൽ വിഭക്തമായ ഒരു ലോകവ്യവസ്ഥിതിയിൽ ഇതു് പ്രയാസരഹിതമായിരുന്നില്ല. ഒരു സമാധാനകോൺഫ്രൻസ് നടത്താനുള്ള എല്ലാ പരിശ്രമങ്ങരംക്കും സോവ്യററ് യൂണിയൻ വിഘാതമായിനിന്നു. ജപ്പാനിൽ ജനാധിപത്യ പരീക്ഷണം വിജയിച്ചു കാണുവാൻ റഷ്യാക്കാർ ആഗ്രഹിച്ചിരുന്നില്ല. അതിനാൽ അവർ വീററാ പ്രയോഗിച്ച സമാധാനഉടമ്പടിയെ തകൎക്കുമെന്നുള്ളതു തീർച്ചയായിരുന്നു. വാസ്തവത്തിൽ അധിനിവേശം പലവൎഷക്കാലം നീണ്ടുനില്ക്കാനിടവരുത്തിയതു ഇക്കാരണങ്ങളായിരുന്നു.

എന്നാൽ ഓരോ കൊല്ലം കഴിയുന്തോറും, അധിനിവേശം അവസാനിപ്പിക്കാനുള്ള മനോഗതം വളൎന്നുകൊണ്ടിരുന്നു. അതിനാൽ സോവിയററ് യൂണിയൻ അവരുടെ മനോഭാവം മാററാനൊരുക്കമില്ലെങ്കിൽ, റഷ്യക്കാരെ ഭാഗഭാക്കാക്കാതെ ജാപ്പനീസ് സമാധാന ഉടമ്പടി നടപ്പിൽ വരുത്താൻ ഒടുവിൽ അമേരിക്കക്കാർ തീർച്ചയാക്കി. 1950 ഏപ്രിൽ മാസത്തിൽ സ്റ്റേററ് ഡിപ്പാർട്ടുമെൻറിൽ ഉപദേശകനായി ഡള്ളസ് നിയമിതനായതോടെ അന്തരീക്ഷം സുശോഭനമാവുകയും, 1951 സെപ്തംബർ 8-ാംനു- സാൻഫ്രാൻസിസ്കോയിൽ വെച്ചു സമാധാന ഉടമ്പടി ഒപ്പുവെയ്ക്കുകയും ചെയ്തു.

അധിനിവേശം നവവും അന്തിമവുമായ ഒരുകാലഘട്ടത്തിലേയ്ക്കു കടക്കുകയായിരുന്നു. അധിനിവേശം ഒഴിവാക്കാനുള്ള വ്യവസ്ഥകളെല്ലാം എഴുതപ്പെട്ടു. ജപ്പാൻെറ സാമ്രാജ്യത്വം പുനഃസ്ഥാപിക്കപ്പെടുന്നതു കാണുവാൻ ജപ്പാൻകാരും അമേരിക്കക്കാരും ഒരുപോലെ ഉററുനോക്കി.

രണ്ടു സംഭവങ്ങൾ അധികാരക്കൈമാററത്തേയും നയംമാററത്തേയും ത്വരിതപ്പെടുത്താനിടയായി. 1950 ജൂൺ 25-ാംനു- കമ്യൂണിസ്റ്റ് ആധിപത്യത്തിലുള്ള വടക്കൻകൊറിയാ, തെക്കൻകൊറിയയെ അക്രമിച്ചതായിരുന്നു ഒന്ന്. ഇതിൻെറ ഫലമായി അമേരിയ്ക്കു യുദ്ധത്തിലിടപെട്ടു. അതിനാൽ ജപ്പാനിൽ പരിഷ്കാരം വരുത്തുന്നതിലുപരിയായി കൊറിയായിലെ സൈനികസന്നാഹങ്ങൾ വികസിപ്പിക്കുന്നതിനായി ജപ്പാനിലെ അമേരിക്കൻ അധികാരികളുടേയും വാഷിങ്ങ്ടണിലെ ഭരണാധികാരികളുടേയും ശ്രദ്ധ മുഴുവൻ. ജപ്പാൻകാരുടെ ആത്മവിശ്വാസവും സാമ്പത്തികസ്വാതന്ത്ര്യവാഞ്ഛയും ഉൽക്കടമായിരുന്നു. ഈ കാലത്തു്, അവരുടെ അഭ്യന്തരകാര്യത്തിൽ അമേരിക്കയ്ക്കുള്ള താല്പര്യം ക്ഷയിച്ചുവരുകയായിരുന്നു.

കൊറിയൻ യുദ്ധത്തെ തുടന്ന് 1951 ഏപ്രിൽ മാസത്തിൽ മക്കാർതറെ സവ്വീസിൽ നിന്നു പിരിച്ചുവിട്ടു. ജനാധിപത്യസമ്പ്രദായത്തിലെ ഒരു നല്ല പാഠമായി ജപ്പാൻകാർ ഈ പിരിച്ചുവിടലിനെ വീക്ഷിച്ചു. തങ്ങൾ സവ്വാധിപതിയെന്ന് വിശ്വസിച്ചിരുന്ന ഒരു പട്ടാളമേധാവിയെ അമേരിക്കൻ സിവിൽ ഗവമ്മേണ്ടിൻെറ ഒരു സന്ദേശത്തിനു ഗളഹസ്തം ചെയ്യാൻ കഴിയുമെന്നോത്തു് അവർ അത്ഭുതാധീനരാവുകയും, ഒട്ടേറെ ആകർഷിക്കപ്പെടുകയും ചെയ്തു.

മക്കാർതറുടെ പിൻഗാമിയായി ജെനാറൽ മാത്യു ബ്രിഡ്ജ്വേയ് നിയമിതനായി. എന്നാൽ യുദ്ധാനന്തരജപ്പാൻെറ മഹാനായ പരിഷ്കത്താവു എന്ന നിലയിൽ മക്കാർതറുടെ സ്ഥാ

നത്തു് വേറൊരാറം പ്രശോഭിക്കുക വിഷമമായിരുന്നു. ബ്രിഡ്ജ് വെയാകട്ടെ ബുദ്ധിപൂർവ്വം എല്ലാററിലും നിന്നു ഒഴിഞ്ഞുനില്ക്കുകയും, ജപ്പാൻകാരെ സ്വയം നേതൃത്വത്തിലേയ്ക്കുയരുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അധിനിവേശത്തിൽ നിന്നു് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കൈമാററം ഏതാണ്ടു പൂർത്തിയാവാറായി. 1952 ഏപ്രിൽ 28-ാംനു-സന്ധിവ്യവസ്ഥകറം പ്രാബല്യത്തിൽ വന്നപ്പോറം പല പ്രശ്നങ്ങറംക്കും പരിഹാരം കാണേണ്ടതുണ്ടായിരുന്നു. ചിലതു് താൽക്കാലികമായിട്ടാണു് പരിഹരിക്കപ്പെട്ടതു്. അമേരിക്കയുടെ ആശ്രയം കുറെയൊക്കെ കുറഞ്ഞെങ്കിലും, സാമ്പത്തികവും സൈനികവുമായ രംഗങ്ങളിൽ അതു പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടിരുന്നില്ല.

സന്ധിയിൽ ഒപ്പുവെച്ച രാഷ്ട്രങ്ങറം തമ്മിൽ നിലനിന്ന അഭിപ്രായവ്യത്യാസം മൂലം നവീകരണപരിപാടി അനിശ്ചിതമായ നിലയിൽ കിടന്നതേയുള്ളു. എന്തായാലും അടുത്ത ഏതാനും വർഷങ്ങളിൽകൂടി ജപ്പാനു് അമേരിക്കൻ സഹായം ആവശ്യമായിരുന്നു. 1951-ൽ പോലും ലോകത്തിൻെറ മററു ഭാഗങ്ങളിൽ നിന്നു് ജപ്പാനിലേയ്ക്കു് ചരക്കുകളുടെ ഇറക്കുമതി, അവിടെനിന്നുള്ള കയററുമതിയെ അപേക്ഷിച്ചു, കൂടുതലായിരുന്നു. ഇറക്കുമതിയിൽ മൂന്നിലൊന്നു മാത്രമാണു് യുണൈറഡ് സ്റ്റേററ്സിൽ നിന്നുണ്ടായിരുന്നതു്.

സൈനികസംരക്ഷണയുടെ കാര്യത്തിൽ സന്ധിവ്യവസ്ഥയിൽ വ്യക്തമായ ധാരണയൊന്നും ഉറംക്കൊള്ളിച്ചിരുന്നില്ല. ജപ്പാനുമായുള്ള ഉടമ്പടിയിൽ നാല്പത്തെട്ടു രാഷ്ട്രങ്ങറം ഒപ്പുവെച്ചിരുന്നു. സോവിയററ് യൂണിയൻ ഒപ്പുവെച്ചിരുന്നില്ല. ചൈനയെ സമാധാനസമ്മേളനത്തിനു ക്ഷണിച്ചതേയില്ല. യുണൈററഡ് സ്റ്റേററ്സ് ചൈനീസ് ദേശീയ ഗവർമ്മേണ്ടിനെ അംഗീകരിച്ചിരുന്നുവെങ്കിലും, സന്ധിവ്യവസ്ഥകളിൽ ഒപ്പിട്ട പല

രാഷ്ട്രങ്ങളും ചൈനീസ് കമ്യൂണിസ്റ്റുകളെയാണ് അംഗീകരിച്ചിരുന്നതു്. അതിനാൽ ഏതു ചൈനീസ് ഗവർമ്മേണ്ടിനെയാണ് ക്ഷണിക്കേണ്ടതെന്നു തീരുമാനിക്കുക അസാദ്ധ്യമായിരുന്നു. ചൈനയെ സമ്മേളനത്തിൽ പങ്കെടുപ്പിക്കാതിരുന്നതിൻെറ പ്രതിഷേധമെന്ന നിലയിൽ ഇന്ത്യയും ഈ സമ്മേളനത്തിൽ ഹാജരായില്ല.

ചൈനയുടേയും റഷ്യയുടേയും അസാന്നിദ്ധ്യംമൂലം പഴയ ജാപ്പനീസ് സാമ്രാജ്യത്തിൻെറ ചില ഭാഗങ്ങളുടെ ഉടമയെ സംബന്ധിച്ചുള്ള നിയമപരമായ അവകാശം തീരുമാനിക്കപ്പെടാതെ കിടക്കാനിടവന്നു. ഇതിനും പുറമെ കമ്യൂണിസ്റ്റ് ലോകത്തിൻെറ ശത്രുത നിസ്സഹായയായ ജപ്പാൻെറ നില കൂടുതൽ വിഷമതരമാക്കി. സന്ധിദിവസം തന്നെ ജപ്പാനും യുണൈററഡ് സ്റ്റേററ്സും കൂടി ഒപ്പുവെച്ച മറെറാരു രാജ്യരക്ഷാ ഉടമ്പടി അനുസരിച്ചാണ് സൈനികസഹായ പ്രശ്നം പരിഹരിക്കപ്പെട്ടതു്. ഇതനുസരിച്ചു് അമേരിക്കൻ സൈനികർ ജപ്പാനിൽ തുടന്നുപോകുമെന്നു തീരുമാനിക്കപ്പെട്ടു.

---

## അദ്ധ്യായം 14

# പുതിയ ജപ്പാൻ

അധിനിവേശം ഏതാണ്ടു് ഏഴുകൊല്ലക്കാലം നീണ്ടുനിന്നു. യുദ്ധത്തിനു മുമ്പുണ്ടായിരുന്ന നില ജപ്പാനു് കൈവന്നതേയില്ല. യുദ്ധത്തിൻെറ തുടർച്ചയായുള്ള കെടുതികൾ, പരാജയം, അധിനിവേശം—ഇവയെല്ലാം കൂടി ഏതാണ്ടു ഒരു പന്തീരാണ്ടു കാലത്തേയ്ക്കു ജപ്പാനെ തളർത്തിക്കളഞ്ഞു. പലതും അവക്കു് നിണ്ണാ

യകമായി മാററിമറിക്കേണ്ടിവന്നു. ചുരുക്കത്തിൽ ജപ്പാനിലെ ആഭ്യന്തരമായ ശക്തിതന്നെ പരിവർത്തനത്തിനു വിധേയമായി.

യുദ്ധവും, യുദ്ധാനന്തര സംഭവഗതികളും ജപ്പാൻെറ സാമ്രാജ്യം തന്നെ നഷ്ടപ്പെടുത്തി.

സാമ്രാജ്യവുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ സമാധാന ഉടമ്പടി പ്രകാരം ജപ്പാൻ സമ്മതിച്ചിരുന്നു. കൊറിയയും മാൻഡേററഡ് ദ്വീപുകളും വിട്ടുകൊടുക്കുന്ന കാര്യവും പ്രസ്തുത ഉടമ്പടിയിൽ അംഗീകരിക്കയുണ്ടായി. റ്യൂക്യൂ–ബോനിൻ ദ്വീപുകൾ ട്രസ്റ്റീഷിപ്പ് അതിർത്തികളായി യുണൈറ്റഡ് സ്റ്റേറ്റ്സിനെ ഏല്പിക്കണമെന്ന അമേരിക്കൻ നിർദ്ദേശവും ജപ്പാൻ സ്വീകരിച്ചു. മററു വിധത്തിൽ ജപ്പാൻെറ സാമ്രാജ്യമേൽക്കോയ്മയെ സംബന്ധിച്ച യാതൊന്നും തന്നെ ഉടമ്പടിയിൽ പ്രസ്താവിച്ചിരുന്നില്ല.

കീഴടക്കവ്യവസ്ഥകളും സന്ധിവ്യവസ്ഥകളും അനുസരിച്ച ജപ്പാൻ ആക്രമിച്ചു കീഴടക്കിയ സ്ഥലങ്ങൾ നഷ്ടപ്പെട്ടുക മാത്രമല്ല, മുൻകാലത്തു് അനുഭവിച്ചിരുന്ന ചില പ്രദേശങ്ങളുടെ മേലുള്ള നിയന്ത്രണങ്ങൾ കൈവിട്ടുപോവാനിടവരുകയും ചെയ്തു. കുറൈൽ, ബോനിൻ എന്നീ ദ്വീപുകളുടെ മേലുള്ള ജപ്പാൻെറ അവകാശം ഇനിയും തീരുമാനിക്കപ്പെടേണ്ടതായിട്ടാണിരുന്നതു്. പരമാർത്ഥം പറഞ്ഞാൽ ജപ്പാനൊഴികെ മറെറാരു രാഷ്ട്രത്തിനും തെക്കൻ കുറൈൽ ദ്വീപുകളുടെ മേൽ യാതൊരു അവകാശവും ഇല്ലാത്തതായിരുന്നു. റ്യൂക്യൂ ദ്വീപുകളുടെ മേൽ നൂററാണ്ടുകളായി ജപ്പാൻ അധീശത്വം പുലർത്തിപ്പോന്നിരുന്നതും, അവിടത്തെ നിവാസികളിൽ അധികംപേരും തങ്ങൾ ജപ്പാൻകാരാണെന്നു കരുതുകയും തങ്ങളുടെ മാതൃരാജ്യത്തിൻെറ ഭാഗമായി ആ ദ്വീപിനെ അംഗീകരിക്കാൻ കാംക്ഷിച്ചുപോന്നിരുന്നതും ആയിരുന്നു. ഈ ദ്വീപസമൂഹങ്ങളെ വീണ്ടെടുക്കുന്ന കാര്യത്തിൽ ജപ്പാനു് വമ്പിച്ച പ്രതീക്ഷകളുണ്ടായിരുന്നു. റ്യൂക്യൂ ദ്വീപിനെ സംബന്ധിച്ചിടത്തോളം ഈ ആശ അസ്ഥാനത്തായിരുന്നില്ല.

ജാപ്പനീസ് സാമ്രാജ്യം ഇങ്ങിനി വരാത്തവണ്ണം നഷ്ടപ്പെടുകയും, അതിനെ കെട്ടിപ്പടുത്ത സൈനികശക്തി തിരോധാനം ചെയ്യുകയും ചെയ്തു. യുദ്ധംകൊണ്ട് അതിൻെറ ശക്തി ക്ഷയിക്കുകയും, അധിനിവേശകാലമായതോടെ അതു പൂർണ്ണമായി തുടച്ചു നീക്കപ്പെടുകയുമാണുണ്ടായതു്. ഏകദേശം ആറ മില്യൻ ജാപ്പനീസ് പടയാളികളും സിവിലിയന്മാരും വിദേശങ്ങളിൽ നിന്നു് ജപ്പാനിൽ തിരിച്ചെത്തി. ഇവരെയെല്ലാം സൈനികസേവനത്തിൽ നിന്നു പിരിച്ചുവിട്ടു പൗരജീവിതത്തിലേക്കു തിരിച്ചയച്ചു. ഒരു കാലത്തു പഞ്ചമഹാശക്തികളിൽ ഒന്നായിരുന്ന ജപ്പാൻ അധിനിവേശം കഴിഞ്ഞയുടനെ യാതൊരു സൈനിക ശക്തിയുമില്ലാത്ത ഒരു ദുർബ്ബലരാഷ്ട്രമായി മാറി.

യുദ്ധാനന്തര കാലഘട്ടത്തിൽ പുതിയ തരത്തിലും രൂപത്തിലുമുള്ള ഒരു സൈനികശക്തിയാണ് ലോകത്തിൻെറ നാനാഭാഗത്തും ഉടലെടുത്തുകൊണ്ടിരുന്നതു്. ജപ്പാനിൽ വർഷിക്കപ്പെട്ട രണ്ടു് ആററംബോംബുകൾ ഇതിൻെറ പ്രത്യക്ഷ ചിഹ്നമായിരുന്നു. കേവലം പരിമിതമായ കഴിവുകളുള്ള ജപ്പാനു് ഒരു ഉയന്ന സൈനിക ശക്തിയായി വീണ്ടും ഒരു സാമ്രാജ്യം സ്ഥാപിക്കാൻ കഴിയുമോയെന്നുള്ള കാര്യം സംശയകരമായിരുന്നു. ഈ പരിത:സ്ഥിതിയിൽ ആക്രമണം മൂലം അഭിവൃദ്ധി നേടാമെന്നുള്ള സൈനിക മേധാവികളുടെ സ്വപ്നം തകന്നു തരിപ്പണമായി.

അതിനാൽ ബാഹ്യലോകവുമായി സമാധാനകരമായ മാർഗ്ഗത്തിലൂടെ വാണിജ്യം നടത്തി കഴിഞ്ഞുകൂടുക മാത്രമേ ജപ്പാനു് കരണീയമായുണ്ടായിരുന്നുള്ളു. പല ജപ്പാൻകാരും വിപ്ലവകരമായ സൈനികസന്നാഹങ്ങൾ കൈവെടിഞ്ഞു് സാർവ്വദേശീയ സഹകരണത്തെ ആശ്ലേഷിക്കാൻ സന്നദ്ധരായി. മേലിൽ ജപ്പാൻകാർ "കര, കടൽ, വ്യോമയാനസേനകളെ" നിലനിത്തുകയില്ലെന്നു് ജാപ്പനീസ് ഗവമ്മേണ്ടിൻെറ നിർബ്ബന്ധിക്കുന്ന

ഒരദ്ധ്യായം മക്കാർതർ ജപ്പാന്റെ പുതിയ ഭരണഘടനയിൽ എഴുതിച്ചേർക്കുകയും ചെയ്തിരുന്നു.

അങ്ങിനെ, സമീപകാലത്തു് ലോകത്തിലെ സൈനിക രാഷ്ട്രങ്ങളിൽ മാന്യമായ പദവി നേടിയിരുന്ന ജപ്പാൻ സർവ്വദേശീയതത്വത്തിന്റെ മുന്നണിനേതാക്കന്മാരായിത്തീൎന്നു. ലോകശക്തിയും ജപ്പാനും തമ്മിലുള്ള ബന്ധത്തിൽ എന്തെങ്കിലും പരിവൎത്തനം വരാതെ വിപുലീകരണ പരിപാടിയോ സൈനികപുനരുജ്ജീവനമോ സാദ്ധ്യമായിരുന്നില്ല. ലോകത്തിലെ ഏതെങ്കിലും ശാക്തികച്ചേരിയുടെ നിഴൽപററിനിന്നുകൊണ്ടു മാത്രമേ ജപ്പാനു് വിപുലീകരണമോ, സൈനികശക്തി പുനഃസ്ഥാപനമോ നേടുവാൻ കഴിയുമായിരുന്നുള്ളു. തല്ക്കാലം ഇത്തരമൊരു ആശയ്ക്കുപോലും വഴിയുണ്ടായിരുന്നില്ല. വിജയികളുടെ പക്ഷത്തു ചേൎന്നായാൽ പോലും ഒരു യുദ്ധത്തിൽ പങ്കെടുക്കുക എന്ന ആശയം ജപ്പാൻകാരെ സംബന്ധിച്ചിടത്തോളം മിത്ഥ്യയായിരുന്നു.

ആത്മരക്ഷയ്ക്കുവേണ്ടിയാണെങ്കിൽപോലും സൈനിക ശക്തിയെ പുനരുജ്ജീവിപ്പിക്കുന്ന കാര്യത്തിൽ ജപ്പാനിൽ ശക്തിമത്തായ എതിർപ്പുണ്ടായിരുന്നു. പല ജപ്പാൻകാരും തങ്ങൾ മേലിൽ ഒരു നിഷ്പക്ഷരാഷ്ട്രമായി നിലകൊള്ളുമെന്നും, അങ്ങിനെ യുദ്ധഭീതിയിൽ നിന്നൊഴിവാകാമെന്നും പ്രതീക്ഷിച്ചു.

യുദ്ധാനന്തര കാലഘട്ടത്തിൽ സാർവ്വദേശീയതത്വത്തെ ആശ്ലേഷിക്കാനുള്ള അഭിമതത്തോടൊപ്പം, ജനാധിപത്യത്തിലേക്കു മടങ്ങിപ്പോകാനുള്ള ആവേശവും ജപ്പാൻകാർ പ്രദൎശിപ്പിക്കാതിരുന്നില്ല. അമേരിക്കൻ അധിനിവേശത്തെ ചെറുത്തു നില്ക്കാൻ സൈനികനേതാക്കന്മാൎക്കു കഴിവില്ലാതിരുന്നതുകൊണ്ടു്, രണ്ടാമതു പറഞ്ഞതു് കേവലം ഒരു മിത്ഥ്യയായി നിലകൊണ്ടതേയുള്ളു: വാസ്തവത്തിൽ ജപ്പാനിൽ വേരൂന്നിയ ജനാധിപത്യപരിഷ്ക്കാരങ്ങൾ— അതായതു് ആഗോള വിദ്യാഭ്യാസം, നേതൃത്വമാററത്തിനുള്ള ആവേശം—ജപ്പാനെ നാശത്തിന്റെ വക്കത്തേക്കു നയിക്കുകയാണു് ചെയ്തതു്.

ജപ്പാനിലെ നേതൃത്വത്തെ ഉടച്ചുവാക്കുക എന്നതും, രാഷ്ട്രീയവും നിയമപരവുമായ ഏർപ്പാടുകൾ ക്രമീകരിക്കുക എന്നതും പ്രയാസരഹിതമായ കാര്യങ്ങളായിരുന്നു. രാഷ്ട്രീയത്തടവുകാരെ വേഗം മോചിപ്പിച്ചു; ജനങ്ങളുടെ ചിന്താസ്വാതന്ത്ര്യത്തിന്മേലും പ്രവർത്തനസ്വാതന്ത്ര്യത്തിന്മേലും പോലീസിനുണ്ടായ നിയന്ത്രണങ്ങൾ ഉപേക്ഷിക്കപ്പെട്ടു. പൌരസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ അമേരിക്കൻ മട്ടിൽ ആസൂത്രണം ചെയ്തു. പൌരജനങ്ങളുടെ സ്വാതന്ത്ര്യത്തെ ധ്വംസിക്കുന്ന ഗവമ്മേണ്ടു സ്ഥാപനങ്ങൾ നിറുത്തലാക്കി. പഴയ സ്വയംഭരണ മന്ത്രിസഭയെ നീക്കം ചെയ്തതായിരുന്നു ഏററവും പ്രകടമായ പരിവത്തനം. യുദ്ധകാലത്തു് പ്രതിരോധത്തിനും വ്യക്തിപരമായ എതിർപ്പിനും മുതിർന്ന ജപ്പാനിലെ എല്ലാ മുൻകാലനേതാക്കന്മാരേയും ഒന്നുകിൽ യുദ്ധക്കുററവാളികളായി വിചാരണചെയ്തു ശിക്ഷിക്കുകയോ, പബ്ളിക്ക് ആഫീസുകളിലേക്കുള്ള പ്രവേശനത്തിൽനിന്നു നിരോധിക്കുകയോ ചെയ്തു.

ജാപ്പനീസ് പ്രതിരോധവുമായി ബന്ധപ്പെട്ടതെന്നു വിശ്വസിച്ച എല്ലാ പട്ടാളമേധാവികളേയും, ഡയററ് അംഗങ്ങളേയും, ഉയന്നതരം പ്രഭുക്കളേയും പ്രധാന വ്യവസായനേതാക്കളേയും പ്രതിഭാശാലികളേയും ഔദ്യോഗികമണ്ഡലങ്ങളിൽനിന്നു പുറത്താക്കിയതായിരുന്നു അതിപ്രധാനമായ മറെറാരു നീക്കം. ഭാഗ്യവശാൽ ജപ്പാന്റെ പ്രതിരോധനയത്തിൽനിന്നു ഒഴിഞ്ഞുനിന്നിരുന്ന യുവാക്കൾക്കും ഏതാനും ചില പഴയ നേതാക്കന്മാർക്കും ആ ഒഴിവുകളിൽ സ്ഥാനം ലഭിച്ചു. അങ്ങിനെ യുദ്ധാനന്തര നേതാക്കന്മാരെക്കാൾ കൂടുതലായി ലിബറൽ ചിന്താഗതിക്കാർ രംഗത്തേക്കു വന്നു. എന്നാൽ പിരിച്ചയക്കപ്പെട്ടവരുടെ സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ട പുത്തൻകൂററുകാർ വഹിച്ച സ്ഥാനവും സീനിയോറിററിയും വ്യത്യസ്തമായിരുന്നെങ്കിലും അവരുടെ ആശയങ്ങൾക്കു മാററമൊന്നുമുണ്ടായിരുന്നില്ല. എന്തായാലും പിരി

ച്ചുവിടപ്പെട്ട നേതാക്കന്മാർ, അധിനിവേശം അവസാനിക്കുന്നതിനുമുമ്പായി പൊതുജീവിതത്തിലേയ്ക്കു മടങ്ങിവന്നു. വ്യക്തികൾക്കുണ്ടായ ഈ മാററമാണു്, അല്ലാതെ മനോഭാവങ്ങളിലുണ്ടായ മാററമല്ല, ജാപ്പനീസ് നേതൃത്വത്തിനു് നിർണ്ണായകമായ പരിവർത്തനം വരുത്തിയതു്.

ജപ്പാന്റെ ഭരണഘടനയും അതിനോടനുബന്ധിച്ചുള്ള നിയമനിർമ്മാണങ്ങളും പരിഷ്ക്കരിച്ചതായിരുന്നു അധിനിവേശകാലഘട്ടത്തിലെ സുപ്രധാന നടപടി. യുദ്ധത്തിനുമുമ്പു് ജനാധിപത്യത്തിന്റെ പ്രയാണത്തെ തട്ടുത്തുനിർത്തിയിരുന്ന ഭരണഘടനാപരമായ കുഴപ്പങ്ങളെ പരിഹരിക്കാനും അതുവഴി ജനാധിപത്യശക്തിക്കു് ആശയപ്രകാശനം നിർവ്വഹിക്കാൻ എളുപ്പമുണ്ടാകുവാനുമാണു് ഈ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ചതു്. പുതിയ ഭരണഘടനയുടെ കരടു് 1946-ൽ പരസ്യപ്പെടുത്തുകയും, അതിനെത്തുടർന്നു് 1947 മെയ് 3-ാം നം- ഡയററ് അതിനു് അംഗീകാരം നല്കുകയും ചെയ്തു.

പുതിയ ഭരണഘടനയനുസരിച്ചു് ചക്രവർത്തിയുടെ സ്ഥാനത്തിനുണ്ടായ മാററമായിരുന്നു ഏററവും പ്രധാനപ്പെട്ട പരിവർത്തനം. ഭരണാധികാരിയായ ചക്രവർത്തിയെ യുദ്ധക്കുററവാളിയായി വിചാരണചെയ്യണമെന്നും, ബലം പ്രയോഗിച്ചു് ചക്രവർത്തിപദം അവസാനിപ്പിക്കണമെന്നും പല അമേരിക്കക്കാരും വാദിച്ചു. അങ്ങിനെ ചെയ്യുന്നതു് ബുദ്ധിപൂർവ്വമോ നീതികരിക്കാവുന്നതോ ആയിരുന്നില്ല. "ജപ്പാൻ ജനതയുടെ ഇംഗിതമനുസരിച്ചു് സ്ഥാപിക്കപ്പെടുന്ന ഭരണകൂടമായിരിക്കും" മേലിൽ ജപ്പാന്റെ ഭരണം നിയന്ത്രിക്കുക എന്നാണു് പോട്ട്സ്ഡാം പ്രഖ്യാപനം വാഗ്ദത്തം ചെയ്തിരുന്നതു്. എങ്കിലും ജനങ്ങളിൽ ഭൂരിപക്ഷവും ചക്രവർത്തിയെ ആരാധിക്കുന്നവരായിരുന്നു. മാത്രമല്ല യുദ്ധത്തിനു കാരണക്കാരൻ ചക്രവർത്തിയല്ലെന്നും, നേരെമറിച്ചു് അദ്ദേഹത്തിന്റെ ഇടപെടലാണു് കീഴടക്കം സാധി

പ്പിച്ചതെന്നും അവക്കറിയാമായിരുന്നു. സൈനികരെ ശക്തിയായ്ജ്ജിക്കാൻ സഹായിച്ചതു് സാമ്രാജ്യപക്ഷക്കാരായിരുന്നു. എന്നാൽ ചക്രവത്തി വ്യക്തിപരമായി ശിക്ഷ അഹിക്കുകയോ, അഥവാ ചക്രവത്തിപദം അവസാനിപ്പിക്കുകയോ ആവശ്യമാണെന്നു് അവർ പറഞ്ഞില്ല. എന്തുകൊണ്ടെന്നാൽ ചക്രവത്തിയുടെ നിലനില്പിലല്ല, ജനങ്ങൾക്കു് അദ്ദേഹത്തിൻെറനേരെയുള്ള മനോഭാവത്തിലാണു്, അപകടം ഒളിഞ്ഞുകിടന്നിരുന്നതു്. അദ്ദേഹത്തെ ശിക്ഷിക്കുന്നതുകൊണ്ടോ, ചക്രവത്തിപദം അവസാനിപ്പിക്കുന്നതുകൊണ്ടോ, ഇതു മാററുക സാദ്ധ്യമായിരുന്നില്ല.

ചക്രവത്തിയുടെനേക്കുള്ള മനോഭാവത്തിനു് സമൂലപരിവത്തനം വരുത്തുകയായിരുന്നു ആവശ്യം. ഭരണഘടനയുടെ പ്രഥമാദ്ധ്യായം ആരംഭിക്കുന്നതുതന്നെ ഇങ്ങിനെയാണു്: "സ്റ്റേററിൻേറയും ജനങ്ങളുടെ ഐക്യത്തിൻേറയും പ്രതീകമായി ചക്രവത്തി നിലകൊള്ളും. ജനങ്ങളുടെ ഇച്ഛ അധീശശക്തിയായിരിക്കുന്നതും ചക്രവത്തിയുടെ നില അതിനെ ആശ്രയിച്ചിരിക്കുന്നതുമാണു്." അതിനാൽ ക്യാബിനററിൻെറ അംഗീകാരത്തോടും ഉപദേശത്തോടുംകൂടി ചക്രവത്തി സ്റ്റേററിൻെറ ഭരണകായ്യങ്ങളിൽ ഏർപ്പെടണമെന്നും അദ്ദേഹത്തിനു് "ഗവമ്മേണ്ടുമായി ബന്ധപ്പെട്ട കായ്യത്തിൽ യാതൊരു പദവിയും ഉണ്ടായിരിക്കയില്ലെ"ന്നും ഭരണഘടന അനുശാസിച്ചു.

പുരാതനജാപ്പനീസ് രാഷ്ട്രീയതത്വസംഹിതയിൽ നിന്നായകമായ മാററമാണു് ഇതു ദ്യോതിപ്പിച്ചതു്. ഇതിനെ സ്വീകരിക്കാൻ ജപ്പാനിലെ ജനതതി സന്നദ്ധരായി. പരമാത്ഥം പറഞ്ഞാൽ മുമ്പു പ്രായോഗികമായി ജപ്പാനിൽ അനുവത്തിച്ചുപോന്ന സമ്പ്രദായം ഭരണഘടനയനുസരിച്ചു താത്വികമായി സ്ഥാപിക്കപ്പെട്ടെന്നേയുള്ളു. ഇതിനുമുമ്പുണ്ടായ രണ്ടു ചക്രവത്തിമാരും അവരുടെ ഭരണോപദേഷ്ടാക്കളുടെ ഉപദേശമനുസരിച്ചാണു് ഭരണകായ്യങ്ങൾ നിവ്വഹിച്ചിരുന്നതു്. കീഴടക്കത്തെ

സംബന്ധിച്ചുള്ള തീരുമാനത്തിലൊഴികെ ഗവൺമെണ്ടുമായി ബന്ധപ്പെട്ട യാതൊരു കാര്യത്തിലും ചക്രവത്തി നേരിട്ടു തന്റെ ശക്തി പ്രയോഗിച്ചിരുന്നില്ല. കാലക്രമേണ രാജാധികാരം ബ്രിട്ടീഷുമാതൃകയിൽ ഭരണഘടനാപരമായ ഒരു പ്രതീകമായി മാറിക്കൊണ്ടിരിക്കുകയായിരുന്നു. പുതിയ ഭരണഘടന ഈ പരമാത്ഥത്തെ ഔദ്യോഗികമായി അംഗീകരിച്ചുവെന്നുമാത്രം.

ഗവൺമെണ്ടിന്റെ ലെജിസ്ലേററീവും എക്സിക്യൂട്ടീവും ശാഖകൾ തമ്മിലുള്ള ബന്ധത്തെ പുരസ്കരിച്ചുള്ളതായിരുന്നു ഭരണഘടനാപരമായ മറെറാരു പ്രധാനമാററം. യുദ്ധത്തിനുമുമ്പുള്ള കാലഘട്ടത്തിൽ ഡയററിന്ന് ക്യാബിനററിൽ പൂണ്ണമായ അധികാരം നേടുവാനോ, ക്യാബിനററിന്ന് സായുധസേനയുടെമേൽ എപ്പോഴും നിയന്ത്രണം ചെലുത്തുവാനോ, കഴിഞ്ഞിരുന്നില്ല. എന്നാൽ പട്ടാളത്തേയും നാവികസേനയേയും നീക്കം ചെയ്തതോടെ രണ്ടാമത്തെ പ്രശ്നം പരിഹരിക്കപ്പെട്ടു. ഡയററിന്ന് ക്യാബിനററിന്റേയും പ്രഭുവഗ്ഗത്തിന്റേയുംമേലുള്ള അധീശത്വം എത്രമാത്രമാണെന്ന് പുതിയ ഭരണഘടനയനുസരിച്ചു ഇനിയും തീരുമാനിക്കപ്പെടേണ്ടിയിരുന്നു. ഭരണഘടനയിൽ "സ്റ്റേററിലെ ഉന്നതാധികാരശക്തി ഡയററായിരിക്കുമെന്നും, സ്റ്റേററിന്റെ നിയമനിമ്മാണാധികാരം അതിനായിരിക്കുമെന്നും" വ്യക്തമാക്കിയിരുന്നു. അതോടൊപ്പം ഡയററിലെ അംഗങ്ങളുടെയിടയിൽനിന്ന് പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കേണ്ടതാണെന്നും, ക്യാബിനററ് ആഫീസർമാരിൽ ഭൂരിപക്ഷം പേരും ഡയററിലെ അംഗങ്ങളായിരിക്കണമെന്നും അതു അനുശാസിച്ചിരുന്നു. അങ്ങിനെ ക്യാബിനററ് എന്നതു് ഡയററിലെ ഒരു എക്സിക്യൂട്ടീവ് കമ്മററി മാത്രമായി നിലകൊള്ളുകയും, അവിശ്വാസപ്രമേയംമൂലം അതിനെ രാജിവെപ്പിക്കുവാൻ ഡയററിനു കഴിയുകയും ചെയ്യുമായിരുന്നു.

പുതിയ ഭരണഘടന പാർലിമെൻററി സമ്പ്രദായമനുസരിച്ച് പാർട്ടി ഗവൺമെണ്ടിനെ പുനഃസ്ഥാപിക്കുകയാണ് വാസ്ത

വത്തിൽ ചെയ്തതു്. 1920-ൽ തന്നെ ജപ്പാനിൽ വികസിച്ചുവന്ന ഒരു സമ്പ്രദായമായിരുന്നു അതു്. അക്കാലത്തു അതിനു് ഭരണഘടനാപരമായ അംഗീകാരമോ പിന്തുണയോ ഉണ്ടായിരുന്നില്ലെന്നു മാത്രം. ഇംഗ്ലണ്ടിലെ മട്ടിൽ ഇതു സ്ഥാപിക്കപ്പെടുന്നതിനു് ജനസമ്മതിയും പരിചയവും ആവശ്യമായിരുന്നു. എന്നാൽ ഇതിനിടയ്ക്കാണു് പാർലിമെൻററി ഭരണക്രമത്തിനു് ഭരണഘടനാപരമായ അംഗീകാരം കൈവന്നതു്.

മൂന്നാമതു് വന്ന ഒരു മാററം ഡയററിൻെറ രൂപീകരണത്തെ സംബന്ധിച്ചുള്ളതായിരുന്നു. ജനസമ്മതിയനുസരിച്ചാണു് പ്രതിനിധിസഭയിലേക്കുള്ള തിരഞ്ഞെടുപ്പു് 1928 മുതല്ക്കേ നടന്നുപോന്നതെങ്കിലും, പ്രഭുസഭയിലേക്കുള്ള അംഗങ്ങളെ പാരമ്പര്യമനുസരിച്ചു നിയമിക്കുകയാണു് ചെയ്തു പോന്നതു്. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളാകട്ടെ, ഏതാനും പ്രിവിലേജ്ഡ് ഗ്രൂപ്പുകൾ തിരഞ്ഞെടുത്തയക്കുന്നവരായിരുന്നു. പുതിയ ഭരണഘടനപ്രകാരം പ്രഭുസഭ നിറുത്തലാക്കുകയും, തൽസ്ഥാനത്തു് കൗൺസിലേഴ്സിൻെറ സഭ പ്രതിഷ്ഠാപിതമാകുകയുംചെയ്തു. പ്രായപൂർത്തിവന്ന എല്ലാ സ്ത്രീകൾക്കും വോട്ടുചെയ്യാവുന്ന തരത്തിൽ സമ്മതിദായകന്മാരുടെ എണ്ണവും വിപുലീകരിച്ചു. കൗൺസിലർമാരുടെ സഭയേക്കാൾ ഉയന്ന പദവി പ്രതിനിധി സഭ അനുഭവിച്ചുപോരുകയും, ഏതെങ്കിലും കാര്യത്തിൽ അഭിപ്രായഭിന്നതയുണ്ടെങ്കിൽ, പ്രതിനിധി സഭയിലെ മൂന്നിൽ രണ്ടു ഭാഗം വോട്ടുകൊണ്ടു തീരുമാനിക്കപ്പെടാമെന്നായിത്തീരുകയും ചെയ്തു. ബഡ്ജററിൻെറ കാര്യത്തിൽ ഇതുപോലും ആവശ്യമായിരുന്നില്ല.

നാലാമതുണ്ടായ ഭരണഘടനാപരമായ മാററം പൌരജനങ്ങളുടെ പദവിയേയും അവകാശങ്ങളേയും സംബന്ധിച്ചുള്ളതായിരുന്നു.

യുദ്ധത്തിനുമുമ്പു് ന്യായാസനം എക്സിക്യൂട്ടിവിൻെറ ഒരു ഭാഗമായിട്ടാണു് നിലകൊണ്ടിരുന്നതു്. പുതിയ ഭരണഘടന

യനുസരിച്ച് ഇതു ഒരു സുപ്രീംകോടതിയുടെ കീഴിൽ യുണൈററഡ് സ്റ്റേററ്സിലെന്നോണം സ്വതന്ത്രമായ ന്യായാസനമായിത്തീരുകയും, ഭരണഘടനാപരമായ കാര്യങ്ങളിൽ അവസാനതീർപ്പു കല്പിക്കുകയും ചെയ്തുപോന്നു. പത്തുകൊല്ലം കൂടുമ്പോഴ് ഒരിക്കൽ സുപ്രീംകോർട്ടിലെ മെമ്പർമാരെ വോട്ടെടുത്തു അംഗീകരിക്കേണ്ടതാണെന്നും അനുശാസിച്ചിരുന്നു.

പ്രാദേശിക സ്വയംഭരണത്തെ ശക്തിപ്പെടുത്തുന്ന നിയമനിർമ്മാണം സാധിച്ചതായിരുന്നു മറെറാരു സുപ്രധാന രാഷ്ട്രീയ പരിവർത്തനം. എല്ലാ പൊതുമേഖലകളിലേയും ഗവർണ്ണർമാരേയും, മേയർമാരേയും, അംഗങ്ങളേയും അതാതു നിയോജകമണ്ഡലങ്ങളിൽനിന്നു തിരഞ്ഞെടുക്കേണ്ടതാണെന്നു ഭരണഘടന അനുശാസിച്ചു. ഇത്തരം പ്രാദേശിക സഭകൾക്കു നികുതി പിരിക്കാനും നിയമനിർമ്മാണത്തിനും മുമ്പില്ലാത്തവിധം അധികാരങ്ങൾ പ്രദാനം ചെയ്തു. പോലീസ് സേനയുടെ നിയന്ത്രണാധികാരം പോലും മുനിസിപ്പൽ അധികൃതരുടെ കീഴിലായിത്തീന്നു. പ്രാദേശിക ഗവൺമെൻറിൻെറ പ്രാധാന്യം ഇങ്ങിനെ വദ്ധിക്കുകയുണ്ടായെങ്കിലും, യഥാത്ഥത്തിൽ അവർ അതു പ്രയോഗിക്കുന്നതിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരുന്നില്ല.

ഇങ്ങിനെ നോക്കുമ്പോൾ അധിനിവേശകാലത്തു ആസൂത്രണം ചെയ്ത ഭരണഘടനാപരമായ പരിഷ്ക്കാരങ്ങൾ വിജയകരമായിത്തീന്നില്ലെങ്കിലും, ജാപ്പനീസ് ജനത ക്രമേണ ഇവ അംഗീകരിക്കുകയും പ്രായോഗികമാക്കിത്തീക്കുകയും ചെയ്തു. മൗലികമായും ജനാധിപത്യപരമായിട്ടാണ് ജാപ്പനീസ് ഗവൺമെണ്ടു വത്തിക്കുന്നതു്. ലോകത്തിലെ മറേറതു ജനാധിപത്യ രാജ്യത്തേയുംപോലെ അതിനു് ന്യായമായും ഒരു ജനാധിപത്യരാജ്യമെന്നു അവകാശപ്പെടാം.

എന്നാൽ വിദേശാധിപത്യം നിമ്മാജ്ജനം ചെയ്യപ്പെട്ടു കഴിയുമ്പോൾ ഈ രാഷ്ട്രീയ ചട്ടക്കൂട് തുടർന്നുകൊണ്ടുപോകാൻ

ജപ്പാനു് കഴിയുമോ എന്നായിരുന്നു പ്രശ്നം. പഴയ നേതൃത്വം ഭാഗികമായി നീക്കം ചെയ്യപ്പെടുകയും ഭരണപരമായ നിയമങ്ങൾ മാററപ്പെടുകയുമുണ്ടായതു വാസ്തവം തന്നെ. എന്നാൽ ജാപ്പനീസ് സമൂഹക്രമം ജനാധിപത്യത്തെ പിൻതാങ്ങാതെ ജപ്പാനു് നിലനില്ക്കുക സാദ്ധ്യമല്ല.

ഇതാണു് ഇന്നു ജപ്പാനെ അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം. യാതൊരാൾക്കും ഇതിനു വ്യക്തമായ ഉത്തരം പറയുക വയ്യ. എന്നാൽ ചില യാഥാർത്ഥ്യങ്ങൾ വ്യക്തമായ നിഗമനങ്ങൾക്കു വഴി തെളിക്കുന്നുണ്ടു്. ഒരു വശത്തു് ജപ്പാന്റെ പ്രഭുത്വപാരമ്പര്യം നിലകൊള്ളുന്നു. 1920 മുതല്ക്കേ ജനാധിപത്യശക്തികൾ അവിടെ വളരുകയും പ്രഭുത്വശക്തിയുടെ ഒപ്പം മെത്തുകയും ചെയ്തു. ഒടുവിൽ യുദ്ധം, പരാജയം, അധിനിവേശം എന്നിവകൾ ജാപ്പനീസ് സമൂഹക്രമത്തേയും ചിന്താഗതിയേയും മാററി മറിച്ചു.

യുദ്ധാനന്തര ജാപ്പനീസ് സമൂഹക്രമം ജനാധിപത്യ ഗവൺമെണ്ടിനു പിൻബലം നല്കുമെന്നുള്ളതിനു് വ്യക്തമായ തെളിവുകളൊന്നും കണ്ടുതുടങ്ങിയിട്ടില്ല. എന്നാലും ഒരു കാര്യം തീർച്ചയാണു്. കഴിഞ്ഞ ഒരു ദശവർഷക്കാലത്തു നീണ്ടുനിന്ന അക്രമണാസക്തി ജപ്പാൻ കൈവെടിഞ്ഞിട്ടുണ്ടു് എന്നു വിശ്വസിക്കാൻ മതിയായ കാരണങ്ങളുണ്ടു്. 1920-ലേയോ 1930-ലേയോ ചരിത്രം വീണ്ടും ആവർത്തിക്കുക അസാദ്ധ്യമാണു്.

തോൽവിയും അധിനിവേശവും ജപ്പാനിലെ പാരമ്പര്യ പ്രഭുത്വത്തെ പിടിച്ചുകുലുക്കിയിട്ടുണ്ടു്. യുദ്ധത്തിനു മുമ്പു് വ്യവസായവൽക്കരണം നഗരത്തിലെ പല യുവാക്കളേയും സാമ്പത്തികമായി ഉയർന്നനിലയിലെത്തിച്ചു. യുദ്ധകാലത്താവട്ടെ ഇതു വദ്ധമാനമായിത്തീൎന്നു. യുദ്ധാനന്തര പരിഷ്കാരങ്ങൾ ജപ്പാനിലെ സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം തുല്യപദവി നേടിക്കൊടുത്തു. ഒടുക്കം ജപ്പാനിലെ സ്ത്രീകൾക്കു് വോട്ടവകാശം ലഭിച്ചു

പ്പോഠം, അവർ അതിനെ ചുറചുറക്കോടെ സ്വാഗതം ചെയ്യുകയും ഉയന്ന ഉദ്യോഗങ്ങളിൽ സ്ത്രീകഠം നിയമിതരാവുകയും ചെയ്തു.

1920 മുതല്ക്കേ കാണപ്പെട്ട യുവജനങ്ങളുടെ ഉൽബുദ്ധത ഇന്നു് കൂടുതൽ ശക്തിമത്തായിത്തീന്നിരിക്കുകയാണു്.

അധിനിവേശകാലത്തെ വിദ്യാഭ്യാസസമ്പ്രദായം ഈ നീക്കത്തെ പ്രോത്സാഹിപ്പിക്കുകയും, വിദ്യാഭ്യാസപരമായി സ്ത്രീക്കും പുരുഷനും തുല്യമായ അവസരങ്ങഠം പ്രദാനം ചെയ്യുകയും ചെയ്തു. എങ്ങിനെ ചിന്തിക്കണം എന്നാണു്, അല്ലാതെ എന്തു ചിന്തിക്കണം എന്നല്ല അവരെ പഠിപ്പിച്ചതു്. വിദ്യാലയങ്ങളുടെ മേലുള്ള നിയന്ത്രണത്തിൽ അയവു വരുത്തിയതും ഒരു കണക്കിൽ വിജയപ്രദമാക്കി.

സൈനികശക്തിയെ നിർമ്മാജ്ജനം ചെയ്തതും രാഷ്ട്രീയരംഗത്തുനിന്നുള്ള അവരുടെ തിരോധാനവും ഒരു വമ്പിച്ച രാഷ്ട്രീയപരിവത്തനമായി വേണം പരിഗണിക്കുവാൻ. പട്ടാളവും നാവികസേനയും പ്രതിനിധീകരിച്ച രാഷ്ട്രീയ ആശയങ്ങഠം ഇന്നു പല ജപ്പാൻകാരിലും നിലകൊള്ളുന്നുവെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അതിനു് ഇനി ഒരിക്കലും ഒരു രാഷ്ട്രീയ സംഘടനയായി നിലനില്ക്കുക സാദ്ധ്യമല്ല.

സൈനികപ്രഭുത്വത്തിൻെറ സ്ഥാനത്തു നാടൻ പ്രഭുത്വം പ്രതിഷ്ഠാപിതമായിട്ടുള്ളതു വാസ്തവം തന്നെ. എന്നാൽ യുദ്ധത്തിനു ശേഷം ഇവരുടെ ശക്തി കുറയുകയാണു് ചെയ്തിട്ടുള്ളതു്. ഭരണഘടന ജാപ്പനീസ് ആഫീസർമാരുടെ പദവി കുറയ്ക്കുകയും, പാർലിമെൻറിൻെറ ആജ്ഞാനുവത്തികളായി, ജനദാസന്മാരായി ഡയററിൻെറ കീഴിൽ അവരെ ഒതുക്കിനിത്തുകയുമാണു് ചെയ്തതു്.

പ്രഭുത്വത്തെ പൂണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചിട്ടില്ല. പ്രഭുക്കന്മാരുടെ അഭിമാനബോധവും നേതൃത്വബോ

ധവും പെട്ടെന്നു ഇല്ലായ്മചെയ്യുകയും സാദ്ധ്യമല്ലല്ലോ. എങ്കിലും പ്രഭുക്കന്മാരുടെ അധികാരത്തെ ഡയററ് നിയന്ത്രിക്കുകയും, ഔദ്യോഗികസ്ഥാനമാനങ്ങളുള്ളവർ ഡയററിൽ പ്രാമാണ്യം നേടുകയും ചെയ്തു. യുദ്ധാനന്തരകാലത്തു് ജപ്പാനിലുണ്ടായ അഞ്ചു പ്രധാന മന്ത്രിമാരിൽ മൂന്നുപേരും വിദേശകാര്യാലയത്തിൽനിന്നുള്ളവരായിരുന്നുവെന്നുള്ളതു് വെറും ഒരു യാദൃശ്ചിക സംഭവമായിരുന്നില്ല. യുദ്ധാനന്തര ഭരണപരിഷ്കാരങ്ങൾ ഉദ്യോഗസ്ഥവൃന്ദത്തിന്റെ അധികാരത്തെ കാര്യമായി ഹനിക്കുകയുണ്ടായെങ്കിലും, ബ്രിട്ടനിലേയോ യൂണൈറ്റഡ് സ്റ്റേററ്സിലേയോ പ്രഭുക്കന്മാരേക്കാൾ കൂടുതലായ രാഷ്ട്രീയാധികാരം അവർ അനുഭവിച്ചുപോന്നു.

സിവിൽ പ്രഭുത്വം ഒരു രാഷ്ട്രീയശക്തിയായി നിലകൊണ്ടതോടെ, സയ്ബട്സുവിനെ ഒഴിവാക്കി. സയ്ബട്സു നേതാക്കളെ ഔദ്യോഗികസ്ഥാനത്തുനിന്നു പുറത്താക്കിക്കൊണ്ടും, കേന്ദ്രരൂപത്തിൽ നിലക്കൊണ്ട അവരുടെ കമ്പനികൾ പിരിച്ചുവിട്ടുകൊണ്ടും, അതിലുണ്ടായ ചരക്കുകൾ ഗവമ്മേണ്ടിന്റെ ആഭിമുഖ്യത്തിൽ വിററഴിച്ചുകൊണ്ടുമാണു് ഇതു സാധിച്ചതു്. ഈ നടപടികളുടെ ഫലമായി സയ്ബട്സു നേതാക്കന്മാരുടെ വ്യവസായങ്ങൾ തകൻ്നുപോവുകയും, അവരുടെ സാമ്പത്തികശക്തി ക്ഷയിക്കുകയും ചെയ്തു.

ഒരുകാലത്തു് സയ്ബട്സു സാമ്രാജ്യങ്ങൾ പ്രതിനിധീകരിച്ചിരുന്ന രാഷ്ട്രീയശക്തി തിരോധാനം ചെയ്തുവെന്നു ഇതുകൊണ്ടു അത്ഥമാക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ ഇന്നും ജപ്പാനിൽ വമ്പിച്ച ശക്തിയായി നിലനില്ക്കുന്നതു ഉയൻ്ന വ്യവസായികളാണു്. രാജ്യത്തിന്റെ ഭദ്രതയ്ക്കു് വാണിജ്യവും വ്യവസായവും അഭിവൃദ്ധിപ്പെടുത്തുക എന്നതു മാത്രമേ ഒരു മാഗ്ഗമുള്ളവെന്നു് ജാപ്പനീസ് ജനതയ്ക്കു അറിയാമായിരുന്നു.

യുദ്ധാനന്തരകാലത്തു ജപ്പാനിലുണ്ടായിട്ടുള്ള രണ്ടു രാഷ്ട്രീയപാർട്ടികളായിരുന്നു മിതവാദികളും പുരോഗമനവാദികളും. യു

ദ്ധത്തിനു മുമ്പു ജപ്പാനിൽ നിലനിന്നിരുന്ന സെയുക്കായ്-മിൻസെയ്റോ പാർട്ടികളുടെ പിൻഗാമികളായിരുന്നു, ഈ പാർട്ടികൾ. ചെറുകിട വ്യവസായികളും ഗ്രാമീണജന്മികളുമാണ് യുദ്ധത്തിനുമുമ്പു ഈ പാർട്ടികളിൽ ഉണ്ടായിരുന്നതു്. പുതിയ പാർട്ടികളിലൂടെ ഇവർ വീണ്ടും രംഗപ്രവേശം ചെയ്തു. 1920-ൽ കൈവരിച്ചിരുന്ന രാഷ്ട്രീയസ്വാധീനശക്തി വീണ്ടും കൈവരിക്കാൻ ഇവക്കു കഴിഞ്ഞു. ഒരു പ്രത്യേക ഗ്രൂപ്പ് എന്ന നിലയിൽ ഗ്രാമീണ ജന്മികളുടെ രാഷ്ട്രീയഭാവി സന്നിഗ്ദ്ധാവസ്ഥയിലായിരുന്നു. എന്തുകൊണ്ടെന്നാൽ അധിനിവേശ കാലഘട്ടത്തിലുണ്ടായ കാർഷിക പരിഷ്കാരനിയമങ്ങൾ ഗ്രാമങ്ങളിലുള്ള ഇവരുടെ നേതൃത്തിനു് ഭംഗം വരുത്തി.

യുദ്ധകാലത്തിനുശേഷം ചോദ്യം ചെയ്യപ്പെടാത്ത തരത്തിൽ രാഷ്ട്രീയശക്തി നേടിയതു് പട്ടണത്തിലെ ആഫീസ് ജോലിക്കാരായ തൊഴിലാളികളായിരുന്നു.

യുദ്ധത്തിനു മുമ്പുതന്നെ ഇവർ ഇടതുപക്ഷരാഷ്ട്രീയകക്ഷികളായിരുന്നു. യുദ്ധാനന്തരകാലത്തുണ്ടായ സാമ്പത്തികസമ്മർദ്ദം ഈ മനോഭാവം മാററുവാൻ സഹായകമായില്ല. യുദ്ധത്തിനുശേഷം അവർ സോഷ്യലിസ്റ്റ് പാർട്ടിയെ പിൻതാങ്ങുകയും, വിദേശകാര്യങ്ങളിൽ നിഷ്പക്ഷനയം കൈക്കൊള്ളുകയും ചെയ്തു. ബുദ്ധിജീവികൾ പ്രത്യേകിച്ചും ഇടതുപക്ഷകക്ഷിയിൽ നിലകൊണ്ടു. കലാശാലവിദ്യാർത്ഥികൾ കമ്മ്യൂണിസ്റ്റ് അനുഭാവികളായ "ഷിംപാ" (SHIMPA) കളായിത്തീർന്നു. അതിനാൽ യുദ്ധത്തിനുശേഷം ആഫീസ് ജോലിക്കാരായ തൊഴിലാളികൾ സോഷ്യലിസത്തേയോ കമ്മ്യൂണിസത്തേയോ പിൻതാങ്ങിക്കൊണ്ടാണ് നിലകൊണ്ടതു്. ഇവർ ന്യൂനപക്ഷമായിരുന്നെങ്കിലും മുവെങ്ങുമില്ലാത്ത രാഷ്ട്രീയസ്വാധീനശക്തി നേടുകയുണ്ടായി.

ഇതുപോലെതന്നെ നഗരത്തിലെ തൊഴിലാളിസംഘടനകൾ യുദ്ധാനന്തരം വമ്പിച്ച സ്വാധീനശക്തി നേടി. ഇതു്

അധിനിവേശക്കാരുടെ ബോധപൂർവ്വമായ പ്രവർത്തനത്തിന്റെ ഫലമായിരുന്നു. ഇതുമൂലം തൊഴിലാളികളുടെയിടയിൽ രാഷ്ട്രീയബോധം വളരുവാനിടവന്നു. അധിനിവേശാധികാരികൾ തൊഴിൽനിയമങ്ങൾ സമൂലമായി പരിശോധിക്കുകയും, ജാപ്പനീസ് തൊഴിലാളികൾക്കു് രക്ഷാകരമായ നിയമങ്ങൾ ആസൂത്രണം ചെയ്യുകയും, അമേരിക്കൻ തൊഴിലാളികൾ അനുഭവിച്ചു പോന്നതരത്തിൽ കൂട്ടായി വിലപേശുന്നതിനുള്ള അവകാശം അനുവദിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങൾ അത്ഭുതകരമായി അഭിവൃദ്ധിപ്രാപിച്ചു. അധിനിവേശാധികൃതർ പ്രതീക്ഷിക്കാത്ത വിധത്തിലുള്ള ഒരു വളർച്ചയായിരുന്നു ഇതു്.

ജാപ്പനീസ് ലേബർപ്രസ്ഥാനം സാമ്പത്തികനേട്ടത്തെ മുൻനിർത്തിയുള്ള കൂട്ടായ വിലപേശലിനു മാത്രമേ അതിന്റെ ശക്തി വിനിയോഗിക്കുകയുള്ളുവെന്നാണു് തൊഴിൽനിയമങ്ങൾ പരിഷ്കരിച്ചപ്പോൾ അമേരിക്കക്കാർ വിചാരിച്ചിരുന്നതു്. എന്നാൽ അനാവശ്യമായ പല കാര്യങ്ങൾക്കും അവർ തങ്ങളുടെ ശക്തി വിനിയോഗിച്ചു യുദ്ധാനന്തരകാലത്തുണ്ടായ സാമ്പത്തികപ്രതിസന്ധിഘട്ടത്തിൽ തൊഴിലാളികൾക്കും അവരുടെ യൂണിയനും വിലപേശാൻ വേണ്ടത്ര ശക്തിയുണ്ടായിരുന്നില്ല. തൊഴിലാളികൾ അധികവും, തൊഴിലിനു ദുർഭിക്ഷവും ആയിരുന്നു. ഇതിന്റെ ഫലമായി ആവശ്യമില്ലാതെവന്ന തൊഴിലാളികളെ പിരിച്ചുവിട്ടു. അക്കൂട്ടത്തിൽ തൊഴിലുടമസ്ഥൎക്കിഷ്ടമില്ലാത്ത തൊഴിലാളിനേതാക്കന്മാരുമുണ്ടായിരുന്നു. ഇതുമൂലം തൊഴിൽ സുരക്ഷിതത്വം കുറയാനിടയായി.

ജപ്പാനിലെ വ്യാവസായികജോലികളിൽ അധികവും ഗവൎമ്മേണ്ടിന്റെ നിയന്ത്രണത്തിലാകയാൽ വേതനക്രമവുംമററും ഗവൎമ്മേണ്ടുതന്നെയാണു് നിശ്ചയിച്ചിരുന്നതു്. തൊഴിലാളികളുടെ വിലപേശൽശക്തി ക്ഷീണിക്കുവാനുണ്ടായ മറെറാരു കാരണം ഇതായിരുന്നു. തന്മൂലം ഒരു പ്രത്യേക പ്ലാൻറിനേയോ ഒരു

പ്രത്യേക വ്യവസായത്തേയോ ബാധിക്കുന്ന തരത്തിൽ കൂലിക്കൂട്ടലിനുവേണ്ടി പണിമുടക്കു നടത്തി വിജയം വരിക്കുക അസാദ്ധ്യമായിരുന്നു. വിപുലമായ പണിമുടക്കു സന്നാഹങ്ങൾക്ക് അധിനിവേശാധികാരികളുടെ എതിർപ്പ് വിലങ്ങുതടിയായി നിലകൊള്ളുകയും ചെയ്തു. യാതൊരു കാരണവശാലും തൊഴിലാളികളുടെ പരിശ്രമം ഉല്പാദനത്തെ ഹനിക്കാനിടവരരുതെന്നായിരുന്നു അവരുടെ നിലപാട്.

പല കാരണങ്ങളാലും ജപ്പാനിലെ തൊഴിലാളിപ്രസ്ഥാനം തൊഴിലിന്റെ ഭദ്രതയ്ക്കും വേതന വർദ്ധനവിനും ആയി അമേരിക്കൻ മട്ടിൽ കൂട്ടായ വിലപേശൽ നടത്തുന്നതിനേക്കാൾ യൂറോപ്യൻ മാതൃകയിൽ രാഷ്ട്രീയമായ പ്രത്യക്ഷനടപടികൾക്കാണ് ഒരുമ്പെട്ടത്. യുദ്ധത്തിനുശേഷം ജാപ്പനീസ് തൊഴിലാളികൾ അമേരിക്കൻ മാതൃകയിൽ യുദ്ധം പ്രദർശിപ്പിക്കാതെ, കുറേക്കൂടി വിശാലമായ ല ക്ഷ്യ ങ്ങ ളി ലേ ക്കു നീങ്ങുകയാണുണ്ടായത്. കീഴടക്കത്തിനുശേഷം പുതുതായി രൂപീകരിച്ച പല തൊഴിലാളിഘടകങ്ങളും അവർ ജോലിചെയ്തിരുന്ന പ്ലാന്റുകൾ പിടിച്ചെടുക്കുവാൻ പരിശ്രമിക്കുകയുണ്ടായി. വളരെ ബുദ്ധിമുട്ടിയ ശേഷമാണ് അധിനിവേശാധികാരികൾക്ക് ഈ സംരംഭത്തെ തട്ടുക്കാൻ കഴിഞ്ഞത്. ഇതിനിടയ്ക്ക് തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിന്റെ കാര്യത്തിൽ വിവിധ രാഷ്ട്രീയകക്ഷിയിൽപ്പെട്ട തൊഴിലാളിപ്രവർത്തകന്മാർക്കിടയിൽ മാത്സര്യം ഉത്ഭവിച്ചു. 1946-ലെ വസന്തകാലമായപ്പോഴേക്കും രണ്ടു സുശക്തമായ തൊഴിലാളി സംഘടനകൾ രൂപംകൊണ്ടു. ഇതിലൊന്ന് സോഷ്യലിസ്റ്റുകളുടെ കീഴിലുള്ളതും മറെറാന്നു കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ളതുമായിരുന്നു. 1948-ന്റെ ആരംഭദശയിൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള യൂണിയനുകളിൽ അംഗത്വത്തിനുവേണ്ടിയുള്ള സമരങ്ങൾ ഉയന്നുകൊണ്ടിരുന്നു. ചുരുക്കത്തിൽ തൊഴിലാളിപ്രസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് വിരോധവും, സോഷ്യലിസ്റ്റ് മനോഭാവവും പ്രകടമായിക്കൊണ്ടിരുന്നു.

കൃഷിക്കാരുടെ രാഷ്ട്രീയ പുരോഗതി സംശയാസ്പദമായി ട്ടാണു് നിലകൊണ്ടതു്. ജപ്പാനിലെ ജനസംഖ്യയിൽ ഏതാണ്ട പകുതി വരുന്ന ഇവർ രാഷ്ട്രീയബോധമില്ലാത്ത ശക്തിരഹിത മായ ഒരു കക്ഷിയായിരുന്നു.

എന്നാൽ അധിനിവേശാധികാരികൾ കൃഷിക്കാരുടെ ഉന്ന മനത്തിനും രാഷ്ട്രീയമായ ഉണർവ്വിനും സഹായകമായ നിയമ ങ്ങൾ ആസൂത്രണം ചെയ്തിരുന്നു. കാർഷികപരിഷ്കാരങ്ങൾ പൂർണ്ണ മായിത്തന്നെ നടപ്പിൽ വരുത്തി. രണ്ടു ദശവർഷങ്ങൾക്കു മുമ്പു തന്നെ ജപ്പാനിലെ വർദ്ധിച്ചു വരുന്ന കുടിയായ്മ സമ്പ്രദായം ജാപ്പനീസ് ഗവമ്മേണ്ടിനെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. ആകെ യുള്ള കൃഷിഭൂമിയിൽ ഏതാണ്ട പകുതിയോളം കുടിയാനവന്മാ രാണു് കൃഷി നടത്തിയിരുന്നതു്. ഇപ്പോൾ അതു് ഏതാണ്ട പത്തുശതമാനമായി കുറഞ്ഞു. തരിശുനിലങ്ങളുടെ ഉടമസ്ഥാവ കാശം റദ്ദാക്കിക്കൊണ്ടും, കൂട്ടുകൃഷിയിടങ്ങളുടെ അംഗങ്ങൾക്കു് കൃഷിസ്ഥലങ്ങൾ തനതായി നല്കിക്കൊണ്ടുമാണു് ഇതു സാധി ച്ചതു്. മുൻകാലത്തെ കുടിയാനവന്മാക്കു് കാർഷികവായ്പകൾ നല്കുകയും, അവർ വാങ്ങുന്ന കൃഷിഭൂമിയുടെ വില പരമാവധി കുറവുചെയ്യുകയും ചെയ്തു. ഇതു് മുൻകാല ജന്മികളുടെ സാമ്പ ത്തിക നിലയെ കാര്യമായി ഹനിയ്ക്കുകയുണ്ടായി.

ഇത്തുമൂലമുളവായ കാർഷിക പരിഷ്കാര പരിപാടി എല്ലാ വരുടേയും പ്രശംസയ്ക്കു പാത്രീഭൂതമായി. കൃഷിഭൂമിയുടെ ഉടമ കൃഷിക്കാക്കു നല്കിയതുകൊണ്ടുമാത്രം അവരെ ജനാധിപത്യവാദി കളാക്കിത്തീക്കുവാൻ സാധിച്ചില്ല. കൃഷിക്കാർ പൊതുവെ രാഷ്ട്രീയമായി യാതൊരു പ്രത്യേക നിലപാടും സ്വീകരിക്കാതെ പാരമ്പര്യമനുസരിച്ചു കഴിഞ്ഞുകൂടുവാൻ ഇച്ഛിച്ചതേയുള്ളു. എ ങ്കിലും കൃഷിക്കാരും പട്ടാളക്കാരും തമ്മിലുണ്ടായ ബന്ധം യുദ്ധാ നന്തരകാലത്തു് പുനഃസ്ഥാപിതമായില്ല. പക്ഷെ പഴയ ജാപ്പ നീസ് പട്ടാളത്തിലേയും നാവികസേനയിലേയും ആളുകൾ നഗ രങ്ങളിൽ നിന്നു് നാട്ടിൻ പുറങ്ങളിലേക്കാണു് പലായനം ചെയ്തതു്.

ജാപ്പനീസ് സമുദായത്തിൻെറ മേൽ രാഷ്ട്രീയശക്തിയുടെ സ്വാധീനശക്തി എത്രമാത്രമാണെന്നു് കണക്കാക്കുക വിഷമമില്ല. പ്രഭുക്കന്മാരും വമ്പിച്ച വ്യവസായികളും ഇന്നും ജപ്പാനിൽ ശക്തിയാർജ്ജിച്ചുതന്നെ നിലകൊള്ളുന്നുണ്ടു്. എന്നാൽ പൊതുജീവിതത്തിൽ അവരുടെ സ്വാധീനശക്തി എത്രമാത്രമാണെന്നു് ഇനിയും തീരുമാനിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. എല്ലാ രാഷ്ട്രീയനേതാക്കളും സമ്മതിദായകന്മാരുടെ പിൻബലത്തെ ആശ്രയിച്ചാണു് നിലനിൽക്കുന്നതെന്നുള്ളതു ഒരു പ്രധാന പ്രശ്നമാണു്.

ജപ്പാനിലെ വോട്ടർമാർ സാമൂഹ്യഗ്രൂപ്പുകളായി വേർതിഞ്ഞു നിൽക്കുകയോ ലോകത്തിലെ മററുഭാഗങ്ങളിലെന്നോണം പ്രത്യേകഗ്രൂപ്പുകളായി ചിന്തിക്കുകയോ വോട്ടുചെയ്യുകയോ ചെയ്യുന്നില്ല. വോട്ടർമാരുടെയിടയിൽ ഏററവും കൂടുതൽ സ്വാധീനത ചെറുകിട കച്ചവടക്കാക്കും മുൻകാലജന്മിമാക്കുമാണുള്ളതു്. അടുത്തസ്ഥാനം ആഫീസുജോലിക്കാരായ തൊഴിലാളികൾക്കും, നഗരത്തിലെ തൊഴിലാളികൾക്കും കൃഷിക്കാക്കുമാണുള്ളതു്. ഇവരെല്ലാം പൊതുജനങ്ങളുടെ വിഭാഗങ്ങളാണെങ്കിലും രാഷ്ട്രീയലക്ഷ്യത്തിനു് ഒരേതരത്തിലുള്ള ജനാധിപത്യക്രമത്തെ ആശ്രയിക്കാതെ തരമില്ലല്ലൊ.

കീഴടക്കത്തിനുശേഷം ജപ്പാനിലെ പഴയ പാർലിമെൻററിനേതാക്കന്മാർ ദുർബ്ബലമായിത്തീന്നു തങ്ങളുടെ പാർട്ടികളെ പുതിയ പേരുകളിൽ പുനഃസംഘടിപ്പിക്കാൻ ആരംഭിച്ചു. യുദ്ധത്തിനുമുമ്പു് രണ്ടു രാഷ്ട്രീയപാർട്ടികളായിരുന്ന സെയ്യുക്കായിയും മിൻസെയിറേറായും മിതവാദികൾ പുരോഗമനപ്പാർട്ടി എന്നീപ്പേരുകളിൽ പുനർജ്ജീവിപ്പിച്ചു. അവിടവിടെയായി ചിതറിക്കിടന്നിരുന്ന സോഷ്യലിസ്റ്റുകാർ സോഷ്യലിസ്റ്റു് പാർട്ടി എന്നോ, സോഷ്യൽ ഡെമോക്രാററിക്കു് പാർട്ടി എന്ന പേരിലോ പുനഃസംഘടിപ്പിക്കപ്പെടുകയുണ്ടായി. ഇപ്രകാരം പാർട്ടികൾ ശക്തി കൈവരിച്ചതോടെ ഒക്ടോബർ 9-ാംനു പ്രസിദ്ധ

രാജ്യതന്ത്രജ്ഞനും 1920-ലെ വിദേശകാര്യമന്ത്രിയുമായിരുന്ന ബാരൻ ഷിഡെഹറാരാ പ്രധാനമന്ത്രിപദം കൈയ്യേററു. ഇദ്ദേഹം പുരോഗമനവാദികളുടെ നേതാവായിത്തീൎന്നു.

ഭരണപരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ചതിനെത്തുടൎന്നു്, യുദ്ധാനന്തരകാലത്തെ ആദ്യത്തെ തിരഞ്ഞെടുപ്പു് 1946 ഏപ്രിൽ 10-ാംനു- നടത്തുവാൻ അധിനിവേശാധികാരികൾ അനുമതി നല്കി. പ്രതിനിധിസഭയിലെ 466 സീററുകളിൽ 5 സീററുകൾ മാത്രമേ കമ്മ്യൂണിസ്റ്റുകാൎക്കു കിട്ടിയുള്ളു. സോഷ്യലിസ്റ്റുകാൎക്കു 92 സീററുകളാണു ലഭിച്ചതു്. ലിബറൽ പാൎട്ടിയും പ്രോഗ്രസീവ് പാൎട്ടിയും യഥാക്രമം 141ഉം 93ഉം സീററുകൾനേടിക്കൊണ്ടു് പ്രാമാണ്യം ആൎജ്ജിച്ചു. ആകെയുള്ള വോട്ടുകളിൽ മൂന്നിലൊന്നു് സ്വതന്ത്രന്മാൎക്കോ, ചെറിയ പാൎട്ടികളുടെ സ്ഥാനാൎത്ഥികൾക്കോ ലഭിച്ചതിൽനിന്നു് വോട്ടൎമാൎക്കു രാഷ്ട്രീയപ്രബുദ്ധത കൈവന്നിരുന്നില്ലെന്നു ഊഹിക്കാവുന്നതാണു്. പ്രതിനിധിസഭയിലെ ഭൂരിപക്ഷമനുസരിച്ചു് മെയ് 22-ാംനു- പ്രധാനമന്ത്രിപദം ലിബറൽ പാൎട്ടിയുടെ തലവനായ വിടോയാമായിൽ നിക്ഷിപ്തമായി, എന്നാൽ അധിനിവേശാധികാരികൾ അദ്ദേഹത്തെ പുറത്താക്കുകയും, പകരം ഒരു രാജ്യതന്ത്രജ്ഞനായി യോഷിഡായെ അവരോധിക്കുകയും ചെയ്തു.

പുതിയ നിയമാവലിയുടെ സുൽഘടനത്തിന്നായി പുതിയ നിബന്ധനകളനുസരിച്ചു് 1947 ഏപ്രിൽ മാസത്തിൽ ഏതാനും തിരഞ്ഞെടുപ്പുകൾ നടത്തുകയുണ്ടായി ചരിത്രത്തിലാദ്യമായി ഏപ്രിൽ 5-ാംനു- നാല്പത്താറുഗവൎണ്ണൎമാരേയും ഏതാണ്ടു ഇരുനൂറോളം മേയൎമാരേയും പതിനായിരത്തിലധികം നഗരഗ്രാമ പ്രധാനികളേയും തിരഞ്ഞെടുത്തു. വോട്ടൎമാർ പൊതുവെ യാഥാസ്ഥിതിക മനോഭാവമാണു് പ്രകടമാക്കിയതെന്നു് തിരഞ്ഞെടുപ്പു ഫലങ്ങളിൽനിന്നു വ്യക്തമായി.

ഏപ്രിൽ 20-ാംനു- കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പു വന്നപ്പോഴും ഇതേ മനോഗതംതന്നെ പ്രകടമാക്കുകയാണുണ്ടാ

യതു് ആകെ തിരഞ്ഞെടുത്ത 250 സ്ഥാനാൎത്ഥികളിൽ 110 പേരും സ്വതന്ത്രരായിരുന്നു. ഇവരിൽ പലരുംതന്നെ മുൻകാലത്തെ പ്രസിദ്ധരായ പ്രഭുക്കന്മാരായിരുന്നു. ഈ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം മറെറാരു പ്രാധാന്യം കൂടെയുണ്ടായിരുന്നു. വോട്ടർമാർ പൊതുവെ ഭരിക്കുന്ന പാർട്ടിക്കു പിൻതുണ നല്കാൻ കൂട്ടാക്കിയില്ല. അവർ അധിനിവേശാധികാരികളുടെ ഏജൻറന്മാരാണെന്നും തങ്ങളുടെ ഭാവിഭാഗധേയം നിർണ്ണയിക്കാൻ അവൎക്കു കെല്പില്ലെന്നും ജപ്പാൻകാർ ചിന്തിക്കാനിടയായതാണു കാരണം. എന്തായാലും ലിബറൽ പാർട്ടിക്കാരെക്കാറം കൂടുതൽ വോട്ടു സോഷ്യലിസ്റ്റുകാർ നേടി. കൗൺസിലിൽ ലിബറൽ പാർട്ടിക്കു 40 സീററു കിട്ടിയപ്പോറം സോഷ്യലിസ്റ്റു പാർട്ടിക്കു 46 സീററാണു ലഭിച്ചതു്.

ഏപ്രിൽ 25-ാംനു- പ്രതിനിധിസഭയിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നപ്പോറം ഈ പ്രവണത കുറേക്കൂടി പ്രകടമായിത്തീൎന്നു. സോഷ്യലിസ്റ്റുകാരും ഡെമോക്രാററ്സും (പ്രോഗ്രസീസ് പാർട്ടിയുടെ പുതിയ നാമം) യഥാക്രമം 143ഉം 131ഉം സീററുകറം ഈ തിരഞ്ഞെടുപ്പിൽ നേടിയെടുത്തു. ലിബറൽ പാർട്ടിയ്ക്കു് 124 സീററുകളാണു് ലഭിച്ചതു്. കമ്മ്യൂണിസ്റ്റുകളുടെ സീററുകറം നാലായി കുറയുകയും, സ്വതന്ത്രന്മാൎക്കു 1946-ൽ കിട്ടിയതിൻെറ മൂന്നിലൊന്നു വോട്ടുമാത്രം ലഭിക്കുകയും ചെയ്തു. ഈ തിരഞ്ഞെടുപ്പുകളുടെ ഫലമായി സോഷ്യലിസ്റ്റുപാർട്ടി പ്രാമാണ്യം നേടുകയും, ഡെമോക്രാററുകളും പിപ്പിറംസ് കോ ഓപ്പറേററീവു പാർട്ടിയും കൂടിച്ചേൎന്നു 1947 ജൂൺ 1-ാംനു- ഒരു കൂട്ടമന്ത്രിസഭ രൂപീകരിക്കുകയുംചെയ്തു. സോഷ്യലിസ്റ്റുകളുടെ കൃസ്ത്യൻ തലവനായ കടയാമാ പ്രധാനമന്ത്രിസ്ഥാനത്തു് അവരോധിക്കപ്പെട്ടു.

പ്രതിനിധിസഭയിൽ വ്യക്തമായ ഭൂരിപക്ഷത്തോടെ രംഗത്തുവന്ന ആദ്യത്തെ മന്ത്രിസഭയായിരുന്നു ഇതെങ്കിലും, അവരുടെ അണികളിൽ ഉണ്ടായ പിളർപ്പു ഈ പാർട്ടിയുടെ ശക്തി

ക്ഷയിപ്പിച്ചു. സോഷ്യലിസ്റ്റുകാർ ഇടതുപക്ഷ ചേരി, വലതുപക്ഷചേരി എന്നിങ്ങനെ രണ്ടായി വേർതിരിഞ്ഞു, ഇരുചേരിക്കാരും ഡെമോക്രാററുകൾക്കെതിരായിട്ടാണ് നിലകൊണ്ടതു്. ആഭ്യന്തരമായ പിളപ്പുകൾ വദ്ധിക്കുകയും ഇടതുപക്ഷക്കാർ പ്രക്ഷോഭണമുണ്ടാക്കുകയും ചെയ്തതിനെത്തുടന്നു് കടയാമാ 1948 ഫെബ്രുവരിമാസത്തിൽ രാജിവെയ്ക്കുകയും, ഡെമോക്രാററ് പാർട്ടിയുടെ തലവനായ അഷിഡാ ഒരു കൂട്ടമന്ത്രിസഭ രൂപീകരിച്ചു പ്രധാനമന്ത്രിയായിത്തീരുകയും ചെയ്തു. എന്നാൽ അഷിഡാ കാബിനററിന്റെ പ്രവത്തനവും ഗുണകരമായിരുന്നില്ല, സോഷ്യലിസ്റ്റുകാരുടെ സമ്മർദ്ദം ഹേതുവായി ഈ മന്ത്രിസഭയും രാജിവെച്ചു.

ഇതിനിടയ്ക്കു് ഷിഡെഹാരയും മററു മുൻകാല ഡെമോക്രാററുകളും ലിബറൽ പാർട്ടിയുമായുള്ള സഖ്യം ഉപേക്ഷിക്കുകയും, ഡെമോക്രാററിക്ക് ലിബറൽ പാർട്ടി എന്നുള്ള പേരു സ്വീകരിക്കുകയും ചെയ്തു. 1948 ഒക്ടോബർ 14-ാംനു- യോഷിഡാ വീണ്ടും പ്രധാനമന്ത്രിസ്ഥാനത്തു് ഉപരോധിക്കപ്പെട്ടു. ഇതിനെത്തുടർന്നു 1949 ജനുവരി 23-ാംനു- ഒരു പൊതുതിരഞ്ഞെടുപ്പിനെ നേരിടുവാൻ ജപ്പാൻ സന്നദ്ധമായി.

പ്രതിനിധി സഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ലിബറൽ പാർട്ടിക്കാർ 264 സീററുകൾ കരസ്ഥമാക്കി. കമ്മ്യൂണിസ്റ്റുകാരാകട്ടെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ലഭിച്ചതിന്റെ മൂന്നിരട്ടി—അതായതു 36 സീററുകൾ—നേടി. ഡെമോക്രാററുപാർട്ടിക്കും സോഷ്യലിസ്റ്റുപാർട്ടിക്കും യഥാക്രമം അറുപത്തെട്ടും നാല്പത്തൊമ്പതും സീററുകൾ ലഭിച്ചു. ആകെയുള്ള സീററുകളിൽ പത്തുശതമാനം മാത്രമാണ് സ്വതന്ത്രന്മാക്കു കിട്ടിയതു്. ഈ അനുകൂല പരിത:സ്ഥിതിയിൽ യോഷിഡാ മന്ത്രിസഭ ആവേശപൂർവ്വം അധിനിവേശത്തിന്റെ അന്ത്യഘട്ടംവരെ തുടന്നു. സമാധാന ഉടമ്പടി ഒപ്പുവെച്ചപ്പോൾ ഈ മന്ത്രിസഭയാണ് അധികാരത്തിലിരുന്നതു്.

കമ്മ്യൂണിസ്റ്റുകാരം നേടിയിരുന്ന ബഹുജനപിൻതുണ അടുത്തകാലത്തായി കാര്യമായി നഷ്ടപ്പെട്ടു. ഏതാനും ചില അക്രമനടപടികളിൽ ലീനരായതോടെ ബഹുജനങ്ങളുടെമേൽ അവക്കുള്ള സ്വാധീനശക്തി പൂർണ്ണമായും നഷ്ടമായി. 1950 ജനുവരി 6-ാംനു- കമ്മ്യൂണിസ്റ്റ് നേതാവായ നൊസാക്കായെ കൊമിൻഫോം ധിക്കരിച്ചതു് ഒരു പ്രധാന സംഭവമായിരുന്നു. മോസ്കോയിൽനിന്നുണ്ടായ നിന്ദ ജാപ്പനീസ് കമ്മ്യൂണിസ്റ്റുകാരെ സ്വയം വിമർശനത്തിനു പ്രേരിപ്പിച്ചു. ഇതു് ജപ്പാനിൽ അവക്കുണ്ടായ സ്വാധീനതയെ കുറക്കുകയും, അധിനിവേശാധികാരികളുടെ നിരോധനടപടികരംക്കു അവർ വിധേയരായിത്തീരുകയും ചെയ്തു. ജൂൺ 6-ാംനു- പാർട്ടിയുടെ സെൻട്രൽ കമ്മിററിയിലുള്ള 26 അംഗങ്ങളെ നീക്കംചെയ്യുകയും പബ്ളിക്ക് സർവ്വീസിൽനിന്നു് ഒഴിവാക്കുകയും ചെയ്തു. അവർ തങ്ങളുടെ സ്ഥാനം രണ്ടാം നിരയിലുള്ള നേതാക്കന്മാക്കു നല്കിക്കൊണ്ടു് 'അണ്ടർഗ്രൌണ്ടിൽ' പോയി. തുടന്നു് പ്രധാന കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണമായ "അകഹാതാ"യുടെ സ്റ്റാഫിനെ പുറത്താക്കുകയും, കൊറിയൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടതിൻെറ പിറേറദിവസമായ ജൂൺ 26-ാംനു- "അകഹാതാ" തന്നെ നിരോധിക്കുകയും ചെയ്തു.

ഈ സംഭവവികാസങ്ങളും, അയൽരാജ്യത്തു് കമ്മ്യൂണിസ്റ്റ് അക്രമം ഉണ്ടാക്കിയ ഒച്ചപ്പാടുകളും, തുടന്നുണ്ടായ യുദ്ധവും ജപ്പാനിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായ പൊതുജനപിൻതുണ പെട്ടെന്നു നഷ്ടപ്പെടുത്താനിടയാക്കി. പാർട്ടിയുടെ നേതാക്കന്മാർ പലരും അണ്ടർഗ്രൌണ്ടിലായിരുന്നു. അങ്ങിനെ പാർട്ടിതന്നെ ഭാഗികമായി നിയമവിരുദ്ധമായിത്തീന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. എന്നാൽ സുശക്തമായ ഒരു അണ്ടർഗ്രൌണ്ടു് പ്രസ്ഥാനം എന്ന നിലയിൽ അതു് കൂടുതൽ അപകടകരമായിരിക്കാം. 1952ലെ തിരഞ്ഞെടുപ്പിൽ അതിൻെറ വോട്ടിങ്ങ് ശക്തി 1949 ലേതിനെക്കാരം മൂന്നിലൊന്നു കുറഞ്ഞുപോയി.

യുദ്ധത്തിനുശേഷം ആദ്യമായി പ്രതിനിധിസഭയിൽ ഒരൊററ സീററുപോലുമില്ലാത്ത അവസ്ഥാവിശേഷം കമ്മ്യൂണിസ്റ്റുപാർട്ടിക്കു വന്നുചേർന്നു.

ലിബറൽ പാർട്ടിയുടെ ഭാവിക്ക് 1949 നു ശേഷം കാര്യമായ വ്യതിയാനമൊന്നുമുണ്ടായില്ല. അധികാരത്തിലിരിക്കുന്ന മന്ത്രിസഭയും പാർട്ടിയുമെന്ന നിലയിൽമാത്രം അവർ സമാധാന ഉടമ്പടിയുടെ ഉത്തരവാദിത്വം കൈയ്യേററു. അവക്കു നാലുവശത്തുനിന്നും എതിർപ്പുകളെ നേരിടേണ്ടതായിവന്നു. ഡെമോക്രാററു കക്ഷിക്കാർ സമാധാനസന്ധിക്ക് മനസ്സില്ലാ മനസ്സോടെയാണ് പിൻതുണ നല്കിയതു്. ന്യൂനപക്ഷക്കാരായ സോഷ്യലിസ്റ്റുകാരാകട്ടെ അതിനെ നിശിതമായി വിമർശിച്ചു. തന്മൂലം ലിബറൽ കക്ഷിക്കാരുടെ പിൻബലം, കമ്മ്യൂണിസ്റ്റുകാരുടെ തോതിലല്ലെങ്കിലും, കുറെയൊക്കെ നഷ്ടപ്പെട്ടു.

സോഷ്യലിസ്റ്റുകാരാണ് ഇതുകൊണ്ടു മുതലെടുത്തതു്. ഇരുഭാഗത്തുനിന്നും അവക്കു പിന്തുണ ലഭിച്ചു. 1950 ജൂൺ 4-ാംനു- കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിൽ അവക്കു നേരിട്ട വിജയം ഇതു തെളിയിക്കുന്നുണ്ടു്. 1952-ഒക്ടോബർ 1-ാംനു- നടന്ന പൊതുതിരഞ്ഞെടുപ്പു ഇതിൻെറ സുവ്യക്തമായ മറെറാരു തെളിവാണ്. ലിബറൽ കക്ഷിക്കാക്കു ഈ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിച്ചെങ്കിലും പ്രതിനിധി സഭയിൽ അവരുടെ സീററുകളുടെ എണ്ണം 285 ൽ നിന്നു 240 ആയി കുറഞ്ഞു. സോഷ്യലിസ്റ്റുകക്ഷിക്കാരാകട്ടെ 111 സീററുകൾ നേടി.

യുദ്ധത്തിനു ശേഷമുള്ള സ്ഥിതികൾ വെച്ചുകൊണ്ടു് ജപ്പാൻെറ രാഷ്ട്രീയ ഭാവി എന്തായിരിക്കുമെന്നു ദീർഘദർശനം ചെയ്യുക വിഷമമാണ്. എന്നാൽ വ്യാമിശ്രമായ രാഷ്ട്രീയപ്രശ്നങ്ങൾക്കിടയിലും ചില പ്രവണതകൾ തെളിഞ്ഞുകാണുന്നുണ്ടു്.

യുദ്ധകാലത്തിനു ശേഷം ജാപ്പനീസ് ഗവമെണ്ടിൻെറ രാഷ്ട്രീയശക്തിയെ നിയന്ത്രിച്ചിരുന്നതു് സമ്മതിദായകന്മാരാ

ണല്ലോ. ജനകീയ പിൻതുണയില്ലാതെ രാഷ്ട്രീയശക്തിക്ക് പ്രാമാണ്യം നേടുക സാദ്ധ്യവുമല്ല. ഇതിനുംപുറമെ, സമ്മതിദായകന്മാർ അവരുടെ വീക്ഷണഗതിയിലും അനുഭാവപ്രകടനത്തിലും താരതമ്യേന ഉറച്ചുനില്ക്കുകയും ചെയ്തിട്ടുണ്ട്.

ജപ്പാനിൽ സാവധാനമായി ഉയർന്നുവരുന്ന ദ്വി പാർട്ടി സമ്പ്രദായമാണ് മറെറാരു സുപ്രധാന പ്രവണത. അടുത്തകാലത്ത് ജപ്പാനിൽ കാണുന്ന അർദ്ധ-സോഷ്യലിസ്റ്റുകാർക്ക് വോട്ടുകൊടുക്കാനുള്ള മനോഭാവത്തിൽനിന്ന് സോഷ്യലിസ്ററുകൾ ബ്രിട്ടനിലെപോലെ ഒരു രണ്ടാം പാർട്ടിയായി രാഷ്ട്രീയ കൂട്ടുകെട്ടിനു സന്നദ്ധമാകുമെന്നു വ്യക്തമാകുന്നുണ്ട്.

ഒരുപക്ഷെ യുദ്ധാനന്തരകാലത്ത് ജപ്പാനിൽ കാണുന്ന ജനാധിപത്യപ്രവണത ഇപ്രകാരംതന്നെ തുടർന്നുപോയേക്കാനിടയുണ്ട്. ഇന്ന് ജപ്പാനിലുള്ള പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയ ഗ്രൂപ്പുകളുംതന്നെ യുദ്ധത്തിനു മുമ്പു ഉടലെടുത്തിട്ടുള്ളവയാണ്. അതുതന്നെ അവയുടെ ശക്തിയും ഭദ്രതയും സുതരാംസുവ്യക്തമാക്കുന്നു.

ജപ്പാന്റെ ഉപരിതലത്തെ ഒന്നു സമാവലോകനം ചെയ്യുമ്പോൾ കഴിഞ്ഞ രണ്ടു ദശവത്സരങ്ങൾക്കിടക്ക് അത്ഭുതകരമായ രാഷ്ട്രീയ പരിവർത്തനങ്ങളുണ്ടായിട്ടുള്ളതായികാണാം. ജപ്പാന്റെ മണ്ണിൽ ഉറച്ചുനില്ക്കുന്ന രാഷ്ട്രീയശക്തിക്ക്, മററു ബാഹ്യശക്തിയെക്കാൾ വേഗത്തിൽ തുടർന്നുപോകാൻ കഴിയുമെന്ന് ചരിത്രം തെളിയിച്ചേക്കും. ഈ ഭദ്രതയും സമ്പൂർണ്ണതയും ജപ്പാനിൽ ജനാധിപത്യയത്നങ്ങൾ വിജയകരമായി തുടർന്നുപോകുമെന്നുള്ളതിന്റെ ശുഭസൂചനകളാണ്.

## അദ്ധ്യായം 15

# ഭാവി പ്രശ്നങ്ങൾ

യുദ്ധനാന്തരം ജപ്പാനിലുണ്ടായിട്ടുള്ള രാഷ്ട്രീയ സംഭവവികാസങ്ങൾ ജനാധിപത്യഭരണം അവിടെ തുടൻകൊണ്ടുപോകുമെന്നുള്ളതിന്നു ഒരു നല്ല വാഗ്ദാനമായിത്തീർന്നിട്ടുണ്ടു്. എന്നാൽ അഭ്യന്തര രാഷ്ട്രീയ സ്ഥിതിഗതികൾ മാത്രമല്ലല്ലോ ഒരു രാഷ്ട്രത്തിൻെറ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നതു്. കൂടുതൽ പ്രാധാന്യമർഹിക്കുന്ന മററു പ്രശ്നങ്ങളേയും കണക്കിലെടുക്കേണ്ടതുണ്ടു്. ജപ്പാനെ സംബന്ധിച്ചിടത്തോളം വിഭക്തമായ ഒരു ലോകഗതിയിൽ പുറത്തുനിന്നുള്ള സമ്മർദ്ദം നേരിടേണ്ടതുണ്ടായിരുന്നു. ആഭ്യന്തരമായി കടുത്ത സാമ്പത്തിക സമ്മർദ്ദവും അഭിമുഖീകരിക്കേണ്ടിവന്നു.

ഇന്നു ആ രാജ്യത്തു കാണപ്പെടുന്ന രാഷ്ട്രീയ ശക്തികളും പ്രതിഭാസങ്ങളും അതേമട്ടിൽ തുടൻകൊണ്ടുപോകാൻ ബാഹ്യലോകം ജപ്പാനു സമയവും സൌകര്യവും നല്കുമോ എന്നുള്ള കാര്യം ഇനിയും തീരുമാനിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. ബാഹ്യശക്തികൾ ഈ ആഭ്യന്തര രാഷ്ട്രീയശക്തികളെ പലവിധത്തിലും തകർത്തേക്കാൻ ഇടയുണ്ടു്. യുദ്ധം ഒരു ആക്രമണത്തേയും അതുവഴി ഉപരോധത്തേയും പട്ടിണിയേയും ക്ഷണിച്ചുവരുത്തിയേക്കും. സാർവ്വദേശീയസമ്മർദ്ദം ജപ്പാനെ വീണ്ടും പടക്കോപ്പണിയാനോ മററുവിധത്തിൽ രാഷ്ട്രീയ സംഭവഗതികൾ മാററി മറിക്കാനോ പ്രേരിപ്പിച്ചേക്കാം.

ജപ്പാൻെറ സാമ്പത്തികമായ ഭാവിയെപ്പററി ഇപ്പോൾ യാതൊന്നും ദീർഘദർശനം ചെയ്യുക സാദ്ധ്യമല്ല. കഴിഞ്ഞ നൂററാണ്ടിൽ ജപ്പാനിലെ ജനസംഖ്യ മൂന്നിരട്ടിയായി വർദ്ധിച്ചി

ട്ടുണ്ട്. കൃഷിയോഗ്യമായ നിലങ്ങളുമായി തുലനം ചെയ്യുമ്പോൾ ജപ്പാനിലെ ജനസംഖ്യ വളരെ കൂടുതലാണ്. നിരവധി ശേവഷങ്ങളായി അവിടെ പതിനഞ്ചു മുതൽ ഇരുപതുവരെ ശതമാനം ഭക്ഷണദൗർല്ലഭ്യം നേരിട്ടുകൊണ്ടാണിരിക്കുന്നതു്. എത്രതന്നെ സാങ്കേതികപുരോഗതി കൈവന്നാലും ഉല്പാദനത്തിനും അതിൻെറ വിനിമയത്തിനുമിടയ്ക്കുള്ള കമ്മി നികത്തുക സുഖകരമായിരിക്കുകയില്ല.

വിദേശത്തുനിന്നുള്ള ഇറക്കുമതി മാത്രമാണ് ഇക്കാര്യത്തിലുള്ള ഒരേ ഒരു ആശാകേന്ദ്രം. എന്നാൽ ഭക്ഷണപദാർത്ഥങ്ങൾ മാത്രം ഇറക്കുമതി ചെയ്തതുകൊണ്ടു പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. നിത്യജീവിതത്തിനാവശ്യമായ മററു പല സാധനങ്ങളും ഇതുപോലെ ഇറക്കുമതി ചെയ്യേണ്ടതായിട്ടുണ്ട്. ഇംഗ്ലണ്ടിനെപ്പോലെ വിദേശവ്യാപാരത്തെ ആശ്രയിച്ചാണ് ജപ്പാൻ ജീവിക്കുന്നതുതന്നെ. ഇതിനെ നേരിടാൻ വമ്പിച്ച തോതിൽ ജപ്പാൻ സാമാനങ്ങൾ കയററി അയക്കേണ്ടതുണ്ട്. തങ്ങളുടെ നാട്ടിലെ ജനങ്ങളുടെ സാമർത്ഥ്യവും അദ്ധ്വാനശക്തിയും മാത്രമാണ് അവക്കു കയററി അയക്കാനുള്ളതു്. കല്ക്കരിയിൽനിന്നും ജലശക്തിയിൽനിന്നുമാണ് അവർ ശക്തി സംഭരിക്കുന്നതു്. അന്യനാട്ടുകളിൽനിന്നു അസംസ്കൃതവിഭവങ്ങൾ ഇറക്കുമതിചെയ്താൽ മാത്രമേ ഈ ശക്തിയുപയോഗിച്ചു അവയെ വില്പനച്ചരക്കുകളായിമാററാൻ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം ജപ്പാൻെറ സാമ്പത്തികനില തകർന്നു താറുമാറാകയും ജപ്പാൻകാർ നിത്യദാരിദ്ര്യത്തിൽ നിപതിക്കുകയും ചെയ്യും.

ജപ്പാൻെറ വിദേശവാണിജ്യത്തെ യുദ്ധം തകർത്തുകളഞ്ഞു. യുദ്ധാനന്തരകാലത്തു അതിനെ പുനരുജ്ജീവിപ്പിക്കുക സുകരമായിരുന്നില്ല. വിദേശക്കപ്പലുകളുടെ കപ്പൽക്കൂലിയെ നേരിടുക എന്നതു് ജപ്പാൻെറ സാമ്പത്തികശക്തിക്കു താങ്ങാൻ കഴിയാത്ത ഒന്നായിരുന്നു. യുദ്ധകാലത്തു ജപ്പാനു നഷ്ടമായ കച്ചവടക്കപ്പലുകളെ വീണ്ടെടുക്കാൻ ഇനിയും നിരവധി വർഷങ്ങൾ തന്നെ

വേണ്ടിവരും. ജപ്പാന്റെ പ്രധാന വിപണികളായിരുന്ന ചൈന, മഞ്ചൂറിയാ, ഉത്തരകൊറിയാ എന്നീ രാജ്യങ്ങളുമായുള്ള കച്ചവടബന്ധം വിഛേദിക്കപ്പെട്ടിരിക്കുന്നു. ഇതിനുംപുറമെ ഏഷ്യയിലെ മററു രാഷ്ട്രങ്ങൾ സ്വന്തം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്താനും അങ്ങിനെ വിദേശനിർമ്മാതാക്കളുടെ ആശ്രയത്തിൽനിന്നും മോചനം നേടാനും പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. യുദ്ധകാലത്തു ജപ്പാൻ കൈക്കൊണ്ട വിനാശകരമായ നടപടികളെ അനുസ്മരിച്ചു പല ഏഷ്യൻ രാജ്യങ്ങളും ജപ്പാനുമായി വാണിജ്യബന്ധം പുലർത്തുവാൻ വിസമ്മതം പ്രദർശിപ്പിച്ചു. സോവിയററയൂണിയനുമായി ബന്ധപ്പെട്ട ഏഷ്യൻ രാജ്യങ്ങൾ ജപ്പാന്റെ നേരെ പ്രതികൂലഭാവം കൈക്കൊള്ളുകയും വാണിജ്യബന്ധം ഉപേക്ഷിക്കുകയും ചെയ്തു.

ഈ പരിത:സ്ഥിതിയിൽ ജപ്പാന്റെ സാമ്പത്തിക ഭാവി ആശങ്കാജനകമാണ്. ജനസംഖ്യ കൊല്ലംതോറം ഒരു മില്യൻ എന്ന തോതിൽ വർദ്ധിച്ചുകൊണ്ടിരിക്കയാൽ ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. 100,000,000 നു മേൽ ആയാൽ ജനസംഖ്യ ഉറച്ചു അസ്ഥിവാരത്തിലായേക്കാം. ഇങ്ങനെയായാൽ തന്നെ ജപ്പാനു് കടുത്ത സാമ്പത്തിക സമ്മർദ്ദത്തെ നേരിടേണ്ടിവരും. ജനങ്ങളെ ആകമാനം പുലർത്താൻ പര്യാപ്തമായ തോതിൽ വിദേശവാണിജ്യം സ്ഥാപിക്കപ്പെടാത്തിടത്തോളം കാലം ജപ്പാനു് ഉറച്ച നിലനിൽപ്പു ലഭിക്കുകയില്ല.

ബാഹ്യമായ രാഷ്ട്രീയസമ്മർദ്ദവും ആഭ്യന്തര സാമ്പത്തിക സമ്മർദ്ദവും ഒരു വമ്പിച്ച ചോദ്യചിഹ്നമായി ജപ്പാനെ തുറിച്ചു നോക്കുകയാണ്. വിദേശവാണിജ്യത്തെ ആശ്രയിച്ചുകൊണ്ടു നിലനില്ക്കുന്നതിനാൽ പുറമേ നിന്നുള്ള സമ്മർദ്ദം ജപ്പാനു നേരിടേണ്ടിവരും. ഇന്നു് രണ്ടു ചേരിയായി നില്ക്കുന്ന ലോകഗതി ജപ്പാന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തേക്കാം. ചൈനാക്കാരുടേയും രഷ്യാക്കാരുടേയും മനോഭാവമെന്താണെന്നു

ജപ്പാൻ ഉററുനോക്കാൻ സ്വാഭാവികമായി ശ്രമിച്ചേക്കാം. എന്തുകൊണ്ടെന്നാൽ ജപ്പാനിലേക്കാവശ്യമുള്ള അസംസ്കൃതപദാത്ഥങ്ങളിൽ അധികപങ്കും ഈ രണ്ടു രാഷ്ട്രങ്ങളുടെയും പക്കലാണുള്ളതു്. അതേസമയം തന്നെ ജപ്പാനിലുണ്ടാവുന്ന സാമ്പത്തികത്തകർച്ച സാവ്വദേശീയബന്ധം പുനഃസ്ഥാപിക്കാനും അവരെ പ്രേരിപ്പിച്ചേക്കാം.

വെറും വാണിജ്യത്തിൻേറയോ സൈനികശക്തിയുടേയോ വെളിച്ചത്തിൽ ഈ ആഭ്യന്തരവും ബാഹ്യവുമായ സമ്മർദ്ദങ്ങളെ കണക്കിലെടുക്കുക സാദ്ധ്യമല്ല. ഈ പരിതഃസ്ഥിതിയിൽ ജപ്പാൻെറ പ്രതികരണമെന്താണെന്നുള്ളതാണു് പ്രധാനകാര്യം.

ഇന്നു ജപ്പാൻകാരിൽ വമ്പിച്ച അസംതൃപ്തിയും ആശങ്കയും കുടികൊള്ളുന്നുണ്ടു്. അവരിൽ ഒട്ടുമിക്കവരും ഒരു മൂന്നാം ചേരിയായയിട്ടോ നിഷ്പക്ഷരായിട്ടോ നിലകൊള്ളുവാനാണു് ആഗ്രഹിക്കുന്നതു്. എന്നാൽ അമേരിക്കയിൽനിന്നു തുടർന്നു് ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികസഹായം അവരുടെ നിലനില്പിനാവശ്യമാണു്. ഇതു സംഘട്ടനത്തിനു വഴിതെളിച്ചേക്കുമെന്നു അവർ ഭയപ്പെടുന്നുണ്ടു്. പുതിയ സന്ധിവ്യവസ്ഥകൾ അനിവാര്യമാണെന്നു അവൎക്കറിയാം. എങ്കിലും അവർ അതൃപ്തരാണു്. ബുദ്ധിജീവികളുടെ കാര്യത്തിൽ ഇതു കുറേക്കൂടി പ്രകടമായിത്തീൎന്നിട്ടുണ്ടു്. അവർ—പ്രത്യേകിച്ചും കലാശാലാവിദ്യാത്ഥികൾ—ഭാവി ഇരുളുണ്ടതായിട്ടു കാണുകയും നിരാശരായി കമ്മ്യൂണിസത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

രാഷ്ട്രീയമായി ഭദ്രമായ ഒരു നില ജപ്പാനു കൈവന്നിട്ടില്ല. ജപ്പാനിലെ ജനത നിലവിലുള്ള രാഷ്ട്രീയ ക്രമത്തെ എതിൎക്കുകയോ, അതിൻെറ നേരെ അലക്ഷ്യമായി നിലകൊള്ളുകയോ ആണു് ചെയ്യുന്നതു്.

പാശ്ചാത്യ നാഗരികതയുമായി ഒത്തുചേരാൻ ശ്രമിച്ചിരുന്നെങ്കിൽ ജപ്പാനു് മററു ഏഷ്യൻ രാജ്യങ്ങളെപ്പോലെ രാഷ്ട്രീ

യവും സാമൂഹ്യവുമായ മണ്ഡലങ്ങളിൽ ഭദ്രത നേടാൻ കഴിഞ്ഞതനെ. പാശ്ചാത്യരാജ്യങ്ങളുമായി തുലനം ചെയ്യുമ്പോഠം ആഭ്യന്തരമായും ബാഹ്യമായും ജപ്പാനു നേരിടേണ്ടിവന്നിട്ടുള്ള സമ്മർദ്ദം വളരെ കൂടുതലാണു്. എന്നാൽ യുദ്ധാനന്തരകാലഘട്ടങ്ങളിലെ കണക്കുകഠം പൊതുവെ പ്രോത്സാഹജനകമാണു്. ഇക്കാലത്താണു് രാഷ്ട്രീയമായും സാമൂഹ്യമായും കൂടുതൽ ഭദ്രത ആജ്ജിക്കാൻ കഴിഞ്ഞതെന്നു പറയാം. എന്നാൽ ഇനിയും പല പരീക്ഷണങ്ങളും ജപ്പാനു് നേരിടേണ്ടതായിട്ടാണിരിക്കുന്നതു്.

ഇങ്ങിനെ നോക്കുന്നതായാൽ ജപ്പാൻെറ ഭാവിയെ രൂപപ്പെടുത്തുന്ന ശക്തികഠം വിവിധങ്ങളും സങ്കീണ്ണവുമാണെന്നു കാണാം. ജപ്പാൻ മററു രാഷ്ട്രങ്ങളെ ആശ്രയിച്ചാണു് നിലകൊള്ളുന്നതുതന്നെ. വിദേശത്തുനിന്നുള്ള സൈനികശക്തിയുടേയും രാഷ്ട്രീയ ശക്തിയുടേയും സമ്മർദ്ദനങ്ങളും, ജപ്പാനുമായി വാണിജ്യബന്ധം സ്ഥാപിക്കാൻ പുറത്തുള്ളവരുടെ അഭിമതവും ഒരു പക്ഷെ ജപ്പാൻെറ ഭാവി ഭാഗധേയം നിണ്ണയിച്ചേക്കാം. എന്തായാലും ഭാവിലോക ക്രമമായിരിക്കും ജപ്പാൻെറ ഭാവിക്കു ഉത്തരവാദികഠം.

ഇതേ അവസരത്തിൽ തന്നെ ലോകത്തിൻെറ ഭാവി നിർണ്ണയിക്കുന്നതിലും ജപ്പാനു് അതിൻെറ പങ്കു വഹിക്കാൻ കഴിയും. ഭൂതകാലചരിത്രവും ആധുനികകാലത്തെ കഴിവുകളും ജപ്പാനു് വമ്പിച്ച പ്രാധാന്യം പ്രദാനം ചെയ്തിട്ടുണ്ടു്. ആയിരമായിരം വഷങ്ങളായി അവർ മററു രാഷ്ട്രങ്ങളുടെ പിടിയിൽനിന്നു വിട്ടുനില്ക്കുകയായിരുന്നു. മററു ഏഷ്യൻ രാജ്യങ്ങളേക്കാഠം കൂടുതൽ വേഗത്തിൽ പാശ്ചാത്യപരിഷ്ക്കാരത്തിൻെറ നിമ്മാണാത്മകമോ നശീകരണാത്മകമോ ആയ സമ്മർദ്ദങ്ങളുമായി ഇടപെഴകുവാനും അവക്കു സാധിച്ചിരുന്നു. തന്മൂലം പാശ്ചാത്യരുടെ സാങ്കേതിക വിജ്ഞാനം കരസ്ഥമാക്കുന്ന കാര്യത്തിൽ ജപ്പാൻ

മററു ഏഷ്യൻ രാജ്യങ്ങളെയെല്ലാം സ്വൈരം അധഃകരിക്കുകയുണ്ടായി. അവരിൽക്കൂടി ജപ്പാൻ സാമ്പത്തികവും സൈനികവുമായ ശക്തി ആർജ്ജിക്കുകയും ചെയ്തു.

ഏഷ്യയിലെ പ്രധാന നാടുകളിൽവെച്ചു പാശ്ചാത്യ മാതൃക അവലംബിച്ച ഏററവും വലിയ രാഷ്ട്രം എന്ന നിലയിൽ ജപ്പാൻ ഇന്നു നിലകൊള്ളുന്നു. ജനാധിപത്യ ശക്തിയുടേയും മുതലാളിത്ത ശക്തിയുടേയും ഇടയിൽ നിന്നുകൊണ്ടു് സമകാലിക പാശ്ചാത്യ പരിഷ്കാരത്തിന്റെ മേൽ സംഘട്ടനമുളവാക്കിയ ഏഷ്യയിലെ ഒരു രാഷ്ട്രമെന്ന നിലയിലും അതിനു പ്രാധാന്യമുണ്ടു്. ജനാധിപത്യവും മുതലാളിത്തവും തമ്മിലുള്ള ആധുനികകാലത്തെ ജീവന്മരണ സമരത്തിൽ ജപ്പാന്റെ സ്ഥാനം അദ്വിതീയവും അതിനിപുണവും ആയിരിക്കാം. എന്തു തന്നെയായാലും ഇതിന്റെ അനന്തരഫലം ജപ്പാനെ ബാധിക്കാതിരിക്കയില്ല. ചുരുക്കത്തിൽ ലോകത്തിന്റെ മുഴുവൻ ഗതിയെ ആശ്രയിച്ചാണു് ജപ്പാന്റെ ഭാവി നിലകൊള്ളുന്നതു്. അതു പോലെ തന്നെ ജപ്പാനിലെ സംഭവവികാസങ്ങൾ ലോകത്തിന്റെ ഭാവിയെ കാര്യമായിത്തന്നെ ബാധിച്ചേക്കാനും ഇടയുണ്ടു്.

---

216243
V42:1:N4
32J9
UNIVERSITY LIBRARY MADRAS
MUL
216243

10 DEC 1964